1631

M 08

ഇൻഡ്യയിലെ

വീരാത്മാക്കൾ

(ശ്രീ. ആർ. നാരായണപ്പണിക്കരുടേയും
ശ്രീ. എം. ആർ. വേലുപ്പിള്ള ശാസ്ത്രീയുടേയും
ലേഖനങ്ങളോടുകൂടിയതു്.)

No. 4462

എസ്സ്. വി. നായർ ബി. ഏ.

പ്രകാശകൻ,
പി. ഗോവിന്ദപ്പിള്ള,
വി. വി. ബുക്കഡിപ്പോ,
ചാല, തിരുവനന്തപുരം.

1948 വില 2 രൂ.

പ്രകാശകന്റെ മുദ്രയില്ലാത്തപ്രതി വ്യാജനിർമ്മിതമാകുന്നു.

1–ാം പതിപ്പ് കാപ്പി 1000

വി. വി. ബുക്കുഡിപ്പോ ഉടമസ്ഥനുവേണ്ടി
തിരുവനന്തപുരം മോഡേൺ പ്രസ്സിൽ
അച്ചടിക്കപ്പെട്ടതു്.

പകർപ്പവകാശം പ്രകാശകനു്.

വിഷയാനുക്രമണിക

1.	മഹാത്മജി	1—19
2.	ജവഹർലാല്‌നെഹ്രു	20—33
3.	സി. രാജഗോപാലാചാരി	34—38
4.	ഡാക്ടർ ഖാൻസാഹിബ്ബ്	39—46
5.	മാസ്റ്റർ താരാസിംഗ്	47—54
6.	സച്ചിദാനന്ദസിൻഹ	55—62
7.	കാളിനാഥറായി	63—70
8.	രാജാമഹേന്ദ്രപ്രതാപ്	71—83
9.	അച്യുത്പട്വർദ്ധൻ	84—95
10.	കമലാദേവി ചട്ടോപാധ്യായ	96—105
11.	അരുണാ അസഫ്അലി	106—118
12.	ജ്യോതിർമ്മയീഗാംഗുലി	119—126
13.	സുഭാഷ്ചന്ദ്രബോസ്	127—135
	(എം. ആർ. വേലുപ്പിള്ളശാസ്ത്രി)	
14.	വല്ലഭായ്പട്ടേൽ	136—149
	(ആർ. നാരായണപ്പണിക്കർ)	
15.	സരോജിനിനായിഡു	150—158
	(ആർ. നാരായണപ്പണിക്കർ)	
16.	അബുൽക്കലാംആസാദ്	159—176
	(ആർ. നാരായണപ്പണിക്കർ)	

നം: 4462

ഇന്ത്യയിലെ വീരാത്മാക്കൾ

മഹാത്മജി

★

1869 ഒക്ടോബർ രണ്ടു് :—

ഇരുപതാം ശതകത്തെ ഒരു ചോദ്യചിഹ്നമാക്കി തീർത്ത ഒരു ദിനമാണതു്. രണ്ടായിരം കൊല്ലങ്ങൾക്കിപ്പുറം, ക്രിസ്തുവിന്റെ കുരിശാരോഹണത്തിനുശേഷം, അടിമത്വത്തിന്റേയും, അനീതിയുടേയും, അക്രമത്തിൻേറയും, പെരുങ്കടലുകൾ പലതും നീന്തിക്കടന്നു്, കലങ്ങിമറിഞ്ഞ കാലഘട്ടങ്ങൾ പലതും മറികടന്ന ശേഷം, ചരിത്രം ഈ ദിനത്തിൽ ആവർത്തിക്കപ്പെട്ടു. മനുഷ്യത്വത്തിൽ നിന്നും, കിരാതത്വത്തിലേക്കു് കുതിച്ചുപാഞ്ഞുകൊണ്ടിരുന്ന ലോകത്തിനെ ഉയർത്തി എഴുന്നേല്പിക്കുവാൻ ഗാന്ധിദേവൻ അവതരിച്ച ദിനമാണിതു്. വിശ്വപ്രേമം ഉടലെടുത്ത ആ ജീവിതശില്പം, ത്യാഗത്തിൻേറയും, സേവനത്തിൻേറയും, ശാന്തിയുടേയും സന്ദേശം പരത്തിയ ആ കർമ്മയോഗി—സേവാഗ്രാമത്തിലെ ത്യാഗിവര്യൻ, ഒരു ചോദ്യചിഹ്നമായി അവതരിച്ച ആ പുണ്യദിനമാണിതു്.

I

കുലീനതകൊണ്ടും, വംശമാഹാത്മ്യംകൊണ്ടും, രാജകോട്ടിൽ മുന്നണിയിൽ നിന്നിരുന്ന ഒരു കുടുംബത്തിലാണ് മഹാത്മജിയുടെ ജനനം. മൂന്നു തലമുറയായി, കത്തിയവാർ സംസ്ഥാനത്തേയ്ക്കു് പ്രധാനമന്ത്രിമാരെ പ്രദാനം ചെയ്തിരുന്നതു് മോഹൻദാസിൻെറ കുടുംബമായിരുന്നു. ഗാന്ധിജിയുടെ മാതാവായ 'പുട്ലിഭായി' അദ്ദേഹത്തിൻെറ പിതാവിൻെറ ദ്വിതീയ ഭാര്യയായിരുന്നു.

പ്രാഥമികവിദ്യാഭ്യാസം പോർബന്ധറിൽ വച്ചു് നിർവഹിക്കപ്പെട്ടു. വിദ്യാഭ്യാസത്തിൽ, ഒരു സാധാരണ ബാലനെക്കവിഞ്ഞ, ബുദ്ധിസാമർത്ഥ്യമോ, ഉത്സാഹമോ ഒന്നും അദ്ദേഹം പ്രദർശിപ്പിച്ചില്ല. സഹപാഠികളുമായി കൂടുതൽ ഇടപെടാതെ ക്ലാസ്സിൻെറ ഒരൊഴിഞ്ഞ മൂലയിൽ സ്ഥാനം പിടിക്കുകയായിരുന്നു അദ്ദേഹത്തിൻെറ പതിവു്. സ്വഭാവഗുണത്തിൽ 'മോഹൻദാസു്' അദ്ധ്യാപകന്മാരുടെ അഭിമാനഭാജനമായിരുന്നു.

ഗണിതശാസ്ത്രവും, സംസ്കൃതവും, എത്ര ശ്രമിച്ചിട്ടും, പിടികൊടുക്കാതെ, അദ്ദേഹത്തിൽനിന്നു് അകന്നുനിന്നു. "ഗണിതശാസ്ത്രത്തിൽ കാണാതെ പഠിക്കേണ്ടതായി അല്പമേ ഉള്ളു. എന്നാൽ സംസ്കൃതം മുഴുവൻ ശ്ലോകങ്ങളാണ്. കാണാതെ പഠിച്ചേ കഴിയൂ. ക്രൂരനായ ഞങ്ങളുടെ അദ്ധ്യാപകൻ, കാണാതെ പഠിപ്പിക്കുവാൻ വിരുത

നം. ഞാൻ ആറാം ഫാറത്തിലെത്തിയപ്പോഠം സംസ്കൃതവുമായി ഇനി ക്രൂടുതൽ ബന്ധത്തിൽ കഴിയാൻ സാദ്ധ്യമല്ലെന്ന് എനിക്ക തോന്നി. സംസ്കൃതം വിട്ട്, ഞാൻ പേർഷ്യൻ പഠിക്കവാനാരംഭിച്ചു. ഈ മാററം സംസ്കൃത അദ്ധ്യാപകനെ വളരെ വേദനിപ്പിച്ചു. അദ്ദേഹം എന്നോട്ട പറഞ്ഞു. "ഒരു വൈഷ്ണവനായ പിതാവിന്റെ പുത്രനാണെന്നുള്ള സംഗതി നങ്ങഠംക്ക മറക്കവാൻ സാധിക്കമോ? വിഷമം തോന്നുന്നുവെങ്കിൽ എന്നെ സമീപിക്കാമായിരുന്നുവല്ലോ. നിരുത്സാഹപ്പെടേണ്ട. വീണ്ടും ക്ലാസ്സിൽ വന്നോളൂ."

അദ്ദേഹം വീണ്ടും സംസ്കൃതം പഠിക്കവാൻ തുടങ്ങി. 1887-ൽ മെട്രിക്കലേഷൻ പാസായി. ഇതിനിടയിൽ പിതാവ് പരലോകം പ്രാപിച്ചു.

ഉപരിവിദ്യാഭ്യാസത്തിന്ന് അദ്ദേഹം ഭവനഗരിലെ സമൽദാസ് കാളേജിൽ ചേൎന്നു. എന്നാൽ പിതാവിന്റെ സ്നേഹിതനായ ബാബുമാബ്ജിദേവിൻെറ ഉപദേശപ്രകാരം, കാളേജ് വിദ്യാഭ്യാസം ഉപേക്ഷിച്ച് നിയമപഠനത്തിനായി ഇംഗ്ലണ്ടിലേക്ക പോകവാൻ തീരുമാനിച്ചു. സാമ്പത്തികമായ സഹായത്തിനായി, പോർബന്ധറിലെ ബ്രിട്ടീഷ് ഭരണാധികാരിയായ മി: ലെവിയെ സമീപിച്ചുവെങ്കിലും, നിരാശപ്പെട്ടുമടങ്ങേണ്ടതായിട്ടാണ് വന്നതു്. ഗാന്ധിജിയുടെ സഹോദരൻ ധനസഹായം ചെയ്യാമെന്നേററു. ഇംഗ്ലണ്ടിലേക്കുള്ള യാത്ര നിശ്ചയിക്കപ്പെടുകയും ചെയ്തു.

ഇംഗ്ലണ്ടിലെ താമസം അദ്ദേഹം ഇഷ്ടപ്പെട്ടു എന്നു പറയുവാൻ നിർവാഹമില്ല. ഗാന്ധിജി ഒരു സസ്യഭുക്കാണ്. ഇംഗ്ലണ്ടിൽ സസ്യഭുക്കുകൾ വിരളവും. ഇൻഡ്യയെക്കുറിച്ചുള്ള അവജ്ഞ ഇംഗ്ലീഷുകാരുടെയിടയിൽ വർദ്ധിച്ചിരുന്നു. രാഷ്ട്രീയ പ്രബുദ്ധതയുടെ ജനനം, അതിന്റെ വളർച്ച ഇവ ആകാംക്ഷയോടെ വീക്ഷിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. സർ ഫിറോഷാ, ബദ്റുദ്ദീൻ എന്നിവരുടെ നേതൃത്വത്തിൽ വളരാൻ തുടങ്ങിയ കാൺഗ്രസ്സ്, വെള്ളക്കാരന്റെ കണ്ണിൽ കൊള്ളിയാനെപ്പോലെ മിന്നി. ഇൻഡ്യാക്കാരന്റെ കണ്ണിൽ മണ്ണിടാൻ തയ്യാറെടുത്തിരിക്കുന്ന ഒരിംഗ്ലണ്ടു് അതാണദ്ദേഹം അവിടെ ദർശിച്ചതു്.

അദ്ദേഹം ഇംഗ്ലണ്ടിൽ വച്ചു് ദാദാബായി നവറോജിയെ സന്ദർശിച്ചു. അദ്ദേഹം മുഖേന പല പ്രമുഖ ഇംഗ്ലീഷുകാരുടേയും പരിചയം സമ്പാദിക്കുവാൻ ഇടയായി.

II

ഗാന്ധിജി, ഇംഗ്ലണ്ടിലെ പഠനത്തിനുശേഷം 1891-ൽ ബാംബയിലെത്തി വക്കീൽ പണി ആരംഭിച്ചു. വളരെ പ്രതീക്ഷകളോടു തുടങ്ങിയ ആ ശ്രമത്തിന്റെ ഫലം നിരാശാജനകമായിരുന്നു. സഹോദരന്റെ നിർബന്ധപ്രകാരം അദ്ദേഹം രാജക്കോട്ടിൽ സ്ഥിരമായ പ്രാക്ടീസ് ആരംഭിച്ചു. പ്രതിമാസം 300 രൂപയോളം വരുമാനമുണ്ടാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇൗ

സന്ദർഭത്തിലാണ് അദ്ദേഹം തെക്കെആഫ്രിക്കയിലേക്ക് ക്ഷണിക്കപ്പെട്ടതു്. ദാദാ അബ്ദുള്ള ആന്റ് കമ്പനിക്കാർക്കുവേണ്ടിയുള്ള കേസ് വാദിക്കുവാൻ മഹാത്മജിയുടെ രാഷ്ട്രീയ ജീവിതം ഉടലെടുക്കുന്നതു് തെക്കെ ആഫ്രിക്കയിൽവച്ചാണ്. മനുഷ്യനായി അഭിമാനത്തോടെ, മനുഷ്യത്വത്തോടെ, ജീവിക്കുവാനുള്ള സ്വാതന്ത്ര്യം, ജനിക്കുവാനും, ജനിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യത്തേക്കാൾ പതിന്മടങ്ങ് വലുതാണെന്നു് വെള്ളക്കാരനെ ആദ്യം മനസ്സിലാക്കിക്കൊടുത്തതു് അവിടെവച്ചാണ്. മഹാത്മജിയുടെ ജീവിതത്തിൽ, ഒരു മഹത്തരമായ അദ്ധ്യായം രചിക്കപ്പെട്ടതും തെക്കെ ആഫ്രിക്കയിൽ വച്ചുതന്നെ.

തെക്കെ ആഫ്രിക്കയിലെ താമസം മഹാത്മജിയെ ഒരു വസ്തുത പഠിപ്പിച്ചു. രക്തം വെള്ളത്തേക്കാൾ കട്ടി കൂടിയതാണെന്നു്. തെക്കെ ആഫ്രിക്ക, വെള്ളക്കാരന്റെ വിഹാരരംഗമാണ്. അവിടെ, കറുത്തവർഗ്ഗക്കാർക്ക് പ്രവേശിച്ചുകൂടാ. പ്രവേശിച്ചാൽ അവർ അടിമകൾ. നറ്റാലിലും, ഓറഞ്ച് ഫ്രീസ്റ്റേറ്റിലും പ്രവേശിക്കണമെങ്കിൽ—ഏഷ്യാക്കാർക്കു പ്രവേശിക്കണമെങ്കിൽ—മൂന്നു പവൻ കരം കൊടുക്കണം. താമസിക്കണമെങ്കിൽ അതിലിരട്ടി. നീഗ്രോകളുടെകൂടെ കൃഷിചെയ്യാം. ആർക്കുവേണ്ടി? വെള്ളക്കാരനുവേണ്ടി. കറുത്തവർഗ്ഗക്കാർ —ഇൻഡ്യാക്കാർ—അവർക്കു മനുഷ്യത്വം പാടില്ല. അവർക്കു ചിന്തിക്കുവാൻ പാടില്ല. അവർക്കു മൃദുലവികാരങ്ങൾ പാടില്ല.

ഗാന്ധിജി തെക്കെ അഫ്രിക്കയിൽ കണ്ട ദുഷിച്ച അന്തരീക്ഷമാണിതു്. അദ്ദേഹത്തിൻെറ മനുഷ്യത്വം, ഭാരതീയത്വം ഉണൎന്നു് എണീററു. സേതു് അബ്ദുൽഖരിം ജാവേരിയുടെ നേതൃത്വത്തിൽ അദ്ദേഹം ഇൻഡ്യാക്കാരെ സംഘടിപ്പിക്കുവാൻ ശ്രമം തുടങ്ങി. ഇൻഡ്യാക്കാരുടെയിടയിൽ ഉണ്ടായ അത്ഭുതപൂർവമായ ഉണർവ്വ് അദ്ദേഹത്തെ ഉത്തേജിപ്പിച്ചു: ജനറൽ സ്മട്ട്സിൻെറ നേതൃത്വത്തിലുള്ള തെക്കെ അഫ്രിക്കൻ ഗവണ്മെന്റ് ഈ സംഘടനയെ തടയാൻ വേണ്ട മുൻകരുതലുകൾ എടുത്തു. ഏഷ്യാക്കാരുടെ മേൽ എറിയപ്പെട്ട 'ഗൊററാ, നിയമങ്ങളും, ബ്ലാക്കു് ആക്ടുകളും, അവ അർഹിക്കുന്ന അവജ്ഞയോടെ പുറന്തള്ളപ്പെടണമെന്ന വാദം പ്രബലപ്പെട്ടുവന്നതോടുകൂടി നിയമത്തിൻെറ പുറകിൽ അഭയംപ്രാപിച്ചുകൊണ്ടു് സ്മട്ട്സും, ക്രൂരരും ഗാന്ധിജിയെ തടയാൻ ശ്രമിച്ചു. ഗാന്ധിജി കൈയ്യേററം ചെയ്യപ്പെട്ടു. അഹിംസയുടേയും സത്യഗ്രഹത്തിൻേറയും ജനനവും, അവയുടെ വിജയവും ഈ ഘട്ടത്തിലാണു് ഉണ്ടായതു്. രക്തത്തിനുവേണ്ടി പാഞ്ഞടുത്ത ദുഷ്പ്രഭുത്വമേധാവികൾക്കു് വേണ്ടുവോളം രക്തം നൽകി. മനുഷ്യത്വത്തെ കടിച്ചുകീറി തിന്നുവാൻ പാഞ്ഞടുത്ത അധികാരപ്രമത്തർ അമ്പരന്നുപോയി. ഒളിച്ചോടുന്ന ഭീരുക്കളെ അല്ല അവരവിടെ ദർശിച്ചതു്. സംഘടനയുടെ പിൻബലത്തിൽ വിശ്വസിച്ചു്, തങ്ങളുടെ നേതാവിൽ സകലതും അർപ്പിച്ചു് മുന്നോട്ടു പാഞ്ഞടുക്കുന്ന ഒരു ജനാവലി! അഭിമാനത്തോടെ ജീവിക്കുവാൻ വെമ്പൽ കൊള്ളുന്ന

ഒരു ജനസമുദായം സ്വാതന്ത്ര്യത്തിൻെറ മുമ്പിൽ ജീവനെ തൃണവൽഗണിച്ച ഒരു ജനവിഭാഗം ജനറൽ സ്മട്ട്സ് പരാജിതനായിപ്പോയി. അദ്ദേഹത്തിൻെറ ആജ്ഞപ്രകാരം ജയിലിലടയ്ക്കപ്പെട്ട മഹാത്മജി മോചിതനായി. 'ഇന്ത്യൻ റിലീഫ് ആക്ട്' ഗാന്ധിജിയും, സ്മട്ട്സും ചേർന്ന് ഒപ്പുവച്ചു. സ്മട്ട്സ് ഗാന്ധിജിയെ അഭിവാദനം ചെയ്തശേഷം പറഞ്ഞു "മിസ്റ്റർ ഗാന്ധി! അഭിമാനവും സ്വാതന്ത്ര്യവും രണ്ടല്ല. ഞാൻ നിങ്ങളെ അനുമോദിക്കുന്നു."

ഒന്നാം ലോകയുദ്ധം ബ്രിട്ടീഷ് സാമ്രാജ്യത്തെ ഒരു റബ്ബർ പന്തുപോലെ അങ്ങോട്ടുമിങ്ങോട്ടും ഇട്ട് പന്താട്ടുവാൻ തുടങ്ങിയ കാലഘട്ടത്തിൽ, വെള്ളക്കാരൻെറ അഭിമാനവും, അഹങ്കാരവും എങ്ങോട്ടോ ഓടി ഒളിച്ച അവസരത്തിൽ, ഇന്ത്യയിൽ ബ്രിട്ടീഷ് രാജാവിനുവേണ്ടി സഹായഹസ്തം ആദ്യം നീട്ടിയതു് മഹാത്മജിയാണു്. "ഞാൻ വിശ്വസിക്കുന്നു, ബ്രിട്ടീഷ് ഭരണം പ്രജകൾക്കുവേണ്ടി നിലകൊള്ളുന്നു എന്നു്. മനുഷ്യൻെറ മൗലികമായ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ വേണ്ടി, സ്വേച്ഛാപ്രഭുത്വത്തിൻെറ വേരറുക്കുവാൻ വേണ്ടി ഒരു നവയുഗത്തിനുവേണ്ടി, ഒരു സ്വതന്ത്രഭാരതത്തിൻെറ ജനനത്തിനുവേണ്ടി നമുക്കു ബ്രിട്ടീഷ്കാരെ സഹായിക്കാം. അവർ നമുക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടുമെന്നു് വിശ്വസിക്കുന്നു. ഗാന്ധിജി ആഹ്വാനം ചെയ്തു. അതു് സ്വീകരിക്കുവാൻ ആയിരമായിരം ഇന്ത്യൻ യുവാക്കന്മാർ തയ്യാറായി.

ഭാരതത്തിൻെറ അരുമ സന്താനങ്ങൾ, വേരററ്, ഹൃദയം പൊടിഞ്ഞു്, പേർഷ്യയിലേയും മൊസപ്പട്ടാമിയേയിലേയും, ഈജിപ്റ്റിലേയും, മരുഭൂമികളിൽ അങ്ങനെ ചിതറി കിടക്കുകയാണു്! അവർ പൊഴിച്ച ഓരോ തുള്ളി രക്തവും, ബ്രിട്ടീഷ് സാമ്രാജ്യപ്രതിഷ്ഠ ഉറപ്പിക്കുവാൻ പര്യാപ്തമായി. അവരുടെ നട്ടെല്ലുകൾ മാലയായികോർത്തു് ബ്രിട്ടീഷ്സാമ്രാജ്യം അണിഞ്ഞു. എന്നിട്ടു് ഭാരതത്തിനെ നോക്കി ഒരു ചിരി! ആ ചിരിയിൽ പലതും അടങ്ങിയിട്ടുണ്ടു്. ഭാരതത്തിനു് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുവാൻ ഭാവമില്ലെന്നു്; ബലമുണ്ടെങ്കിൽ, കരുത്തുണ്ടെങ്കിൽ വാങ്ങിച്ചു കൊള്ളൂ എന്നു് അതൊരു വെല്ലുവിളിയായിരുന്നു. മഹാത്മജിയും ഇൻഡ്യൻ ജനതയും അതു് സ്വീകരിച്ചു. രാഷ്ട്രത്തെ നയിക്കുവാൻ മഹാത്മജി രംഗത്തു പ്രവേശിച്ചു.

III

ഒരിംഗ്ലീഷുകാരൻെറ ഭാവനയിൽ രൂപമെടുത്ത നാഷണൽകാൺഗ്രസ്സ് ഇതിനിടയിൽ ഇന്ത്യാക്കാരന്റേതായി കഴിഞ്ഞിരുന്നു. സർ ഫിറോഷാ, ദാദാഭായി, ഗോഖേൽ എന്നിവരുടെ പരിലാളനയിൽ ശൈശവം കഴിച്ചുകൂട്ടിയ കാൺഗ്രസ്സ് ബാലഗംഗാധർ തിലക്, മോത്തിലാൽ എന്നിവരുടെ സാമീപ്യത്തിൽ യുവത്വമാസ്വദിച്ചു തുടങ്ങിയിരുന്നു. എൻെറ നേതാവാണു് എൻെറ ഗുരുവാണു് ഗോഖേൽ. മഹാത്മജി ഗോഖലെയുടെ ആശീർവാദത്തോടെ കാൺഗ്രസ്സിൽ ചേർന്നു.

1915 മേയിലാണു് ഗാന്ധി ആശ്രമം സ്ഥാപിക്കപ്പെട്ടതു്. അതിൻെറ ഉദ്ദേശത്തെപ്പററി മഹാത്മജിയുടെ വാക്കുകൾ തന്നെ ഇവിടെ പകൎത്തുന്നതു ഉചിതമായിരിക്കും. "അഹിംസ എൻെറ വ്രതമായും, സത്യഗ്രഹം എൻെറ ആയുധമായും ഞാൻ സ്വീകരിച്ചു. പക്ഷേ എൻെറ മതമോ? ഞാൻ ഒരു സനാതന ഹിന്ദുവാണെന്നു പറയുന്നതിൽ അഭിമാനം കൊള്ളുന്നു. സനാതനമതത്തിൽ വൎഗ്ഗവിവേചനമില്ല. പക്ഷേ ഞാൻ കണ്ട ഭാരതം കായസ്ഥരും അധഃകൃതരും തമ്മിലുള്ള വൎഗ്ഗവിവേചനത്തിൻെറ ക്രൂരതരങ്ങളാണു്. ഞാൻ ആശ്രമം സ്ഥാപിച്ചു. എന്തിനു്? സനാതനികൾക്കുവേണ്ടി; അധകൃതൎക്കുവേണ്ടി; ഭങ്കികൾക്കുവേണ്ടി. എൻെറ ആശ്രമം മതത്തിൻെറ പേരിൽ കളങ്കപ്പെടാതിരിക്കട്ടെ"

ചാമ്പരൺ സത്യഗ്രഹം മുതൽക്കാണു ഗാന്ധിജിയുടെ നാമധേയം കൂടുതൽ ഇൻഡ്യാക്കാരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ തുടങ്ങിയതു്. 1916-ൽ ഞാൻ ലക്ക്നൗവ്വിലായിരുന്നു. ഒരുദിവസം ഒരു ദീർഘിച്ച, മെലിഞ്ഞ കർഷകൻ എന്നെ കാണുവാൻ വന്നു. അയാൾ എന്നോടു പറഞ്ഞു. എൻെറ പേർ രാജകുമാർ ശുക്ല എന്നാണ്. ഞാൻ ചാമ്പരനിൽ നിന്നും അങ്ങയെ അങ്ങോട്ടു കൂട്ടിക്കൊണ്ടു പോകുവാൻ വന്നിരിക്കയാണു്. ലക്നൗവിൽ നിന്നും 300 മൈൽ ഉള്ളിലാണു് ചാമ്പരൺ ഗ്രാമം. അയാൾ ചാമ്പരനിലെ കർഷകരുടെ ദയനീയ സ്ഥിതി എന്നെ പറഞ്ഞു കേൾപ്പിച്ചു. ഇൻ

ഡിഗോപ്ലാന്റേഷനിൽ ജോലിചെയ്യുന്ന ആളുകൾ അനുഭവിക്കുന്ന ദുരിതങ്ങൾ അയാൾ ഹൃദയസ്പൃക്കായി വർണ്ണിച്ചു. ഞാൻ ചാമ്പരനിലേക്കു വരാമെന്നു വാഗ്ദാനം ചെയ്തു. പക്ഷെ എനിക്കു സമയം കിട്ടിയില്ല. ഒരു വർഷം പിന്നേയും കഴിയേണ്ടിയിരുന്നു. 1917-ൽ രാജകുമാരുമൊത്തു ഞാൻ കൽക്കട്ടയിൽ നിന്നും ചാമ്പരനിലേക്കു തീവണ്ടികയറി. ചാമ്പരനിലെ ബ്രിട്ടീഷ് ഹൈക്കമ്മിഷണർ എനിക്കു പ്രവേശനംനിരസിച്ചു. ഞാൻ നിയമലംഘനം നടത്തുവാൻ തീരുമാനിച്ചു. ബ്രിട്ടീഷുകാർക്കെതിരായി എന്റെ ആദ്യത്തെ നിയമലംഘനമായിരുന്നു അതു്. അനേകായിരം കൃഷിക്കാർ ഞാൻ താമസിച്ചിരുന്ന ഭവനത്തിനു ചുററും കൂടി. ഞാൻ അറസ്ററു ചെയ്യപ്പെട്ടു. തുടർന്നുണ്ടായ ബഹളത്തിൽ പോലീസ് ഇടപെട്ടു എങ്കിലും അസ്വസ്ഥതകളൊന്നും ഉണ്ടായില്ല. ഞാൻ കുററക്കാരനല്ല എന്നു വാദിച്ചു. മജിസ്ട്രേട്ട് എന്നെ വെറുതേ വിട്ടു. എന്റെ ആദ്യപരീക്ഷണം വിജയിക്കുകയും ചെയ്തു."

ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ ഇൻഡ്യയിലുമുണ്ടായി. ബ്രിട്ടീഷുകാർ ജൂഡാഡിന്റെ വഞ്ചനയിൽ സമർത്ഥനാണ്. അവർ പറഞ്ഞു, അവർ വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യം അവർക്കു മാത്രമാണെന്ന്, ഇൻഡ്യ തങ്ങളെ സഹായിച്ചിട്ടുണ്ടെങ്കിൽ അതു് ഇൻഡ്യയുടെ കടമയാണെന്ന്.

ഭാരതം; സ്വപ്നത്തെ യാഥാർത്ഥ്യമായി കരുതിയ ഭാരതം!

പൂർണ്ണസ്വരാജ് ഭാരതീയർ ഒന്നിച്ചു മന്ത്രിച്ചു. പ്രക്ഷോഭണത്തിനുള്ള കരുക്കൾ തയ്യാറായി. ഭാരതീയർ വെള്ളക്കാരൻെറ പോർവിളി സ്വീകരിച്ചു. അവരുടെ ആശാകേന്ദ്രം മഹാത്മജി ആയിരുന്നു.

വിപ്ലവം പൊട്ടി; ഖിലാഫത്ത് പ്രക്ഷോഭണത്തിൻെറ രൂപത്തിൽ മഹമ്മദ്‌രാഷ്ട്രങ്ങൾ ഏകോപിച്ച് ഒരണിയുണ്ടാക്കി. മഹാത്മജിയും, ആലിസഹോദരന്മാരും പ്രക്ഷോഭണത്തെ നയിക്കാൻ രംഗത്ത് പ്രവേശിച്ചു. ഹിന്ദുവും, മുസ്ലീമും ഏകഹൃദയത്തോടെ, കൈകോർത്ത് പ്രക്ഷോഭണത്തിൽ പങ്കുകൊണ്ടു. വർഗ്ഗവിദ്വേഷത്തിൻെറ ലാഞ്ഛനപോലും അന്ന് രാഷ്ട്രീയാന്തരീക്ഷത്തിൽ കാണ്മാനുണ്ടായിരുന്നില്ല. പ്രക്ഷോഭണം വിജയത്തിലെത്തി. തീ ആളിക്കത്തുവാൻ തുടങ്ങിയിരുന്നു. രാഷ്ട്രംമുഴുവൻ ഒരു സമരത്തിനു തയ്യാറെടുക്കുകയായിരുന്നു.

1919-ൽ ബ്രിട്ടീഷ് ഗവണ്മെൻ്റ് മോണ്ടാഗോ—ചെംസ്ഫോർഡ്, പരിഷ്കാരങ്ങളുമായി കാൺഗ്രസ്സിനെ സമീപിച്ചു. അവർ പറഞ്ഞു ഈ പരിഷ്കാരങ്ങൾ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രഥമ പടിയാണെന്ന്. പക്ഷെ, വെള്ളക്കാരൻെറ അന്തർമ്മാത്ഥത ഇതിനകം മനസ്സിലാക്കിയിരുന്ന കാൺഗ്രസ്സ് അതു് നിരസിച്ചു. ഈ പരിഷ്കാരങ്ങൾനടപ്പിൽ വരുത്തുന്നതിനെതിരായി മഹാത്മജി നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചു. വിദേശസാമാനങ്ങൾ വർജ്ജിക്കപ്പെട്ടു. 1921-ൽ പ്രിൻസ് ഓഫ് വെയിൻസ് ഇൻഡ്യയിൽ വന്നപ്പോൾ പലയിടത്തും ആ സന്ദർശനത്തിനെതിരായി പ്രതിഷേധ യോഗങ്ങൾ

നടത്തപ്പെട്ടു. കൽക്കട്ടായിൽ അന്നു നഗരം, അന്ധകാരത്തിൽ ആഴ്ത്തപ്പെട്ടു. ബാംബേയിൽ കൂടിയ പ്രതിഷേധയോഗത്തിൽ, പോലീസ് വെടിയുണ്ടകൾ വർഷിച്ചു. രക്തം ചൊരിയപ്പെട്ടു. ജനങ്ങൾ ഇളകി. ഇരമ്പിയടുത്ത മനുഷ്യമഹാസമുദ്രം—ആക്രമണത്തിന് ഉദ്യുക്തരായ ജനാവലി—കണ്ടു് ഗവൺമെന്റ് അമ്പരന്നു. അവർ മഹാത്മജിയെ സമീപിച്ചു. അഹിംസാ തത്വത്തിൽ ആരംഭിക്കപ്പെട്ട നിസ്സഹകരണപ്രസ്ഥാനം ആക്രമണത്തിന് ഉദ്യുക്തരാകുന്നതുകണ്ടു് മഹാത്മജി ഉപവാസം ആരംഭിച്ചു. ബർദോളിയിൽ ആക്രമണത്തിനും പ്രതികാരത്തിനും, തയാറായ ജനാവലിയുടെ മാനസിക പരിശോധനയായിരുന്നു ആ ഉപവാസം. അഹിംസ ജയിച്ചു. സമാധാനം പുനഃസ്ഥാപിതമായി മഹാത്മജി ഉപവാസം നിറുത്തി.

1928-ലെ കാൺഗ്രസ്സ് വാർഷികം കൽക്കട്ടായിൽ വച്ചു് നടത്തപ്പെട്ടു. അന്നവിടെവച്ചു് പാസ്സാക്കപ്പെട്ട പ്രമേയങ്ങളിൽവച്ചു് ഏററവും പ്രധാനം ഇൻഡ്യയുടെ സാമ്പത്തികവും, രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തെ ബ്രിട്ടനെക്കൊണ്ടു് അംഗീകരിപ്പിക്കുക എന്നതാണു്. ഒരു കൊല്ലത്തിനുള്ളിൽ സ്വാതന്ത്ര്യം നൽകപ്പെട്ടില്ലെങ്കിൽ ഇൻഡ്യാരാഷ്ട്രം മുഴുവൻ ഒരു വമ്പിച്ച പ്രക്ഷോഭണം നടത്തുമെന്നു് ബ്രിട്ടനു് ഒരു മുന്നറിയിപ്പും നൽകുക ഉണ്ടായി. ഒരു കൊല്ലം കഴിഞ്ഞു. വെള്ളക്കാരൻ ഭാവിയിലേയ്ക്കു് ദൃഷ്ടിപതിപ്പിച്ചിരിക്കുകയാണു്.

1929. കാൺഗ്രസ്സ് ലാഹോറിൽ സമ്മേളിച്ചു. ഒരു തീവ്രമായ വാദപ്രതിവാദത്തിനുശേഷം, നിയമലംഘനപ്രസ്ഥാനം കാൺഗ്രസ്സ് വർക്കിംഗ് കമ്മിററി അംഗീകരിച്ചു.

1930 മാർച്ച് 30-ാംനു- മഹാത്മജി 'ഡാൻഡി'യിൽ ഉപ്പു സത്യാഗ്രഹം ആരംഭിച്ചു. എരിഞ്ഞുതുടങ്ങിയിരുന്ന വിപ്ലവത്തീ വീണ്ടും ആളിക്കത്തി. ഗാന്ധിജിയും, മററു പല നേതാക്കന്മാരും ഇരുമ്പഴിക്കുള്ളിലായി. അഭിമാനവും അധികാരവും തമ്മിലുള്ള വടംവലി. കാൺഗ്രസ്സിൻെറ ആഹ്വാനം ആയിരമായിരം യുവാക്കളെ ഉത്തേജിപ്പിച്ചു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ബലിദാനത്തിൽ അനേകം ആത്മാക്കൾ സംതൃപ്തിപൂണ്ടു. എന്നിട്ടും വെള്ളക്കാരൻെറ രക്തദാഹം ശമിച്ചില്ല...............

ഒടുവിൽ വെള്ളക്കാരനു നല്ല ബുദ്ധി തോന്നിച്ചു. അന്നത്തെ വൈസ്രോയി ആയിരുന്ന ലാർഡു ഇർവിൻ ഗാന്ധിജിയുമായി രാജിസംഭാഷണമാരംഭിച്ചു. ഗാന്ധി ഇർവിൻ പാക്ടനുസരിച്ചു് മഹാത്മജി വട്ടമേശസമ്മേളനത്തിനു് ലണ്ടനിലേക്കു യാത്രയായി. എന്നാൽ സംഭാഷണം ഫലപ്പെട്ടില്ല. പ്രക്ഷോഭണത്തിൻെറ ശക്തി, തടയാൻ വയ്യാത്തവണ്ണം അത്രത്തോളം അഭ്രുതമായി മുന്നോട്ടുനീങ്ങി. മഹാത്മജി വീണ്ടും അറസ്റ്റിലായി.

1935. അന്തരീക്ഷം അല്പം തെളിഞ്ഞു. പുതിയ ആക്ടിൻപ്രകാരം, പ്രവിശ്യയിൽ ആട്ടോണമിയും, കേന്ദ്ര

ത്തിൽ ഫെഡറേഷനും സ്ഥാപിതമായി. പുതിയ തിരഞ്ഞെടുപ്പിൽ ബഹുഭൂരിപക്ഷത്തോടെ കാൺഗ്രസ്സ് വിജയിയായി. ഏഴ് പ്രവിശ്യകളിൽ കാൺഗ്രസ്സ് മന്ത്രിസഭ രൂപീകരിച്ചു.

1938. രണ്ടാം ലോകമഹായുദ്ധം. ബ്രിട്ടീഷുകാർ പഴയ പല്ലവി തന്നെ പാടി; യുദ്ധാവസാനം സ്വാതന്ത്ര്യം. പ്രസിഡൻറ് റൂസ്‌വെൽട്ട് 'അററ്ലാൻറിക് ചാർട്ടറ'മായി പ്രത്യക്ഷപ്പെട്ടു; ലോകത്തെ സകല രാഷ്ട്രങ്ങൾക്കും വേണ്ടിയുള്ള സ്വാതന്ത്ര്യസമ്പാദനത്തിന്. പ്രധാനമന്ത്രി ചർച്ചിൽ പറഞ്ഞു, ലോകരാഷ്ട്രങ്ങളുടെ കൂട്ടത്തിൽ ഇൻഡ്യയെ ഉൾപ്പെടുത്താൻ പാടില്ല എന്ന്. നെഹറു വാദിച്ചു; യുദ്ധാവസാനം ബ്രിട്ടീഷ് സഹായമില്ലാതെതന്നെ, ഭാരതത്തിൽ സ്വാതന്ത്ര്യസൂര്യൻ ഉദിച്ചുയരുമെന്ന്.

1941. ക്രിപ്സ് ഇൻഡ്യയിൽ വന്നു; കാബിനററു സന്ദേശവുമായി. മഹാത്മജിയെ കണ്ടു. മഹമ്മദാലി ജിന്നയെ കണ്ടു. മഹാത്മജിയോടു ഇൻഡ്യൻ സ്വാതന്ത്ര്യവും, മി. ജിന്നായോട് പാകിസ്ഥാൻ സൃഷ്ടിയും അദ്ദേഹം വാഗ്ദാനം ചെയ്തു. മഹാത്മജിയും ജിന്നായും തമ്മിൽ കണ്ടു. കലഹം ചേദിച്ചു; പിരിഞ്ഞു. ഇൻഡ്യൻ സ്വാതന്ത്ര്യവുമില്ല; പാക്കിസ്ഥാനുമില്ല. ക്രിപ്സ് മടങ്ങി. ലണ്ടനിൽ പ്രധാനമന്ത്രി ചർച്ചിൽ ഇതുകേട്ടു പൊട്ടിച്ചിരിച്ചു.

പ്രസിദ്ധ അമേരിക്കൻ പത്ര പ്രവത്തകനായ ലൂയിഫിഷരും, മഹാത്മജിയും തമ്മിൽ 1941, ജാനുവരി 4-ാംതീയതി നടന്ന സംഭാഷണം താഴെ ചേർക്കുന്നു.

ലൂയി:—ക്രിപ്സ് ദൗത്യം ഇൻഡ്യൻ ചരിത്രത്തിൽ ഒരു നൂതനഘട്ടം കുറിക്കുന്നതുപോലെ എനിയ്ക്കു തോന്നുന്നു അങ്ങയുടെ അഭിപ്രായമെന്താണ്? ക്രിപ്സ് പരാജയപ്പെടാൻ കാരണമെന്താണ്?

മഹാ:—ക്രിപ്സ് ഇൻഡ്യയിൽ വന്നപ്പോൾ എനിയ്ക്കു കമ്പിയടിച്ചു; ഞാൻ ഡൽഹിയിൽ എത്തണമെന്ന്. ഞാൻ പോയി. ക്രിപ്സ് ബ്രിട്ടീഷ് സന്ദേശം എന്നെ അറിയിച്ചു. ഞാൻ ചോദിച്ചു, "ഈ സന്ദേശം തരാനാണോ അങ്ങ് ലണ്ടനിൽ നിന്നും ഇങ്ങോട്ടുതിരിച്ചത്? അടുത്ത വിമാനത്തിൽ തന്നെ ഇംഗ്ലണ്ടിലേയ്ക്കു മടങ്ങുവാൻ ഞാനങ്ങയെ ഉപദേശിക്കുന്നു." ക്രിപ്സിനു് പുതുതായി ഒന്നും തരാനുണ്ടായിരുന്നില്ല.

ലൂയി:—നെഹറുവിൻേറയും, മററു കാൺഗ്രസ്സ് നേതാക്കന്മാരുടേയും അഭിപ്രായം ക്രിപ്സ് നിർദ്ദേശങ്ങൾ സ്വീകാര്യമാണെന്നാണോ?

മഹാ:—അതെ, നെഹറുവും, മൌലാനാ സാഹിബും, ആ അഭിപ്രായക്കാരാണെന്നാണ് എൻെറ വിശ്വാസം. ക്രിപ്സ് റഷ്യയിൽ ഒരു അത്ഭുതം പ്രവർത്തിച്ചു. അതുപോലെ ഒരു അത്ഭുതം ഇന്ത്യയിലും പ്രവർത്തിക്കുമെന്നു ഞങ്ങൾ ആശിച്ചു.

ലൂയി:—റഷ്യയെ യുദ്ധത്തിനിറക്കിയതു ക്രിപ്സ്അല്ല. അഡോൽഫ് ഹിററ്ലറാണ്.

മഹാ:—ഞങ്ങൾ—ഇന്ത്യാക്കാർ ഇപ്പോഴും വിശ്വസിക്കുന്നു റഷ്യ യുദ്ധത്തിൽ ചേർന്നതു് ക്രിപ്സിന്റെ ഉപദേശമനുസരിച്ചാണെന്നു്.

IV

1942. ക്ഷമയ്ക്കും അതിരുണ്ടു്. കാൺഗ്രസ്സ് സമ്മേളനം ബാംബെയിൽ വച്ചുകൂടി. ഒരു പരീക്ഷണഘട്ടമായിരുന്നു അതു്. ഇൻഡ്യയുടെ ഭാഗധേയം നിർണ്ണയം ചെയ്യേണ്ട ഘട്ടം. മഹാത്മജി വീണ്ടും ഇൻഡ്യയുടെ സഹായത്തിനെത്തി. ക്വിററ് ഇൻഡ്യാ മുദ്രാവാക്യവുമായി. ഇന്ത്യമുഴവൻ ആ വാക്യം ഏററു പാടി.

1942 ആഗസ്റ്റ് 8-ാംനു- ക്വിററ് ഇൻഡ്യാ പ്രമേയം കാൺഗ്രസ്സ് അംഗീകരിച്ചു. 9-ാംനു- പ്രക്ഷോഭണവും ആരംഭിച്ചു.

ആഗസ്റ്റ് വിപ്ലവം ഇന്ത്യാചരിത്രത്തിലെ ഒരു രക്തപങ്കിലമായ അദ്ധ്യായത്തെക്കുറിക്കുന്നു. മഹാത്മജിതുടങ്ങിയുള്ള സകല നേതാക്കന്മാരും ഇരുമ്പഴിക്കുള്ളിലായി.

മഹാത്മജിയെ ആഗാഖാൻ കൊട്ടാരത്തിലേക്കു മാററി. അദ്ദേഹത്തിൻെറ പ്രൈവററു സിക്രട്ടറി ആയ മഹാദേവദേശായിയും പത്നിയായ കസ്തൂർബാ

ദേവിയും ഈ ഘട്ടത്തിൽ അദ്ദേഹത്തെ വെടിഞ്ഞു് പരലോകത്തേക്കു യാത്രയായി.

വിപ്ലവം വീണ്ടും മുന്നോട്ടു നീങ്ങി. ഡറാറാറായിലും ജാൻസിയിലും റിപ്പബ്ളിക്കൻ ഗവമെന്റുകൾ സ്ഥാപിതമായി.

1945. ബ്രിട്ടീഷ് ക്യാബിനററു മിഷൻ ഇന്ത്യയിൽ വന്നു. സിംലാസമ്മേളനത്തിൽ ഗാന്ധിജി പങ്കുകൊണ്ടു. ഇംഗ്ലണ്ടിലെ ലേബർ മന്ത്രിസഭ ഇന്ത്യൻ സ്വാതന്ത്ര്യം അംഗീകരിച്ചു. പക്ഷേ അതോടൊന്നിച്ചു പാക്കിസ്ഥാൻ വാദവും. മുസ്ലിംഭൂരിപക്ഷമുള്ള പ്രവിശ്യകൾ, ഒരു "പ്ലീബിസൈററു്" അനുസരിച്ചു് പാക്കിസ്ഥാനിൽ ചേർന്നുകൊള്ളാമെന്നു് ഗാന്ധിജിക്കും, നെഹ്റുവിനും ഈ നിർദ്ദേശം അംഗീകരിക്കേണ്ടതായിട്ടു വന്നു.

1947 ആഗസ്റ്റ് 15. ഇന്നാണു് ഭാരതത്തിൽ ഒരു സ്വതന്ത്ര ഗവണ്മെന്റ് സൃഷ്ടിതമാകുവാൻ പോകുന്നതു്. പ്രധാനമന്ത്രി നെഹ്റു, ബാപ്പുജിയുടെ ആശീർവാദത്തിനായി ഭങ്കി കാളനിയിലേക്കു തിരിച്ചു.

"ജവഹർ! എന്റെ സ്വപ്നം ഫലപ്പെട്ടു" തൊഴുകൈയോടെ, ഒരു മന്ദസ്മിതത്തോടെ, ബാപ്പുജി പറഞ്ഞു.

V

ഇൻഡ്യൻ യൂണിയനും, പാകിസ്ഥാനും ഭൂജാതമായി. ഹിന്ദുവും മുസ്ലിമും വേർതിരിക്കപ്പെട്ടു. വെള്ള

ക്കാരൻ വർഗ്ഗീയ വിദ്വേഷം കൊളുത്തി. പഞ്ചാബിലും, കൽക്കട്ടായിലും, ബീഹാറിലും വർഗ്ഗവിദ്വേഷം പടൎന്നു പിടിച്ചു. അനവധി ഹിന്ദുക്കൾ അനവധി മഹമ്മദീയർ ആ വിദ്വേഷത്തീയിൽ എരിഞ്ഞു ചാമ്പലായി. ഒരു കാട്ടുതീപോലെ, അതു് മുന്നോട്ടു പാഞ്ഞു. ഗാന്ധിജി, ശാന്തിഗീതവുമായി രംഗത്തു വീണ്ടും പ്രവേശിച്ചു. നൗഖാലിയിലും, ബീഹാറിലും അദ്ദേഹത്തിന്റെ ശാന്തിഗീതത്തിന്റെ അലകൾ ചെന്നു പററി. അപ്പോൾ വീണ്ടും ഡൽഹിയിൽ—മഹമ്മദീയർ ജീവനുവേണ്ടി ഓടി. മഹാത്മജി, ഉപവാസമാരംഭിച്ചു, മരണംവരെ.

നേതാക്കന്മാർ പരിഭ്രാന്തരായി. ഹിന്ദുക്കളും, മുസ്ലിങ്ങളും അമ്പരന്നു. അവർ വീണ്ടും ഒന്നുചേരുവാൻ തുടങ്ങി. പരസ്പരസ്നേഹത്തിൽ ഇരുവരും ആശ്വാസം നേടി. മഹാത്മജി ഉപവാസത്തിനു വിരാമമിട്ടു.

1948 ജാനുവരി 30 രക്തപങ്കിലമായ ദിനം. രണ്ടായിരത്തിഅഞ്ഞൂറു കൊല്ലങ്ങൾക്കിപ്പുറം, വീണ്ടും ലോകംമുഴവൻ കിടുക്കിയ ഒരു സംഭവം നടന്ന ദിവസം. ബാപ്പുജി, മൃതനായി. അല്ല, കൊല്ലപ്പെട്ടു. മതത്തിന്റെ പേരിൽ ഒരു ഹിന്ദുവിനാൽ—മാനവസമുദായത്തിനു വേണ്ടി ജീവിക്കുകയും, അതിനു വേണ്ടി മരിക്കുകയും ചെയ്തു ബാപ്പുജി, സ്വർഗ്ഗലോകം പ്രാപിച്ചു.

വെളിച്ചം പൊലിഞ്ഞു. ഈ രാജ്യത്തു് ജ്വലിച്ചിരുന്ന ആ വെളിച്ചം ഒരു സാധാരണ വെളിച്ചമായിരുന്നില്ല. വളരെക്കൊല്ലങ്ങളായി അതു് നമ്മുടെ നാട്ടിൽ

പ്രകാശം വീശിക്കൊണ്ടിരിക്കുകയായിരുന്നു. വളരെ കൊല്ലങ്ങൾ, ഒരായിരം കൊല്ലങ്ങൾക്കുശേഷവും, ആ വെളിച്ചം ഈ നാട്ടിൽ കണ്ടുകൊണ്ടിരിക്കും. ലോകവും അതു കാണും. എണ്ണമററ ഹൃദയങ്ങൾക്ക് അതു് സാന്ത്വനം നൽകും"

ഗാന്ധിദേവാ! കൂപ്പുകൈ.

ജവഹരിലാൽ നെഹറു

★

"ഞാൻ ഡെൽഹിയിൽ, നെഹറുവിൻെറ വസതിയിൽ, അദ്ദേഹത്തെ സന്ദർശിച്ച അവസരം ഇപ്പോഴും ഓർമ്മിക്കുന്നു. ഒരു വിശാലമായ മുറി. നടുക്ക് ഒരു വലിയ മേശ. ചുററും കസേരകൾ. മേശപ്പുറത്ത് അനവധി പുസ്തകങ്ങൾ തുറന്നുവച്ചിരിക്കുന്നു. ഭിത്തിയിൽ മൂന്നു നാലു വലിയ പടങ്ങൾ. മഹാത്മജിയുടേയും, മോത്തിലാൽ നെഹറുവിൻേറയും. നെഹറു ഒരു ചാരുകസാലയിൽ കിടന്ന് എന്തോ ഒരു പുസ്തകം വായിക്കുകയാണു്. അതു്, നെഹറു ഗീതയെപ്പോലെ ബഹുമാനിക്കുന്ന, "സത്യാന്വേഷണപരീക്ഷകൾ" (മഹാത്മജിയുടെ ആണെന്ന് എനിക്ക് പിന്നീടു മനസ്സിലായി)... ...അദ്ദേഹം എന്നെ ഹാർദ്ദമായി സ്വീകരിച്ചു. പലതിനെപ്പററിയും ഞങ്ങൾ സംസാരിച്ചു. അല്പനിമിഷത്തിനുള്ളിൽ, അദ്ദേഹത്തിന്റെ അഗാധപാണ്ഡിത്യം എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു..................ഇൻഡ്യയുടെ ജീവനാണു് നെഹറു.

സന്ദർശനത്തിൻെറ അവസാനത്തിൽ വികാരഭരിതനായി അദ്ദേഹം പറഞ്ഞു "മി. ഫിഷർ! ഒരു കാര്യം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അടിമത്വം ഇനിയും സഹിക്കുവാൻ ഞങ്ങൾ തയ്യാറില്ല. ബ്രിട്ടീഷുകാർ സ്വന്തമനസ്സോടെ ഇൻഡ്യാ

വിട്ടുകയാണെങ്കിൽ, ആത്മാഭിമാനത്തോടെ അവക്കു പിരിയാം" 1942 ആണു് ഈ സന്ദർശനം."

I

42 കൊല്ലത്തിനു മുമ്പു് ഒരു സുപ്രഭാതത്തിൽ അലഹബാദിലെ 'ആനന്ദഭവന'ത്തിൽ ഒരു ബഹളം. അവിടത്തെ വലിയ ബാബുവും, പത്നിയും മൂത്ത മകനോടൊന്നിച്ചു് ഇംഗ്ലണ്ടിലേക്കു് പുറപ്പെട്ടുകയാണു്. മകൻെറ ഉപരിവിദ്യാഭ്യാസാത്ഥം മോത്തിലാലിൻെറ ബന്ധുക്കളും സ്നേഹിതരുമായി അനവധി ആളുകൾ അന്നവിടെ കൂടിയിട്ടുണ്ടു്. കൽക്കത്തായിലെ, പ്രസിദ്ധ അഭിഭാഷകനും, മോത്തിലാലിൻെറ ഒരുററ സ്നേഹിതനുമായ ദീനബന്ധു സി. ആർ. ദാസ്സും അവിടെ ആഗതനായിട്ടുണ്ടു്; യാത്ര അയയ്ക്കാൻ.

"പ്രിയപ്പെട്ട ജവഹർ! എൻെറ ആശീർവാദം! തിരിച്ചുവരുമ്പോൾ ഒരു സ്വതന്ത്ര ഇൻഡ്യ നിങ്ങളെ സ്വീകരിക്കട്ടെ." സി. ആർ. ദാസ്സ് അനുഗ്രഹിച്ചു. ഒരു സ്വതന്ത്ര ഇൻഡ്യ! ഒരു മന്ദസ്മിതത്തോടെ, ജവഹർ പറഞ്ഞു. "ബാബുജി! ഒരു സ്വതന്ത്ര ഇൻഡ്യ അവിടുന്നു് വാഗ്ദാനം ചെയ്യുകയാണെങ്കിൽ." അവിടെ കൂടിയിരുന്നവരെല്ലാം ചിരിച്ചു.

ആറുമാസം കഴിഞ്ഞു. അപ്പോൾ വീണ്ടും ഒരു യാത്ര അയപ്പു് ഇംഗ്ലണ്ടിൽ വച്ചാണെന്നുമാത്രം. പുത്രൻ, പിതാവിനേയും മാതാവിനേയും തിരിച്ചയയ്ക്കുകയാണു്.

ചില ദീർഘനിശ്വാസങ്ങൾ അവിടെ പൊങ്ങി. പിതാവു് പുത്രനെ ആശീർവദിച്ചു് ഉപദേശം നൽകി. ഇംഗ്ലണ്ടിലെ ജീവിതരീതികളെപ്പററി പുത്രൻ സശ്രദ്ധം കേട്ടു. മാതാവു് പുത്രനെ നെറുകയിൽ തൊട്ടനുഗ്രഹിച്ചു, വിജയശ്രീലാളിതനായി തിരിച്ചുവരുവാൻ. പുത്രൻ കണ്ണുനീർകൊണ്ടു് മാതാവിനു മറുപടി നൽകി.

"ജവഹർ! ഒരു സ്വതന്ത്ര ഇൻഡ്യയ്ക്കുവേണ്ടി ഞങ്ങൾ നിന്നെ കാത്തിരിക്കും" മോത്തിലാൽ പറഞ്ഞു. ഒരു സ്വതന്ത്ര ഇൻഡ്യ! സി. ആർ. ദാസ്സിൻെറ ആശീർവാദം ജവഹർ ഓർത്തു.

"അങ്ങയുടെ അനുഗ്രഹമുണ്ടെങ്കിൽ! ജവഹർ മറുപടി നൽകി. പിതാവും, പുത്രനും പരസ്പരം നോക്കി.

II

1890-ൽ ഒരു കാഷ്മീരി ബ്രാഹ്മണകുടുംബത്തിലാണു് ജവഹരിൻെറ ജനനം. മുഗൾചക്രവർത്തിമാരുടെ ഭരണകാലത്തു്, ഈ കുടുംബം പ്രത്യേക ആരാധനയ്ക്കു പാത്രമായിരുന്നു. അക്ബറിൻേറയും, ഷാജഹാൻേറയും, രാജധാനിയെ അലങ്കരിച്ചിരുന്ന അനവധി സംസ്കൃത പണ്ഡിതന്മാർ ഈ കുടുംബത്തിലുണ്ടായിരുന്നു. ശിപായിലഹളക്കാലത്തു് നെഹറുകുടുംബത്തിനു് വലുതായ കോട്ടംതട്ടി. സാമ്പത്തികമായി കുടുംബം ഉലയാനും തുടങ്ങി. അതിനു് വീണ്ടും പ്രതിഷ്ഠ ലഭിച്ചതു് മോത്തിലാലിന്റെ ശ്രമം കൊണ്ടാണു്. പാശ്ചാത്യപരിഷ്ക്കാരത്തിൽ അത്യ

ധികം ഭ്രമിച്ചിരുന്ന മോത്തിലാൽ പുത്രനിലും ആ അഭിരുചി വളത്തുവാൻ ഉത്സുകനായിരുന്നു. ഒരു 'ഇംഗ്ലീഷ്' ഗവൺണസി'ന്റെ ശിശ്രൂഷണത്തിലാണ് നെഹറു ബാല്യം നയിച്ചത്. വിദ്യാഭ്യാസത്തിനായി ഒന്നു രണ്ടു ഇംഗ്ലീഷുകാരെത്തന്നെ പിതാവു് നിയമിച്ചിരുന്നു.

"ഇംഗ്ലീഷിനോടും, ഇംഗ്ലണ്ടിനോടും എനിക്കു് ബാല്യത്തിലേ തോന്നിയ ബഹുമാനത്തിനു് കാരണമിതാണ്. കീററ്സിൻേറയും, ഷെല്ലിയുടേയും, ഗാനങ്ങൾ വായിച്ചു് അനവധി മണിക്കൂറുകൾ ഞാനങ്ങനെ വിചാരത്തിൽ ലയിച്ചിരിക്കും. ഇംഗ്ലീഷ് പത്രങ്ങൾ വായിക്കുവാനുള്ള അഭിരുചി എനിക്കുണ്ടായതും എൻെറ ഗുരുനാഥന്മാർ മുഖേനയാണ്. 1905-ലെ റഷ്യോ-ജപ്പാൻ യുദ്ധം ഇന്നും എനിക്കു കാണാപ്പാഠമാണ്. അന്നൊക്കെ പത്രം വരുമ്പോൾ, വീട്ടിൽ, ആദ്യം വായിച്ചു തീക്കുന്നതു് ഞാനായിരിക്കും. പിതാവു് എനിക്കുവേണ്ടി അനവധി മണിക്കൂറുകൾ കാത്തിരുന്നിട്ടുണ്ടു്.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂത്തിയായി. പുത്രൻ ഇംഗ്ലണ്ടിൽ പോയി നിയമപഠനം നടത്തി, വക്കീൽ ജോലിതന്നെ തുടങ്ങണമെന്നായിരുന്നു മോത്തിലാലിന്റെ അഭിലാഷം. പക്ഷേ സ്വരൂപാദേവിയ്ക്കു്—ജവഹരിന്റെ മാതാവിനു് പുത്രനെ പിരിയുവാൻ സമ്മതമായിരുന്നില്ല. ആകെ ഒരേ ഒരു പുത്രൻ; വയസ്സു് പതിനഞ്ചു് മാതൃഹൃദയം പലവിധ വിചാരങ്ങൾക്കു് അടിമപ്പെട്ടു. എങ്കിലും ഒടുവിൽ, മോത്തിലാലിൻെറ നിർബന്ധ

ത്തിന് സ്വാതന്ത്ര്യവും കീഴടങ്ങി; ഒരു കരാറിന്മേൽ, പുത്രനെ അനുഗമിച്ച് ഇംഗ്ലണ്ടിൽ പോയി അവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കുവാൻ മോത്തിലാൽ സമ്മതിക്കുമെങ്കിൽ!

അങ്ങനെ മാതാപിതാക്കന്മാർ അനുഗതനായി, ജവഹർ 1905-മേയിൽ ഇംഗ്ലണ്ടിലേക്കു യാത്രയായി.

ഇംഗ്ലണ്ടിൽ ഹാരോ (Harrow) യിൽ ചേൎന്നു പഠനം തുടങ്ങി. ലത്തീൻഭാഷ അറിഞ്ഞുകൂടായിരുന്നതിനാൽ ആദ്യമൊക്കെ അല്പ വിഷമം നേരിട്ടുവെങ്കിലും, അവയെല്ലാം തരണം ചെയ്യുന്നതിനുള്ള ബുദ്ധിസാമർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. പഠനത്തിലും കായികവിനോദങ്ങളിലും അദ്ദേഹം ഒന്നുപോലെ പങ്കുകൊണ്ടു. "ഹാരോയിലെ അന്തരീക്ഷത്തെ ഇംഗ്ലീഷ് വിദ്യാർത്ഥികൾ മലിനമാക്കുവാൻ തുടങ്ങിയിരുന്നു. എന്നാൽ ജവഹർ എല്ലാവരുടേയും കണ്ണിലുണ്ണി ആയിരുന്നു. ആരുടേയും സ്നേഹം, അല്പനിമിഷത്തെ പരിചയം കൊണ്ടു സമ്പാദിക്കുവാനുള്ള കെല്പ് ജവഹർ അന്നേ പ്രദർശിപ്പിച്ചിരുന്നു.

"എന്റെ ക്ലാസ്സിൽ ഞാനറിയാതെ തന്നെ, ഞാൻ ആരാധിക്കപ്പെട്ടു. അതിന് തക്കതായ കാരണമൊന്നുമുണ്ടായിരുന്നില്ല. ഒരിക്കൽ ഞങ്ങളുടെ ഒരധ്യാപകൻ 1905-ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽ (ഇംഗ്ലണ്ടിൽ) വന്ന മന്ത്രിസഭയെ കുറിച്ച് പൂർണ്ണവിവരം നൽകുവാൻ ഞങ്ങളോടാവശ്യപ്പെട്ടു.

No: 4462

ക്ലാസ്സിലെ വിദ്യാത്ഥികളാരും തന്നെ അതിന്ന് ശരിയായ വിവരണം നൽകിയില്ല. അവർ അതിനെപ്പററി കൂട്ടതൽ ചിന്തിച്ചിട്ടില്ലായിരിക്കണം. ഞാൻ നൽകിയ വിവരങ്ങരം അദ്ധ്യാപകനെ തൃപ്തിപ്പെടുത്തി. എന്റെ സഹവിദ്യാത്ഥികളുടെ ഇടയിൽ ഞാൻ വലിയവനായി തോന്നപ്പെട്ടു."

രണ്ടുകൊല്ലത്തിന്നശേഷം, 1907-ൽ ഹാരോയിൽ നിന്നും കേംബ്രിഡ്ജ് സർവകലാശാലയിൽ ചേന്നു, കാളേജ് വിദ്യാഭ്യാസം പൂത്തിയാക്കി. കേംബ്രിഡ്ജിലെ ജീവിതരീതിയെപ്പററി അദ്ദേഹം തന്നെ പറയുന്നു.

"ഞങ്ങരംക്കു, ഇൻഡ്യൻ വിദ്യാത്ഥികരംക്ക് ഒരു പുതിയ അന്തരീക്ഷമാണ് അവിടെ ദൃശ്യമായതു്. ആസ്ത്രേലിയായിലും, ക്യാനഡായിലും, നിന്നും വന്ന വിദ്യാത്ഥികരം ഇംഗ്ലീഷ് വിദ്യാത്ഥികളോടൊപ്പം തന്നെ ജീവിക്കുന്നതിന്ന് നിർബന്ധിതരായി. ഞങ്ങളെ ഒരു പ്രത്യേക സംഘമായിട്ടാണ് കലാശാല കണക്കാക്കിയിരുന്നതു്. അതിൽ ഞങ്ങരം വ്യാകുലപ്പെട്ടിരുന്നുമില്ല. തനി ഭാരതീയമായ സാഹചര്യങ്ങരം പുലത്തുവാൻ ഇതുകൊണ്ടു് ഞങ്ങരംക്കു കഴിഞ്ഞു. ഇൻഡ്യൻ സ്ഥിതിഗതികളെപ്പററി ചർച്ചചെയ്യുന്നതിന്നും, വാദപ്രതിവാദങ്ങരം നടത്തുന്നതിന്നും, കലാശാലയിലെ ഇൻഡ്യൻ വിദ്യാത്ഥികരം മിക്കദിവസവും, സമ്മേളിക്കും. ചിലസന്ദർഭങ്ങളിൽ ഞങ്ങളുടെ പ്രഫസർമാരും ഈ വാദപ്രതിവാദങ്ങളിൽ പങ്കെടുക്കാറുണ്ടു്."

1912-ൽ അദ്ദേഹം ബാർ അററ്-ലാ പാസായി. 7 കൊല്ലത്തെ ഇംഗ്ലണ്ടിലെ താമസത്തിനു ശേഷം, അദ്ദേഹം സ്വന്തനാട്ടിലേയ്ക്കു തിരിച്ചു.

III

ഇൻഡ്യൻ സ്ഥിതിഗതികൾ മാറിക്കഴിഞ്ഞിരുന്നു. സ്വതന്ത്ര ഇൻഡ്യാ വാഗ്ദാനം ചെയ്ത സി. ആർ. ദാസ്സ് തുടങ്ങിയുള്ള നേതാക്കന്മാർ ബംഗാളിലും, ഗോഖേൽ, തിലക് എന്നീ മഹാന്മാർ മദ്ധ്യ ഇന്ത്യയിലും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമര അണി ഒരുക്കുകയായിരുന്നു. ഭാരതമഹാജനസഭ പൂർണ്ണരൂപം പ്രാപിച്ചു കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യമെന്നും സമരമെന്നും കേട്ട് ജനങ്ങൾ ഇളകാൻ തുടങ്ങിയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. നിയമലംഘനം നടത്തി, അധികാരം പ്രയോഗിച്ച് സ്വാതന്ത്ര്യം പിടിച്ചെടുക്കണമെന്ന് തിലക് തുടങ്ങിയുള്ളവർ വാദിച്ചു. ഭാരതീയന്റെ ചുടുരക്തം അവനെ അടിമയായിരിക്കുവാൻ ഇനിയും സമ്മതിക്കുകയില്ലെന്ന് ആ മഹാരാഷ്ട്ര സിംഹം ഗർജ്ജിച്ചു. സാവധാനം അധികാരം പിടിച്ചെടുക്കുക, വ്യവസ്ഥാപിതമായ രീതിയിൽ, വികാരത്തിനധീനമാകാതെ, പ്രക്ഷോപണം തുടരുക എന്ന് ഗോഖേൽ, മോത്തിലാൽ എന്നീ നേതാക്കന്മാർ ഉപദേശിച്ചു. ഒരു പിളർപ്പ് അവിടെ ഉത്ഭൂതമായി. മോത്തിലാൽ തുടങ്ങിയുള്ളവർ മിതവാദികളായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

രാഷ്ട്രീയാന്തരീക്ഷത്തിൽ കാർമേഘങ്ങൾ വന്നു മൂടി. ഈ ഘട്ടത്തിലാണു് നെഹറു പഠിത്തം കഴിഞ്ഞു ഇൻഡ്യയിൽ മടങ്ങിയെത്തിയതു്.

അലഹബാദ് ഹൈക്കോടതിയിൽ അദ്ദേഹം പ്രാക്ടീസ് ആരംഭിച്ചു. അഭിഭാഷകവൃത്തിയിൽ അധികം കാലം പ്രശോഭിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. താമസിയാതെ അദ്ദേഹം കാൺഗ്രസ്സിൽ ചേന്നു് രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെടുകയും ചെയ്തു. എന്നാൽ തിലകിന്റെയോ, ഗോഖലേയുടേയോ ഭാഗത്തു ചേരാതെ, ഇരു കൂട്ടരുടേയും പ്രവത്തനങ്ങളെ നിഷ്പക്ഷമായി വിശകലനംചെയ്തു പഠിപ്പിക്കുവാനാരംഭിക്കുകയാണു് അദ്ദേഹം ആദ്യമായി ചെയ്തതു്. കാൺഗ്രസ്സ് മീററിംഗ് പലതും അദ്ദേഹം പങ്കുകൊണ്ടു. പലരുടേയും പ്രസംഗങ്ങൾ അദ്ദേഹം കേട്ടു. പലരുമായി അദ്ദേഹം വാദപ്രതിവാദങ്ങൾ നടത്തി. ഇതിൽ കൂടുതലായി ഇദ്ദേഹം സ്വന്ത അഭിപ്രായം രേഖപ്പെടുത്തുകയോ, ഏതെങ്കിലും പാർട്ടിയിൽ ചേരുകയോ ചെയ്തില്ല.

"ഞാൻ പിതാവുമായി പലപ്പോഴും നിശിതമായി വാഗ്വാദം നടത്തിയിട്ടുണ്ടു്. മിതവാദികളുടെ നയം പലപ്പോഴും നിരാശാജനകമായി തീർന്നിട്ടുണ്ടെന്നു് ഞാൻ അദ്ദേഹത്തെ അറിയിക്കും. എന്നാൽ അടുത്ത നിമിഷത്തിൽ, ബഹു. തിലകിൻെറ ആദർശവും പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുവാൻ സാദ്ധ്യമല്ലെന്നു് ഞാൻ പറയും. ഇതുകേട്ടു് പിതാവ്

മന്ദസ്മിതത്തോടെ എന്നെ അറിയിക്കും. "ഞങ്ങൾ, ഇരു കൂട്ടരും വിജയികളാകുവാൻ പോവുകയാണ് എന്ന്".

ഒന്നാംലോകയുദ്ധകാലത്ത് വെള്ളക്കാരൻ ഏററവും ഭയപ്പെട്ടിരുന്ന ഒരു സംഭവം ഉണ്ടായി. മഹാത്മജി, തെക്കെ ആഫ്രിക്കയിലെ സേവനം കഴിഞ്ഞ് ഇന്ത്യയിൽ തിരിച്ചെത്തി. ഗോഖലേയുടെ ആശീർവാദത്തോടെ, രാഷ്ട്രീയരംഗത്ത് പ്രവേശിച്ചു. ഈ അത്ഭുതമനുഷ്യന്റെ (mystery man) പ്രവേശനം രാഷ്ട്രത്തിനു മുഴുവൻ ഒരു ഉത്തേജനം നൽകി. മഹാത്മജിയുടെ ചാമ്പരൺസത്യാഗ്രഹം വെള്ളക്കാരന്റെ വഞ്ചന വെളിപ്പെടുത്തി. ആയിരമായിരം കൃഷകർ, അരച്ചാൺ വയറിനുവേണ്ടി, കഷ്ടതകൾ സഹിക്കുവാൻ ജന്മമെടുത്ത കൃഷകർ, വെള്ളക്കാരന്റെമുമ്പിൽ, അടിമകളായി—മനുഷ്യത്വം അവർക്കുവെവദനീയമല്ല. ചാമ്പരനിലെ ഇൻഡിഗോപ്ലാന്റേഷനിൽ ജോലിചെയ്യുന്ന ഇൻഡ്യാക്കാർ, മൃഗങ്ങളേക്കാൾ ദയനീയമായി മർദ്ദിക്കപ്പെട്ടു. വെള്ളക്കാരൻ, ആഫ്രിക്കയിൽ, നീഗ്രോകളുടെ നേരെ അനുവർത്തിച്ച നയം, ഇൻഡ്യയിലും ആവർത്തിക്കപ്പെട്ടു. പക്ഷേ ആ വെളുത്ത തൊലി മനസ്സിലാക്കിയിരുന്നില്ല, ഇൻഡ്യാക്കാരന്റെ പാരമ്പര്യം വെള്ളക്കാരന്റേതിൽ നിന്നുംവിഭിന്നമാണെന്ന്. ചിരിച്ചുകൊണ്ടു സഹിക്കുന്നതിനും, ചിരിച്ചുകൊണ്ടു തടുക്കുന്നതിനും ഉള്ള കരുത്ത് ഭാരതീയനുണ്ടെന്ന്. മഹാത്മജിയുടെ ചാമ്പരൺ സത്യാഗ്രഹം ഈ വസ്തുത അവനു ബോധ്യമാക്കിക്കൊടുത്തു. ജവഹർ അക്കാലത്ത് അലഹബാദിലായിരുന്നു.

ഗാന്ധിജിയുടെ സത്യഗ്രഹസമരം അദ്ദേഹത്തെ ആകർഷിച്ചു. അതിൻെറ വിജയം അദ്ദേഹത്തെ സംതൃപ്തനാക്കി. അദ്ദേഹം മഹാത്മജിയെ ആരാധിക്കുവാൻ തുടങ്ങി.

IV

1919-ൽ 'റൗലററ് ആക്ട്' മായി ബ്രിട്ടീഷ് ഗവണ്മെൻറ് പുറത്തുചാടി; സ്വാതന്ത്ര്യകുതുകികളായ ഇൻഡ്യൻ ജനതയെ നേരിടാൻ ബ്രിട്ടീഷ് മസ്തിഷ്കം കണ്ടുപിടിച്ച ഒരു ചെപ്പടി വിദ്യ! നേതാക്കന്മാരെ അറസ്ററുചെയ്യുക, അറസ്ററു ചെയ്യുവരെ, ഇരുമ്പഴിക്കുള്ളിലാക്കുക; അതുകണ്ടു് അവരുടെ അനുയായികൾ ഓടിഒളിക്കുമെന്നു് വെള്ളക്കാരൻ തെററിദ്ധരിച്ചു. അവിടേയും, അമളി പററിയതു് ഗവണ്മെൻറിനാണു്. ഗാന്ധിജി വീണ്ടും രംഗത്തിലിറങ്ങി, റൗലററ് ആക്ടിനെതിരായി പ്രക്ഷോഭണം നയിക്കാൻ. പ്രക്ഷോഭണം വിജയപൂർവ്വം മുന്നോട്ടു നീങ്ങി. ഇതുകണ്ടു്, ഗവൺമെൻറ് തോക്കെടുത്തു. അമൃതസരസ്സിലും, അഹമ്മദാബാദിലും, അനേകം രക്തസാക്ഷികൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചാബു മുഴവൻ പട്ടാളനിയമം നടപ്പിലാക്കി. രക്തമയമായ ഒരദ്ധ്യായം ജലിയൻവാലായിൽ വെള്ളക്കാരൻ ഓഡയർ രചിച്ചു. ഗാന്ധിജി പ്രക്ഷോഭണം പിൻവലിച്ചു.

ജലിയൻവാലാ അത്യാഹിതം, വെള്ളക്കാരൻെറ കിരാതത്വം വെളിപ്പെടുത്തി. നാഷണൽ കാൺഗ്രസ്സ്

ഒരന്വേഷണകമ്മററിക്കുവേണ്ടി വാദിച്ചു. ഒടുവിൽ മനസ്സില്ലാമനസ്സോടെ ഒരു കമ്മററി ഗവണ്മെൻറ് രൂപീകരിച്ചു. കമ്മററിയിൽ ഒരംഗമായി ജവഹർ തിരഞ്ഞെടുക്കപ്പെട്ടു. പണ്ഡിതജിയുടെ ജീവിതത്തിൽ ഈ സംഭവം ഒരു പരിവത്തനത്തിനു വഴിതെളിച്ചു. അന്വേഷണം പൂർത്തിയായി. വെള്ളക്കാരന്റെ മൃഗീയതത്വത്തിൻെറ നഗ്നസ്വരൂപമാണ് ജലിയൻവാല കൂട്ടക്കൊല എന്ന് പണ്ഡിതജി മനസ്സിലാക്കി. കുററക്കാരൻ കണ്ടുപിടിക്കപ്പെട്ടു. പക്ഷെ അവനെ ശിക്ഷിക്കാനാരാരു്? അവൻതന്നെ പ്രതിയും, ന്യായാധിപനും.

1920 മഹാത്മജി നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചു. പണ്ഡിതജിയും, മോത്തിലാലും, യൂ. പി. യിലെ നേതൃത്വം ഏറെറടുത്തു. അവർ അറസ്ററു ചെയ്യപ്പെട്ടു. പണ്ഡിതജി 6 മാസത്തേ തടവുശിക്ഷക്കായി വിധിക്കപ്പെട്ടു. അദ്ദേഹത്തിൻെറ ആദ്യത്തെ ജയിൽ ജീവിതമാണത്. അറസ്ററു ചെയ്യപ്പെട്ട സമയം, പണ്ഡിതജി അലഹബാദ് കാൺഗ്രസ്സ് കമ്മിററിയുടെ പ്രസിഡണ്ടായിരുന്നു.

ആറുമാസത്തെ തടവിനുശേഷം അദ്ദേഹം പുറത്തുവന്നു. രാഷ്ട്രീയമായ സംഭവവികാസങ്ങൾ അദ്ദേഹത്തെ, തികച്ചും ഒരു പുതിയ ആളാക്കിത്തീർത്തു. സാമാന്യജനങ്ങളുടെ ഇടയിൽ കൂടുതൽ സമയം പ്രവർത്തിക്കുന്നതിനും, രാഷ്ട്രീയമായ അവരുടെ ആശയഗതികൾ മനസ്സിലാക്കുവാനും അദ്ദേഹം ശ്രമം തുടങ്ങി.

1921-ൽ ഔദ്ധിലാരംഭിച്ച കിസാൻപ്രക്ഷോഭണം നയിച്ചതു് ജവഹരിലാലായിരുന്നു. ദുഷിച്ച സെമിന്താരി സമ്പ്രദായത്താൽ അമർത്തപ്പെട്ടു് വീർപ്പു് മുട്ടിയ കൃഷിക്കാർക്കു്, സ്വാതന്ത്ര്യമായി ഒന്നു ശ്വാസിക്കാനും, നിവന്നു നിൽക്കുവാനുമുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കുവാനുമായിരുന്നു ആ പ്രക്ഷോഭണം.

"കൃഷിക്കാരന്റെ ദാരിദ്ര്യവും, പരമ്പരയാ അവനു കിട്ടിയിട്ടുള്ള ജ്ഞാനബാഹ്യതയും ഞാൻ നേരിട്ടു കണ്ടു. ഈ ദുഷിച്ച സാമ്പത്തികവ്യവസ്ഥ മാററിയാൽ മാത്രമെ നമ്മുടെ കൃഷിക്കാർ അഭിവൃദ്ധിപ്പെടുകയുള്ളു എന്നു് എനിക്കു ബോദ്ധ്യമായി. ഞാൻ അറിയാതെതന്നെ ഒരു സോഷ്യലിസ്റ്റായി മാറി."

1928-ൽ കാഗ്രൺസ്സ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടതു് പണ്ഡിറ്റ്ജി ആയിരുന്നു. കാൺഗ്രസ്സ് അത്തവണ ലാഹോറിൽ സമ്മേളിച്ചു. ഈ സമ്മേളനം ഇൻഡ്യാചരിത്രത്തിൽ അതിപ്രധാനമായ ഒന്നാണു്. 60 കൊല്ലത്തിനു മുമ്പു് രൂപമെടുത്ത കാൺഗ്രസ്സ് അന്നാദ്യമായി 'സ്വാതന്ത്ര്യ'പ്രമേയം അവതരിപ്പിച്ചു. "പൂർണ്ണ സ്വരാജിലേക്കു്" കാൺഗ്രസ്സ് ആഹ്വാനം ചെയ്തു. 1930 ജനുവരി 26-ാംതീയതി സ്വാതന്ത്ര്യദിനമായി കൊണ്ടാടുവാൻ തീരുമാനിക്കപ്പെട്ടു.

പക്ഷേ, ഈ പ്രമേയം വെടിയുണ്ടകൾകൊണ്ടു ഗവർമ്മെന്റു നേരിട്ടു. 1930–33-ലെ മർദ്ദനങ്ങൾ

ഇൻഡ്യ സഹിച്ചു. പണ്ഡിതജി തുടങ്ങിയുള്ള നേതാക്കന്മാർ വീണ്ടും അറസ്റ്റിലായി.

1934-ൽ കറാച്ചിയിൽ കാൺഗ്രസ്സ് വീണ്ടും കൂടി. മഹാത്മജി നിയമലംഘനം പിൻവലിച്ചു.

V

1931-ൽ മോത്തിലാൽ നെഹ്റു നിര്യാതനായി. ഈ സന്ദർഭത്തിലാണു് പണ്ഡിതജി, മഹാത്മജിയുമായി കൂടുതൽ പരിചയത്തിനിടയാകുന്നതു്.

"ബാപ്പുജി, ആനന്ദഭവനിൽ വന്നു. അദ്ദേഹം ഞങ്ങളോടൊന്നിച്ചു് ഒരുമാസം താമസിച്ചു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം, ഞങ്ങൾ വലുതായ ഒരാശ്വാസമായി കരുതി.................................ബാപ്പുവുമായി ഞാൻ കൂടുതൽ അടുക്കുവാൻ തുടങ്ങി. ഞങ്ങൾ തമ്മിൽ വലുതായ ആദർശവ്യത്യാസമുണ്ടായിരുന്നു. എൻെറ സംശയങ്ങൾ ഞാനദ്ദേഹത്തെ അറിയിച്ചു. അവയ്ക്കെല്ലാം സമുചിതമായ മറുപടി അദ്ദേഹം നൽകി............ഞാൻ ബാപ്പുവിനെ എൻെറ ഗുരുവായി ആരാധിക്കുവാൻ തുടങ്ങി.

തൻെറ 40 കൊല്ലത്തെ രാഷ്ട്രീയ ജീവിതത്തിനിടയിൽ പണ്ഡിതജി 12 പ്രാവശ്യം ജയിലിൽ പോയിട്ടുണ്ടു്. ജയിൽജീവിതം അദ്ദേഹത്തിൻെറ ആരോഗ്യത്തെ ബാധിച്ചു. ദേഹസുഖാത്ഥം പലപ്പോഴും യൂറോപ്പിലേക്കു് അദ്ദേഹത്തിനു് പോകേണ്ടതായി വന്നിട്ടുണ്ടു്. ഇൻഡ്യയുടെ ഭാഗധേയം നിർണ്ണയിക്കേണ്ട പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളായിട്ടാണു് യൂറോപ്പിൽ അദ്ദേഹം അറിയപ്പെട്ടിരുന്നതു്.

പണ്ഡിതജി ഒരു രാഷ്ട്രീയ പ്രവത്തകൻ മാത്രമല്ല; ഒരു ചിന്തകൻ കൂടി ആണു്. അദ്ദേഹത്തിന്റെ കൃതികളിൽ കൂടി നാം ദർശിക്കുന്നതു് സാർവലൗകിക വ്യവസ്ഥിതിക്കുവേണ്ടി അക്ഷമയോടെ കാത്തിരിക്കുന്ന ഒരു ചിന്തകനെയാണു്. ഒരു കാറൽ മാർക്സിനേയും ഫെഡറിക് ഐെയിൽ ചൻസിനേയും സൃഷ്ടിക്കുവാൻ യൂറോപ്പിനു കഴിഞ്ഞിട്ടുണ്ടെങ്കിൽ ഒരു ജവഹരിലാലിനെ ലോകത്തിനു് കാഴ്ചവക്കുവാൻ ഭാരതത്തിനും സാധിച്ചിട്ടുണ്ടു്.

1946-ലെ ക്യാബിനററ് നിർദ്ദേശപ്രകാരം, ഇൻഡ്യ രണ്ടായി വിഭജിക്കപ്പെട്ടു. ഇൻഡ്യൻ യൂണിയനിൽ ഒരു കേന്ദ്രഗവണ്മെൻറുണ്ടായി. ഇൻഡ്യൻ യൂണിയന്റെ ആദ്യത്തെ പ്രധാനമന്ത്രിയായി പണ്ഡിതജി തിരഞ്ഞെടുക്കപ്പെട്ടു.

"എന്റെ രാജ്യവാസികളുടെ അനുഗ്രഹത്തോടുകൂടി എന്റെ ബാപ്പുജിയുടെ ആശീർവാദത്തോടുകൂടി, ഞാൻ പ്രധാനമന്ത്രിപദം ഏറ്റെടുക്കുന്നു."

ഇൻഡ്യൻയൂണിയന്റെ ഭാഗധേയം പണ്ഡിതജിയുടെ കൈയ്യിലാണു്.

ഇൻഡ്യയുടെ ജീവനാണു് പണ്ഡിതജി!

★

സി. രാജഗോപാലാചാരി

★

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഉജ്ജ്വലങ്ങളായ പല നാമധേയങ്ങൾ നാം ശ്രവിക്കുന്നുണ്ട്. അവ നമ്മെ കോൾമയിൽക്കൊള്ളിക്കുകയും, വികാരഭരിതരാക്കിത്തീർക്കുകയും ചെയ്യുന്നുണ്ട്. ബഹു: തിലകിന്റെ സിംഹഗർജ്ജനവും, മോത്തിലാലിന്റെ മന്ദസ്മിതവും, മഹാത്മജിയുടെ മൗനവ്രതവും നമുക്ക് സുപരിചിതങ്ങളാണ്. ആവശ്യം, സൃഷ്ടിയുടെ മാതാവാണല്ലോ. അമേരിക്കൻ സ്വാതന്ത്ര്യസമരം ഒരു വാഷിങ്ടണേയും ഐറിഷ് സമരം ഒരു ഡിവാലറയേയും സൃഷ്ടിച്ചെങ്കിൽ, ഇന്ത്യൻസമരം അനേകം വ്യക്തികളെയാണ് ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ളത്. ഓരോ വ്യക്തിയും ലോകത്തെ ഒന്നാം കിട മഹാരഥന്മാരോടു കിടപിടിക്കത്തക്കവിധം.

ചക്രവർത്തി രാജഗോപാലാചാരി, ദീനബന്ധുവിനേയും, മോത്തിലാലിനേയും പോലെ ആദ്യം ഒരു അഭിഭാഷകനായിട്ടാണ് പൊതുജനമദ്ധ്യത്തിൽ പ്രവേശിക്കുന്നത്. തെക്കെ ഇന്ത്യയിൽ സേലത്തു് ഒരു ബ്രാഹ്മണകുടുംബത്തിൽ 1879-ൽ രാജാജി ജനിച്ചു. വക്കീൽ പണിയിൽ അദ്ദേഹം സമർത്ഥനായിരുന്നു. വാഗ്ധാടിയും കർമ്മകുശലതയും ബുദ്ധിസാമർത്ഥ്യവും പെട്ടെന്ന് അദ്ദേഹത്തെ തെക്കെ ഇന്ത്യയിലെ അഭിഭാഷകപ്രമാണി

യാക്കി മാററി. അദ്ദേഹത്തിന് നിഷ്പ്രയാസം ഒരു ഹൈക്കോടതി ജഡ്ജി ആകാമായിരുന്നു. പക്ഷേ പൊതുജന സേവനമാണ് അദ്ദേഹത്തിൻെറ ആദർശം. ഒരു വിദേശ ഗവണ്മെൻറിൻെറ കീഴിൽ ഭൃത്യനായിരിക്കുന്നതിനേക്കാൾ അന്തസ്സും അഭിമാനവും പൊതുജനദാസനായിരിക്കുന്നതിൽ അദ്ദേഹം കണ്ടു. ഒരു സന്ദർഭത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നു അദ്ദേഹം. 1920-ൽ അതു് ആഗതമാവുകയും ചെയ്തു.

1920-ൽ രാഷ്ട്രം മുഴുവൻ നിസ്സഹരണപ്രസ്ഥാനത്തിലേക്കു നീങ്ങി. മഹാത്മജി അറസ്റ്റുവരിച്ചു. അദ്ദേഹം നടത്തിവന്നിരുന്ന "യംഗ് ഇന്ത്യ"യുടെ ചുമതല രാജാജിയുടെ ചുമലിൽ പതിഞ്ഞു. മഹാത്മജി ജയിലിലായിരുന്നപ്പോൾ അദ്ദേഹത്തിൻെറ ആദർശങ്ങൾ പത്രം മുഖേന പൊതുജനങ്ങളെ അറിയിക്കേണ്ട കടമ രാജാജി ഏറെറടുത്തു. അതു് വിജയപൂർവം നടത്തുകയും ചെയ്തു. അദ്ദേഹം ഗാന്ധിയൻ ഗ്രൂപ്പിലെ ഒരു പ്രധാന അംഗമായി കണക്കാക്കപ്പെടുകയും ചെയ്തു.

കാൺഗ്രസ്സിൽ ഒരു പിളർപ്പു് ദൃശ്യമായി ഗാന്ധിയൻ ഗ്രൂപ്പും, ഇടതുപക്ഷക്കാരും തമ്മിൽ. ദീനബന്ധു തുടങ്ങിയുള്ളവർ ഗാന്ധിജിയുടെ നയത്തെ നിശിതമായി വിമർശിച്ചു. പല പ്രാവശ്യവും ജയിലിൽ പോകുന്നതുകൊണ്ടു് കാര്യമായി ഒന്നും കാൺഗ്രസ്സ് നേടുവാൻ പോകുന്നില്ലെന്നു് വാദിച്ചു.

1922-ലെ ഗയാസമ്മേളനത്തിൽ ഈ വാദം ശക്തിമത്തായി പുറത്തുവന്നു.

മോത്തിലാൽ പറഞ്ഞു. "ബ്രിട്ടീഷ്ഗവണ്മെന്റിനെ ക്ഷീണിപ്പിക്കണമെന്നാണ് നമ്മുടെ ഉദ്ദേശമെങ്കിൽ പ്രക്ഷോഭണമുണ്ടാക്കി, ജയിലിൽ പോയതുകൊണ്ട്, നമ്മുടെ ആദർശം, സാദ്ധ്യതയിലേക്ക നീങ്ങുന്നില്ല എന്നു് ഞാൻ പറയുന്നു. ഗവണ്മെന്റിന്റെ സ്ഥാപിതനയത്തിന് ഉലച്ചിൽ തട്ടണമെങ്കിൽ, നമ്മുടെ കൈകൾ ഗവണ്മെന്റിനുള്ളിലുണ്ടായിരിക്കണം. അസംബ്ലിയിലും, കൗൺസിലിലും നാം പ്രവേശിക്കണം. അധികാരം പിടിച്ചെടുക്കണം." സി. ആർ. ദാസ്സും കൂട്ടരും മോത്തിലാലിനെ പിന്താങ്ങി. എന്നാൽ ഗാന്ധിയൻപക്ഷം നിശിതമായി അദ്ദേഹത്തെ എതിർത്തു. രാജാജി "ഒരു നോ ചെയിഞ്ച് പാളിസി" (No Change policy) യുമായി മോത്തിലാലിനെ എതിരിട്ടു. ഒരു രൂക്ഷമായ വാദപ്രതിവാദത്തിനുശേഷം, ഗാന്ധിയൻപക്ഷം ജയിച്ചു. സി. ആർ. ദാസ്സ് കാൺഗ്രസ്സ് പ്രസിഡണ്ട് സ്ഥാനം രാജിവച്ചു. സ്വരാജ് പാർട്ടി രൂപീകൃതമായി. കാൺഗ്രസ്സിനുള്ള വിടവ് വലുതാകുവാൻ തുടങ്ങി. നെഹ്റുവിന്റേയും, ആസാദിന്റേയും ശ്രമത്തിൽ ഇരുപക്ഷക്കാരും ഒരു രാജിയിലെത്തി. ഡെൽഹിയിൽ കൂടിയ കാൺഗ്രസ്സ് സമ്മേളനത്തിൽ ആ രാജി സ്വീകരിക്കപ്പെടുകയും ചെയ്തു. കാൺഗ്രസ്സ് ആദർശത്തിനു വിരുദ്ധമല്ലാത്ത രീതിയിൽ, പ്രവർത്തിക്കുവാൻ തയാറുള്ളവർക്ക് അസംബ്ളി തിരഞ്ഞെ-

ടുപ്പിൽ മത്സരിക്കാവുന്നതാണെന്നുള്ള പ്രമേയം അംഗീകരിക്കപ്പെട്ടു.

II

1929-ലേയും, 1931-ലേയുംസമരങ്ങൾ ഗാന്ധിജി-രാജാജി, ബന്ധം സുദൃഢമാക്കി. "വലതു പക്ഷത്തിലെ ഏററവും ബുദ്ധിയുള്ള ആരം" ഗാന്ധിയുടെ "മനസ്സാക്ഷിസൂക്ഷിപ്പുകാരൻ" എന്നീ അപരനാമധേയങ്ങൾ ആ ബന്ധത്തിൻെറ വ്യാപ്തിയെ കുറിക്കുന്നവയാണ്.

1937-ലെ തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു ഭൂരിപക്ഷം കിട്ടി. പ്രവിശ്യമന്ത്രിസഭകൾ രൂപീകൃതങ്ങളായി. മഹാത്മജിയുടെ പ്രത്യേക അനുഗ്രഹത്തോടെ രാജാജി മദ്രാസിലെ പ്രധാനമന്ത്രിപദം സ്വീകരിച്ചു. സർദാർ പട്ടേലും, രാജൻബാബുവും ഉദ്യോഗം സ്വീകരിക്കുന്നതിനു വിമുഖത പ്രദശിപ്പിച്ചു.

രാജാജി ഒരു ഉത്തമഭരണാധിപൻ കൂടി ആണ്. മദ്രാസിൽ രാജാജി മന്ത്രിസഭ കൈവരുത്തിയ പരിഷ്കാരങ്ങൾ സ്തുത്യർഹങ്ങളാണ്. മദ്യനിരോധനം നടപ്പാക്കിയ ആദ്യത്തെ മന്ത്രിസഭ മദ്രാസിലേതാണ്. പക്ഷെ കാൺഗ്രസ്സ് മന്ത്രിസഭ രാജിവച്ചപ്പോൾ മദ്യനിരോധനം ബ്രിട്ടീഷ്ഗവണ്മെൻറ് റദ്ദാക്കി.

രണ്ടാം ലോകമഹായുദ്ധകാലത്തു്, ഗവണ്മെൻറും കാൺഗ്രസ്സുമായി ഒരു ഒത്തുതീർപ്പിനുവേണ്ടി അശ്രാന്തമായി ശ്രമിച്ച ഒരു വ്യക്തിയാണു് രാജാജി.

പക്ഷേ, അദ്ദേഹത്തിൻെറ ശ്രമങ്ങൾ തെററിദ്ധരിക്കപ്പെട്ടു. തൻെറ ആദർശത്തിൽനിന്നും വ്യതിചലിക്കുവാൻ അദ്ദേഹം തയ്യാറില്ലായിരുന്നു. അദ്ദേഹം കാൺഗ്രസ്സ് മെമ്പർ സ്ഥാനം രാജിവച്ചു.

III

ഇൻഡ്യൻ യൂണിയൻ രൂപീകൃതമായി. രാജാജി വീണ്ടും, രാഷ്ട്രീയ രംഗത്തിലേയ്ക്കു് ക്ഷണിക്കപ്പെട്ടു. പടിഞ്ഞാറെ ബംഗാൾ ഗവർണരായി അദ്ദേഹം നിയമിക്കപ്പെട്ടു.

മൗണ്ട് ബാററൺപ്രഭു സ്ഥാനം ഒഴിഞ്ഞപ്പോൾ, രാജാജി ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു.

ഇൻഡ്യയിലെ ആദ്യത്തെ ഭാരതീയ വൈസ്രോയി രാജാജിയാണു്.

സ്വതന്ത്ര ഇൻഡ്യയുടെ അഭിമാനസ്തംഭമാണു് രാജാജി.

★

ഡാക്ടർ ഖാൻസാഹിബ്ബ്

★

ഇൻഡ്യയുടെ വടക്ക പടിഞ്ഞാറൻ അതിർത്തിയിൽ 'സ്വാത്' നദിയുടെ തീരത്തു് 'ഉട്മൻസി' എന്നൊരു ചെറുഗ്രാമം സ്ഥിതിചെയ്യുന്നുണ്ടു്. രാഷ്ട്രീയമായ സംഭവ വികാസങ്ങളുടെ സ്വാധീന ശക്തിക്ക് അനേകം മയിലപ്പുറത്തു്, തികച്ചും പ്രശാന്തതയിൽ അമന്നു് ജീവിച്ചിരുന്ന ഈ ചെറുഗ്രാമം ഭാരതത്തിനു് രണ്ടു വീരസന്താനങ്ങളെ ദാനം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ടു; ഡാക്ടർ ഖാൻസാഹിബ്ബും, അദ്ദേഹത്തിൻെറ സഹോദരനായ അതിർത്തിദേശഗാന്ധി ഖാൻഅബ്ദുൽ ഗാഫർഗാനും.

1883-ൽ ഖാൻസാഹിബ്ബു് ജാതനായി. 'പത്താനി'കളുടെയിടയിൽ ധനംകൊണ്ടും കുല മഹിമകൊണ്ടും പ്രഥമഗണനീയമായി തീന്നിരുന്ന 'ഖാൻഇബ്രാഹിം ഖാൻ' കുടുംബത്തിലാണു് അദ്ദേഹത്തിൻെറ ജനനം. പിതാവായ ബീറാംഖാൻ, അബദ്ധ ജടിലങ്ങളായ ആചാരങ്ങളേയും, മാമൂലുകളേയും നിർദ്ദയം വേരറുക്കുന്നതിൽ യാതൊരു മടിയും പ്രദശിപ്പിക്കാത്ത ഒരു തികഞ്ഞ പുരോഗമനകാംക്ഷിയായിരുന്നു. പെഷവാറിലെ ഒരു മിഷൻ സ്കൂളിൽനിന്നും ഖാൻസാഹിബ്ബു് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1906-ൽ ബാംബെയിലെ മെഡിക്കൽ കാളേജിൽ അദ്ദേഹം ചേന്നു. അവിടെനിന്നും

ബിരുദം നേടിയശേഷം, വൈദ്യശാസ്ത്രസംബന്ധമായ ഉപരി പഠനത്തിന്ന് ഇംഗ്ലണ്ടിലേക്ക യാത്രയായി. മാതാവിനും മററ ബന്ധുജനങ്ങൾക്കും, അദ്ദേഹത്തെ ഇംഗ്ലണ്ടിലയയ്ക്കുവാൻ സമ്മതമില്ലായിരുന്നു. ഇംഗ്ലീഷുകാരുമായുള്ള സഹവാസംനിമിത്തം അദ്ദേഹം ക്രിസ്തുമതം സ്വീകരിക്കാനും, ഒരു മദാമ്മയെ വിവാഹം കഴിച്ച് അവിടെത്തന്നെ സ്ഥിരമായി താമസിക്കാനും ഇടയുണ്ടെന്നും അവർ ഭയന്നു. ആ ഭയത്തിന്ന് അല്പം യാഥാത്ഥ്യവും കട്ടവിലുണ്ടായി. ഖാൻസാഹിബ് ഒരിംഗ്ലീഷ് വനിതയെയാണ് ഭാര്യയായി സ്വീകരിച്ചതു്.

പഠനം പൂത്തിയാക്കിയശേഷം ലണ്ടനിലെ സെന്റ് തോമസ് ആസ്പത്രിയിൽ (St. Thomas Hospital) അദ്ദേഹം അല്പകാലം ജോലി നോക്കി. ഒന്നാം മഹായുദ്ധത്തിൽ ഒരു ക്യാപ്ററന്റെ റാങ്കോടു (Rank) കൂടി അദ്ദേഹം ഐ. എം. എസ്സ്. (I. M. S.) ൽ ചേന്നു. ഫ്രാൻസ്, മെസ്പൊട്ടോമിയ എന്നിവിടങ്ങളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1920-ൽ അദ്ദേഹം ഇൻഡ്യയിൽ തിരിച്ചെത്തി. തന്റെ യാത്രാസമയത്തുണ്ടായിരുന്ന ഭാരതമല്ല, ഇപ്പോഴത്തേതെന്ന് അദ്ദേഹത്തിന്ന മനസ്സിലായി. ജലിയൻവാലാ സംഭവവും, ഖിലാഫത്ത് പ്രക്ഷോഭണവും ഇന്ത്യയെ ഇളക്കി മറിച്ചിരുന്നു. തന്റെ പിതാവും, സഹോദരനും ഇരുമ്പഴിക്കുള്ളിലാണെന്ന് അദ്ദേഹം അറിഞ്ഞു. ബ്രിട്ടീഷുകാർക്കെതിരായി പട്ടാണികളെ ഇളക്കിവിട്ടു എന്ന

താണ് ഗാഫർഖാൻെറ പേരിൽ ആരോപിച്ച കുററം. പുത്രന്റെ പെരുമാററത്തിൽ പിതാവ് പശ്ചാത്തപിക്കാതിരുന്നതാണ് അദ്ദേഹത്തിന്റെ അപരാധം. 88-വയസ്സ് കഴിഞ്ഞിരുന്ന പിതാവും, പുത്രനുവേണ്ടി—അല്ല രാജ്യത്തിനുവേണ്ടി ജയിൽവാസം സ്വീകരിക്കേണ്ടിവന്നു.

അതിർത്തിദേശത്തു് അത്ഭുതപൂർവമായ ഉണർവ് ഖാൻസാഹിബ്ബ് ദർശിച്ചു.

ബ്രിട്ടീഷ് റജിമെൻറിലെ ഒരു ഡാക്ടരായി ഖാൻസാഹിബ്ബ് മാർഡനിൽ നിയമിക്കപ്പെട്ടു. വാസിറസ്റ്റാനിലെ, മലവർഗ്ഗക്കാരുടെ ലഹള ശമിപ്പിക്കുവാൻ ഈ റെജിമെന്റാണ് നിയോഗിക്കപ്പെട്ടതു്. ബ്രിട്ടീഷ്പട്ടാളം മലവർഗ്ഗക്കാരുടെ നേരെ കൈക്കൊണ്ട മർദ്ദനപരമായ പെരുമാററത്തിൽ പ്രതിഷേധിച്ചു് ഖാൻസാഹിബ്ബ് ഉദ്യോഗം രാജിവച്ചു; പെഷവാറിൽ സ്വന്തമായി പ്രാക്ടീസ് തുടങ്ങി.

II

1922-ൽ ഗാഫർഖാൻ വീണ്ടും അറസ്റ്റിലായി. അദ്ദേഹം പെഷവാറിൽ നടത്തിവന്നിരുന്ന 'ആസാദ് വിദ്യാലയ'ത്തിൻെറ പ്രവർത്തനം ഗവണ്മെൻറ് നിരോധിച്ചു. ജയിൽവാസം കഴിഞ്ഞു് പുറത്തുവന്നതോടുകൂടി, പട്ടാണികളെ സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾ അദ്ദേഹം ആരംഭിച്ചു. 'ഖുദൈകിദ്മദ്ഗർ' എന്നറിയപ്പെടുന്ന ചെങ്കുപ്പായസേന, പെഷവാറിൽ അദ്ദേഹം രൂപീകരിച്ചു.

അല്പകാലത്തിനുള്ളിൽ അതിത്തിദേശം മുഴുവനും, ചെങ്കുപ്പായ സന്നദ്ധസേനകളെക്കൊണ്ടു നിറഞ്ഞു. പരിപൂൎണ്ണ അഹിംസയിൽ അടിയുറച്ചു നിന്നു്, പരിപൂൎണ്ണസ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി സമരം ചെയ്യുക – ഇതാണു് 'ഖുദൈകിദ്മദ്'ക്കളുടെ ആദർശം. രക്തത്തിനു മുമ്പിൽ ധീരുതാപം കൈവെടിയുക. "രക്തത്തിനുവേണ്ടി ദാഹിക്കുന്ന അധികാരപ്രമത്തർക്കു് ആവോളം രക്തം നൽകുക" ഇതാണു് ചെങ്കുപ്പായ സേനയുടെ പ്രാഥമിക പാഠങ്ങൾ.

1930-ൽ തുടങ്ങിയ ഉപ്പുസത്യാഗ്രഹ പ്രക്ഷോഭണസമയത്താണു് ഖാൻസാഹിബ്ബ് ആദ്യമായി രാഷ്ട്രീയരംഗത്തു് പ്രവേശിക്കുന്നതു്. 1932 ഏപ്രിൽ 19-ാംനു- ഗാഫർഖാൻ മൂന്നാമത്തെ പ്രാവശ്യവും അറസ്റ്റു ചെയ്യപ്പെട്ടു. ചെങ്കുപ്പായസേന ഗവമെ്മൻറു് നിയമവിരുദ്ധമാക്കി. അറസ്റ്റിൽ പ്രതിഷേധിച്ചു്, പെഷവാറിലെ "ഖിസാഖാനിബജാറിൽ" നടന്ന യോഗത്തെ പിരിച്ചുവിടാൻ ഇൻഡ്യൻപോലീസിനു് ആജ്ഞ നൽകപ്പെട്ടു. ക്ഷുഭിതരായ ജനക്കൂട്ടം പിരിഞ്ഞുപോകുന്നതിനുപകരം, അവിടെ തടിച്ചുകൂട്ടുകയാണു ചെയ്തതു്. ജനങ്ങളുടെമേൽ വെടിവയ്ക്കുവാൻ പോലീസിനു് ആജ്ഞ ലഭിച്ചു. എന്നാൽ ഉത്തരവു ലംഘിച്ചു് തോക്കു് താഴെവച്ചു്, നിശ്ശബ്ദരായി നിലത്തിരുന്നു കളയുകയാണു് അവർ ചെയ്തതു്.

എങ്കിലും ആജ്ഞ നിർവ്വഹിക്കപ്പെട്ടു. ബ്രിട്ടീഷ്പട്ടാളം സ്ഥലത്തെത്തി. സ്വാതന്ത്ര്യത്തിൻെറ പേരിൽ അതിത്തി ദേശത്തുനിന്നും അന്നാദ്യമായി രക്തം ചിന്ത

പ്പെട്ടു. ഖിസാഖാനിയിലെ സംഭവം പല സ്ഥലത്തും അനുകരിക്കപ്പെട്ടു. പക്ഷെ അടിച്ചമർത്തപ്പെട്ട സ്വാതന്ത്ര്യേഛ, വീണ്ടും കത്തി ഉയരുകയാണു് ചെയ്തതു്.

കേന്ദ്ര അസംബ്ളിയിൽ ഇതിനെപ്പററി ചോദ്യമുണ്ടായി. ഗവമെൻറ് വക്താവായ ചാറൽസ് മെററ്കാഫ് ക്ഷമാപണം നടത്തി, ഗവമെൻറിനുവേണ്ടി.

'ഉട്ടമാസി' ഗ്രാമത്തിൽ ബ്രിട്ടീഷ് പട്ടാളം നടത്തിയ കിരാതവും, പൈശാചികവുമായ അക്രമങ്ങൾ വർണ്ണിക്കാതിരിക്കുന്നതാണു് ഭേദം. സംസ്ക്കാരം അവക്കു വഴിമാറിക്കൊടുത്തു. ശവ ശരീരങ്ങൾ ഒന്നുപോലെ പൊങ്ങി. വീടുകൾ അഗ്നിക്കിരയാക്കപ്പെട്ടു. കുഞ്ഞുങ്ങൾ നിർദ്ദയം മൃത്യുവക്ത്രത്തിലേക്കെറിയപ്പെട്ടു. സ്ത്രീകൾ മൃഗീയമായി ധ്വംസിക്കപ്പെട്ടു. പാവപ്പെട്ട ഗ്രാമീണർ—അവരതു് മൂകമായിസഹിച്ചു.

III

1932-ൽ ഖാൻ സഹോദരന്മാർ വീണ്ടും അറസ്റ്റിലായി. പണ്ഡിററ് നെഹറുവിനെ സന്ദർശിക്കുവാൻ അലഹബാദിലേക്കു് തിരിച്ച സന്ദർഭത്തിലായിരുന്നു പോലീസ് ഇവരെ അറസ്ററുചെയ്തതു്. രാജഭക്തരായിരുന്ന അതിർത്തിദേശനിവാസികളെ, വിപ്ലവജനകമായ പ്രസംഗംകൊണ്ടു് പ്രക്ഷോഭണോത്സുകരാക്കിതീർക്കുന്നു എന്നാണു്, ഇവരുടെ മേലിലുള്ള കുററം. രണ്ടു കൊല്ലത്തെ തടവുശിക്ഷ ഇരുവക്കും കിട്ടി. ഖാൻ സാഹിബ്ബ് നൈനി സെൻട്രൽ ജയിലിലേക്കും, ഗാഫർഖാൻ ബീഹാറിലെ ഹസാറിലേക്കും മാററപ്പെട്ടു.

അതിർത്തി ദേശത്തു് ഇനിയൊരുത്തരവുണ്ടാകുന്നതു വരെ പ്രവേശിക്കുവാൻ പാടില്ല എന്ന നിരോധനത്തിന്മേൽ 1934-ൽ അവർ വിമുക്തരായി.

1934-ൽ കേന്ദ്ര അസാംബ്ളി തിരഞ്ഞെടുപ്പിൽ അതിർത്തിദേശത്തുനിന്നും കാൺഗ്രസ്സ് സ്ഥാനാർത്ഥിയായി ഖാൻസാഹിബ് മത്സരിച്ചു. എതിർ സ്ഥാനാർത്ഥിക്കു് ഗവമെൻറിൽനിന്നും വേണ്ട പ്രോത്സാഹനവും, സഹായവും ലഭിച്ചു. കാൺഗ്രസ്സ് സ്ഥാനാർത്ഥിക്കു് അതിർത്തിദേശത്തു് പ്രവേശിക്കുവാൻ പാടില്ലായിരുന്നു. എങ്കിലും തിരഞ്ഞെടുപ്പു മത്സരം വളരെ വാശിയായിത്തന്നെനടന്നു. ഖാൻ സാഹിബ് വിജയിയായി; ഒരു വമ്പിച്ച ഭൂരിപക്ഷത്തോടെ. അതിർത്തിദേശം മുഴുവൻ കാൺഗ്രസ്സിൻെറ പിന്നിലുണ്ടെന്നു് ഇതു് തെളിയിച്ചു.

1936-37 ലെ പ്രവിശ്യതിരഞ്ഞെടുപ്പിലും, കാൺഗ്രസ്സിനു ഭൂരിപക്ഷം ലഭിച്ചു. 1937-ൽ ഖാൻസാഹിബ് മന്ത്രിസഭ രൂപീകൃതമായി. മുസ്ലിംഭൂരിപക്ഷമുള്ള അതിർത്തിദേശത്തു്, കാൺഗ്രസ്സിനു് അസൂയാർഹമായ വിജയം കൈക്കലാക്കുവാൻ സാധിച്ചതു് ഖാൻസഹോദരന്മാർ മൂലമായിരുന്നു.

ഖാൻ സാഹിബ്ബിന്റെ മന്ത്രിസഭ അതിർത്തിദേശത്തു് അനുഷ്ഠിച്ച സേവനം സ്തുത്യർഹമാണു്. ഗവമെൻറു് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുണ്ടായിരുന്ന അഴിമതികം നിറുത്തലാക്കുവാൻ പ്രധാനമന്ത്രി കഠിനമായ നടപടികൾ എടുത്തു. നീതിയും, ന്യായവും, നിഷ്പക്ഷമായി പരിപാലിക്കപ്പെട്ടു.

ഒരിക്കൽ വധശിക്ഷയ്ക്കു് വിധിക്കപ്പെട്ട ഒരാളുടെ മാതാവു് ഖാൻ സാഹിബ്ബിനെ സമീപിച്ചു്, തന്റെ മകനിൽ ആരോപിച്ചിരിക്കുന്ന ശിക്ഷ ഇളവുചെയ്തുതരണമെന്നു് കേണപേക്ഷിച്ചു. മകനൊരു കൊലപ്പുള്ളിയാണു്. ഖാൻസാഹിബ്ബ് അവരോടു പറഞ്ഞു "നിങ്ങൾ എന്നോടു് ആവലാതി പറയുന്നതിലർത്ഥമില്ല. നിങ്ങളുടെ പുത്രനാൽ വധിക്കപ്പെട്ടയാളുടെ മാതാവിനെ കണ്ടു്, അവരുടെ ദയ ആവശ്യപ്പെടുക."

മറ്റൊരു സന്ദർഭത്തിൽ, തന്റെ ഏതാനും കോഴിക്കുഞ്ഞുങ്ങൾ മോഷ്ടിക്കപ്പെട്ടിരുന്നതായി ഒരു വൃദ്ധ പ്രധാനമന്ത്രിയെ അറിയിച്ചു. രണ്ടു ദിവസത്തിനകം, മോഷണം തെളിയിക്കണമെന്നു് അദ്ദേഹം പോലീസ് അധികാരികൾക്കു് ആജ്ഞ കൊടുത്തു. ആജ്ഞയുടെ ഫലം അത്ഭുതകരമായിരുന്നു. വൃദ്ധയ്ക്കു് നഷ്ടപ്പെട്ട കോഴിക്കുഞ്ഞുങ്ങളുടെ ഇരട്ടി ലഭിച്ചു. ഇത്തരം നിസ്സാരമായ കാര്യങ്ങളിൽപോലും പോലീസുകാർ കൂടുതൽ ശ്രദ്ധ ചെലുത്താനും തുടങ്ങി.

അതിർത്തിദേശത്തെ മലവർഗ്ഗക്കാരുമായുള്ള സൗഹാർദ്ദബന്ധം, ദൃഢപ്പെടുത്തുന്നതിനു് ഖാൻസാഹിബ്ബ് ശ്രമിച്ചു. അതു് ഫലപ്രദമാവുകയും ചെയ്തു. "ഗിരിവർഗ്ഗക്കാർ നമ്മുടെ സഹോദരന്മാരാണു്. ഇൻഡ്യയുടെ ഭാഗധേയത്തിൽ, നമുക്കുള്ളതുപോലെതന്നെ, അവർക്കും, അതിന്നായ ആകാംക്ഷയുണ്ടു് അവരുടെയിടയിൽ വിഷവിത്തുകൾ പാകാൻ ശ്രമിക്കുന്നവർ ഒരു കാര്യം ഓർമ്മിച്ചുകൊള്ളട്ടെ. ഇൻഡ്യാക്കാർ സ്വന്തം കാലിലുറച്ചു നില്ക്കുവാൻ പഠിച്ചുകഴിഞ്ഞുവെന്നും, വിഷവിത്തുകളുടെ ഫലം

അതു് പാകിയവരുടെ നേരെ തന്നെ പൊട്ടിത്തെറിയ്ക്കുമാറായെന്നും" മന്ത്രിസഭയുടെ അതിർത്തിദേശനയത്തെ പ്രഖ്യാപനം ചെയ്തുകൊണ്ടു് ഖാൻസാഹിബ്ബ് പ്രസ്താവിച്ചതു് ഇപ്രകാരമാണു്.

1942-ലെ, ക്വിററ് ഇൻഡ്യാപ്രക്ഷോഭണത്തിൽ, ഖാൻ സഹോദരന്മാർ, മററു നേതാക്കന്മാരോടൊപ്പം അറസ്റ്റിലായി. പത്താനികൾ വിജയപൂർവ്വം, പ്രക്ഷോഭണത്തെ മുന്നോട്ടു നയിച്ചു. ഖാൻ സഹോദരന്മാരുടെ അഭിമാനം രക്ഷിച്ചു.

IV

"ഏട്ടിലെപ്പശു പുല്ലുതിന്നുകയില്ല എന്ന പരമാർത്ഥത്തെ, കൂടുതൽ വിശദമാക്കുകയാണു് മി: ജിന്നായുടെ പാകിസ്ഥാൻവാദം നിർവ്വഹിക്കുന്നതു്. കേവലം മതപരമായ അല്ലെങ്കിൽ വർഗ്ഗീയമായ ഒരു സംഘടനയെ രാഷ്ട്രീയസംഘടനകളുമായി കൂട്ടിയിണക്കുന്നതുകൊണ്ടു് മി: ജിന്ന എന്താണു് സാധിക്കാൻപോകുന്നതെന്നു് ഞാനറിയുന്നില്ല. മുസ്ലീമിങ്ങൾ, ഒരു അവിഭാജ്യഭാരതത്തിൽ വിശ്രമിക്കണം. പാകിസ്ഥാൻ, അതു് ഇൻഡ്യയുടെ ശവക്കുഴിതോണ്ടും" ഇതാണു് പാകിസ്ഥാനെപ്പററി ഖാൻസാഹിബ്ബിന്റെ അഭിപ്രായം.

ഖാൻസഹോദരന്മാർ, ഇൻഡ്യയുടെ അമൂല്യസമ്പത്താണു്. ആദർശങ്ങളെ മുന്നിൽ നിരത്തിയിട്ടു്, അവയെ പിന്നിൽനിന്നും കൊഞ്ഞനംകുത്തുന്ന നേതാക്കന്മാർ, ഖാൻസഹോദരന്മാരുടെ മാർഗ്ഗദർശിത്വം സ്വീകരിക്കട്ടെ!

മാസ്റ്റർ താരാസിംഗ്

★

"ഒരു ഹിന്ദുവിൻെറ ധൈര്യവും, ഒരു സിക്കിന്റെ ശൌര്യവും, ഒരു ഭാരതത്തിൻെറ വീര്യവും ഒത്തൊരുമിച്ചു കാണണമെങ്കിൽ മാസ്റ്റർ താരാസിംഗിനെ സമീപിക്കുക"

പഞ്ചാബിലെ റാവൽപിണ്ഡി ഡിസ്ത്രിക്ടിൽ, ഒരു മാന്യ ഹിന്ദുകുടുംബത്തിൽ, പിൽക്കാലത്തു് സിക്കജനതയുടെ കിരീടമണിയാത്ത രാജാവാകുവാൻ ഭാഗ്യം ലഭിച്ച താരാസിംഗ് ജനിച്ചു. പിതാവു് ഗ്രാമത്തിലെ ഒരു ഭൂനികുതി ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ നാലുപുത്രന്മാരിൽവച്ചു് കൂടുതൽ സ്നേഹവാത്സല്യങ്ങൾക്കു് പാത്രീഭൂതനായതു് നാനാക്ചന്ദ് (താരാസിംഗ്) ആയിരുന്നു. പുത്രൻ ഒരു കാളേജ് ബിരുദധാരിയായിക്കാണുവാനായിരുന്നു പിതാവു് അതിയായി അഭിലഷിച്ചതു്.

അമൃതസരസ്സിലെ ഒരു വിദ്യാലയത്തിൽ നിന്നും നാനാക് ചന്ദ്രൻ മെട്രിക്കുലേഷൻ പസായി. ഉപരിവിദ്യാഭ്യാസത്തിനായി അവിടത്തെ 'ഖാൽസാകാളേജിൽ (Khalsa College) ചേൎന്നു. ഈ സന്ദർഭത്തിലാണു് അദ്ദേഹത്തിൻെറ അനന്തര 'ജീവിതത്തെ പാടെ രൂപം മാററിയ ഒരു നവീന അദ്ധ്യായം കുറിക്കപ്പെട്ടതു്. കേവലം 19 വയസ്സായ—യുവതപത്തിലേയ്ക്കു് ഒളിഞ്ഞു

നോക്കുവാൻമാത്രം തുടങ്ങിയ നാനക്ചന്ദ് തൻെറ ആളുകളുടെ അറിവോ, സമ്മതമോ കൂടാതെ സിക്കുമതം സ്വീകരിച്ചു് 'താരാസിംഗ്' ആയിത്തീൻറു. ഈ പരിവത്തനം ഒരു പ്രത്യാഘാതത്തോടുകൂടിയാണു് പുറത്തു വന്നതു്. സാധുപിതാവു്! പുത്രനുവേണ്ടി നിമ്മിച്ച ആകാശക്കോട്ടകരം. അടിസ്ഥാനംഇളകി നിലംപതിച്ചു. അഭിമാനിയായ പുത്രൻ! ആദർശത്തിനുവേണ്ടി പരിവത്തനത്തെ മുറുകെ പിടിച്ചു. ഭാവിയിൽ പുത്രൻ ഒരു വലിയ ജനവിഭാഗത്തിൻെറ അനിഷേധ്യനേതാവായി തീരുമെന്നു് ആ പിതാവു് ആശിച്ചിരുന്നോ ആവോ?

1907-ൽ ബി. എ. ആണേഴ്സ് ബിരുദത്തോടെ താരാസിംഗ് കലാശാലവിദ്യാഭ്യാസം പൂത്തിയാക്കി ഒരദ്ധ്യാപകനെന്നുള്ളനിലയിലാണു് അദ്ദേഹം പൊതുജീവിതത്തിൽ പ്രവേശിച്ചതു്. ലായൻപൂർഗ്രാമത്തിൽ ഒരു ഹൈസ്കൂരം സ്ഥാപിക്കുവാൻ അദ്ദേഹം ആരംഭിച്ച ശ്രമം സാമ്പത്തികമായ പ്രോത്സാഹനമില്ലായ്കയാൽ ആദ്യം പരാജയത്തിലവസാനിപ്പിക്കേണ്ടിവന്നു. പിന്നീടു് ഖാൽസാകാളേജ് അധികൃതരുടെ സഹായത്തോടുകൂടി, വിദ്യാലയം സ്ഥാപിതമായി. പ്രതിമാസം 15 രൂപാശമ്പളത്തിന്മേൽ ഒരദ്ധ്യാപകനായിട്ടു് അദ്ദേഹം ജോലിയുമാരംഭിച്ചു. താരാസിംഗ് ധനത്തിൽ ഒരിക്കലും ആശവച്ചിരുന്നില്ല. മാസംതോറും 150 രൂപാശമ്പളം വാങ്ങിക്കുന്ന ഒരു ഗവൺമെൻറു സ്കൂരം അദ്ധ്യാപകനേയും, തന്നെയും, താരതമ്യപ്പെടുത്തി തൻെറ ജോലിയാണു് കൂടുതൽ ഭാരതീയമെന്നു് ഒരി

കൽ അദ്ദേഹം പ്രസ്താവിച്ചുവത്രെ. 'മാസ്റ്റർ' എന്നുള്ള ബിരുദം താരാസിംഗിന് അന്വത്ഥമായി തീന്നിട്ടുണ്ട്.

'ജലിയൻ വാല' ആത്യാഹിതം ഭാരതീയരുടെ, പ്രത്യേകിച്ച് സിക്കുകാരുടെ രാഷ്ട്രീയമായ ഉണർവിന്ന് ഉത്തേജനം നൽകി. അവിടെ ചൊരിയപ്പെട്ട ഓരോ തുള്ളി രക്തത്തിനും, ഒരു പ്രധാനസന്ദേശം ഭാരതീയന്ന് നൽകുവാനുണ്ടായിരുന്നു; രക്തത്തിന്റെ ചുവപ്പുനിറം കണ്ടു ഭാരതീയൻ മുഖം ചുളുക്കരുതെന്ന്.

പഞ്ചാബിൽ നടപ്പാക്കിയ സൈനിക നിയമം ജനങ്ങളുടെ പ്രതിഷേധത്തിന് ഹേതുവായി. അവർ ഇളകി. അധികാരികൾ അമർത്താനൊരുമ്പെട്ടു. താരാസിംഗിന് പ്രവർത്തിക്കാനുള്ള അവസരം കൈവന്നു. അദ്ധ്യാപകവൃത്തിക്ക് വിരാമമിട്ട്, പൊതുജനമദ്ധ്യത്തിൽ അദ്ദേഹം പ്രവേശിച്ചു.

രാഷ്ട്രീയമായ ഉത്തേജനം, മതപരമായ പുരോഗമനത്തിന് വഴി തെളിച്ചു. സിക്കുകാരുടെ "ഗുരുദ്വാരങ്ങൾ" സ്വേച്ഛാപ്രഭുക്കളായ "മഹന്ത്"കളുടെ (സിക്കുമതപുരോഹിതന്മാർ) ഭരണത്തിൽ നിന്നും, ജനപ്രതിനിധികളെ ഏല്പിക്കണമെന്ന് താരാസിംഗും കൂട്ടരും വാദിച്ചു. ഈ വാദത്തിന് പ്രോത്സാഹനം നൽകുവാൻ, അതിനെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുവാൻ അനവധി സിക്കുകാർ തയ്യാറായി. പുരോഹിതന്മാർ, ബ്രിട്ടീഷ് സഹായത്തോടുകൂടി പ്രതിരോധനത്തിനും ഒരുമ്പെട്ടു.

ആദ്യത്തെ ഏററുമുട്ടൽ ഗുരുനാനാക്കിന്റെ ജനനസ്ഥലമായ 'നാനക്‌ബാഗിൽ' വച്ചുണ്ടായി ഒരു മൂഢീയ

സമരത്തിൻെറ നാന്ദിയായിരുന്നു അതു്. ഒരു വശത്തു് മതത്തിൻെറ ധാർമ്മികതത്വങ്ങളെ സംരക്ഷിക്കാനുള്ള ബദ്ധപ്പാടു്; മറുവശത്തു്, മതത്തിൻെറ കുത്തകയേറെറടുത്തു്, അതിനെ വ്യഭിചരിക്കാനുള്ള ഒരുക്കം. പരസ്പര വിരുദ്ധങ്ങളായ രണ്ടാശയങ്ങളുടെ സംഘട്ടനം രക്തച്ചൊരിച്ചിൽ അവസാനിച്ചു. ഏകദേശം രണ്ടായിരത്തോളം സിക്കുകാർ മരണത്തിനു് കീഴ്പെടേണ്ടി വന്നു. അമൃത സരസ്സിലെ ആശുപത്രികൾ മുഴുവൻ മുറിവേററ സിക്കുകാരെ കൊണ്ടുനിറഞ്ഞു. ഈ അവസരത്തിൽ അമൃത സരസ്സിലുണ്ടായിരുന്ന 'ഹക്കിം അജ്മൽഖാൻ' ഈ ദാരുണ സംഭവം കേട്ടു് പൊട്ടിക്കരഞ്ഞുവത്രെ.

മഹന്തുക്കളുമായുള്ള പോരാട്ടം ഗുരുതരമാകുവാൻ മറെറാരു സംഭവം കൂടി പ്രേരകമായി തീർന്നു. 'നാഭാ' സംസ്ഥാനത്തെ മഹാരാജാവു്, ബ്രിട്ടീഷുകാരുടെ ആജ്ഞയനുസരിച്ചു് സ്ഥാനത്യാഗം ചെയ്യുവാൻ നിർബന്ധിതനായി. പ്രക്ഷോഭണകാരികളുടെ നേരേ മഹാരാജാവു് അനുരൂപ്യം പ്രദർശിപ്പിച്ചു എന്നതാണു് ഇതിനുകാരണം. ഗവൺമെൻറിൻെറ നയത്തിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു് അനവധി സിക്ക്ജാഥാകൾ നാഭായിൽ സമ്മേളിച്ചു. 'ജൈതോ' യിൽ വച്ചു് നടത്തപ്പെട്ടപ്രതിഷേധമഹായോഗത്തെ വെടിയുണ്ടകൊണ്ടു് അധികാരികൾ നേരിട്ടു. താരാസിംഗു് ഉൾപ്പടെ അനവധി സിക്കുനേതാക്കന്മാർ ഇരുമ്പഴിക്കുള്ളിലായി. ഗവൺമെൻറിനെ തകിടം മറിക്കാനുള്ള ഒരു ഗൂഢതന്ത്രത്തിൻെറ പ്രധാന പ്രവർത്തകരായിട്ടു് അവർ വിധിയെഴുതപ്പെട്ടു. മൂന്നുകൊ

ല്ലത്ത ജയിൽവാസം സംഭവബഹുലമായ ജീവിതത്തിൽ ഒരു വിശ്രമവേള അവക്കു് പ്രദാനം ചെയ്തിരിക്കണം.

III

ജയിലിൽ നിന്നും പുറത്തുവന്നപ്പോൾ വീണ്ടുമൊരു സമരത്തിനുള്ള സന്നാഹങ്ങളാണു് അദ്ദേഹത്തിനു് സ്വാഗതം നൽകിയതു്. 1930-ലെ പ്രക്ഷോഭണത്തിൽ, പഞ്ചാബിലെ സിക്കുകാരെ നയിക്കുവാനുള്ള ഭാഗധേയം താരാസിംഗിനു് സിദ്ധിച്ചു. 'ഖിസാഖാനി' ബജാറിലേ കൂട്ടക്കൊല ഇൻഡ്യയെ ആകമാനം പ്രക്ഷുബ്ധമാക്കിയ ഘട്ടത്തിൽ, അതിർത്തി ദേശക്കാരായ പത്താനികളുടെ സഹായാർത്ഥം, കൃപാണവുമേന്തി ഒരു സംഘം സിക്കുകാർ താരാസിംഗിൻെറ നേതൃത്വത്തിൽ പെഷവാറിലേക്കുതിരിക്കുകയുണ്ടായി. പക്ഷെ വഴിയിൽവച്ചു് അവർ അറസ്ററു ചെയ്യപ്പെട്ടു.

സിക്കുജനതയുടെ നിസ്സീമ, സ്നേഹബഹുമാനങ്ങൾ ഇതിനിടയിൽ അദ്ദേഹം ആജ്ജിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹം ജയിൽ മുറിയ്ക്കുള്ളിലായിരുന്ന അവസരത്തിൽ 'ശിരോമണി ഗുരുദ്വാര പ്രബന്ധിക് കമ്മിററി'യുടെ പ്രസിഡണ്ടായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

കേന്ദ്ര അസംബ്ളിയിൽ ഉന്നയിക്കപ്പെട്ട 'വർഗ്ഗീയ പ്രാതിനിധ്യം രാഷ്ട്രമണ്ഡലത്തെ വീണ്ടും ആവരണം ചെയ്തു. 15 ശതമാനത്തോളംവരുന്ന സിക്ക്ജനത അസംബ്ളിയിൽ 30 ശതമാനം സീററുകൾക്കുവേണ്ടി വാദിച്ചു. തങ്ങൾക്കു് ശരിയായ പ്രാതിനിധ്യം ലഭിച്ചില്ലെ

ങ്കിൽ താനും പാർട്ടിയും ഹിന്ദുമതം ഉപേക്ഷിക്കുന്നതാണെന്നു് പട്ടികജാതി നേതാവായ ഡാ: ഭീമറാവുഅംബത്കർ ഭീഷണിപ്പെടുത്തി. ഇൻഡ്യയിലെ മററുമതങ്ങൾ അദ്ദേഹത്തെ ഇരുകയ്യോടുംകൂടി സ്വാഗതം ചെയ്യുവാൻ തയ്യാറായി. മോക്ഷത്തിലേക്കുള്ള കവാടങ്ങൾ ഡാക്ടക്കു വേണ്ടി തുറന്നുതരുവിക്കാമെന്നു് പല മതപുരോഹിതന്മാരും വാഗ്ദാനം ചെയ്തു. സമത്ഥനായ ആ നേതാവു് ആരേയും നിരാശപ്പെടുത്താതേയും, എന്നാൽ ഹിന്ദുമതം ഉപേക്ഷിക്കാതേയും രാഷ്ട്രീയരംഗത്തു് ചില കസത്തുകൾ നടത്തുകമാത്രമേ ചെയ്തുള്ളു. അംബത്കരെ സിക്കുമതത്തിലേക്കു സ്വീകരിക്കുവാൻ താരാസിംഗ് മുതലായനേതാക്കന്മാർ ആരംഭിച്ച ശ്രമം മിക്കവാറും വിജയത്തിലെത്തിയെങ്കിലും അവസാനം ഡാക്ടർ പിന്മാറിക്കളഞ്ഞു. പട്ടികജാതിക്കാരുടെ ഉന്നമനാത്ഥം അംബത്കരുടെ പ്രേരണയോടുകൂടി ബാംബെയിൽ ഒരു 'ഖാൽസാകാളേജ് സ്ഥാപിതമായി. മതപരിവത്തനമായിരുന്നു പ്രധാന ഉദ്ദേശമെങ്കിലും, ചുരുക്കം ചില അധഃകൃതർമാത്രമേ സിക്കുമതം സ്വീകരിച്ചുള്ളു. ഡാക്ടരുടെ സാമത്ഥ്യത്തിനു മുമ്പിൽ താരാസിംഗുപോലും തല കുനിക്കേണ്ടിവന്നു.

ഭാരതത്തിൻെറ ഭാവി അതിൻെറ അവിഭാജ്യതയിലാണു് ഉൾക്കൊള്ളുന്നതെന്നു് പൂർണ്ണമായി വിശ്വസിക്കുന്ന ഒരാളാണു് മാസ്റ്റർ താരാസിംഗ്. ക്രിപ്സ് നിർദ്ദേശം സിക്കുജനത തള്ളിക്കളഞ്ഞതിൻെറ പ്രധാനകാരണം, അതു് ഒരു പാകിസ്ഥാൻെറ നേരേ ആനുകൂല്യം കാ

ണിക്കുകയും മററുള്ളകൊണ്ടു തുറിച്ചുനോക്കുകയും ചെയ്യുന്നു എന്നതാണു്. മുസ്ലിം ലീഗിൻെറ പാകിസ്ഥാൻ വാദം, ബ്രിട്ടീഷ് ഗവൺമെൻറ് താലോലിക്കുകയും, കാൺഗ്രസ്സ് അതിനു വഴിപ്പെടുകയും ചെയ്യുകയാണെങ്കിൽ, തങ്ങളുടെ (സിക്കുകാരുടെ) തായി അവശ്യം ഒരു സിക്കിസ്ഥാനം ഉത്ഭവിക്കും, അല്ലെങ്കിൽ ഉത്ഭവിപ്പിക്കും, ഇതാണു് ഇന്നു് താരാസിംഗ് കൈകൊണ്ടിട്ടുള്ള വാദം. ജിന്നായുടെ പാകിസ്ഥാനാണു് താരാസിംഗിൻെറ 'ആസാദ് പഞ്ചാബ്' വാദത്തിനു് പ്രചോദനം. പാകിസ്ഥാൻ ശുക്ഷതയെ എതിരിടാൻ, അതിനെ സ്വപ്ന ലോകത്തിൽ നിന്നും യാഥാർത്ഥ്യത്തിലേക്കിറക്കിക്കൊണ്ടുവരാതിരിക്കുവാൻ, സിക്കിസ്ഥാൻ കൃത്യത്തിനു മാത്രമേ സാധിക്കുകയുള്ളൂ എന്നു് സിക്കുകാർ തികച്ചും വിശ്വസിക്കുന്നു. ഈ വിശ്വാസമാണു് രണ്ടാം മഹായുദ്ധകാലത്തു്. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രഖ്യാപിച്ചനയത്തിൽ നിന്നും സിക്കു് പാന്തിക് കമ്മിററി ഭിന്നിക്കുവാൻ ഇടയാക്കിയതു്. ക്വിററ് ഇന്ത്യാ പ്രമേയം കാൺഗ്രസ്സ് അവതരിപ്പിച്ചപ്പോൾ, താരാസിംഗും മററു സിക്കു നേതാക്കന്മാരും അതിൽ നിന്നും ഒഴിഞ്ഞുനിൽക്കുകയാണു് ചെയ്തതു്. ബ്രിട്ടീഷ് സേനയിൽ ചേൎന്നു് യുദ്ധപരിശീലനം ആവുംവിധം സമ്പാദിക്കുവാൻ അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അടുത്തൊരു സമരമുണ്ടാവുകയാണെങ്കിൽ, ജിന്നയുംകൂട്ടരും വാളുമനയിൽ നിന്നുകൊണ്ടു് പാകിസ്ഥാൻ തേടുവാൻ ശ്രമിക്കുകയാണെങ്കിൽ, അതിനെഎതിർക്കാൻ സിക്കുജനതയെ സൃഷ്ടിപരമായ മാൎഗ്ഗങ്ങളിൽക്കൂടി ഒരു

ക്കേണ്ടതു് ആവശ്യമാണെന്നു് അദ്ദേഹത്തിനറിയാമായിരുന്നു.

'രാജാജിപദ്ധതി' സിക്കുകാരുടെ നിശിത വിമർശത്തിന്ന് കാരണമായിത്തീൻറു. അതിലെ പാകിസ്ഥാൻ രഞ്ജകഭാവത്തെ താരാസിംഗ്ഗ് ശക്തിയായ ഭാഷയിൽ എതിർത്തു. 'പന്തിക് അകാലിപാർട്ടി' എന്നൊരു സ്വതന്ത്ര സംഘടന അദ്ദേഹം രൂപീകരിച്ചു. 1946 ലെ പ്രവിശ്യ തിരഞ്ഞെടുപ്പിൽ, പഞ്ചാബിലെ 33 സിക്കുനിയോജക മണ്ഡലങ്ങളിലും, അകാലികൾ സ്ഥാനാൎത്ഥികളെ നിറുത്തി. ഒരു ഭൂരിപക്ഷത്തോടെ അവർ വിജയികളാവുകയും ചെയ്തു.

കാൺഗ്രസ്സും സിക്കുകാരും തമ്മിലുള്ള ഭിന്നിപ്പു് ഗൗരവതരമായി കഴിഞ്ഞിരുന്നു.

ഇടക്കാലഗവണ്മെൻറു്, രൂപീകൃതമായതിന്നശേഷം, താരാസിംഗിൻെറ നയത്തിന്ന മാററം വന്നിട്ടുണ്ടു്. കാൺസ്റ്റിററ്യുവൻറ് അസംബ്ലി ബായിക്കാട്ടു് ചെയ്യണമെന്ന മുൻനിശ്ചയം ഭേദപ്പെടുത്തിയതു തന്നെ, ഒരു നയം മാററത്തിൻെറ സൂചകമല്ല കുറിക്കുന്നതു്?

ഒരു മഹമ്മദാലിജിന്നയെ എതിരിടാൻ ഒരു താരാസിംഗ്ഗ് നമുക്കു് അത്യന്താപേക്ഷിതമാണ്!

സച്ചിദാനന്ദസിൻഹ

★

പ്രതിഭാശാലിയായ ഒരു സംഭാഷണചതുരൻ, നിഷ്കാമിയായ പൊതുജനസേവകൻ. നിസ്തുലനായ പത്രപ്രവർത്തകൻ, അസാധാരണനായ പണ്ഡിതൻ, ഉത്പതിഷ്ണുത്വം നിറഞ്ഞ സമുദായ പരിഷ്കർത്താവ്, സർവോപരി, ദേശാഭിമാനിത്വം നിറഞ്ഞ സ്വാതന്ത്ര്യ പ്രേമി എന്നീ നിലകളിലാണ് സച്ചിദാനന്ദസിൻഹ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. കാൺഗ്രസ്സിൽ അംഗമായി ചേരാത്തതെന്താണെന്ന് ഒരാം അദ്ദേഹത്തോടു ചോദിച്ചപ്പോൾ നൽകപ്പെട്ട ഉത്തരമിതായിരുന്നു "കാൺഗ്രസ്സിനെ ഞാൻ ബഹുമാനിക്കുന്നു. സ്വാതന്ത്ര്യമായി പ്രവർത്തിക്കുന്നതിനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ഒരു മെമ്പർ ചെയ്യുന്ന പ്രവൃത്തികളുടെ ഉച്ചനീചത്വം, മുഴുവനും സംഘടനയ്ക്കു സമർപ്പിക്കുന്നതു് ശരിയാണെന്നെനിക്കു് തോന്നുന്നില്ല. ചെയ്യുന്ന പ്രവൃത്തികളുടെ ദോഷഭാഗം സംഘടയുടെ ചുമലിൽ കെട്ടിവയ്ക്കുവാൻ അനേകമാളുകൾ ഒരുങ്ങുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അവരുടെ ആത്മാർത്ഥതയേ ഞാൻ ചോദ്യം ചെയ്യുന്നു. ഇതിൽഭേദം സംഘടനയ്ക്കു് വെളിയിൽ നിന്നുകൊണ്ടു് അതിൻെറ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതല്ലേ നല്ലതു്"?

ബിഹാറിലെ ഒരു കായസ്ഥകുടുംബത്തിലാണ് സച്ചിദാനന്ദൻെറ ജനനം. അന്ധമായ വിശ്വാസങ്ങളും ആചാരങ്ങളും, നിറഞ്ഞ ഒരന്തരീക്ഷത്തിലാണ് ജീവിക്കേണ്ടി വന്നതെങ്കിലും, ഒരു മികച്ച ഉല്പതിഷ്ണുവായിട്ടാണ് അദ്ദേഹം പുറത്തുവന്നതു്. കടലിനപ്പുറം പോകാൻ സാധിച്ച ബിഹാറി ബ്രാഹ്മണരിൽ ആദ്യത്തെ ആളായിരുന്നു സച്ചിദാനന്ദസിൻഹ. വിദ്യാഭ്യാസം കഴിഞ്ഞു് സ്വദേശത്തു് മടങ്ങിയെത്തിയപ്പോൾ വർഗ്ഗത്തിൽനിന്നും തന്നെ പുറന്തള്ളിയതായി അദ്ദേഹം അറിഞ്ഞു. അദ്ദേഹത്തിൻെറ ഉത്പതിഷ്ണുത്വത്തിനു് മാററംകൂട്ടിയതേയുള്ളു. ഹിന്ദുഭൃത്യന്മാരോടൊപ്പം മുസ്ലിം ഭൃത്യന്മാരേയും അദ്ദേഹം തൻെറ വസതിയിൽപാർപ്പിച്ചു. കുടുംബത്തിലെ യാഥാസ്ഥികരും, മററുകായസ്ഥന്മാരും തന്നിലേക്കെറിഞ്ഞ അപവാദങ്ങൾ അദ്ദേഹത്തെ ഒന്നു കൂടി ഉത്തേജിതനാക്കി.

അദ്ദേഹത്തിൻെറ വിവാഹം, ഇതിനു് മറെറാരു ദാഹരണമായിരുന്നു. ധനംകൊണ്ടു മികച്ചതെങ്കിലും, കുലംകൊണ്ടു താണ ഒരു കുടുംബത്തിലെ അംഗമാണു് സിൻഹായുടെ ഭാര്യയായി തിരഞ്ഞെടുക്കപ്പെട്ടതു്. പഞ്ചാബിലെ, ഒരു ധനികൻെറ മകളായ ശ്രീമതി രാധികാദേവിയായിരുന്നു ആ സ്ത്രീ. വിവാഹം പല ഒച്ചപ്പാടുകളുമുണ്ടാക്കി. ഉണ്ടയില്ലാത്ത വെടിപോലെ അതു് പുകഞ്ഞു പോകയുംചെയ്തു.

ശ്രീമതി രാധികാദേവി ഭാരതീയ സ്ത്രീത്വത്തിൻെറ ഉത്തമ മാതൃകയാണു്. ഭർത്താവിനെ ഒരു പ്രത്യക്ഷദൈ

വമായി പൂജിക്കുന്നതിലും സേവിക്കുന്നതിലും അവർ അഭിമാനംകൊണ്ടിരുന്നു. അവർ ഒരു പണ്ഡിതക്കുട്ടിയായിരുന്നു. ഭർത്താവിന്റെ ഉത്പതിഷ്ണുത്വം ഭാര്യയിലേക്കും, ഭാര്യയുടെ പാണ്ഡിത്യം ഭർത്താവിലേക്കും പകന്നു. അവയുടെ സംയോജനം ആ ദമ്പതികളുടെ ജീവിതാനന്ദത്തിന് നിദാനമായി നിലകൊണ്ടു. സിൻഹാക്ക് അവരോട്ട് അതിരു കവിഞ്ഞ സ്നേഹവും അതിലേറെ ബഹുമാനവുമായിരുന്നു തോന്നിയിരുന്നതു്.

രാധിക ഒരു വന്ധ്യയായി മരിച്ചു. വീണ്ടുമൊരു വിവാഹത്തിന് സിൻഹ നിർബന്ധിതനായപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു. "എന്റെ പരേതയായ ഭാര്യയോട്ട് ചെയ്യുന്ന കടും കൈയ്യായിരിക്കും ഞാൻ വീണ്ടും വിവാഹം കഴിക്കുകഎന്നുള്ളതു്. എനിക്കവരോട്ടുള്ള ബഹുമാനത്തിന് ഒരു തീരാകളങ്കമുണ്ടാക്കുവാൻ ഞാനാശിക്കുന്നില്ല."

II

1894-ൽ 'ബീഹാർടൈംസ്' (Bihar Times) എന്നൊരു പത്രം അദ്ദേഹമാരംഭിച്ചു. പരേതനായ ശ്രീ. മഹേഷ നാരായണൻ അദ്ദേഹത്തിൻെറ സഹപത്രാധിപരായിരുന്നു. ബീഹാറിനെ ബംഗാൾപ്രവിശ്യയിൽ നിന്നും വേർതിരിക്കുവാൻ തുടങ്ങിയ പ്രക്ഷോഭണത്തിൻെറ പ്രധാനഉത്തരവാദികൾ, സിൻഹായും, ബീഹാർടൈംസ്സുമായിരുന്നു. പ്രക്ഷോഭണം വിജയിത്തിലവ

സാനിച്ചു. സിൻഹാ പൊതുജനനേതാവായി ആരാധിക്കപ്പെട്ടവാനും തുടങ്ങി.

ബിഹാർ ടൈംസിൻെറ പ്രവത്തനം മഹേഷ് നാരായണനു് അദ്ദേഹം വിട്ടുകൊടുത്തു. താമസിയാതെ ഹിന്ദുസ്ഥാൻ റിവ്യൂ (Hindustan Review) ൻെറ മാനേജിംഗ് പത്രാധിപരായി അദ്ദേഹം നിയമിക്കപ്പെട്ടു. ഒരു പത്രപ്രവത്തകനെന്നുള്ള നിലയിൽ അദ്ദേഹമാജ്ജിച്ചിട്ടുള്ള കീത്തി നിഷ്കളങ്കവും അസൂയാജനകവുമാണു്. അദ്ദേഹംതന്നെ പറയുന്നു. "നിഷ്പക്ഷത അവലംബിച്ചു് ജീവിക്കുവാൻ പഠിക്കുക എന്നതാണു് ഒരു പത്രാധിപരുടെ ആദ്യത്തെ കൃത്യം. സമുദായത്തിന്റെ ന്യൂനതകളും ആവശ്യങ്ങളും, ശരിയായ വെളിച്ചത്തിൽ മനസ്സിലാക്കി ശക്തിയായ ഭാഷയിൽ, ഒരു യഥാത്ഥ നിരൂപകൻെറ മനസാന്നിദ്ധ്യത്തോടുകൂടി ലോകസമക്ഷം, അവതരിപ്പിച്ചാൽ മാത്രമേ പത്രപ്രവത്തനം വിജയകരമാവുകയുള്ളൂ. ഒരധീശശക്തിയുടേയും, ആശ്രയത്തിലമന്നു് ജീവിക്കുവാൻ ആദർശപരമായ സേവനമനുഷ്ഠിക്കുന്ന ഒരു പത്രത്തിനു് സാദ്ധ്യമല്ലതന്നെ." ഹിന്ദുസ്ഥാൻ റിവ്യൂവിനെപ്പററി ലണ്ടനിലെ യുണൈറൈറഡ് എമ്പയർ (United Empire) ഇങ്ങനെയാണഭിപ്രായപ്പെട്ടുന്നതു്. "ഇന്ത്യയിലെ സാമാന്യജനതയുടെ വക്താവാണു് ഈ പത്രം. ഭാരതത്തെ ഇളക്കിമറിക്കുന്ന വികാരങ്ങളുടേയും വിചാരങ്ങളുടേയും പ്രതിഫലനം ഞങ്ങൾക്കിതിൽ കാണാൻ സാധിക്കുന്നു".

രാഷ്ട്രീയവും, സാമ്പത്തികവും, സാമുദായികവു മായ വിഷയങ്ങളെ ചർച്ചചെയ്യുന്ന പ്രൗഢലേഖനങ്ങൾ ഇതിൽ സുലഭമാണ്. പത്രാധിപപംക്തിയിൽ കണ്ണോടിച്ചാൽ സിൻഹായുടെ ചലിക്കുന്ന പേനയുടേയും, ചലിപ്പിക്കുന്ന ഹൃദയത്തിൻെറയും, മാറെറാലികൾ ശ്രവിക്കുവാൻ നമുക്ക് സാധിക്കും. സുന്ദരവും, സുദൃഢവുമായ ഭാഷാശൈലി സിൻഹായെപ്പോലെ ചുരുക്കം ചില പത്രപ്രവത്തകരെ മാത്രമെ അനുഗ്രഹിച്ചിട്ടുള്ളു.

കൽക്കത്താ ടൈംസ് (Calcutta Times) പത്രാധിപരായിരുന്ന നാഗേന്ദ്രനാഥഗുപ്താ, സിൻഹയെപ്പററി പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ ഉദ്ധരിക്കുന്നതു് അഭംഗിയാവുകയില്ലെന്നു് വിചാരിക്കുന്നു.

"മി. സിൻഹാ ഒരനുഗ്രഹീത പത്രാധിപരാണ്. അദ്ദേഹത്തിനു് ലേഖനമെഴുതാൻ പേനയും കടലാസും കൈയ്യിലെടുക്കേണ്ടതാമസമേ ഉള്ളു. മനസ്സ് അതിൻെറ ഭണ്ഡാഗാരം ഉടൻ തുറക്കും. വാക്കുകൾ വികാരങ്ങൾക്കും വിചാരങ്ങൾക്കും രൂപംകൊടുക്കുവാൻ സദാ കാത്തുനില്പുയാണ്".

മാസത്തിലൊരിക്കലെങ്കിലും മി. സിൻഹായോടു കൂടി അല്പദിവസം താമസിക്കുക ഒരു പതിവാക്കി ഞാൻ തീർത്തിരിക്കുകയാണു്. താമസം കഴിഞ്ഞു് തിരിക്കുന്ന സന്ദർഭത്തിൽ എൻെറ കോട്ടിൻെറ പാക്കററുകൾമുഴുവനും 'വാർത്തകളെ'ക്കൊണ്ടു് നിറഞ്ഞിരിക്കും. "മനസ്സ്" വെളിയിലേക്കു് ചാടുവാൻ കുതിച്ചുനിൽക്കുന്ന വികാരങ്ങളെക്കൊണ്ടും".

സർച്ച് ലൈററ് (Search Light)ൻെറ ഉടമസ്ഥന്മാരിലൊരാളാണ് സിൻഹാ, അല്പകാലം ഇൻഡ്യൻനേഷൻ (Indian Nation) ൻെറ എഡിററരായിട്ടും അദ്ദേഹം ജോലി നോക്കിയിട്ടുണ്ട്. 1927-ൽ ജനീവായിൽ വച്ച് കൂടിയ അഖിലരാഷ്ട്രപത്രാധിപസമ്മേളനത്തിൽ ഇൻഡ്യൻ ഡെലിഗേററായി പോയിരുന്നതു് സിൻഹയായിരുന്നു.

III

പത്രപ്രവർത്തനം വിട്ടിട്ട് അദ്ദേഹത്തിൻെറ പാണ്ഡിത്യം പരിശോധിക്കുകയാണെങ്കിൽ അവിടെയും നാം ഒരസാധാരണ പണ്ഡിതനെയായിട്ടാണ് ഏററുമുട്ടുക. ഭാരതീയവും, യൂറോപ്യനുമായി ഏകദേശം 22 ഭാഷകളിൽ അദ്ദേഹം അസാമാന്യ വിജ്ഞാനം കൈക്കലാക്കിയിരുന്നു. അദ്ദേഹം വായിക്കാത്ത ഇംഗ്ലീഷ് ദിനപത്രങ്ങളോ മാസികകളോ ഒന്നുംതന്നെ അവശേഷിച്ചിരുന്നില്ല. ഏതെങ്കിലും ഒരു പ്രതി സമയത്തു് കിട്ടാതെ വരുകയാണെങ്കിൽ പത്രത്തിൻെറ മാനേജർക്ക് വിവരത്തിന് ഉടൻ തന്നെ എഴുതിയിടും. ആ പത്രം കിട്ടി അതു വായിച്ചു കഴിഞ്ഞെങ്കിൽ മാത്രമെ അദ്ദേഹം തൃപ്തനാവുകയുള്ളു. തനിക്ക് ഹൃദ്യമായിത്തോന്നുന്ന ലേഖനങ്ങൾ വെട്ടിയെടുത്തു് സൂക്ഷിക്കുക അതദ്ദേഹത്തിന് പതിവായിരുന്നു.

"മി. സിൻഹാക്ക് അറിയാൻപാടില്ലാത്തതു് നമുക്കും അറിയേണ്ട ആവശ്യമില്ല" ബനാറീസ് സർവ്വകലാ

ശാലയിലെ പ്രഫസരായ ഡാക്ടർ ശേഷാദ്രിയുടെ അഭിപ്രായമാണിത്. 'സിൻഹായുടെ ഉർദുഭാഷാശൈലി മുസൽമാൻ പണ്ഡിതരെ അത്ഭുതപ്പെടുത്തുന്നു.' മി. സെയ്ദ അബ്ദൽ അസീസ് സിൻഹായുടെ ശൈലിയെപ്പററി ഇങ്ങനെയാണു് വിവരണം നൽകുന്നതു്.

അലഹബാദ് യൂണിവേഴ്സിററി അദ്ദേഹത്തിനു് ഡീലിററബിരുദം നൽകി.

നിയമസഭാ സാമാജികൻ എന്ന നിലയിലും സിൻഹ പ്രസിദ്ധനാണു്. കേന്ദ്രഅസംബ്ളി, ബീഹാർ, ലജിസ്ലേററീവ് കൗൺസിൽ എന്നിവയിൽ അനവധിവർഷം അദ്ദേഹം മെമ്പറായിരുന്നിട്ടുണ്ടു്. സംഭാഷണത്തിൽ ചതുരനും, പ്രസംഗത്തിൽ ഗംഭീരനും, വാദപ്രതിവാദത്തിൽ ഉജ്ജ്വലസഫലനുമായിട്ടാണു് സിൻഹായെ മിക്ക ആളുകളും ദർശിക്കുക.

വിദ്യാഭ്യാസം ഭൗതികമായ ലക്ഷ്യത്തിൽ തന്നെ തുടങ്ങണമെന്നാണു് മി. സിൻഹ വാദിക്കുന്നതു്, ഇതിനു് എതിരഭിപ്രായക്കാർ ഉണ്ടായേക്കാം എങ്കിലും വിദ്യാഭ്യാസം ദേശീയമാക്കണമെന്നു് വാദിക്കപ്പെടുമ്പോൾ അതു് ഭൗതികമായ വശത്തേയല്ലേ കൂടുതൽ ബാധിക്കുന്നതെന്നു് ആലോചിക്കേണ്ടിയിരിക്കുന്നു.

1936-ൽ പാററ്നാ സർവ്വകലാശാലയിലെ വൈസ്ചാൻസലറായി സിൻഹ തിരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായി മൂന്നുപ്രാവശ്യം തൽസ്ഥാനത്തേക്കു അദ്ദേഹം നിയമിതനായിട്ടുണ്ടു്. യൂണിവേഴ്സിററിയുടെ കീഴിൽ

ആരംഭിച്ച പല കാളേജുകളുടേയും ആവിർഭാവത്തിന് ഹേതുഭൂതൻ സിൻഹയാണ്. ഗവേഷണ ശാസ്ത്രത്തിന് (Research Science) കൂടുതൽ പ്രാധാന്യം അദ്ദേഹം നൽകി. പല സ്കാളർഷിപ്പുകൾ പുതുതായി ഏർപ്പെടുത്തപ്പെട്ടു.

ഇൻറർ യൂണിവേഴ്സിററിബോർഡിൻെറ (Inter University Board)അദ്ധ്യക്ഷനായിരുന്ന സർ രാധാകൃഷ്ണൻ സ്ഥാനമൊഴിഞ്ഞപ്പോൾ, അതു് സിൻഹായുടെ ചുമതലയിലാണ് പതിച്ചതു്.

★

കാളിനാഥറായി

★

വംഗദേശത്തിന്റെ അഭിമാനകേന്ദ്രം; ഭാരതമാതാവിന്റെ വാത്സല്യനിധി; പത്രമണ്ഡലത്തിലെ കിരീടമണിയാത്ത രാജാവ്; കാളിനാഥറായി. മൃത്യുവിന്റെ കനത്ത പിടിയിൽ അദ്ദേഹവും അമർന്നു. ചാററിർജിയുടെ നിര്യാണത്തിൽ കലങ്ങിമറിഞ്ഞ ഭാരതം കാളിനാഥബാബുവിന്റെ സാന്നിദ്ധ്യത്തിൽ സമാശ്വാസം നേടിയിരുന്നു. പക്ഷേ ആ സമാശ്വാസം താൽക്കാലികമാക്കിക്കൊണ്ടു് അദ്ദേഹവും മൺമറഞ്ഞു.

കാളിനാഥന്റെ മരണം; രാഷ്ട്രീയാന്തരത്തെ കാറു പിടിപ്പിക്കുന്ന സംഭവബഹുലമായ ഒരു ഘട്ടത്തിലുണ്ടായ ആ മരണം ഭാരതത്തിനു് ഒരു നഷ്ടംതന്നെ. അദ്ദേഹത്തിന്റെ അൻപത്തുകൊല്ലത്തെ പത്രപ്രവർത്തനജീവിതം, അനീതിയുടേയും, ദുഷ്പ്രഭുത്വത്തിന്റേയും നേരേയുള്ള ഒരു പടവെട്ടലായിരുന്നു. പത്രലോകത്തിന്റെ ഗതിവിഗതികളെ അദ്ദേഹം അരശതാബ്ദക്കാലം നിയന്ത്രിച്ചു. കാളിനാഥന്റെ സുശിക്ഷിതമായ നേതൃത്വത്തിലാണു് പഞ്ചാബിലെ കേളികേട്ട പത്രമായ ട്രിബ്യൂൺ (Tribune) ജീവിച്ചതും അഭിവൃദ്ധിയെ പ്രാപിച്ചതും. സർ സുരേന്ദ്രനാഥ ബാനർജി, മോട്ടിലാൽ ഘോഷ് എന്നീ പ്രശസ്തനേതാക്കന്മാർ പുനരുജ്ജീവിപ്പിച്ച പത്രപ്രവർത്തക വിദ്യാലയത്തിലായിരുന്നു അദ്ദേഹം അഭ്യസനം നടത്തിയതു്. പ്രസ്തുത

സ്ഥാപനം പത്രലോകത്തിനുവേണ്ടി നിരന്തരം പോരാട്ടുകയും നിരവധി ദുർഘടങ്ങൾ തരണംചെയ്ത് പൊതുജനങ്ങളുടെ ആദരാതിശയങ്ങൾക്ക് പാത്രമാവുകയും ചെയ്ത കഥ പ്രസിദ്ധമാണ്.

കാളിനാഥബാബു സ്വകൃത്യത്തിൽ അചഞ്ചലമായ നിഷ്ഠയും, അതുല്യമായ സാമർത്ഥ്യവും പ്രദർശിപ്പിച്ചു. അദ്ദേഹത്തിന് ഭരണമേധാവികളുമായി പിണങ്ങേണ്ടിവന്നു. തൽഫലമായി അനവധി കഷ്ടനഷ്ടങ്ങൾ അദ്ദേഹം സഹിച്ചു. അദ്ദേഹത്തിൻെറ തൂലികാചലനം ജനങ്ങളെ രസിപ്പിച്ചു. അവരെ വിജൃംഭിതരാക്കി. അദ്ദേഹത്തിൻെറ പേനയിൽനിന്നും പുറപ്പെട്ടുന്ന ഓരോ വാക്കും വികാരതീക്ഷ്ണത നിറഞ്ഞതായിരുന്നു. സ്വാതന്ത്ര്യചിന്ത മുഴുത്തതായിരുന്നു. കാളിനാഥൻെറ ലേഖനങ്ങൾ വായിച്ച് ജനങ്ങൾ വികാരതരളിതരായി തീൻവെങ്കിൽ അത്ഭുതപ്പെടുവാനില്ല. പാശ്ചാത്യരെ അന്ധമായി അനുകരിക്കുവാൻ ഭാരതീയർ തുനിഞ്ഞ ഒരു കാലഘട്ടത്തിൽ സ്വാതന്ത്ര്യത്തിന്റെ സമരകാഹളവുമായി രംഗത്തിലിറങ്ങിയ ഒരു വീരയോദ്ധാവാണ് ,കാളിനാഥറായി. രാഷ്ട്രീയവും സാമുദായികവുമായ കാര്യങ്ങളിൽ പഞ്ചാബിൻെറ പൊതുജനജിഹ്വയായിരുന്നു കാളിനാഥന്റെ ട്രിബ്യൂൺ. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ മനംമയക്കുന്നമധുരവാക്യങ്ങളില്ലായിരുന്നു. എന്നാൽ അവ കരളലിയിക്കുന്നവയായിരുന്നു. സ്വരാജ്യസേവനത്തിലേക്കുള്ള ഓരോ സന്ദേശമായിരുന്നു അവയിലെ ഓരോവാചകവും. സുഖഭോഗികളെ ആനന്ദിപ്പിക്കുവാ

നല്ല പട്ടിണിപ്പാവങ്ങളുടെ ദയനീയ നിസ്വനങ്ങൾ മഹാജനങ്ങളെ കേൾപ്പിക്കുവാനാണ് അദ്ദേഹം ട്രിബ്യൂണിൽ കൂടി പ്രവർത്തിച്ചത്.

II

"ഒരാദർശപത്രം പൊതുജനങ്ങളുടെ ഭൃത്യവേലയാണു ചെയ്യുന്നത്. ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളേയും, അഭിലാഷങ്ങളേയും പൊതുവെ പ്രകടിപ്പിക്കുകയും അവയെ ഫലപ്രദമാക്കുവാൻ യത്നിക്കുകയും ചെയ്യുകയാണ് ഒരു യഥാർത്ഥപത്രത്തിൻെറ കടമ. സത്യത്തിൽ നിന്നും വ്യതിചലിക്കാതെ, അനീതിയുടെനേരെ വാളെടുക്കുകയാണ് ഒരു പത്രം ചെയ്യുന്നത്, അഥവാ ചെയ്യേണ്ടതു" ഇങ്ങനെയാണു് പത്രപ്രവർത്തനത്തെപ്പററി 'വൈക്കാംസ്റ്റീഡ്', അഭിപ്രായപ്പെടുന്നത്. കാളിനാഥൻെറ നിയന്ത്രണത്തിൽ ട്രിബ്യൂൺ മേലുദ്ധരിച്ച കർത്തവ്യം അസൂയാർഹമാംവണ്ണം നിർവഹിക്കുകതന്നെ ചെയ്തു. ഈ സന്ദർഭത്തിൽ ട്രിബ്യൂണിൻെറ ഒരു ഹ്രസ്വചരിതംകൂടി ഇവിടെ ചേർക്കുന്നതു് അസംഗതമാവുന്നതല്ല.

ട്രിബ്യൂണിനെ പഞ്ചാബിലെ പ്രമുഖവും, പ്രധാനവുമായ ഒരു പത്രമാക്കി തീർത്തതിൽ ബംഗാളികൾവഹിച്ചപങ്കു് സ്തുത്യർഹമാണു്. അതിൻെറ പത്രാധിപസമിതിയിലെ മിക്ക അംഗങ്ങളും ബംഗാളികളായിരുന്നു. പത്തൊൻപതാംനൂററാണ്ടിലെ അന്ത്യകാലത്തിൽ പഞ്ചാബിലെ സുപ്രസിദ്ധന്മാരിൽ ഒരാളായ "സർദാർദയാൽ സിംഗ്മജീദിയ" ആണു് പത്രത്തിൻെറ അടിസ്ഥാന

മുററപ്പിക്കൽ നിവ്വഹിച്ചതു്. സർ സുരേന്ദ്രനാഥബാനർജി തൻെറ 'രാഷ്ട്രനിർമ്മിതി" (National makaing) എന്ന ഗ്രന്ഥത്തിൽ ഇതിനെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

മജീദിയാ ആത്മാത്ഥതയിലും, സത്യസന്ധതയിലും മികച്ചുനിന്നിരുന്ന ചുരുക്കംപേരിൽ ഒരാളായിരുന്നു.... ....ലാഹോറിൽ ഒരു വത്തമാനപ്പത്രം തുടങ്ങുവാൻ അദ്ദേഹത്തിനെ ഞാൻ പ്രേരിപ്പിച്ചു. അദ്ദേഹത്തിനുവേണ്ടി ഞാൻ കൽക്കട്ടായിൽ ഒരു പ്രസ്സ് വാങ്ങിച്ചു. തുടങ്ങുവാൻപോകുന്ന പത്രത്തിൻെറ ആദ്യപത്രാധിപരെ നിയമിക്കേണ്ടകൃത്യം അദ്ദേഹംഎന്നിലും നിക്ഷേപിച്ചു"

ട്രിബ്യൂണിൻെറ ആദ്യത്തെപത്രാധിപർ ശീതളതാന്തചാററർജി എന്നൊരു ബംഗാളിയായിരുന്നു. അടുത്തതു് ബംഗാളിലെന്നല്ല, ഇന്ത്യയിൽതന്നെ നിസ്തുലകീത്തി സമാർജ്ജിച്ചപരേതനായ നാഗേന്ദ്രനാഥഗുപ്തനായിരുന്നു. ഗുപ്തപത്രത്തിൻെറ ഭാരം കൈയ്യേററപ്പോഠം അതൊരു പ്രതിവാരികമാത്രമായിരുന്നു. താമസിയാതെ അതൊരു ദിനപത്രമായി ഗുപ്ത എഡിററരായിരുന്നകാലത്തു്, ലാഹോറിലെ ഒരു ആംഗ്ലോഇന്ത്യൻപത്രമായ "ദി സിവിഠ ആൻഡ് മിലിട്ടറിഗസററി"നു് ഒരു സംശയമുണ്ടായിപോലും; അതിൻെറ മുഖപ്രസംഗത്തിൽ ആ സംശയം വെളിപ്പെടുത്തുകയും ഉണ്ടായി. പഞ്ചാബപ്രവിശ്യയെ ഭരിക്കുന്നതു് അന്നത്തെ ഗവർണ്ണരായ സർ ഡന്നിസ് ഫിററ്സ് പാററ്ട്രിക് ആണോ, അതോ ട്രബ്യൂണിൻെറ

പത്രാധിപരായ നാഗേന്ദ്രനാഥഗുപ്തയോ.? ഇതാണു് സംശയം.

ഗുപ്ത തന്റെ സ്ഥാനം രാജിവെച്ചു. അതോടുകൂടി പത്രത്തിന്റെ പ്രശസ്തിക്കും ഉടവുതട്ടി, അധ:പതിക്കുവാൻ തുടങ്ങിയ ആ പത്രംകീർത്തിയുടെ ധവളിമ വീണ്ടും പ്രാപിച്ചതു് 1917-ൽ കാളിനാഥറായി അതിൻെറ ചുമതല കൈയ്യേററതുമുതൽക്കാണു്. പത്രത്തിൻെറ ഉടമസ്ഥന്മാക്കു അദ്ദേഹത്തിൽ നിസ്സീമമായ വിശ്വാസമുണ്ടായിരുന്നു.

III

1878-ൽ ബംഗാളിലെ ഒരു കുഗ്രാമത്തിൽ കാളിനാഥബാബു ജനിച്ചു. കൽക്കട്ടായിലെ പ്രസിഡൻസികാളേജിലായിരുന്നു അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കിയതു്. വിദ്യാർത്ഥിയായിരിക്കുമ്പോഠം തന്നെ അദ്ദേഹം ഒരു സ്വാതന്ത്ര്യശീലനായിരുന്നു. യാഥാസ്ഥികത്വത്തിൻെറ മൂടുപടംവലിച്ചുകീറി ഒരു മുഴുത്ത ഉത്പതിഷ്ണുവായിട്ടാണു് അദ്ദേഹം വിഹരിച്ചതു്. കാളേജിൽ നടക്കാറുള്ളമിക്കയോഗങ്ങളിലും കാളിനാഥൻ ഒരു പ്രധാന പ്രാസംഗികനായിരുന്നു. അദ്ദേഹത്തിൻെറ സ്വാതന്ത്ര്യപ്രേമം കാളേജു് ഭിത്തികഠംക്കപ്പുറമേയും അലതല്ലിയിരുന്നു.

അക്കാലത്തു് കലാശാലകളിൽ വ്യവസ്ഥാപിതമായിരുന്ന വിദ്യാഭ്യാസരീതിയോടു് അദ്ദേഹത്തിനു് അതിരററ അവജ്ഞയാണു് തോന്നിയിരുന്നതു്. ഒരിക്കൽയൂണിവേഴ്സിററി പരീക്ഷയിൽ ചോദിച്ചിരുന്ന ചോദ്യങ്ങഠംക്കുള്ള ഉത്തരവിനുപകരം അദ്ദേഹം അന്നത്തെ വിദ്യാഭ്യാ

സനയത്തെ അപലപിച്ച് ഒരുപന്യാസം ഉത്തരക്കടലാസിൽ എഴുതിച്ചേർക്കുകയുണ്ടായി. അദ്ദേഹം പരീക്ഷയിൽ ജയിക്കാതിരിക്കാൻ അ_ കാരണമായിത്തീന്നു, എങ്കിലും പുറത്തുചാടുവാൻ വെമ്പിക്കൊണ്ടിരുന്ന ആശയങ്ങളുടേയും വികാരങ്ങളുടെയും നാന്ദിയായി അതു് പരിണമിച്ചു.

1904-ൽസർ സുരേന്ദ്രനാഥബാനർജിയുടെ കീഴിൽ അദ്ദേഹം പത്രപ്രവത്തനത്തിലേപ്പെട്ടു. "ബംഗാളി" എന്നപത്രത്തിന്റേയും "കൽക്കത്താടൈംസ്" എന്ന ഇംഗ്ലീഷ് പ്രതിവാരികയുടെയും ചുമതല അദ്ദേഹമാണു് കൈയ്യേററതു്. "എന്റെ പത്രപ്രവത്തകജീവിതത്തിലെ ചിലസ്മരണകൾ" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു. കൽക്കട്ടാടൈംസിന്റെ എഡിററർ ഉദ്യോഗം എന്നെ പലവിധത്തിൽ അനുഗൃഹീതനാക്കിതീർത്തിട്ടുണ്ടു്. മുഖപ്രസംഗരൂപേണ എനിക്കു് ആദ്യമായി എഴുതുവാൻ സാധിച്ചതു് പ്രസ്തുത വാരികയിലാണു്, കൈയ്യെഴുത്തുമാസികകളുമായി കഴിഞ്ഞുവന്ന എനിക്കു് ആദ്യമായി അച്ചടിമാസികയുമായി പരിചയപ്പെടുവാൻ സാധിച്ചതും ഈ ഘട്ടത്തിലാണു്."

ഇതിനിടയിൽ, ആസ്സാമിൽ കുടിയേറിപ്പാർത്തിരുന്ന ബംഗാളികൾ 'സിററിസൺ' എന്നൊരുപത്രം ആരംഭിച്ചു. പത്രാധിപസ്ഥാനം കാളിനാഥ ബാബുവിനു് നൽകി. അദ്ദേഹം 'സിററിസണെ'പററി ഇങ്ങനെയാണു് അഭിപ്രായപ്പെടുന്നതു്. "എനിക്കു സ്വാതന്ത്ര്യമായി വിഹരിക്കുവാനും, ഒരു പത്രാധിപർ എന്നുള്ളനിലയിൽ മാത്രം, പത്രത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുവാനും സാധിച്ചതു്

ഇതിലാണ്." സാമ്പത്തികമായ കഴപ്പങ്ങളാൽ 1905-ൽ അതിന്റെ പത്രാധിപസ്ഥാനം അദ്ദേഹം വിട്ടൊഴിഞ്ഞു. വീണ്ടും 'ബംഗാളി'യിൽ ജോലി ആരംഭിച്ചു. പിന്നീട് എട്ടുകൊല്ലം സുരേന്ദ്രനാഥബാബുവിൻെറ കീഴിൽ അഭ്യസനം തുടങ്ങുകയാണു ചെയ്തതു്.

തനിക്കു സുരേന്ദ്രനാഥബാബുവുമായുള്ള ബന്ധം തൻെറ 'സ്മരണ'കളിൽ അദ്ദേഹം കുറിച്ചിട്ടുണ്ടു്. ഗുരുവും ശിഷ്യനും തമ്മിൽ രാഷ്ട്രീയകാര്യങ്ങളിൽ ഭിന്നാഭിപ്രായക്കാരായിരുന്നു. എങ്കിലും വിവരണത്തിനതീതമായ ഒരു ആത്മീയബന്ധം അവരിൽ ഐക്യം പ്രാപിച്ചിരുന്നു. കാളീനാഥബാബു ഗുരുവിനെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു. ഈ ഘട്ടത്തിൽ എനിക്കു് സുരേന്ദ്രനാഥബാബുവുമായി കൂടുതൽ അടുപ്പത്തിനു് ഇടയായി. ഞാൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ആ സ്വാതന്ത്ര്യവീരൻെറ അപദാനങ്ങൾ കേട്ടിട്ടുണ്ടു്. വിധി ഞങ്ങളെ അടുപ്പിച്ചു. അഭേദ്യമായ ഒരു സ്നേഹബന്ധം ദൈവികതയിൽ തഴച്ചുവളന്ന ഒരു ഗുരുശിഷ്യബന്ധം അതാണു് ഞങ്ങളുടെ അഭിമാനം. നിഷ്കൃതിചെയ്യുവാൻ കഴിയാത്ത പല നന്മകളും ഈ ശിഷ്യനു് അദ്ദേഹം നൽകിയിട്ടുണ്ടു്. കൃതജ്ഞതനിറഞ്ഞ—അഭിമാനംനിറഞ്ഞ ഒരു ഹൃദയം എന്റെ ഗുരുവിന്റെ കാലടികളിൽ കാഴ്ചവയ്ക്കട്ടെ.!"

1915-ൽ അദ്ദേഹം ലാഹോറിലെത്തി "പഞ്ചാബി" എന്ന പത്രത്തിലെ എഡിററർ ആയി രണ്ടുവർഷത്തിനുശേഷം, സുപ്രസിദ്ധമായ ട്രിബ്യൂൺപത്രത്തിൻെറ ചുമതല ഏറെറടുത്തു.

IV

ഒരു പത്രപ്രവർത്തകനെന്ന നിലയിൽ അദ്ദേഹത്തിനോടൊപ്പമോ, അതിൽ കവിഞ്ഞോ, വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിട്ടുള്ളു. സുഗമവും, സുന്ദരവുമായ ഭാഷാശൈലി, പരിഹാസം പൊതിഞ്ഞ വാക്കുകൾ ഇവ തന്റെ 'ഗുരുവിൽനിന്നും നേരത്തെതന്നെ അദ്ദേഹം കരസ്ഥമാക്കിയിരുന്നു.

ഇതിനുപുറമേ അദ്ദേഹം ഒരു സ്വാതന്ത്ര്യയോദ്ധാവും കൂടിയായിരുന്നു. ഉത്പ്രതിഷ്ണുത്വം നിറഞ്ഞ ഒരു ധീരൻ, സ്വാതന്ത്ര്യചിന്ത ഉണർത്തിവിട്ട് വെകളിപിടിപ്പിച്ച ഒരു മാനുഷൻ എന്നീ നിലകളിൽ അദ്ദേഹം ആർജ്ജിച്ചിട്ടുള്ള യശസ്സിന് ഒരിക്കലും ലാഘവം തട്ടുന്നതല്ല. 'ജലിയൻവാലാ' സംഭവം ഇൻഡ്യയെ ആകെ ഇളക്കിവിട്ട സമയത്ത് അദ്ദേഹം എഴുതിയ ലേഖനങ്ങൾ ഇതിന് നിതാന്തസാക്ഷ്യങ്ങളാണ്.

അദ്ദേഹത്തിന് നിത്യശാന്തി കൈവരട്ടെ.

രാജാമഹേന്ദ്രപ്രതാപ്

★

"മുപ്പത്തു് നീണ്ട വർഷങ്ങൾക്കുശേഷം ഞാനിതാ നിങ്ങളുടെ മദ്ധ്യത്തിൽ വീണ്ടും വന്നിരിക്കുന്നു. ഈ ദീർഘ കാലത്തിനിടയിൽ പലതും സംഭവിച്ചിട്ടുണ്ടു്. സ്വാത ന്ത്ര്യത്തിന്റെ കവാടം തുറക്കപ്പെട്ടു എന്നു് നിങ്ങൾ വിശ്വ സിക്കുന്നുണ്ടെങ്കിൽ അതു് മൗഢ്യമാണു്. വെള്ളക്കാരനു മായുള്ള ദൃഢപരിചയത്തെ അടിസ്ഥാനമാക്കി ഞാൻ പറയുന്നു; അയാൾക്കു ആത്മാർത്ഥതയില്ലെന്നു്; അയാൾ വാക്കുകൾകൊണ്ടു് പന്താടുമെന്നു്. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അന്ത്യസമരം—അതാണു് നമ്മുടെ അടുത്ത പരിപാടി. രക്തപ്പുഴകൾ നിർമ്മിക്കേണ്ടിവരും. ഭാരതീ യൻ അതിനെ ക്രൂരമാക്കുകയില്ല. വെള്ളക്കാരൻ ബുദ്ധി പൂർവം പ്രവർത്തിക്കട്ടെ."

ബോംബെ റെയിൽവേസ്റ്റേഷനിൽ തടിച്ചുകൂടിയി രുന്ന ജനാവലിയുടെ നേർക്കു് വികാരരഹിതനായി മഹേ ന്ദ്രപ്രതാപ് എറിഞ്ഞ വികാരതീക്ഷ്ണത നിറഞ്ഞ വച നങ്ങളാണു് മേൽ കൊടുത്തിട്ടുള്ളവ.

I

യുണൈറ്റഡ് പ്രാവിൻസിൽ, 1887-ൽമഹേന്ദ്ര പ്രതാപ് ജനിച്ചു. ധനംകൊണ്ടും, കുലമഹിമ കൊണ്ടും യു. പി. യിലെ എണ്ണപ്പെട്ട ഒരു വ്യക്തിയുടെ ഏകപുത്ര

നായി ജനിക്കുവാനുള്ള ഭാഗധേയം മഹേന്ദ്രന്ന് സിദ്ധിച്ചു. അദ്ദേഹം തന്നെ പറയുന്നു. "ബാല്യത്തിൽ എനിക്ക് ലഭിച്ച അമിതമായ സുഖം എന്നെ അതിൽ വിരക്തനാക്കി. ഞാൻ ചിന്തിക്കാൻ തുടങ്ങി. എനിക്കുവേണ്ടി പിതാവു് ചിലവാക്കിയിരുന്ന ധനം, സാധാരണ സ്ഥിതിയിലുള്ള ഒന്നുരണ്ടു കുടുംബങ്ങൾക്ക് നിത്യവൃത്തി കഴിച്ചുകൂട്ടുവാൻ മതിയാകുമായിരുന്നു.........എന്റെ ചിന്ത "സ്ഥിതി സമത്വ"വാദത്തിൽ എന്നെ കൊണ്ടു ചാടിച്ചു........"

'അലിഗാർ' സർവകലാശാലയിൽ നിന്നും അദ്ദേഹം ബി. എ. ബിരുദം നേടി. കലാശാലയിലെ മലിനമായ അന്തരീക്ഷത്തിൽ നിന്നു് രക്ഷ നേടുവാൻ, മഹേന്ദ്രപ്രതാപ്, ആസഫ്അലി എന്നീ ചുരുക്കം ചില വിദ്യാത്ഥികൾക്കു മാത്രമേ കഴിഞ്ഞിട്ടുള്ളു. വർഗ്ഗീയതയുടെ വിഷവിത്തുകൾ വിദ്യാത്ഥികളുടെ കരുന്നുഹൃദയങ്ങളിൽ പാകുവാൻ കാളേജ് അധികൃതർ വളരെ ശ്രദ്ധിച്ചിരുന്നു. തങ്ങളുടെ ഉദ്ദേശത്തിന്നു് വഴങ്ങാത്തവരെ, നിദ്ദാക്ഷിണ്യം പുറന്തള്ളുവാനും അവർ മടിച്ചിരുന്നില്ല. ആസഫ്അലി തന്റെ വിദ്യാത്ഥിജീവിതത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു "വർഗ്ഗീയ വൈരൃവും, മതവിദ്വേഷവും കൊളുത്തിവിടുവാനുള്ള കാളേജ് അധികൃതരുടെ അവകാശത്തെപ്പററി ഞങ്ങൾ ചോദ്യം ചെയ്തു. അതു് തെററാണെന്ന് അവർ വിധിച്ചു. ഇസ്ലാമിൽ അടിയുറച്ച വിശ്വാസമുണ്ടെന്നഭിമാനിക്കുന്ന ഞാൻ പറയുന്നു, ഇസ്ലാം സംസ്കാരത്തിന്റെ പേരിൽ കലാശാലക്കാർ കൈക്കൊണ്ട നയം ശോചനീയമാണെന്നു്. മതവിദ്വേഷം ഇസ്ലാമിന്റെ ഗണനാ

യിൽ പെടുന്നതേയില്ല. മതത്തിൻെറ ധാൎമ്മികമായ വശത്തേ ചോദ്യംചെയ്യുവാൻ ഒരു മതത്തിന്നും, ഒരിക്കലും സാധ്യമല്ലതന്നെ."

മി: ആസഫ് ആലിയും, മഹേന്ദ്രപ്രതാപും വിപ്ലവകാരികളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. പ്രതാപനെ രണ്ടുമൂന്നുമാസത്തേയ്ക്കു് കാളേജിൽ നിന്നും പുറംതള്ളുക കൂടി ചെയ്തു. അദ്ദേഹത്തെ വീണ്ടും കാളേജിൽ പ്രവേശിപ്പിക്കുന്നതിന്നു് പരിശ്രമിപ്പിച്ചവരിൽ ഭൂരിഭാഗവും മുസ്ലിം വിദ്യാൎത്ഥികളായിരുന്നുവത്രെ.

പിതാവിൻെറ മരണശേഷം ജമിന്താരി അദ്ദേഹത്തിൻെറ കൈവശം വന്നുചേൎന്നു. 1907-ൽ അദ്ദേഹം "ജിൻഡി"ലെ മഹാരാജാവിൻെറ സഹോദരിയെ വിവാഹം ചെയ്തു. ഈ അവസരത്തിൽ ചക്രവൎത്തിതിരുമനസ്സു കൊണ്ടു് "രാജാ" എന്ന ബഹുമതി അദ്ദേഹത്തിന്നു് നൽകി. ഏറെതാമസിയാതെ, ഭാൎയ്യാസമേതനായി അദ്ദേഹം ഭൂലോക പൎയ്യടനത്തിനായി പുറപ്പെട്ടു.

II

വിദ്യാഭ്യാസവിഷയത്തിൽ അധികാരികൾ കാണിച്ചു അനാസ്ഥയും സാധാരണ ജനങ്ങളുടെ വിദ്യാവിഹീനതാവുമാണു് പൊതുജീവിതത്തിൽ അദ്ദേഹത്തിന്നു് രണ്ടു് പ്രധാന പ്രശ്നങ്ങൾ. തൻെറ ജമിന്ദാരിയുടെ കീഴിലുള്ള അഞ്ചുഗ്രാമങ്ങൾ അദ്ദേഹം ഒരു വിദ്യാലയത്തിലേക്കായി വിട്ടുകൊടുത്തു. വിദ്യാഭ്യാസത്തെ ദേശീയമാക്കുന്നതിന്നു് ആദ്യമായി തുനിഞ്ഞവരിൽ ഒരു പ്രധാനസ്ഥാനം

മഹേന്ദ്രനും അർഹിക്കുന്നുണ്ടു്. പണ്ഡിത മദനമോഹന മാളവ്യ, സർ തേജ്ബഹദൂർ സപ്രു എന്നീ നേതാക്കന്മാരുടെ സംയുക്ത പരിശ്രമത്തിൽ "മത്രാ" എന്ന ഗ്രാമത്തിൽ ഒരു ദേശീയ വിദ്യാമന്ദിരം സ്ഥാപിതമായി.

1911-ൽ മഹേന്ദ്രൻ രണ്ടാമത്തേപ്രാവശ്യം യൂറോപ്പിലേയ്ക്കു തിരിച്ചു. അദ്ദേഹം അവിടെയുള്ള മിക്ക സർവകലാശാലകളും സന്ദർശിച്ചു്, പല നൂതനാശയങ്ങളും സമ്പാദിച്ചു. സാഹിത്യപരമായുള്ളതിനേക്കാൾ, സാങ്കേതികമായ വിദ്യാഭ്യാസമാണു് ഇന്നത്തെ ഭാരതീയനു് ഏറെ ആവശ്യമെന്നു് അദ്ദേഹം മനസ്സിലാക്കി. 1913-ൽ 'നിർബൻ സേവക്സംഘം' എന്നൊരു സംഘടന ദരിദ്രരും അവശരുമായ ആളുകളുടെ സേവനാർത്ഥം അദ്ദേഹം സൃഷ്ടിച്ചു. പ്രസ്തുത സംഘടനയുടെ ഫലപ്രദമായ പുരോഗമനത്തിനു് മോട്ടിലാൽ നെഹ്റു തുടങ്ങിയുള്ളവർ വളരെ ശ്രമിച്ചിട്ടുണ്ടു്.

1914-ൽ അദ്ദേഹം പത്രപ്രവർത്തനത്തിലേർപ്പെട്ടു. ഹിന്ദിയിലും, ഉർദുവിലും ഓരോ മാസിക, അദ്ദേഹത്തിന്റെ സുശിക്ഷിതമായ നേതൃത്വത്തിൽ പുറത്തുവന്നു. പക്ഷേ അല്പദിവസത്തേക്കു മാത്രമേ അവയ്ക്കു ജീവിക്കുവാൻ കഴിഞ്ഞൊള്ളു. ബ്രിട്ടീഷ് ജനതയുടെ നേർക്കു് തൊടുത്തിവിട്ട നിശിതമായ നിരൂപണങ്ങൾ ലക്ഷ്യത്തിൽ തറച്ചു് മുറിവുണ്ടാക്കി. മാസികകളുടെ പ്രസിദ്ധീകരണം "Defence of India Act" പ്രകാരം തടയപ്പെട്ടു. അതിനു് ഗവർമ്മെൻറു് നൽകിയ സമാധാനം ഇതായിരുന്നു. "മി: മഹേന്ദ്രപ്രതാപ് ജർമ്മനിക്കു് അനുകൂല

മായി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. ഒരു ശത്രു രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന പത്രങ്ങളെ തടയുക എന്നുള്ളതു് രാജ്യതന്ത്രജ്ഞതയുടെ പ്രഥമപാഠംമാത്രമാണു്." ഇതിനെപ്പററി മഹേന്ദ്രപ്രതാപിനുള്ള അഭിപ്രായം കൂടി ചേർക്കുന്നതു് ഉചിതമാകുമെന്നു് വിചാരിക്കുന്നു. "ആത്മാർത്ഥതയെ മുൻനിറുത്തി ഞാൻ പത്രങ്ങളിൽ കൂടി പ്രവർത്തിച്ചു. അധീശഗവർമ്മെൻറു് നമ്മോടു് കാണിച്ചിട്ടുള്ള നയത്തെ, അതിൻെറ നഗ്നരൂപത്തിൽ വെളിപ്പെടുത്തുവാൻ ഞാൻ ശ്രമിച്ചു. അതുകൊണ്ടു് ജർമ്മനിയുടെ ഒററുകാരനായി ലേബിലൊട്ടിച്ചു്, ലോകസമക്ഷം എന്നെ അവർ അവതരിപ്പിക്കുകയും ചെയ്തു."

ഒന്നാംലോകയുദ്ധം 1914-ൽ ആരംഭിച്ചു. അതിന്റെ പ്രത്യാഘാതങ്ങൾ ഭാരതത്തിലുണ്ടായി. ബ്രിട്ടീഷ്കാർക്കു് എതിരായി പ്രവർത്തിക്കുവാൻ മഹേന്ദ്രൻ മടിച്ചില്ല. ഷേക്കു്-ഉൽ-ഹിൻഡു്, മൗലാനാമഹമ്മദ്-ഉൽ-ഹസ്സൻ മൗലാനാഒബിദുള്ളാസിന്ധി, രാജമഹേന്ദ്രപ്രതാപ് എന്നീ നേതാക്കന്മാർ ഒത്തുചേർന്നു് ഒരു "Anti British campaign". രൂപീകരിച്ചു. മൗലാനാ ഒബിദുള്ളാ സിന്ധിയെ അവരുടെ പ്രതിനിധിയായി അഫ്ഗാനിസ്ഥാനിലേക്കു അയച്ചു. അമീർഹബിബുള്ളായെ ബ്രിട്ടീഷുകാർക്കെതിരായി പ്രക്ഷോഭണം നടത്തുന്നതിനു് പ്രേരിപ്പിക്കാൻ. ദൗത്യം ഫലിച്ചു അഫ്ഗാനികൾ ഇളകി. ബ്രിട്ടീഷ്കാരൻ അമ്പരന്നു പക്ഷെ അവൻെറ മനസ്ഥൈര്യം അവനെ രക്ഷിച്ചു. പ്രക്ഷോഭണകാരികൾ നിർദ്ദയം ശിക്ഷിക്കപ്പെട്ടു. നേതാക്കന്മാർ അറസ്റ്റിലായി. മഹേന്ദ്രപ്ര

താപൻ ഇന്ത്യയിൽ നിന്നും അപ്രത്യക്ഷനായി. അതൊരത്ഭുത സംഭവമായിരുന്നു. ഇതിനെപ്പററി മഹേന്ദ്രപ്രതാപിന്റെ വാക്കുകൾ തന്നെ ഉദ്ധരിച്ചുകൊള്ളട്ടെ.!

"ഞങ്ങളുടെ ശ്രമം പരാജയപ്പെട്ടു. ഷെക്ക് ഉൽഹിൻഡും, ഹസ്സനും മാൾട്ടായിൽ വച്ച് തടങ്കലിലായി. ഞാനല്പമൊന്നു പരിഭ്രമിച്ചു. വെള്ളക്കാരനു പിടികൊടുക്കുകയില്ലെന്നു് ഞാൻ ദൃഢനിശ്ചയംചെയ്തു. ഒരു പത്താനിയുടെ വേഷത്തിൽ ഞാൻ ഇന്ത്യവിട്ടു; അഫ്ഗാനിസ്ഥാനിൽ എത്തിച്ചേർന്നു. അല്പദിവസത്തെ താമസത്തിനുശേഷം കരമാർഗ്ഗം ഞാൻ ബർലിനിൽ എത്തി. ജനീവയിൽ വച്ചു ലാലാ ഹൃദയലാൽ, കൃഷ്ണവർമ്മ ഷാംജി എന്നീ ഭാരതീയർ എന്നെ സ്വീകരിച്ചു. ജനീവയിൽ നിന്നും സരോജനീനായിഡുവിന്റെ സഹോദരനായ വീരേന്ദ്രനാഥചട്ടോപാദ്ധ്യായ എന്നെ ബർലിനിലേക്കു കൂട്ടിക്കൊണ്ടുപോയി. ഭാരതീയരെപ്പററി വലിയ ഉൽക്കണ്ഠ ജർമ്മനിയിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. ഞാൻ, ചക്രവർത്തി, 'കൈസർ വിൽഹെമി'ന്റെ മുമ്പിൽ ആനയിക്കപ്പെട്ടു. ആ കൂടിക്കാഴ്ച ഏററവും ഹൃദയംഗമമായിരുന്നു; ഞങ്ങൾ ഇരുപതുമിനിട്ടോളം പലകാര്യങ്ങളെകുറിച്ചു സംസാരിച്ചു. അദ്ദേഹം എനിക്ക് ഇരിക്കാൻ ഒരാസനം നൽകി. പക്ഷെ ഞാനതു സ്വീകരിക്കാൻ മടിച്ചു. തന്നിമിത്തം ചക്രവർത്തിയും ഇരുന്നില്ല. ......ഞാനൊരു സംഗതി അദ്ദേഹത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. ഇൻഡ്യാക്കാരോട്ട് ആത്മാർത്ഥമായ അനുഭാവമുണ്ടെന്നു് എനിക്കു വ്യക്തമായി മനസ്സിലാക്കുവാൻ ഇടയായി.

നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ ജമ്മനിയുടെ സഹായം കൈസർ ചക്രവത്തി വാഗ്ദാനം ചെയ്തു."

ജമ്മനിയിലെ രണ്ടുമാസത്തെ താമസത്തിനുശേഷം അദ്ദേഹം വീണ്ടും അഫ്ഗാനിസ്ഥാനിൽ വന്നുചേന്നു. അമീർ അബീബുള്ള അദ്ദേഹത്തിന് രാജോചിതമായ സ്വീകരണം നൽകി. അവിടെവച്ച് ആദ്യത്തെ ഇന്ത്യൻ പ്രൊവിഷണൽ ഗവമ്മെൻറ് അദ്ദേഹം സ്ഥാപിച്ചു. അഫ്ഗാനിസ്ഥാൻ, പെർഷ്യ, പെഷവാർ എന്നിവിടങ്ങളിൽ ഭാരതീയർ ആ ഗവമ്മെന്റിന്റെ കൊടിക്കീഴിൽ അണിനിരന്നു. എന്നാൽ വിധി വീണ്ടും അദ്ദേഹത്തിന്റെ ലക്ഷ്യത്തെ തകർത്തുകളഞ്ഞു. യൂറോപ്പിൽ ജമ്മനി ഐക്യശക്തിക്ക് കീഴടങ്ങിയതോടുകൂടി പ്രതാപന്റെ ഗവമ്മെൻറും നാമാവശേഷമായി. അദ്ദേഹം അഫ്ഗാനിസ്ഥാനിൽ നിന്നും റഷ്യയിലേക്ക് പിന്മാറി.

III

1918-ൽ സോവിയററ് ഗവമ്മെൻറ് പ്രതാപനെ അതിഥിയായി സ്വീകരിച്ചു. റഷ്യനതിത്തിയിൽ നിന്നും ഒരു സ്പെഷ്യൽ ട്രെയിൻവഴി അദ്ദേഹം പിട്രോഗ്രാവിലെത്തി. അദ്ദേഹത്തിന്റെ സ്വീകരണാത്ഥം നൽകിയ വിരുന്നുസൽക്കാരവേളയിൽ റഷ്യൻപ്രതിനിധി പ്രൊഫസർ ട്രോസ്ക്കി ഇങ്ങനെ പറയുകയുണ്ടായി. "ഞാൻ മി: മഹേന്ദ്രനെ എന്റെ രാജ്യത്തേക്ക് സ്വാഗതം ചെയ്യുന്നു. അദ്ദേഹം ഒരു അടിയുറച്ച സ്ഥിതിസമത്വവാദിയാണ്.

ഇൻഡ്യയിലെ 350-ലക്ഷം സ്ഥിതിസമത്വവാദികളുടെ പ്രതിനിധിയായി അദ്ദേഹത്തെ വീക്ഷിക്കാനിടവന്നതിൽ ഞാനും, എന്റെ രാജ്യവാസികളും, ഹാർദ്ദവമായി സന്തോഷിക്കുന്നു.”

രഷ്യയിലെ തൻെറ താമസത്തെക്കുറിച്ച് അദ്ദേഹത്തിൻെറ അഭിപ്രായമിതാണ്. “സ്ഥിതിസമത്വവാദത്തെപ്പററി ചിന്തിക്കുകയും, പ്രസംഗിക്കുകയും ചെയ്തിരുന്ന ഞാൻ വാസ്തവികജീവിതത്തിൽ ആ വാദം പ്രായോഗികമായിക്കണ്ടതു് രഷ്യയിലാണ്. ശ്മശാനത്തിലേക്കെറിയപ്പെട്ട മുതലാളിത്വ ദുഷ്പ്രഭുത്വവും, തുരുമ്പിച്ചുതുടങ്ങിയ സാമ്രാജ്യവാദവും, ഇനി ലോകത്തിനു് ആവശ്യമില്ല. മാനവസമുദായത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തെ തടഞ്ഞുനിറുത്താമെന്നുള്ള മോഹം വനരോദനമായി കലാശിക്കുകയേ ഉള്ളൂ.”

1920-ൽ രഷ്യൻ ദൗത്യസംഘത്തിൻെറ പ്രസിഡണ്ടായി അദ്ദേഹം അഫ്ഗാനിസ്ഥാനിലേക്കയയ്ക്കപ്പെട്ടു. ഭരമേല്പിച്ച കൃത്യം നിസ്തുലമായ സാമർത്ഥ്യത്തോടെ അദ്ദേഹം നിറവേററി. ഈ അവസരത്തിൽ മഹേന്ദ്രനെക്കുറിച്ച് ‘ലെനിൻ’ പുറപ്പെടുവിച്ച പ്രസ്താവനകൂടി അറിഞ്ഞിരിക്കേണ്ടതാണ്. “മി. പ്രതാപനെ രഷ്യൻ പ്രതിനിധിയായി അഫ്ഗാനിസ്ഥാനിലേക്കയച്ചതിൽ ഇംഗ്ലണ്ടു മുതലായ രാജ്യങ്ങൾക്കുള്ള അതൃപ്തി അടിസ്ഥാനരഹിതമാണെന്നു് അറിയിച്ചുകൊള്ളട്ടെ. മി. പ്രതാപ് ഒരിൻഡ്യനാണെന്നു് ഞാൻ സമ്മതിക്കുന്നു. പക്ഷേ അദ്ദേഹം ഒരു തികഞ്ഞ സ്ഥിതിസമത്വവാദികൂടിയാണ്. ഒരു സോ-

ഷ്യലിസ്റ്റിന് റഷ്യനെന്നോ ഇൻഡ്യനെന്നോ ഉള്ള രാഷ്ട്രഭേദം ഇല്ല. അവൻ ഒരു സോഷ്യലിസ്ററു് ലോകവ്യവസ്ഥിതിക്കുവേണ്ടി ജീവിക്കുന്നു. ഈ തത്വം നല്ലപോലെ മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ഞാൻ മി. പ്രതാപനെ അഫ്ഗാനിസ്ഥാനിലേക്കു നിയോഗിച്ചതു്."

അദ്ദേഹത്തിൻെറ അടുത്ത പരിപാടി അമേരിക്ക സന്ദർശിച്ചു് ഇൻഡ്യക്കാരുടെ ദയനീയസ്ഥിതി അവരെ പറഞ്ഞു മനസ്സിലാക്കുകയായിരുന്നു. പക്ഷേ പെട്ടെന്നുണ്ടായ സുഖക്കേടു നിമിത്തം ആ യാത്ര മാററിവയ്ക്കേണ്ടിവന്നു. പൂർണ്ണസുഖം പ്രാപിച്ചതിനുശേഷം അദ്ദേഹം റഷ്യയിൽ നിന്നും ഫ്രാൻസിലെത്തി. അവിടത്തെ വിദേശ കാര്യാലയത്തിൽ ചെന്നു് പാസ്പോർട്ടിനപേക്ഷിച്ചപ്പോൾ അധികാരികൾ നൽകിയ മറുപടി ഇതായിരുന്നു. "മി. പ്രതാപ് കഴിഞ്ഞ യുദ്ധത്തിൽ നിങ്ങൾ ഫ്രാൻസിനെതിരായി പ്രവത്തിച്ചിട്ടുണ്ടു്. അതുകൊണ്ടു് നിങ്ങളെ സഹായിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല."

പ്രതാപൻെറ അഭിമാനം ക്ഷതപ്പെട്ടു. അദ്ദേഹം കോപാകുലനായി മറുപടി പറഞ്ഞു. "വീണ്ടുമൊരു യുദ്ധമുണ്ടാവുകയാണെങ്കിൽ ഇനിയും ഞാനങ്ങനെ തന്നെ പ്രവത്തിക്കും. സാത്താൻ തന്നെ ബ്രിട്ടീഷുകാർക്കെതിരായി യുദ്ധം ചെയ്യുകയാണെങ്കിൽ പോലും, ഞാൻ അവൻെറ (സാത്താൻെറ) ഭാഗം ചേരുകയേ ഉള്ളൂ."

റഷ്യൻ ഗവൺമെൻറിൻെറ സഹായത്താൽ അദ്ദേഹത്തിനു് പാസ്പോർട്ടു ലഭിച്ചു. 1922 നവംബറിൽ

അദ്ദേഹം ടോക്കിയോവിലെത്തി. അടുത്ത അഞ്ചുമാസ ക്കാലം ജപ്പാനിൽ ഇൻഡ്യാക്കാർക്കുവേണ്ടി പ്രചരണ വേല നടത്തി. 1924-ൽ അദ്ദേഹത്തിന്റെ കീഴിൽ ഒരു സിക്കുപട്ടാളം രൂപീകൃതമായി. ടിബെററൻ പീഠഭൂമി വഴി ഇൻഡ്യയിലേയ്ക്കു കടക്കുവാനുള്ള ഒരു എളുപ്പമാർഗ്ഗം കണ്ടുപിടിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ അനന്തര ശ്രമം. പക്ഷേ ശ്രമം പൂർത്തിയാകുന്നതിനു മുമ്പേ അതിൽ നിന്നും വിരമിക്കേണ്ടിവന്നു; 1926-ൽനഗസാക്കിയിൽ വച്ചു് നടന്ന 'പാൻ ഏഷ്യാററിക് കാൺഫറൻസിൽ" സംബന്ധിക്കുവാനുള്ള ക്ഷണം സ്വീകരിച്ചതുനിമിത്തം.

ഈ സന്ദർഭത്തിൽ, ഡാക്ടർ സെയ്യദ്ഹുസയിനു മായി സൗഹാർദ്ദബന്ധത്തിലേർപ്പെടുവാൻ അദ്ദേഹ ത്തിനു കഴിഞ്ഞു. സെയ്യദ്ഹുസയിൻ അക്കാലത്തു് അമേ രിക്കയിലെ ഒരു പ്രസിദ്ധ പത്രത്തിലെ ലേഖകനായി ജോലി നോക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ക്ഷണപ്ര കാരം മഹേന്ദ്രൻ അമേരിക്കയിലേയ്ക്കു യാത്രയായി. രണ്ടു കൊല്ലത്തെ താമസത്തിനുശേഷം അദ്ദേഹം ജപ്പാനിൽ വീണ്ടും വന്നു. അദ്ദേഹം രൂപീകരിച്ച സിക്കു പട്ടാളത്തെ "ആര്യൻ ആർമി" എന്ന പുതിയ നാമധേയത്തിൽ പുനഃസംഘടിപ്പിച്ചു. സൈന്യ രൂപീകരണത്തിൽ മഹേന്ദ്രനു് ജപ്പാൻ ഗവണ്മെൻറിൽ നിന്നും പറയത്തക്ക യാതൊരു സഹായവും ലഭിച്ചിരുന്നില്ല. റാഷ്ബിഹാരി ബോസ്സ് അന്നു് ടോക്കിയോവിലുണ്ടായിരുന്നു. ജപ്പാന്റെ ദയാദൃഷ്ടി കൂടുതലായി പതിഞ്ഞതു് അദ്ദേഹത്തിലായിരുന്നു.

IV

രണ്ടാം ലോകയുദ്ധവും പൊട്ടിപ്പുറപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യസമ്പാദനാൎത്ഥം റാഷ്ബിഹാരി ഒരു(Provisional Indian Army) സംഘടിപ്പിച്ചു. ജപ്പാൻകാരനിൽ മതിയായ വിശ്വാസമില്ലായിരുന്ന മഹേന്ദ്രൻ ഈ സൈന്യരൂപീകരണത്തിന് എതിരായിട്ടാണ് പ്രവൎത്തിച്ചതു്. ജപ്പാൻെറ അതൃപ്തിക്ക് അദ്ദേഹം പാത്രമായി. തൻമൂലം ടോക്കിയോ നഗരാതിൎത്തിക്കു വെളിയിലുള്ള തൻെറ ഗൃഹത്തിൽ യുദ്ധാവസാനംവരെ ഒരു തടങ്കൽപുള്ളിയായി അദ്ദേഹത്തിനു കഴിയേണ്ടിവന്നു. ആയ്യർ ആർമി ഐ. എൻ. ഏ. യുടെ ഒരു വിഭാഗമായി രൂപാന്തരപ്പെട്ടു.

തന്നെ ഇൻഡ്യയിലേയ്ക്കു വരാൻ അനുവദിക്കണമെന്ന് അദ്ദേഹം ബ്രി: ഗവൺമെൻറിനോട്ട് അപേക്ഷിച്ചു. പ്രതാപനെ ഒരിൻഡ്യൻ പൗരനാക്കി പരിഗണിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ അപേക്ഷ നിരാകരിച്ചിരിക്കുന്നതായി ഗവൺമെൻറ് അദ്ദേഹത്തെ അറിയിച്ചു. മി: സ്റ്റാഫോർഡ് ക്രിപ്സ് ഇൻഡ്യയിൽ വന്നപ്പോൾ തൻെറ അപേക്ഷ പുനരുജ്ജീവിപ്പിച്ചുകൊണ്ടു് അദ്ദേഹത്തിന് ഒരു കത്തെഴുതി. അതിൻെറ ഫലമായി 1946-ആഗസ്റ്റിൽ ഇൻഡ്യയിലേക്കു വരുവാനുള്ള സകല അവകാശങ്ങളും അദ്ദേഹത്തിന് നൽകപ്പെട്ടു.

V

രാജാ മഹേന്ദ്രപ്രതാപൻ ഇന്നു നമ്മുടെ മദ്ധ്യത്തിലാണ്. നയിക്കുവാനോ, നയിപ്പിക്കുവാനോ? അതാണിനിയുള്ള പ്രശ്നം.

പണ്ഡിത ജവഹരിലാൽ ഒരിക്കൽ പറഞ്ഞു "മി: പ്രതാപനെ കാര്യമായി ഗണിക്കുവാൻ പ്രയാസമാണെന്ന്." അദ്ദേഹം ഇപ്പോഠം എന്തു പറയുമോ എന്തോ?

വയസ്സ് അറുപതിനോടടുത്തെങ്കിലും പ്രതാപൻ ഇന്നും ഒരു യുവാവാണു്. കാക്കി യൂണിഫോറവും, ജപ്പാനീസ് ഷൂസും, ഇൻഡ്യൻ ഓവർക്കോട്ടും അദ്ദേഹത്തിനു് ഒഴിച്ചുകൂടുവാൻ വഹിയാത്ത വസ്ത്രോപകരണങ്ങളാണു്. ഓവർകോട്ടിൽ 'W' എന്ന അക്ഷരം വലുതായി സ്വർണ്ണനൂൽ കൊണ്ടു് തുന്നി പിടിപ്പിച്ചിരിക്കും. ഒരു പുതിയ ലോകവ്യവസ്ഥിതിക്കു വേണ്ടി (A new World Order) അതു് നിലകൊള്ളുന്നു എന്നാണു് അദ്ദേഹം പറയാറുള്ളതു്.

1926-ൽ നെഹറു സ്വിററ്സർലണ്ടിൽ വച്ചു പ്രതാപനെ സന്ദർശിച്ചപ്പോഠം ഒരു രസകരമായ സംഭാഷണം നടന്നു. പ്രതാപൻ ധരിച്ചിരുന്ന കോട്ടിന്റെ പോക്കറ്റുകഠം സഹിക്കുവാൻ വഹിയാത്ത ഭാരം കൊണ്ടു് പുറത്തേക്കു ഉന്തി നിൽക്കുന്നതു കണ്ടു് അവയ്ക്കുള്ളിൽ എന്താണെന്നു് നെഹറു ചോദിച്ചു. ഒരു ചെറു ചിരിയോടുകൂടി പ്രതാപൻ പോക്കറ്റിലുണ്ടായിരുന്ന സാമാനങ്ങഠം വെളിയിലേക്കിടുവാൻ തുടങ്ങി. കൈസർ ചക്രവത്തി, മോട്ടിലാൽ നെഹറു, ലോയിഡ്‌ഡലൽമിയാ, എന്നിവരുടെ ഫോട്ടോകഠം, കുറെ എഴുത്തുകഠം, ഇൻഡ്യാ ഭൂഖണ്ഡത്തിന്റെ മൂന്നു നാലു പടങ്ങഠം എന്നിവയായിരുന്നു അവ. ചിരിച്ചുകൊണ്ടു നെഹറു പറഞ്ഞു "പ്രതാപ്! നിങ്ങഠം ഒരു ഭൂഗർഭശാസ്ത്രജ്ഞനായി തീരേണ്ടിയിരുന്നു!"

പുറത്തേക്കിട്ട സാധനങ്ങൾ അകത്താക്കുന്നതിലേർപ്പെട്ടിരുന്ന പ്രതാപൻ മറുപടി നൽകി. "മി: നെഹറു! ചിരിച്ചു തള്ളിക്കളയേണ്ട. എന്റെ ജീവനേക്കാൾ ഭദ്രമായി ഞാനിവയെ സൂക്ഷിക്കുന്നു. ഞാൻ അഫ്ഗാനിസ്ഥാനിലായിരുന്നപ്പോൾ വിലപിടിച്ച ഏതാനും പ്രമാണങ്ങൾ കൈമോശം വന്നുപോയി. അന്ന് മുതൽക്കാണ് ഈ വിദ്യ ഞാൻ പരിശീലിച്ചുതുടങ്ങിയത്." രണ്ടുപേരും വീണ്ടും പൊട്ടിച്ചിരിച്ചു.

VI

"സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അന്ത്യസമരം അതാണ് നമ്മുടെ അടുത്ത പരിപാടി." മഹേന്ദ്രന്റെ വാക്കുകളെത്തന്നെ വീണ്ടും ഉദ്ധരിക്കുന്നു. ആ സമരത്തിൽ രക്തത്തിന് പ്രാമാണ്യം നൽകാതിരിക്കട്ടെ.

ലോകമാകെ പുതിയ ഒരു വ്യവസ്ഥിതിക്കുവേണ്ടി അക്ഷമയോടെ കാത്തിരിക്കുന്ന ഒരു സന്ദർഭമാണിത്. ഭാരതീയൻ ഒരിടക്കാലഗവമ്മേൻറുകൊണ്ടുമാത്രം തൃപ്തനാവുകയില്ല. ഇതുവരെ നടന്ന രക്തച്ചൊരിച്ചിലിന്നു, ഒരിടക്കാലഗവമ്മേൻറുകൊണ്ട് മാപ്പുകളയാം എന്ന് അധീശഗവമ്മേൻറ് ആശിക്കേണ്ട. സ്വാതന്ത്ര്യം—മനുഷ്യനായി ജീവിക്കുവാനുള്ള സ്വാതന്ത്ര്യം—അതിനുവേണ്ടി നേതാജി ശ്രമിച്ചു. ഫലപ്പെട്ടില്ല. പ്രതാപ് ശ്രമിച്ചു: ഫലപ്പെട്ടില്ല. പണ്ഡിതജി ശ്രമിക്കുന്നു. രാജാമഹേന്ദ്രനെപ്പോലെയുള്ള നേതാക്കന്മാർ അവരുടെ സഹായഹസ്തം പണ്ഡിതജിക്ക് നീട്ടികൊടുക്കട്ടെ!

അച്യുത് പട് വർദ്ധൻ

★

ആഗസ്റ്റ് വിപ്ലവത്തിലെ അജിതവിക്രമൻ

ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിൻെറ പിന്നിൽ വെളിച്ചം തട്ടിയിട്ടില്ലാത്ത ഒരു ചരിത്രമുണ്ട്. പല ദേശാഭിമാനികളുടെ ചുടുനിണംകൊണ്ടു് വിരചിച്ച ഒരു ചരിത്രം. കാൺഗ്രസ്സ് മാത്രമാണ് ഇന്നു് ഭാരതീയരുടെ ഏകരാഷ്ട്രീയ സംഘടന. അതിന്നുവേണ്ടി, നിശബ്ദരായി മരണം വരിച്ച അനേകലക്ഷം ഭാരതീയരുടെ ആത്മാക്കൾ അതിൻെറ പുരോഗതിയെ ഇന്നു ആകാംക്ഷയോടെ ഉററുനോക്കുകയാണ്. അഹിംസാതത്വം ഒരു മൂടുപടം മാത്രമല്ലേ? മരിച്ചവരുടെയും ജീവിക്കുന്നവരുടേയും ആത്മാക്കൾ ഈ സംശയം ആവർത്തിക്കുകയാണ്. സുപ്രസന്നമായ ഒരു ഭാവിയിലേക്കു് രാഷ്ട്രം പുരോഗമിക്കണമെങ്കിൽ ആ ചരിത്രത്തിൻെറ രഹസ്യം മുഴുവൻ കാൺഗ്രസ്സ് വെളിപ്പെടുത്തട്ടെ.

ചരിത്രം വീണ്ടും ആവർത്തിക്കപ്പെട്ടു. 1942 ആഗസ്റ്റ് മാസം രാഷ്ട്രത്തിൽ വീണ്ടുമൊരഗ്നിപർവതം പൊട്ടി. അച്യുത് പട് വർദ്ധൻ രംഗത്തു് പ്രവേശിച്ചു.

I

'വിപ്ളവത്തിൽ നിന്നും വീണ്ടും വിപ്ളവത്തിലേക്ക്, അതാണദ്ദേഹം നമുക്കു് കാണിച്ചുതന്നതു്.' പ്രസം

ഗത്തിൻെറ പരിധിയിൽ നിന്നും പ്രവൃത്തികളുടെ അനന്തതയിലേക്ക്, അതാണഭ്ദേഹത്തിൻെറ ആദർശം. ആ നാമധേയം ഉച്ചരിക്കപ്പെടുമ്പോൾ യുവഭാരതം വെമ്പൽ കൊള്ളുന്നു; അടിമച്ചങ്ങല പൊട്ടിച്ച് സ്വാതന്ത്ര്യം നേടുവാൻ ഭാരതത്തിന് ജീവിക്കണം; അഭിമാനത്തോടെ. നമിക്കുവാനും നമിപ്പിക്കുവാനും ഭാരതത്തിനറിയാം. വാളിനെതിരേ വാളെടുക്കുകയെന്നതു് ഭാരതത്തിനു പുത്തരിയല്ല. ഒരു പൊട്ടിത്തെറിക്കൽ; അതടുത്തുകഴിഞ്ഞു. ജീവിക്കുവാനുള്ള സ്വാതന്ത്ര്യം ഒരു രാഷ്ട്രത്തിൻെറ മാത്രം കുത്തകയല്ലെന്നു് ഭാരതം കണ്ടുകഴിഞ്ഞു.

1942 ലെ വിപ്ലവം രാഷ്ട്രീയാന്തരീക്ഷത്തെ ഇളക്കി മറിച്ചു. പ്രാവിൻസിനു പുറമേ പ്രാവിൻസുകൾ പ്രക്ഷോഭണത്തിൻെറ പിടിയിലമർന്നു. പല്ലിളിച്ചുകാട്ടിയ മരണത്തെ ജനങ്ങൾ പുഞ്ചിരിയോടെ സ്വീകരിച്ചു. ബ്രിട്ടീഷ്കാർ അമ്പരന്നു് അന്യോന്യം നോക്കി. ഗാന്ധിജി മുന്നണിയിൽ വന്നു; ഒരു പിൻവാങ്ങലിലുള്ള അഭിമാനത്തോടെ സിവിൽ നിയമലംഘനം പിൻവലിക്കപ്പെട്ടു. വീണ്ടും ശാന്തത—പക്ഷേ—അതു് ഒരു കൊടുങ്കാററിനു് മുന്നിലുള്ള ഒരു ശാന്തതയായിരുന്നില്ലേ?

താൽക്കാലികമായി അന്തരീക്ഷം തെളിഞ്ഞു. അവിടെ ഒരു രക്തരേഖ മിന്നി. "അച്ച്യുത് പട്വർദ്ധൻ ആഗസ്ററു വിപ്ലവത്തിലെ അജിത വിക്രമൻ"

II

പട്വർദ്ധൻെറ ജീവിതം അന്നാണാരംഭിച്ചതു്. ഗവമ്മെൻറിനു നേരേ അഭിമാനത്തോടെ അദ്ദേഹം തല

ഉയത്തി. അതുകൊണ്ടു് അദ്ദേഹം വിപ്ളവകാരിയാണ് പോലും. രാജ്യത്തിനുവേണ്ടി പടനിലത്തിറങ്ങിയതു രാജദ്രോഹമായി: പോലും!—വിധികത്താക്കളുടെ ആത്മാത്ഥത!

ഭാരതീയനു്, അഭിമാനത്തിൻെറ മുമ്പിൽ ജീവൻ പോലും നിസ്സാരമാണെന്നു് അദ്ദേഹം തെളിയിച്ചു. തനിക്കു് അറസ്ററ് വാറണ്ടുണ്ടെന്നറിഞ്ഞപ്പോഠം അദ്ദേഹം അമ്പരന്നില്ല. സ്വയം അറസ്ററു വരിക്കാൻ തയ്യാറാകുകയും ചെയ്തില്ല. ഒന്നുപൊട്ടിച്ചിരിക്കുകമാത്രം ചെയ്തു. പൊട്ടിച്ചിരിക്കുവാൻ മാത്രം പയ്യാപ്തമായവാത്ത!

അദ്ദേഹത്തിൻെറ ആത്മാവു് വിജൃംഭിച്ചു. അഭിമാനം ക്ഷതപ്പെട്ടതുപോലെതോന്നി. ഒരു പ്രഭാതത്തിൽ ആ വിധികത്താക്കഠം പ്രസ്താവിച്ചു. “പട്വർദ്ധൻഭൂഗർഭത്തിലേക്കു് ഓടി ഒളിച്ചു. അയാളെ പിടിച്ചേല്പിക്കുന്നവക്കു് നല്ല സമ്മാനം” എന്നു്.

ദിനങ്ങഠം മുന്നോട്ടുപോയി. പോലീസ് നാടാകെ വലയിട്ടരിച്ചു. ഇതിനിടയിൽ പട്വർദ്ധൻ അവരുടെ മുൻപിൽക്കൂടി പലതവണ കടന്നുപോകയും ചെയ്തു.

ഒരിക്കൽ തൻെറ ഭൂഗർഭവാസത്തിനിടക്കു് ബാംബയിലെ മലിനമായ ഒരു തെരുവിൽ താമസിക്കേണ്ടിവന്നു. തനിക്കും സഹപ്രവത്തകരായ മററു മൂന്നുപേക്കും കൂടി താമസത്തിന്നു് ഒരു ചെറിയ മുറി മാത്രമാണു് കിട്ടിയതു്. മുറിവിട്ടു വെളിയിലിറങ്ങാതെ അനവധിനാഠം അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. കൂട്ടുകാരെ ഓരോ ജോലി ഭാരമേല്പിച്ചു പട്ടണത്തിലേക്കു നിയോഗിക്കും. വൈ

കുന്നേരമാകുമ്പോൾ അന്നത്തേക്കുള്ള ആഹാരവുമായി അവർ മടങ്ങിയെത്തും. ഒരു ദിവസം, ജോലികഴിഞ്ഞു് അവർ താമസസ്ഥലത്തുവന്നപ്പോൾ, തങ്ങളുടെ വസ്ത്രമെല്ലാം നനച്ച് ഇട്ടിരിക്കുന്നതായും ആഹാരം പകന്നു് യഥാസ്ഥാനങ്ങളിൽ വച്ചിരിക്കുന്നതായും കണ്ടു. അവർ അതിശയിച്ചു്, അദ്ദേഹത്തോടു ചോദിച്ചു. "ബാബു! ഇതെന്താണു്"? ഒരു നേതാവിൻെറ ദൃഢസ്വരത്തിൽ അഭിമാനപൂർവ്വം അദ്ദേഹം പറഞ്ഞു. "ഞാനും മനുഷ്യനാണു്".

1942 ആഗസ്ററു മുതൽ 1946 ഏപ്രിൽ വരെ യഥാർത്ഥത്തിൽ ഗവൺമെൻറും പട്വർദ്ധനുമായി ഒരു സമരം നടക്കുകയായിരുന്നു. അധീശശക്തിയെ പാവകളിപ്പിക്കുവാൻ വേണ്ട സാമർത്ഥ്യമുള്ള ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു പട്വർദ്ധൻ. അദ്ദേഹത്തിന്നു് ഭീമമായ നഷ്ടങ്ങളും, അതിലേറെ കഷ്ടതകളും അനുഭവിക്കേണ്ടിവന്നു. ഇരുപത്തിനാലുമണിക്കൂറും ജീവന്റെ സുരക്ഷിതത്വത്തെപ്പററി ചിന്തിച്ചുനടക്കേണ്ട സന്ദർഭങ്ങളും അദ്ദേഹത്തിനുണ്ടായിട്ടുണ്ടു്. 1943 മേയിൽ ഭൂഗർഭവാസികളുടെ ഒരു ഗൂഢസമ്മേളനം ബോംബയിൽവച്ചു് നടക്കുവാനിടയുണ്ടെന്നു് പോലീസിന്നു് എങ്ങനേയോ അറിവുകിട്ടി. അതിനിഷ്കൃഷ്ടയായി അവർ അന്വേഷണവുമാരംഭിച്ചു. ഇത്തവണ ദൈവം അവരെ അല്പം അനുകൂലിച്ചു. സഹപ്രവർത്തകരായ, സെയിൻഗുരുജി, നാനാസാഹിബു് ഗവുർ, മഹാരാഷ്ട്രത്തിലെ ഭഗവത്സിംഗ്ജായ ഷിരോലിയാമി, പ്രസിദ്ധ കാൺഗ്രസ്സ് സോഷ്യ

ലിസ്റ്റ് എസ്സ്. എം. ജോഷി, എന്നിവർ പോലീസി ൻെറ കൈയ്യിൽ അകപ്പെട്ടു. പട് വർദ്ധൻെറ ജീവിതത്തിൽ ഒരഗ്നിപരീക്ഷണമായിരുന്നു അതു്. സഖാക്കൾ ഓരോരുത്തരായി തന്നിൽനിന്നും മാററപ്പെട്ടു. പക്ഷേ അദ്ദേഹം പരിക്ഷീണനായില്ല

പോലീസിൻെറ മുമ്പിൽ വീണ്ടും ഒരു ചോദ്യചിഹ്നമായി അദ്ദേഹം ഉയന്നു. പോലീസ് ഊജ്ജിതമായി പ്രവത്തിച്ചു. ഓരോ കാറും തടഞ്ഞുനിത്തി. പരിശോധിച്ചു. ഓരോ ഗൃഹവും രഹസ്യമായും പരസ്യമായും കേറിയിറങ്ങി. അതേസമയം പട് വർദ്ധൻ ബാംബെനഗരത്തിൽ പലഭാഗത്തും പ്രത്യക്ഷപ്പെട്ടു; മറഞ്ഞു. ഉത്തരമില്ലാത്ത പ്രശ്നമെന്നപോലെ ആ മാന്ത്രികനായ 'വിപ്ലവകാരി' ഈ ഏപ്രിൽവരെ അവരെ വിഷമിപ്പിച്ചു.

III

ധനികനായ പിതാവിൻെറ ധനികനായപുത്രനാണ് അച്ച്യുത്പട് വർദ്ധൻ. നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന മന്ദസ്മിതം! മനസ്സിൻെറ പരിശുദ്ധിയെ വിളിച്ചുപറയുന്ന മുഖഭാവം; ശത്രുമിത്രങ്ങളിൽ ഒരു പോലെയുള്ള ദാക്ഷിണ്യം ഇത്രയും അച്ച്യുതിൻെറ ജന്മാവകാശങ്ങളാണ്. വിദ്യാത്ഥിയായിരിക്കുമ്പോൾതന്നെ രാഷ്ട്രീയകാര്യങ്ങൾ അദ്ദേഹത്തെ ആകർഷിച്ചിരുന്നു. ഹൊ. അച്ച്യുത്! അവൻ വിപ്ലവ്കാരിയാണോ! അന്നൊക്കെ സഹപാഠികൾ അദ്ദേഹത്തെ കളിയാക്കാറുണ്ടായിരുന്നു.

തന്റെ ഭാവിജീവിതത്തിലേക്കുള്ള ഒരു ചുഴിഞ്ഞ നോട്ടമായിരുന്നു ആ വാക്കുകൾ എന്നദ്ദേഹം സങ്കല്പിച്ചിരുന്നോ എന്തോ?

അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായ രാവു പട്‌വർദ്ധൻ കളികളിലും, വ്യായാമത്തിലും അതിതല്പരനായിരുന്നു. അച്യുത് നേരേമറിച്ചും. ജ്യേഷ്ഠന് 'ഹാക്കി' ജീവനാണു്. മിക്ക ദിവസവും കളികഴിഞ്ഞു് വീട്ടിലെത്തുമ്പോൾ സന്ധ്യയാകും, ഓരോ ഒഴിവുകഴിവു പറഞ്ഞു് ജ്യേഷ്ഠൻ അമ്മയെ സമാധാനിപ്പിക്കാൻ ശ്രമിക്കും. "അമ്മേ ജ്യേഷ്ഠൻ ഹാക്കികളിക്കുകയായിരുന്നു. അതാണു് വരാനിത്രതാമസിച്ചതു്". വാസ്തവം അനുജൻ പറയും. വലിയ കളിക്കാർക്കുപോലും ആപത്തു പററിയതായി അമ്മ കേട്ടിട്ടുണ്ടു്. പിന്നെ സ്വന്തം മകന്റെ സ്ഥിതിയോ? അവരിൽ നിന്നുള്ള ശകാരവും ചിലപ്പോൾ പ്രഹരം തന്നെയും ജ്യേഷ്ഠൻ ഏകനായി സഹിക്കേണ്ടിവരും. അതിനുപകരം വീട്ടുന്നതു് രാത്രിയിലാണു്. "അമ്മേ ഇവൻ ദാ പുസ്തകത്തിന്റെ മുകളിലിരുന്നു് ഉറക്കംതൂങ്ങുന്നു" പറച്ചിലും അതോടുകൂടി ചെകിട്ടത്തു് ഒരു നുള്ളും ജ്യേഷ്ഠൻതന്നെ നിർവഹിച്ചുകൊള്ളും.

ഹാ! ജീവിതത്തിലെ മധുരസ്മരണകൾ!

ഗണിത ശാസ്ത്രത്തിൽ അച്യുതിന് അത്ര പിടിപ്പൊന്നുമില്ലായിരുന്നു. പക്ഷേ സംഗീതം—അതു് ആത്മാവിന്റെ പ്രവാഹമാണെന്നാണു് അദ്ദേഹം പറയാറുള്ളതു്. പ്രചോതനാത്മകമായ സംഗീതം, അതൊരു വാ

ഗ്മിയുടെ പ്രസംഗത്തേക്കാൾ മനുഷ്യനെ കൂടുതൽ വി കാരഭരിതനാക്കും. സംഗീതത്തിൽ ലയിക്കുവാനും ലയി പ്പിക്കുവാനുംഅദ്ദേഹത്തിനു കഴിയുമായിരുന്നു. അതില ദ്ദേഹം അഭിമാനം കൊള്ളുകയും ചെയ്തിരുന്നു.

ആനിബസൻറു മദാമ്മയുടെ ശിഷ്യഗണങ്ങളിൽ പ്രധാനനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. സേവന മാണ് അദ്ദേഹത്തിൻെറ ആദർശം. ഇതു പുത്രന്മാൎക്കും പ്രചോദനം നൾകിയിരിക്കണം.

അഹമ്മദ്ബാദിലെ ഒരു പ്രൈവററു വിദ്യാലയ ത്തിൽ നിന്നും, ഈ സഹോദരന്മാർ 'മെട്രിക്കുലേഷൻ' പാസ്സായി. ഉപരി വിദ്യാഭ്യാസാൎത്ഥം, ആനിബസൻറി നാൽ സ്ഥാപിതമായ ബനാറീസ് ഹിൻഡുകാളേജി ലേക്കു് പിതാവ് ഇവരെ നിയോഗിച്ചു. കലാലയ ജീവി തം, ഇവരുടെ കായികമായും മാനസികമായുമുള്ള പുരോ ഗതിക്കു വളരെയേറെ പ്രേരകമായിത്തീൎന്നിട്ടുണ്ടു്. വിദ്യാ ൎത്ഥികളുടെ സവിശേഷമായ ആരാധനയ്ക്കു പാത്രവാന്മാ രായിത്തീൎന്നിട്ടുള്ള ജാർജ്ജ് അരുണ്ഡെൽ, പി. കെ. തിലാക് എന്നിവരുടെ സുശിക്ഷണമായ മേൽനോട്ടത്തി ലാണ് ഇവർ കാളേജ് വിദ്യാഭ്യാസം തുടങ്ങിയതും അവ സാനിപ്പിച്ചതും.

എക്കണോമിക്സ് പ്രൊഫസറായ ഗയാൻ ചന്ദി ൻെറ വസതിയിലാണ് ഇവർ താമസിച്ചിരുന്നതു്. പ്രൊഫസർ ചന്ദിൻെറ ഗൃഹം വിദ്യാൎത്ഥികൾക്കും അ ദ്ധ്യാപകന്മാൎക്കും ഒരു വിഹാരരംഗമായിരുന്നു. വിജ്ഞാന

പ്രദങ്ങളായ വിഷയങ്ങൾ ചർച്ചചെയ്യുക അവിടെ പതിവായിരുന്നു. ഈ സഹോദരന്മാരുടെ ചിന്താഗതിയെ അതു വളരെ പോഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റാവു പട്വർദ്ധൻ, ഇൻറർ യൂണിവേഴ്സിററി വാദപ്രതിവാദമത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി. വാസ്തവത്തിൽ പട്വർദ്ധന സഹോദരന്മാർ കാളേജിന്ന് ഒരു നേട്ടംതന്നെ ആയിരുന്നു.

എം. എ. പാസ്സായതിനുശേഷം അച്യുത് യൂറോപ്പിലേയ്ക്കുപോയി. അല്പകാലത്തെ പര്യടനത്തിനുശേഷം അദ്ദേഹം തിരിച്ചെത്തി. താമസിയാതെ ബനാറീസ് യൂണിവേഴ്സിററിയിൽ എക്കണോമിക്സ് പ്രൊഫസറായി നിയമിക്കപ്പെട്ടു. പ്രക്ഷോഭണകാലംവരെ അദ്ദേഹം ജോലിനോക്കി.

IV

1932-ൽ ഇന്ത്യൻ നാഷണൽ കാൺഗ്രസ്സ് ബ്രിട്ടനെതിരായി സിവിൽനിയമലംഘനം ആരംഭിച്ചു. ജനങ്ങൾ ആയിരക്കണക്കിനു കാൺഗ്രസ്സ്കൊടിക്കീഴിൽ അണിനിരന്നു. സ്ഥിതിഗതികൾ ഗുരുതരമായി. പ്രൊഫസർ തൻെറസ്ഥാനം രാജിവച്ചു; രാഷ്ട്രീയരംഗത്തുപ്രവേശിച്ചു. ബോംബയിൽ ഉമാശങ്കർ ഡിക്സിററിൻെറ നേതൃത്വത്തിൽ പ്രക്ഷോഭണം വിജയപൂർവം മുന്നോട്ടുനീങ്ങി. റാവു പട്വർദ്ധൻ അറസ്ററുവരിച്ചു. വിപ്ലവാത്മകമായ അന്തരീക്ഷംഎവിടെയും ദൃശ്യമായി. ഡിക്സിററി

ൻെറ സഹപ്രവൎത്തകനായ കെ. കൃഷ്ണമേനോൻ കാൺഗ്രസ്സ് ബുള്ളററിൻ പ്രസിദ്ധീകരിക്കാൻ തുടങ്ങി.

"സ്വാതന്ത്ര്യമാണ് എൻെറ ആത്മാവ്; വിപ്ലവമാണ് എൻെറ ആത്മഗീതം" ഈ ആദൎശം ബുള്ളററിൻമുഖേനയുള്ള ഒരു ആഹ്വാനമായിരുന്നു.

പ്രമുഖനേതാക്കന്മാർ അറസ്ററചെയ്യപ്പെട്ടു. ഒരു സാധാരണ തടവുകാരനായി അച്യുത് നാസിക് സെൻട്രൽജയിലിലേയ്ക്കു മാററപ്പെട്ടു.

കത്തുവാൻ തുടങ്ങിയ തീ ആളിക്കത്തുന്നതിനു മുമ്പേ അണഞ്ഞുപോയി—അണച്ചുകളഞ്ഞു. പ്രക്ഷോഭണം പിൻവലിക്കപ്പെട്ടു. കാൺഗ്രസ്സിൻെറ നയം യുവാക്കളെ ആലോചനാമഗ്നരാക്കി. ഇതിനകം അനേകായിരം ജനങ്ങൾ തുറുങ്കിലടയ്ക്കപ്പെട്ടിരുന്നു. അനേകം കുടുംബങ്ങൾ ആശയററു്, വേരററു നിലം പതിച്ചിരുന്നു. താല്ക്കാലികമായ ഈ ഉണൎവിൻെറ ഉദ്ദേശമെന്തായിരുന്നു? അതു് ഒരു കൊള്ളിമീൻ പോലെ മിന്നിമറഞ്ഞു. ഈ ദുരവസ്ഥയ്ക്കു ആരാണുത്തരവാദി? ലെനിൻെറ കീഴിലുള്ള ആ പ്രക്ഷോഭണമല്ലേ ഇന്നു റഷ്യയെ സ്വതന്ത്രയാക്കിയതു്. തുടങ്ങിയതു് മുഴമിക്കാതെ നിറുത്തിയിരുന്നെങ്കിൽ റഷ്യയുടെ നില എന്താകുമായിരുന്നു? അധഃപതിച്ച അടിമത്വത്തിൽ നിന്നും ടൎക്കി ഉയൎന്നതു് കെമാൽപാഷ ആരംഭിച്ച പ്രക്ഷോഭണംകൊണ്ടല്ലേ? എന്തുകൊണ്ടു് ഇന്ത്യാ മാത്രം പിന്നോക്കം നില്ക്കുന്നു? ഇങ്ങനെ ആയിരമായിരം ചോദ്യങ്ങൾ യുവഹൃദയങ്ങളെ മൎദ്ദിച്ചു. 1930

ലെയും 32–ലെയും പ്രക്ഷോഭണങ്ങളെ അവർ വിശക ലനം ചെയ്തു. അവയുടെ പരാജയത്തിനു കാരണം ദേശീ യപ്രബുദ്ധതയുടെ അഭാവമല്ല. സംഘടനയില്ലായ്മയാ ണെന്നു്; ഉണ്ടെങ്കിൽ തന്നെയും സംഘടനയുടെ ബല ഹീനത കൊണ്ടാണെന്നു് തെളിഞ്ഞു.

ജയപ്രകാശ്നാരായണൻ, മസാനി, അശോക് മേത്ത എന്നിവരും നാസിക് ജയിലിലേക്കു് മാററ പ്പെട്ടു. അച്ചുത് തൻെറ അഭിപ്രായഗതികൾ അവരെ അറിയിച്ചു. അവരുടെ ഇടയിൽ നിശിതമായ ഒരു വാ ഗ്വാദം നടന്നു. ഒടുവിൽ അവർ ഒരു തീരുമാനത്തി ലെത്തിച്ചേർന്നു. സോഷ്യലിസ്റ്റ് പാർട്ടി എന്നൊരുപസം ഘടന കാൺഗ്രസ്സിനുള്ളിൽ രൂപവൽകരിക്കുക. അതി നെ പുഷ്ടിപ്പെടുത്തുക. അങ്ങനെ ആ ജയിൽ മുറിക്കു ള്ളിൽവച്ചു കാൺഗ്രസ്സ് സോഷ്യലിസ്ററ് പാർട്ടി രൂപമെടുത്തു

1934–ൽ കാൺഗ്രസ്സ് വർക്കിംഗുകമ്മിററി പാററ്നായിൽ സമ്മേളിച്ചു; നിയമലംഘനം പിൻവലിച്ചു കൊണ്ടുള്ള പ്രമേയം പസ്സാക്കി. അതേസമയം ജയപ്ര കാശൻെറ പരിശ്രമത്തിൽ സോഷ്യലിസ്ററുകളുടെ ആദ്യസമ്മേളനം നടന്നു. ആചാര്യനരേന്ദ്രദേവായിരുന്നു ആദ്ധ്യക്ഷൻ. ആ വർഷം അക്ടോബർമാസം ബാംബെ യിൽ നടന്ന കാൺഗ്രസ്സ് വാർഷികത്തിൽ സോഷ്യ ലിസ്റ്റ് പാർട്ടിക്കൈക്കമാൻഡ് അംഗീകരിക്കുകയും ചെയ്തു.

1936-ൽ ലക്നൗവിൽ വച്ചു പണ്ഡിതജിയുടെ അദ്ധ്യക്ഷതയിൽ കാൺഗ്രസ്സ് വീണ്ടുംകൂടി. ജയപ്രകാശ് നാരായണൻ, ആചാര്യനരേന്ദ്രദേവ്, അച്ചുത്പട് വർദ്ധൻ എന്നിവരെ കാൺഗ്രസ്സ് വർക്കിംഗ്കമ്മിററി അംഗങ്ങളായി സ്വീകരിച്ചു. പട്വർദ്ധൻ ആദ്യം ആ ബഹുമതി നിരസിക്കുകയാണുണ്ടായത്.

V

രണ്ടാംലോകയുദ്ധം ഇൻഡ്യയും, ബ്രിട്ടനുമായുള്ള അകൽച്ച വലുതാക്കി. "ഇൻഡ്യ വിടുക" എന്നവിളി രാഷ്ട്രമാകമാനം മുഴങ്ങി. ക്രിപ്സ് നിരാശനായി ഇംഗ്ലണ്ടിലേക്കു പറന്നു. കാൺഗ്രസ്സ് സമരമാരംഭിച്ചു.

൧൯൪൨-ലെ സമരവും അച്ചുത്പട്വർദ്ധനനും, അവിഭാജ്യങ്ങളായ രണ്ടു ഘടകങ്ങളായി എന്നെന്നും പ്രശോഭിക്കതന്നെ ചെയ്യും. 'സററാറ'യിലെ വിപ്ളവം ജീവിതത്തിൻെറ നേരെയുള്ള ഒരു പോർവിളിയായിരുന്നു. ഒരു വശത്ത് അധികാരപ്രമത്തായ അധീശശക്തി, മറുഭാഗത്ത് അഭിമാന വിജ്രംഭികളായ നാട്ടുകാർ. ദയയുടെ കണികപോലുമില്ലാതെ ഗവമെ്മൻറ് അവിടെപ്രവത്തിച്ചു. അതിനെ ചോദ്യംചെയ്യുവാൻ പകരത്തിനുപകരം ചോദിക്കുവാൻ അച്ചുത്പട്വർദ്ധനനെപ്പോലെ പൃതമനം ചില വിപ്ളവകാരികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതു മനുഷ്യത്വപമാണോ അല്ലയോ എന്നു നിശ്ചയിക്കുവാൻ ഭാരതീയക്കാണവകാശം.

കാലം മുന്നോട്ടാണല്ലോ പോകുന്നതു്. നാല്പത്തി നാലുമാസത്തെ അജ്ഞാതവാസത്തിനുശേഷം പട്വർദ്ധ നിതാ പുറത്തുവന്നിരിക്കുന്നു. അദ്ദേഹത്തിൻെറ പ്രവൃ ത്തിയുടെ ഔചിത്യാനൗചിത്യങ്ങൾ ലോകം കണ്ടു പിടിക്കട്ടെ!

VI

അച്യുത്തിൻെറ കുടുംബത്തെക്കുറിച്ചു് രണ്ടുവാക്കു്:—

അഹമ്മദാബാദിലെ ഒരു ധനികകുടുംബത്തിലെ അംഗമാണു് പിതാവു്. മാതാവു് 'അമറൊട്ടി'യിലെ ഒരു അഭിഭാഷകപ്രമാണിയുടെ ഏകസന്താനം. ൧൯൦൫-ഫെബ്രുവരി 5-ാംതീയതി അച്ചുത് ഭൂജാതനായി.

അദ്ദേഹത്തിനു് അഞ്ചുസഹോദരന്മാരും ഒരു സ ഹോദരിയുമാണുള്ളതു്. എല്ലാ അംഗങ്ങളും രാഷ്ട്രീയപ്ര ബുദ്ധതയിൽ മികച്ചവർ തന്നെ. മാതാവു് തൻെറ അറു പതാമത്തെവയസ്സിൽ സ്വരാജിനുവേണ്ടി ജയിലിൽ പോയി. സഹോദരി വിജയാപട്വർദ്ധൻ കാളേജ്‌വി ദ്യാഭ്യാസംകഴിഞ്ഞു് അല്പകാലംജയപ്രകാശനാരായണൻെറ സെക്രട്ടറിസ്ഥാനം അലങ്കരിച്ചു. സമരകാലത്തു് തൻെറ സഹോദരനെ പിന്തുടർന്നു അജ്ഞാതവാസം സ്വീ കരിച്ചു.

പട്വർദ്ധനകുടുംബം രാഷ്ട്രമണ്ഡലത്തിൽ ഒരു കെടാത്ത ദീപമായി പ്രശോഭിക്കട്ടെ!

കമലാദേവി ചതോപാദ്ധ്യായ

★

രാഷ്ട്രീയരംഗത്തും, സമുദായ മദ്ധ്യത്തും ഒന്നുപോലെ ശോഭിക്കുവാൻ കമലാദേവിയെപ്പോലുള്ള ചുരുക്കം ചിലർക്കേ കഴിഞ്ഞിട്ടുള്ളൂ. യാഥാസ്ഥിതികത്വത്തിന്റെ മൂടുപടം കത്തിക്കീറി യാഥാർത്ഥ്യത്തിലേക്കിറങ്ങിവരാൻ ആദ്യമായി ധൈര്യപ്പെട്ട ഭാരതീയവനിതയാണു് കമലാദേവി ചതോപാദ്ധ്യായ. സേവനമാണു് അവരുടെ ജീവിതാദർശം. അവരുടെ രാഷ്ട്രീയപ്രബുദ്ധതയെ സേവനതൃഷ്ണ മറച്ചുകളയുന്നില്ലേ എന്നു് ചിലർ വാദിക്കുന്നുണ്ടു്. സേവനത്തിനു് പ്രചോദനം നൽകിയതു് അവരുടെ രാഷ്ട്രീയപ്രബുദ്ധതയാണു് എന്നു പറയുന്നതിലായിരിക്കും കൂടുതൽ യാഥാർത്ഥ്യം.

കർണ്ണാടകദേശത്തു് മംഗലാപുരത്താണു് കമലാദേവിയുടെ ജനനം. പിതാവു് ഇൻഡ്യൻ സിവിൽ സർവീസിലെ ഒരുയന്ന ഉദ്യോഗസ്ഥനായിരുന്നു. സമുദായാചാരപ്രകാരം അവർ ബാല്യത്തിൽ തന്നെ വിവാഹിതയായി. എന്നാൽ ബാല്യത്തിലെ ഒരു വിധവയായി തീരാനും അവർക്കിടയായി. ഭർത്താവു് മരിക്കുമ്പോൾ അവർ സ്കൂളിൽ പൊയ്ക്കൊണ്ടിരിക്കുന്ന ഒരു പെൺകുട്ടിയായിരുന്നു.

വിധവയ്ക്കു് വിദ്യാഭ്യാസം നിഷിദ്ധമാണു്. എന്നാൽ കമല ആചാരത്തെ കവച്ചുവച്ചു. മദ്രാസ്സിലെ

സെൻറ് മേരി കാളേജിൽ ചേൎന്ന് ഉപരി വിദ്യാഭ്യാസം ആരംഭിച്ചു. ഈ അവസരത്തിലാണ് ഹരീന്ദ്രനാഥചതോപാദ്ധ്യായയെ (?) അവർ കണ്ടുമുട്ടുന്നത്. യുവാവും, സുന്ദരനും ആയ ആ കലാകാരൻ കമലയെ വല്ലാതെ ആകർഷിച്ചു. കമല അങ്ങോട്ടും. പരിചയം അനുരാഗത്തിലവസാനിച്ചു.

സമുദായം വിധവാവിവാഹം വിലക്കി. കമല മാമൂലിനെ രണ്ടാമതും പൊട്ടിച്ചു. അവരുടെ വിവാഹം മദ്രാസിൽ വച്ചു് സാഘോഷം നടത്തപ്പെട്ടു.

അവരുടെ ദാമ്പത്യജീവിതം തികച്ചും ആനന്ദപ്രദമായിരുന്നു എന്നു് പറയുവാൻ നിർവാഹമില്ല. 15 വൎഷത്തിനുശേഷം ആ ബന്ധം വേർപെടുത്തേണ്ടിവന്നു. എങ്കിലും, പരസ്പരപ്രേമത്തിൽ കെട്ടിഉറപ്പിക്കപ്പെട്ട അവരുടെ ജീവിതം ആദ്യകാലങ്ങളിൽ ആനന്ദമയമായി തന്നെ ഉപപാദിക്കപ്പെട്ടു. ഒരു കവികൂടിയായിരുന്ന ഹരീന്ദ്രൻ പറയുകയുണ്ടായി. കമലയോടൊത്തുതന്നെ കാണാനിടവന്നതിൽ ദേവന്മാർപോലും അസൂയപ്പെടുന്നുണ്ടാവാമെന്നു്!

വിവാഹം കഴിഞ്ഞു് അല്പകാലത്തിനുള്ളിൽ ഉപരിപഠനത്തിനു കമല ഇംഗ്ലണ്ടിലേക്കു് യാത്രയായി. ബെഡ്ഫോർഡ് (Bed Ford) കാളേജിൽ ചേൎന്നു് അവർ വിദ്യാഭ്യാസം ആരംഭിച്ചു.

വിദേശീയ മേധാവിത്വത്തിനെതിരായി ഇൻഡ്യയിൽ തുടങ്ങിയ പ്രക്ഷോഭണത്തിൻെറ അലകൾ ഇംഗ്ല

ങ്ങളിലുമാവിർഭവിച്ചു. കാളേജ് വിദ്യാഭ്യാസം മതിയാക്കി കമല ഇൻഡ്യയിലേക്കുതിരിച്ചു.

II

ഇൻഡ്യൻ സ്ഥിതിഗതികൾ രൂപം മാറിയതായി അവർ കണ്ടു. അവിടെയും സ്വാതന്ത്ര്യസമ്പാദനത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ, ജനങ്ങളെ സമരസന്നദ്ധരാക്കാനുള്ള സംഘടിത ശ്രമങ്ങൾ ഇവയാണ് കമലക്കു സ്വാഗതമരുളിയതു്.

സ്ത്രീ, രാഷ്ട്രീയമായി വളരെ പുരോഗമിക്കേണ്ടിയിരിക്കുന്നു എന്ന പരമാത്ഥം കമലാദേവി മനസ്സിലാക്കി. അവർ പ്രവത്തനമാരംഭിക്കയും ചെയ്തു.

അഖിലേന്ത്യ വനിതാ കാൺഫറൻസിൻെറ ജനറൽസിക്രട്ടറിയായി കമലാദേവിതിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറി എന്നനിലയിൽ അവർ നിർവഹിച്ച കൃത്യം സ്തുത്യഹമാണ്. ഇൻഡ്യയുടെ പല ഭാഗങ്ങളിലും അവർ പര്യടനം നടത്തി. വനിതാകാൺഫറൻസിൻെറ ശാഖകൾ പലയിടത്തും സംഘടിക്കപ്പെട്ടു. പുരുഷനോടൊപ്പംതന്നെ സ്ത്രീയും പുരോഗമിക്കേണ്ടതിൻെറ ആവശ്യകത (അവക്ക്—സ്ത്രീകൾക്കു്) മനസ്സിലാക്കിക്കൊടുത്തു. വിദ്യാഭ്യാസം കൂടുതൽ പ്രായോഗികമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശം നൽകി.

ഇംപീരിയൽ ലജിസ്ലേററീവ് പൊതുതിരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ച വനിതാസ്ഥാനാത്ഥി കമലാദേവിയാണ്. ബാംബെ നിയോജക മണ്ഡലത്തിലെ

പ്രതിനിധിയായി മത്സരിക്കുവാൻ കമലാദേവിയെ വനിതാ കാൺഫറൻസ് തിരഞ്ഞെടുത്തു. എതിർസ്ഥാനാർത്ഥിയുടെ ധനവും, ജനസ്വാധീനവും, വിജയത്തിലുള്ള ആശങ്ക വർദ്ധിപ്പിച്ചു. തിരഞ്ഞെടുപ്പിൻെറ ഫലം കമലാദേവിതന്നെ പറയുന്നുണ്ട് "ജയിക്കാമെന്ന് പൂർണ്ണമായ പ്രതീക്ഷയൊന്നും ഞങ്ങൾക്കില്ലായിരുന്നു. സ്ത്രീ ആദ്യമായി മത്സരിക്കുന്ന തിരഞ്ഞെടുപ്പാകയാൽ സഹായികളിൽ പലരും അവസാനവിഷയത്തിൽ ഞങ്ങളെ കൈവെടിഞ്ഞു......... വോട്ടിംഗ് വാശിപൂർവം നടന്നു. എൻെറ എതിരാളി തന്നെ വിജയിയായി, 200 വോട്ടിൻെറ ഭൂരിപക്ഷത്തോടെ. ഞങ്ങൾ ആശ്ചര്യപ്പെട്ടുപോയി. ഒരു വമ്പിച്ച ഭൂരിപക്ഷം എതിരാളിക്കു ലഭിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു."

സൈമൺ കമ്മിഷൻെറ ആഗമനം ഇൻഡ്യൻ അന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കി. 1929-ൽ കൽക്കത്തായിൽ പണ്ഡിററ് നെഹറുവിൻെറ അദ്ധ്യക്ഷതയിൽ കൂടിയ കാൺഗ്രസ്സ് പ്രവത്തകസമിതി യോഗത്തിൽ കമ്മിഷനെ ബായിക്കാട്ടു ചെയ്യാനുള്ള നിശ്ചയം പാസ്സായി.

സമുദായ സേവനത്തിൽ നിന്നും കമലാദേവി രാഷ്ട്രമണ്ഡലത്തിൽ പ്രവേശിച്ചു. 1929 ഡിസംബറിൽ അഖിലേന്ത്യാ യൂത്ത് കാൺഫറൻസ് അഹമ്മദബാദിൽ സമ്മേളിച്ചു. അദ്ധ്യക്ഷ കമലാദേവി ആയിരുന്നു. പരിപൂർണ്ണ സ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊന്നും ബ്രിട്ടീഷ്കാരുടെ പക്കൽനിന്നും ഭാരതം സ്വീകരിക്കരുതു്". എന്ന

പ്രമേയം പാസാക്കപ്പെട്ടു. "സൈമൺതിരിച്ചുപോകുക" എന്ന ഉച്ചരത്തിൽ യുവജനങ്ങൾ വാദിച്ചു.

1930ൽ നാഷണൽ കാൺഗ്രസ്സ് ആരംഭിച്ച സിവിൽ നിയമലംഘനപ്രസ്ഥാനം, ജനങ്ങളുടെ വികാരാവേശങ്ങൾക്ക് പുതിയ ഉത്തേജനം നൽകി. ബോംബെയിലെ യുവജനങ്ങളെ നയിക്കുക എന്ന ഭാരമേറിയ ചുമതല, കമലാദേവി കൈയ്യേററു. അവരുടെ നേതൃത്വത്തിൽ ഒരു സന്നദ്ധസേന രൂപീകൃതമായി.

കമലാദേവിയുടെ പ്രവൎത്തനങ്ങളെപ്പററിപല കഥകളും അന്ന് ജനങ്ങളുടെയിടയിൽ പരന്നിരുന്നു. ഒരിക്കൽ ഏതാനും വനിതാ വാളൻറിയറന്മാരോടുകൂടി ബോംബെ സ്റ്റാക്ക് എക്സ്ചെയിഞ്ച് (Stock exchange) ആഫീസിൽ പ്രവേശിക്കയും അവിടെ നിയമവിരുദ്ധമായി സംഭരിക്കപ്പെട്ടിരുന്ന ഉപ്പ് ഒരു മണിക്കൂർകൊണ്ട് നാല്പതിനായിരം രൂപാക്ക് വിററഴിയുകയും ചെയ്തുവത്രെ. അവർ അറസ്ററുചെയ്യപ്പെട്ടു. അവർ കുററം സമ്മതിക്കുന്നുവോ എന്നു മജിസ്ട്രേട്ട് ചോദിച്ചപ്പോൾ കമലാദേവി നൽകിയ ഉത്തരം ഇതായിരുന്നു. "എൻെറ പ്രവൎത്തി കുററകരമായി വ്യാഖ്യാനിക്കപ്പെടുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഭാരതീയനായ നിങ്ങൾക്കു ലജ്ജ തോന്നുന്നില്ലയോ ഈ വിസ്താരം തുടൎന്നു പോകുന്നതിനു? വരിക, ഉദ്യോഗം രാജികൊടുത്തു ഞങ്ങളോടുചേൎന്നു രാജ്യത്തിനുവേണ്ടി പ്രവൎത്തിക്കുക".

9 മാസം തടവ് അവൎക്കു ലഭിച്ചു. "അങ്ങനെ അവരുടെ ജയിൽ ജീവിതം ആരംഭിച്ചു. പിന്നീട് പല

പ്രാവശ്യവും ഇരുമ്പഴി അവക്ക സ്വാഗതം നല്കിയിട്ടുണ്ട്. ജയിലിനുള്ളിൽ എപ്പോഴും പ്രസന്നവദനത്തോടുകൂടിയാണ് അവർ വീക്ഷിക്കപ്പെട്ടിരുന്നത്. ജയിൽ ജീവിതത്തിലെ അരസികത്വം അവരെ ബാധിച്ചിരുന്നില്ല.

III

കമലാദേവി ഒരു യഥാത്ഥ സോഷ്യലിസ്റ്റാണ്. സ്ഥിതിസമത്വസിദ്ധാന്തങ്ങളിൽ അവക്ക പരിപൂർണ്ണ വിശ്വാസമുണ്ട്. 1934-ൽ കാൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി ആവിർഭവിച്ചപ്പോൾ അതിനു സജീവമായ പിൻതുണ നൽകുന്നതിനു അവർക്കു കഴിഞ്ഞു. 1935-ൽ മീററ്റിൽ (Meerut) വച്ച് കൂടിയ കാൺഗ്രസ്സ് സോസ്യലിസ്ററു പാർട്ടി സമ്മേളനത്തിലെ അദ്ധ്യക്ഷ കമലാദേവ യായിരുന്നു. അവർ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൻെറ സംഗ്രഹം ഇവിടെ കുറിക്കുന്നു.

"ലോകം ദിനംപ്രതി മാറിക്കൊണ്ടിരിക്കുകയാണ്. മാനവസമുദായം മുഴുവൻ ഒരു പുതിയ വ്യവസ്ഥിതിക്കു വേണ്ടി കാത്തിരിക്കുന്നു. റഷ്യയിലും ടർക്കിയിലും പൊട്ടിപ്പുറപ്പെട്ട വിപ്ലവത്തിൻെറ അന്തരത്ഥം എന്താണ്?

നമുക്കും—ഭാരതീയക്കും ഒരു മാററം കൂടിയേ കഴിയൂ. അടിമത്വം ഇനി ആവശ്യമില്ല. നാമും മനുഷ്യരാണ്. ജീവിതത്തിൻെറ മൗലികാവകാശമായ സ്വാതന്ത്ര്യം നമ്മിൽ നിന്നൊഴിച്ചുമാററുവാൻ ഇനി വിദേശീയനു സാദ്ധ്യമല്ല.

ബ്രിട്ടീഷ്കാരനുമായി രഞ്ജിപ്പിലെത്തിച്ചേർന്ന് സ്വാതന്ത്ര്യം സമ്പാദിക്കാമെന്നുള്ള മോഹം അബദ്ധമാണ്. വെള്ളക്കാരനെ നമുക്കിനിയും മനസ്സിലായിട്ടില്ല. കാൺഗ്രസ്സ് നേതാക്കന്മാർ സന്ധിയാലോചനകളുമായി ഗവർമ്മെൻറിനെ സമീപിക്കുന്നതിൽ ഞാനതിശയിക്കുന്നു. വ്യക്തിപരമായി പറയുകയാണെങ്കിൽ, സന്ധിയിൽ ഞാൻ വിശ്വസിക്കുന്നില്ല.

'പ്രവൃത്തിക്കുക' അതാണ് കാൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ പരിപാടി. "സ്വാതന്ത്ര്യം അതാണെൻെറ ആത്മാവ് അതുസമ്പാദിക്കുക--അതിനാണെൻെറ ജീവിതം" ഇതായിരിക്കണം ഓരോ സോഷ്യലിസ്റ്റ് പ്രവർത്തകൻെറയും ആദർശം.

സോഷ്യലിസത്തിനു മാത്രമേ, ഭാരതത്തിന് ഒരു പുതിയ സൃഷ്ടിപരിപാടി നൽകാൻ സാധിക്കുകയുള്ളൂ."

രണ്ടാം ലോകയുദ്ധം ആരംഭിച്ചപ്പോൾ കമലാദേവി ലണ്ടനിലായിരുന്നു കാൺഗ്രസ്സ് നിർദ്ദേശാനുസരണം ഇൻഡ്യക്കുവേണ്ടി പ്രചരണം നടത്താൻ 1939-ൽ ഐക്യനാടുകളിലേക്കു യാത്രയായി. 1939-41 വരെ അമേരിക്കയിൽ അവർ പര്യടനം നടത്തുകയായിരുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൽ അമേരിക്കൻെറ സഹാനുഭൂതി വർദ്ധിപ്പിക്കുവാൻ അവർക്ക് നിഷ്പ്രയാസം കഴിഞ്ഞു. ഒരു ഹൃദ്യമായ സ്വീകരണം എവിടെയും അവർക്ക് ലഭിച്ചു. മെക്സിക്കോ, ബോസ്റ്റൺ, സാൻഫ്രാൻസിസ്കോ, എന്നിവിടങ്ങളിലെ സഞ്ചാരംകഴിഞ്ഞു് അവർ ന്യൂയാർക്കിലെത്തി. അവരുടെ ബഹുമാനാർത്ഥം ന്യൂയാ

ക്കിലെ ഇൻഡ്യാക്കാർ ഒരു ഗംഭീര സ്വീകരണം അവക്കു നൽകി. കൃഷ്ണലാൽ ശ്രീധരണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസംഗിച്ചുകൊണ്ടു് കമല ഇപ്രകാരം പ്രസ്താവിച്ചു. "ഡെമോക്രസിക്കവേണ്ടി വാദം നടത്തുന്ന ബ്രിട്ടൻ, ഇൻഡ്യയുടെ നേരേ കണ്ണടച്ചുകളയുകയാണു് ചെയ്യുന്നതു്. ഞങ്ങൾക്കു്—ഇൻഡ്യാക്കാക്കു് ഈ യുദ്ധത്തിൽ യാതൊരു കാര്യവുമില്ല. ബ്രിട്ടൻ ഞങ്ങളെ സ്വതന്ത്രരാക്കട്ടെ—എന്നിട്ടു് ഞങ്ങളുടെ സഹായം അപേക്ഷിക്കുക. മററുരാഷ്ട്രങ്ങളുടെ മുമ്പിൽ നല്ലപിള്ളയാകുവാൻ ശ്രമിക്കുന്ന ബ്രിട്ടൻ സ്വന്തം കാര്യത്തിൽ ഒരു തനി സാമ്രാജ്യവാദിയായിത്തീരുന്നു—അടിമത്വവും, സാമ്രാജ്യദുഷ്പ്രഭുത്വവും നശിക്കണം. ബ്രിട്ടീഷ്കാരനു് ഒളിച്ചുകളി ഇനി സാദ്ധ്യമല്ല. സ്വാതന്ത്ര്യം ഞങ്ങൾക്കു മടക്കിത്തന്നേ കഴിയൂ. ഇന്നല്ലെങ്കിൽ നാളെ".

ന്യൂയാക്കിൽ നിന്നും അവർ ജപ്പാനിലെത്തി. അവക്കു നൽകിയ സ്വീകരണത്തിൽ ഒരു ലക്ഷത്തി അമ്പതിനായിരത്തോളം ജപ്പാൻകാർ സംബന്ധിച്ചിരുന്നു. ജപ്പാൻ അയൽ രാജ്യമായ ചൈനയുടെ നേരേ കൈക്കൊണ്ട മർദ്ദനനയത്തെ രൂക്ഷമായി വിമർശിക്കുവാൻ സോഷ്യലിസ്റ്റായ കമലാദേവി ഒട്ടും തന്നെ മടിച്ചില്ല. ഇതല്പം അസ്വസ്ഥതകളുണ്ടാക്കിയെങ്കിലും, ജപ്പാന്റെ അനുഭാവം സമ്പാദിക്കുവാൻ അവക്കു കഴിഞ്ഞു.

അടുത്തതായി അവർ ചൈന സന്ദർശിച്ചു. ഹാങ്കോങ്ങിൽ (Hong Kong) വച്ചു് ബ്രിട്ടീഷ് പോലീസ് അവരെ അറസ്ററുചെയ്തു് തടവിലാക്കി. സ്വതന്ത്ര

ചൈനയുടെ നേതാവായ മാർഷൽചിയാങ്ങ് കൈഷക്കിൻെറ സ്വാധീനശക്തിയാൽ അവർ ബന്ധന വിമുക്തയായി. ചൈനയിലെ കമ്യൂണിസ്റ്റ് നേതാവായ 'വാങ്ങ്-ചിങ്ങ്-വായ്' യേയും കമലാദേവിസന്ദർശിച്ചു.

IV

1944-ൽ അഖിലേന്ത്യാ വനിതാകാൺഫറൻസിൻെറ അദ്ധ്യക്ഷയായി വീണ്ടും അവർ തിരഞ്ഞെടുക്കപ്പെട്ടു. 1946-ൽ പണ്ഡിതജി പുതിയ പ്രവത്തക സമിതി രൂപീകരിച്ചപ്പോൾ കമലാദേവിയെക്കൂടി ഉൾപ്പെടുത്തിയതിനാൽ അവർക്കു് പ്രസിഡൻറ് സ്ഥാനം രാജിവക്കേണ്ടിവന്നു.

കാൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി പ്രവത്തക സമിതിയിൽ ചേരുന്നതിനു് വിപരീതമായിരുന്നു. എന്നാൽ പണ്ഡിതജിയുടെ പ്രത്യേകനിർദ്ദേശപ്രകാരം, സോഷ്യലിസ്റ്റ് പാർട്ടി, പ്രവത്തകസമിതിഅംഗമായിരുന്നുകൊള്ളുവാൻ കമലാദേവിക്കു് അനുവാദം നൽകി.

കമലാദേവി, ഒരപൂർവസൃഷ്ടിയാണു്. അന്ധമായ യാഥാസ്ഥിതികത്വം, രണ്ടുപ്രാവശ്യംപൊട്ടിച്ചെറിഞ്ഞു. പുരോഗമനകാംക്ഷിയായ ബാലിക, സേവനാദർശത്താൽ പ്രചോദിതയായ, പ്രവൃത്തിപദ്ധതി സ്വീകരിച്ച, കർമ്മനിരതയായ യുവതി, അനുരാഗത്തിനുവേണ്ടി, സമുദായനീതി കവച്ചുവച്ചു്, വിവാഹ ബന്ധത്തിലേർപ്പെട്ട ആഢ്യവനിതയായ വിധവ, ജ്ഞാനത്തിനുവേണ്ടി കടൽ

കടന്ന ധീരവനിത, സ്വാതന്ത്ര്യത്തിനുവേണ്ടി ജീവനെപോലും ബലികഴിക്കുവാൻ തയാറുള്ള ഒരു യഥാർത്ഥ സ്വാതന്ത്ര്യ പ്രേമി—അതാണു് കമലാദേവിചതോപാദ്ധ്യായ. ശ്രീമതി സത്യവതീദേവി ഒരിക്കൽ പറയുകയുണ്ടായി 'ഭാരതീയസ്ത്രീത്വത്തിന്റെ മൂർത്തീകരണമാണു് കമലാദേവി'യെന്നു്. അതൊട്ടും അതിശയോക്തിയല്ലെന്നു് കമലാദേവിതന്നെ തെളിയിച്ചിട്ടുമുണ്ടു്.

അരുണാ ആസഫ് ആലി

★

ry Very Good Book

അനവധി ധീരസന്താനങ്ങളെ ഭാരതത്തിന്ന് നൽകാൻ വംഗദേശത്തിന്ന് കഴിഞ്ഞിട്ടുണ്ട്. അതിൽ ബംഗാൾ അഭിമാനവും കൊള്ളാറുണ്ട്. ദേശബന്ധു, സി. ആർ. ദാസ്സ്, നേതാജി സുഭാഷ്ബോസ് എന്നീ രാഷ്ട്രമണ്ഡലത്തിലെ ഉജ്ജ്വലനേതാക്കൾ വംഗദേശീയരാണ്. രാഷ്ട്രീയാന്തരീക്ഷത്തിൽ ബംഗാളിൽനിന്നും, പൊട്ടിക്കിളിർത്ത ഒരു പൊൻതാരമാണ് ശ്രീമതി അരുണാദേവിഗാംഗ്രുലി.

1857-ലെ ശിപായിലഹള നയിക്കുവാൻ ഒരു റാണി ലക്ഷ്മി ഉത്ഭവിച്ചുവെങ്കിൽ, 1942-ലെ സമരം നയിക്കുവാൻ, വിദേശീയൻെറ അടക്കാൻ കഴിയാത്ത സാമ്രാജ്യതൃഷ്ണയെ എതിരിടാൻ, വിപ്ലവത്തിന്നുപകരം, വിപ്ലവംതന്നെ ആയുധമായി സ്വീകരിക്കുവാൻ ഒരരുണാ ആസഫ്ആലിയും ഭൂജാതയായി. അതാണ് ഭാരതത്തിൻെറ ഭാഗധേയം!

അരുണ, ജന്മനാ ഒരു വിപ്ലവകാരിണിയാണ്. നിശ്ചയദാർഢ്യവും, മനക്കരുത്തും, പ്രസംഗചാതുര്യവും അവരുടെ പ്രത്യേകസ്വഭാവ വിശേഷങ്ങളാണ്. 1942 ആഗസ്റ്റ് 9-ാംനു- അപ്രതീക്ഷിതമായി അരുണ, ഒരു വിധ്വംസക പ്രവർത്തകയായിമാററപ്പെട്ടുഎന്ന് തെററിദ്ധരിക്കരുത്. സ്വയം ചിന്തിക്കുവാനും, ശരിയാണെന്ന്

തനിക്കു് തോന്നുന്നതു് എത്ര തന്നെ പ്രതിരോധമുണ്ടായാലും പ്രവൎത്തിപദ്ധതിയിൽ കൊണ്ടുവരുന്നതിനും അരുണാ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ആസഫ്അലിയുമായുള്ള വിവാഹം തന്നെ ഇതിനുദൃഷ്ടാന്തം.

അരുണയുടെ ബാല്യകാലം പഞ്ചാബിൽ ആണു് നയിച്ചതു്. പിതാവു് പ്രവിശ്യഗവണ്മെൻറിലെ ഒരുദ്യോഗസ്ഥനായിരുന്നു. ലാഹോറിലെ സേക്രട്ട് ഹാർട്ട് കാൺവെൻറിൽ (Sacred-heart-Convent) അവരുടെ പ്രാഥമിക വിദ്യാഭ്യാസം നിർവഹിച്ചു. വിദ്യാലയത്തിലെ മതപരമായ അന്തരീക്ഷം അരുണയെ വല്ലാതെ ആകർഷിച്ചു. കാൺവെൻറിലെ ശ്രേഷ്ഠത്തി അമ്മ (Mother Superior) ബൈബിൾസംബന്ധമായ പുരാണങ്ങൾ വിദ്യാൎത്ഥിനികളെ ഗ്രഹിപ്പിച്ചു്, ക്രിസ്തുമതത്തിൽ അഭിവാഞ്ഛ ജനിപ്പിക്കുവാൻ അത്യുത്സാഹം പ്രകടിപ്പിച്ചിരുന്നു. ഒരു കന്യാസ്ത്രീയായി, കാൺവെൻറിൽ ചേരാൻ അരുണക്കു് അതിയായ മോഹംതോന്നി. അവർ തൻെറ ആൾഇളയസഹോദരിയായ പൂർണ്ണിമാഗാംഗ്രലിയെ അറിയിച്ചു. പൂർണ്ണിമ, അതാദ്യം ചിരിച്ചുതള്ളിയതേയുള്ളു. സഹോദരിയുടെ നിർബന്ധം വീണ്ടുമുണ്ടായപ്പോൾ പൂർണ്ണിമ, ജ്യേഷ്ഠത്തിയുടെ ആഗ്രഹം പിതാവിനെ അറിയിച്ചു. അദ്ദേഹം കോപാകുലനായി. മക്കൾ മതം മാറിയേക്കുമോ എന്നു് മാതാവു് ഭയന്നു. അരുണയും പൂർണ്ണിമയും സ്കൂളിൽനിന്നും മാററപ്പെട്ടു. നൈനിററാലിലെ ഒരു പ്രോട്ടസ്ററാൻഡ് വിദ്യാലയത്തിലേയ്ക്കു്—അന്നു് അരുണയ്ക്കുണ്ടായ നിരാശ!

I

അലഹബാദിൽ വച്ച് പൂർണ്ണിമയുടെ വിവാഹം ആലോചിക്കപ്പെട്ടു. വരൻ, ഇംഗ്ലണ്ടിൽ നിന്നും ബാരിസ്റ്റർ പരീക്ഷ പാസ്സായി, ആയിടയ്ക്കു പ്രാക്റ്റീസ് ആരംഭിച്ചിരുന്ന മി. കെ. ബാനർജിയായിരുന്നു. അരുണയും വിവാഹിതയായികാണുവാൻ മാതാപിതാക്കന്മാർ ആഗ്രഹിച്ചു. വിവാഹബന്ധത്തിലേർപ്പെടാതെ സ്വതന്ത്രമായി ജീവിക്കുവാനാണ് താനിച്ഛിക്കുന്നതെന്നായിരുന്നു അരുണ നൽകിയ സമാധാനം.

വിദ്യാഭ്യാസം പൂർത്തിയായശേഷം, സ്വദേശമായ ബംഗാളിലേയ്ക്കു് അവർമടങ്ങി. കൽക്കത്തായിലെ ഗോഖേൽ സ്മാരകവിദ്യാലയത്തിലെ ഒരദ്ധ്യാപകയായി അവർ നിയമിക്കപ്പെട്ടു. സ്വപ്രയത്നത്താൽ നേടുന്ന ധനംകൊണ്ടു് ഉപരിവിദ്യാഭ്യാസത്തിനു് ഇംഗ്ലണ്ടിലേയ്ക്കു പോകണമെന്നായിരുന്നു അവരുടെ ആഗ്രഹം.

വിധിഹിതംഅതിനവരെ അനുവദിച്ചില്ല.

സ്കൂൾവെക്കേഷൻസമയത്തു്, സഹോദരിയോടൊത്തു് അല്പദിവസം താമസിക്കുവാൻ അവർ അലഹബാദിലെത്തി. ആ സന്ദർഭത്തിലാണ് അവർ ആസഫ് ആലിയുമായി പരിചയപ്പെടാനിടയായതു്.

ബാനർജിയുടെ ഒരാത്മസ്നേഹിതനായ ആസഫ് ആലി, ഡെൽഹിയിൽ, പ്രാക്റ്റീസ് നടത്തിക്കൊണ്ടി

ന്നു ഒരഭിഭാഷകനും സഹൃദയലോകത്തു് കീർത്തിനേടു വാൻ തുടങ്ങിയിരുന്ന ഒരു സാഹിത്യകാരനുമായിരുന്നു. കൽക്കത്തയിൽ നടന്ന അഖിലേന്ത്യാ മുസ്ലീംലീഗ് സമ്മേളനത്തിൽ സംബന്ധിച്ചു്, മടങ്ങിവരുന്നവഴി, അല്പദിവസത്തേ വിശ്രമത്തിനു്, ബാനർജിയുടെ വസതിയിൽ താമസിക്കുന്ന അവസരത്തിലാണു് അരുണയും അവിടെ ആഗതയായതു്.

അരുണയും, ആസഫ് ആലിയും പരസ്പരമാകൃഷ്ടരാക്കപ്പെട്ടു. അതു് പ്രേമത്തിൽ കലാശിക്കുകയും ചെയ്തു.

അതൊരു പരീക്ഷണഘട്ടമായിരുന്നു ഒരു ഹിന്ദുയുവതി ഒരു മുസ്ലീമിനെ വിവാഹം കഴിക്കുക—സമുദായം അവരെ തുറിച്ചുനോക്കി. ബന്ധുജനങ്ങൾ അവർക്ക് പ്രതിക്രുലികളായി. അരുണയുടെ നിശ്ചയത്തിനു് മാററമുണ്ടായില്ല.

അവരുടെ വിവാഹം നിരാഡംബരമായി നിർവ്വഹിക്കപ്പെട്ടു. അന്നവർക്ക് പതിനെട്ടും ആസഫ് ആലിയ്ക്കു നാല്പത്തിരണ്ടും വയസ്സു് പ്രായമുണ്ടായിരുന്നു. ഭർത്താവോടൊന്നിച്ചു് അവർ ഡെൽഹിയിലേയ്ക്കു് യാത്രയായി.

വൈവാഹികജീവിതം അവരുടെ ജീവിതത്തിൽ വലുതായ മാററം വരുത്തി. ആസഫ് ആലി രാഷ്ട്രീയരംഗത്തു് പ്രവർത്തനമാരംഭിച്ചുകഴിഞ്ഞിരുന്നു. പല നേതാക്കന്മാരുമായി അടുത്തു് പരിചയമാകുന്നതിനു് അരുണയ്ക്കു് സൗകര്യം ലഭിച്ചു.

അരുണയ്ക്കു് ഉർദുഭാഷ വശമില്ലായിരുന്നു. ആസഫ്ആലിയുടെ കുടുംബാംഗങ്ങൾ സംസാരിച്ചിരുന്നതു് ഉർദുവിലും. പരേതനായ ഡാക്ടർ അൻസാരി അരുണ കളിയാക്കിയിട്ടുണ്ടു്. "ബായ് നിങ്ങൾ എന്നാണിനി ഉർദുപഠിക്കുന്നതു്? നിങ്ങളെക്കുറിച്ചു് ആസഫ് ദിനംപ്രതി എത്ര പദ്യങ്ങൾ ഉർദുവിൽ രചിക്കുന്നു! അവ നിങ്ങൾ വായിച്ചു് ആസ്വദിക്കപ്പെടാതെ നശിച്ചുപോകണമെന്നാണോ കരുതുന്നതു്?" കളിവാക്കിലും കാര്യമുണ്ടെന്നു് അരുണയ്ക്കറിയാം. അവർ ഉർദു പഠനംതുടങ്ങി. അദ്ധ്യാപിക ആസഫ്ആലിയുടെ മാതാവായിരുന്നു. ആറുമാസംകൊണ്ടു് ഉർദുവിൽ സാമാന്യവിജ്ഞാനം കൈക്കലാക്കുവാൻ അവക്കു സാധിച്ചു. ആസഫ്ആലിയെ സന്ദർശിക്കുവാൻ അൻസാരി വരുമ്പോഴൊക്കെയും ഉർദുവിലായിരിക്കും അരുണ സംസാരിക്കാറുള്ളതു്. ഒരിക്കൽ അദ്ദേഹം പറഞ്ഞു "ബായി നിങ്ങൾ ബംഗാളി മറന്നുവോ?" ബങ്കാളിയും, ഉർദുവും തനിക്കിപ്പോൾ വശമില്ലാതെയായിട്ടുണ്ടെന്നു് അരുണ ഉത്തരം നൽകി. രണ്ടുപേരും ചിരിച്ചു.

II

1930-ൽ നിയമലംഘനപ്രക്ഷോഭണമാരംഭിച്ചു. ഡെൽഹിമൈതാനത്തുവച്ചു് കൂടിയ മഹായോഗത്തിൽ 1857-ലെ ശിപായിലഹള അനുസ്മരിപ്പിച്ചുകൊണ്ടു് വികാരോദ്ദീപകമായ ഒരു പ്രസംഗം അരുണ നിർവഹിച്ചു. അവർ അറസ്റ്റിലായി. ഒരു കൊല്ലത്തെ വെറുംതടവു

ശിക്ഷയായി ലഭിച്ചു. ലാഹോർ സെൻട്രൽ ജയിലിലേക്കു് അവർ മാററപ്പെട്ടു.

1931-ലെ ഗാന്ധി-എർവിൻ പാക്ടനുസരിച്ചു്, രാഷ്ട്രീയതടവുകാരെല്ലാം മോചിതരായി. പക്ഷെ, അരുണയെ കാലാവധികഴിയാതെ മോചിപ്പിക്കുവാൻ അധികാരികരം വിസമ്മതിച്ചു. അരുണ ബന്ധനവിമുക്തയാക്കാത്തപക്ഷം, തങ്ങളും ജയിൽവിട്ടു് പുറത്തുവരുന്നതല്ലെന്നു് അവരുടെ സഹപ്രവത്തകർ വാദിച്ചു. വാദം നിഷ്ഫലമായപ്പോരം ജയിലിനകത്തു് സത്യാഗ്രഹമാരംഭിച്ചു. ഈ ഘട്ടത്തിൽ ഗവമ്മെൻറിനു് മഹാത്മജിയുടെ സഹായമപേക്ഷിക്കേണ്ടിവന്നു. അദ്ദേഹമിടപെട്ടു് സത്യാഗ്രഹം അവസാനിപ്പിച്ചു. അരുണ മോചിതയായി. ജയിലിനുവെളിയിൽ അവരെ സ്വീകരിക്കുവാൻ പ്രധാന കാൺഗ്രസ്സ് നേതാക്കന്മാർ കൂടിയിരുന്നു. "ബാപ്പുവിന്റെ ആശീർവാദത്തോടുകൂടി, വീണ്ടും നിങ്ങളുടെ മദ്ധ്യത്തിൽ ഞാൻ വന്നിരിക്കുന്നു." അരുണ പ്രസ്താവിച്ചു.

1932-ൽ അവർ വീണ്ടും അറസ്റ്റിലായി. ഇപ്രാവശ്യം രണ്ടുകൊല്ലം തടവും ഇരുന്നൂറു രൂപാ പിഴയുമാണു് ഗവമ്മെൻറു നൽകിയ ശിക്ഷ. പിഴ ഈടാക്കാൻവേണ്ടി ആസഫ് അലിയുടെ ഗൃഹം പരിശോധിച്ചു അരുണയുടെ മൂന്നുനാലു വിലപിടിച്ച സാരികരം പോലീസ് കണ്ടുകെട്ടിയത്രേ.

ഡെൽഹിയിലെ ഡിസ്ട്രിക്ട് ജയിലിലാണു് ഇത്തവണ അരുണയെ പാർപ്പിച്ചതു്. ജയിലധികാരികരം

ത്തടവുകാരോടുകാണിച്ച മനുഷ്യോചിതമല്ലാത്ത പെരുമാററത്തിന്റെപ്രതിഷേധസൂചകമായി അരുണ നിരാഹാരവ്രതം തുടങ്ങി. പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെമേൽ കർശനമായ നടപടിനടത്താൻ ഗവണ്മെൻറു് പ്രേരിതയായി. അരുണ നിരാഹാരവ്രതം നിറുത്തുകയും ചെയ്തു. മററുതടവുകാരുടെകൂടെ താമസിപ്പിക്കുന്നതു് ഇത്തരം സംഭവങ്ങളുടെ ആവർത്തനത്തിനു ഹേതുവായേക്കുമെന്നു് ഭയന്നു അധികാരികൾ അംബാലാജയിലിലേക്കു് അരുണയെ മാററി.

III

1935—41 വരെ 6 വർഷം രാഷ്ട്രീയകാര്യങ്ങളിലുൾപ്പെടാതെ അവർ കുടുംബജീവിതം നയിക്കയായിരുന്നു. ഈ ഘട്ടത്തിൽ പലമാററങ്ങളും ഇന്ത്യയിലുണ്ടായി. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അന്ത്യസമരം ആസന്നമായിക്കഴിഞ്ഞു എന്നവർ മനസ്സിലാക്കി. സമരത്തിനുവേണ്ടി സ്വയം ഒരുക്കുകയായിരുന്നു ഈ കാലത്തിനിടയിൽ അവർ നിർവഹിച്ച കൃത്യം.

1492 ആഗസ്റ്റ് 8-ാംനു-, ബാംബയിൽവച്ചു കൂടിയ പ്രവർത്തകസമിതി 'ക്വിററു് ഇൻഡ്യാ' പ്രമേയം അംഗീകരിച്ചു. ഭർത്താവോടൊന്നിച്ചു അരുണയും സമ്മേളനത്തിൽ പങ്കുകൊണ്ടു. ആഗസ്റ്റ് ഒൻപതാംതീയതി നേതാക്കന്മാർ അറസ്റ്റിലായി. 'ഗൗവാലിയാ' മൈതാനത്തു് ഒരു പ്രതിഷേധമഹായോഗം അരുണയുടെ അദ്ധ്യക്ഷതയിൽ നടന്നു. ക്വിററു്ഇൻഡ്യാ പ്രമേയം

വീണ്ടും ഉദ്ധരിക്കപ്പെട്ടു. ജനങ്ങൾ ഇളകി. വികാരത്തിൻെറയും ക്ഷോഭത്തിൻെറയും ഏററ മുട്ടലുകൾ അവിടെ ദർശിക്കാമായിരുന്നു. ഗവൺമെൻറ് ലാത്തിപ്രഹരം നടത്തി. വെടിയുണ്ടകൾ പായിച്ചു. കണ്ണീർഗ്യാസ് പരത്തി. കലങ്ങാൻതുടങ്ങിയ അന്തരീക്ഷം കൂടുതൽ പ്രക്ഷുബ്ധമായി. വിപ്ളവത്തിന്റെ നേതൃത്വം അരുണയുടെ ചുമലിൽ പതിച്ചു. അവരതു വിജയപൂർവ്വം നയിക്കുകയും ചെയ്തു. സത്താറായിൽ മൂന്നുദിവസത്തേക്കു് പരിപൂർണ്ണസ്വരാജ് നിലവിലിരുന്നു.

സമരകാഹളവുമായി സോഷ്യലിസ്ററ പാർട്ടി രംഗത്തുപ്രവേശിച്ചു. സോഷ്യലിസ്ററ ത്രിമൂർത്തികളായ ജയപ്രകാശ് അച്യുത്പട്വർദ്ധൻ ലോഹിയാ എന്നിവരുടെ സഹായഹസ്തം അരുണായ്ക്കു ലഭിച്ചു.

വിപ്ലവത്തിന്റെ പുരോഗതിയിൽ ഗവർമ്മെൻറ് അമ്പരന്നു. ഇതിനിടയിൽ അനവധി രക്തസാക്ഷികൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യതൃഷ്ണ അതിനെരക്തം കൊണ്ടു് പിടിച്ചുനിറുത്താമെന്നുള്ള മോഹം ഗവർമ്മെൻറ് കൈവെടിഞ്ഞു.

അരുണ, അച്യുത്, ജയ്പ്രകാശ്, ലോഹിയാ എന്നിവരെ അറസ്ററ ചെയ്യുവാൻ ഗവർമ്മെൻറ് രഹസ്യമായി വാറണ്ടുനൽകി. നേതാക്കന്മാർ ഇതു് നേരത്തേ കരുതിയിരുന്നു. അപ്രതീക്ഷിതമായി അവർ രംഗത്തുനിന്നും അന്തർദ്ധാനം ചെയ്തു.

അരുണായെ പിടിച്ചേൽപ്പിക്കുന്നവർക്ക് 5000 രൂ. പാരിതോഷികമായി നൽകുന്നതാണെന്ന് ഗവമ്മെൻറ് വിജ്ഞാപനം ചെയ്തു.

അരുണ ഭൂഗർഭത്തിലിരുന്ന് പ്രവർത്തനവുമാരംഭിച്ചു. അരുണയുടെ ഭൂഗർഭവാസത്തെപ്പററി പല കഥകളും പ്രചരിക്കുന്നുണ്ട്. അവയുടെയും യാഥാത്ഥ്യവും സ്ഥിരീകരണവും അരുണയെ ആശ്രയിച്ചാണിരിക്കുന്നത്. ഒന്നുരണ്ടു കഥകൾ ഇവിടെ ഉദ്ധരിക്കാം:—

ഒരിക്കൽ താൻ താമസിക്കുന്ന കെട്ടിടം പോലീസ് സൂക്ഷിക്കുന്നുണ്ടെന്ന് അരുണയ്ക്ക് സംശയംതോന്നി. സംശയം യാഥാത്ഥ്യമായികലാശിച്ചു. അവിടെനിന്നും പെട്ടെന്ന് താമസം മാററിയില്ലെങ്കിൽ താനറസ്റ്റിലകപ്പെടും എന്നവർ മനസ്സിലാക്കി. എങ്ങോട്ടു് പോകാനാണ്? അരുണയ്ക്ക് ഉടൻ തന്നെ ഒരു യുക്തി തോന്നുകയും ചെയ്തു. അന്നത്തെ പ്രഭാതപത്രത്തിൽ, ബാംബെയിലെ ഒരിംഗ്ലീഷ് കുടുംബത്തിന് ഒരായയുടെ ആവശ്യമുണ്ടു് എന്നൊരു കുറിപ്പു് കണ്ടതായിഅവർപെട്ടെന്ന് ഓർമ്മിച്ചു. അടുത്തനിമിഷത്തിൽ ഒരു ടാക്സിയിൽ കയറി ആ ഇംഗ്ലീഷ്കാരൻെറ വസതിയിലേക്ക് യാത്രയായി. മദാമ്മയ്ക്കു് അരുണയെ വല്ലാതെ ആകർഷിച്ചു. അന്നുതന്നെ അവർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

അന്ന് വൈകുന്നേരം പോലീസ് അരുണയുടെ ഗൃഹം പരിശോധിച്ചു. പക്ഷിപറന്നുപോയി. കൂടുമാത്രമുണ്ടു്.

മറെറാരു സന്ദർഭത്തിൽ അരുണ സുഖക്കേടുപിടിപെട്ടു് കിടപ്പിലായി. ശുശ്രൂഷക്കു് ആളില്ലായിരുന്നതിനാൽ രോഗം വർദ്ധിച്ചുവന്നു. ഭാഗ്യവശാൽ അവരുടെ ഒരു സ്നേഹിതൻ രോഗവൃത്താന്തമറിയുന്നതിനിടയായി, സ്നേഹിതൻെറ നിർബന്ധപ്രകാരം, അയാളുടെ ഗൃഹത്തിലേക്കു് അരുണയെ താൽക്കാലികമായി മാററി. ഇവിടെവച്ചു് അരുണയുടെ ഭൂഗർഭവാസത്തിലെ മറെറാരു പ്രധാന സംഭവം നടന്നു.

അവരുടെ സ്നേഹിതനു് ബാംബെ ഗവർമ്മെൻറിലെ ഒരുയന്ന ഉദ്യോഗസ്ഥൻ ആത്മമിത്രമായുണ്ടായിരുന്നു. അദ്ദേഹമൊരിക്കൽ സ്നേഹിതൻെറ ഗൃഹത്തിൽ വന്നു. വെളിയിൽ ആരെയും കാണാത്തതുകൊണ്ടും, പരിചയത്തിൻെറ കൂടുതൽകൊണ്ടും അദ്ദേഹം ഗൃഹാന്തർഭാഗത്തിലേക്കു് കടന്നു. പെട്ടെന്നു് അവിടെ അരുണയെയാണു് അദ്ദേഹം കാണുക! അരുണയും പരിഭ്രമിച്ചുപോയി. എന്നാൽ ഉടൻതന്നെ മനസ്സാന്നിദ്ധ്യം വീണ്ടെടുക്കുകയും ചെയ്തു. യാതൊരു വികാരക്ഷോഭവും പ്രദർശിപ്പിക്കാതെ അരുണ അദ്ദേഹത്തിനു് കുശലമരുളി. തൻെറ മുമ്പിലിരുന്നു് സംസാരിക്കുന്നതു് പോലീസിനും, ഗവർമ്മെൻറിനും ഒന്നുപോലെ തലവേദനയുണ്ടാക്കുന്ന വിപ്ലവകാരിയായ അരുണയാണെന്നു് അല്പനേരംകൊണ്ടു് അദ്ദേഹം മറന്നു. അരുണപ്രദർശിപ്പിച്ച മനോധൈര്യം അദ്ദേഹത്തെ കീഴ്പ്പെടുത്തിക്കളഞ്ഞു. അവസാനമദ്ദേഹം പറഞ്ഞു. "ഞാൻ നിങ്ങളെ ബഹുമാനിക്കുന്നു. എൻെറ ജീവിതത്തിൽ ഏററവും ആനന്ദകരമായി അനു

ഭവപ്പെട്ട ഏതാനും നിമിഷങ്ങളാണ് ഈ അല്പസമയത്തിനുള്ളിൽ മുന്നോട്ടുപോയിട്ടുള്ളതെന്നു് ഞാൻ സന്തോഷപൂർവം അറിയിച്ചുകൊള്ളട്ടെ."

അരുണയുടെ ധൈര്യവും, അചഞ്ചലതാപവുമാണ് ഈ കഥകളിൽ കൂടി നമ്മുടെ മുൻപിൽ അവതരിക്കപ്പെടുന്നതു്.

IV

1945-ജനുവരി 26-ാംനു- അരുണയുടെ പേരിലുള്ള അറസ്ററു വാറണ്ടു് ഗവൺമെൻറ് പിൻവലിച്ചു. പിറേറ ദിവസം ജനതാമദ്ധ്യത്തിൽ അവർ പ്രത്യക്ഷപ്പെടുകയും ചെയ്തു.

കാൺഗ്രസ്സ് സോഷ്യലിസ്ററുകൾ നൽകിയ സ്വീകരണത്തിൽ അനുമോദനം രേഖപ്പെടുത്തിക്കൊണ്ടു് 1942-ലെ വിപ്ലവത്തെ അവർ ഇങ്ങനെ പരാമർശിച്ചു. "സ്വാതന്ത്ര്യമെന്നു് കേൾക്കുമ്പോൾ സമരത്തെ ഓർമ്മിക്കുന്നവരല്ല കാൺഗ്രസ്സ് സോഷ്യലിസ്ററുകൾ. അവർ സമരവാദികളാണെന്നു് തെററിദ്ധരിക്കപ്പെട്ടിരുന്നു. വിപ്ലവം അവസാനത്തെ ഉപകരണമായേ അവർ സ്വീകരിച്ചിട്ടുള്ളു. 42-ലെ സമരം ഇതു് തെളിച്ചുകൊള്ളും.

നമ്മുടെ മുമ്പിൽ—ഭാരതത്തിൻെറ മുമ്പിൽ ഒരു വലിയ പ്രശ്നംഉദിച്ചുയന്നിട്ടുണ്ടു്.—സാമ്പത്തികമായ അധഃപതനം—അതിനെ തുടന്നുള്ള ക്ഷാമം—ഇനി പ്രവത്തിക്കേണ്ട സമയമാണ്.

കാൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി സൃഷ്ടിപരമായ ഒരു പരിപാടി ഏറെറടുത്തിട്ടുണ്ട്. ഗ്രാമീണന്നു് ഇന്നത്തെ രാഷ്ട്രീയ വികസനത്തെപ്പററി ശരിയായ വിജ്ഞാനം നൽകുക, അവന്നു് സാമ്പത്തികമായും, രാഷ്ട്രീയമായും, സംഘടിക്കാനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കുക ഇവയാണു് ആ പരിപാടി.

വിദ്യാർത്ഥികളോടും എനിക്കല്പം പറയാനുണ്ടു്. നിങ്ങൾ 1942-ലെ സമരത്തിൽ ഭാരതത്തിന്റെ അഭിമാനം രക്ഷിച്ചു. സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ നൽകാൻ ഒരു വിദ്യാർത്ഥി അല്പം പോലും മടിക്കില്ലെന്നു് നിങ്ങൾ തെളിയിച്ചു.

"വിദ്യാലയങ്ങളിലെ പഠനം പൂർത്തിയാക്കാതെ രാഷ്ട്രീയരംഗത്തേക്കു് നിങ്ങൾ കുതിച്ചുചാടരുതു്. വിദ്യാർത്ഥികളെന്നുള്ള നിലയിൽ, പ്രവർത്തിക്കാനുള്ള സമയവും പരിതഃസ്ഥിതികളും നിങ്ങൾ തന്നെ സജ്ജമാക്കണം. മാസത്തിലൊരിക്കൽ നിങ്ങൾ അടുത്തുള്ള ഗ്രാമങ്ങൾ സന്ദർശിക്കുക. ഗ്രാമീണൻെറ വിദ്യാവിഹീനത്വം പരിഹരിക്കുക അവനിൽ രാഷ്ട്രീയമായ കഴിവുകൾ, വർദ്ധിപ്പിക്കുക. അങ്ങിനെ ഞങ്ങൾ ഏറെറടുത്തിട്ടുള്ള സൃഷ്ടിപരിപാടിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിൽ ഞങ്ങളെ സഹായിക്കുക."

സംഭവവികാസങ്ങൾ വീണ്ടും ഇൻഡ്യയിലുണ്ടായി. ക്യാബിനററ് മിഷൻ വന്നു. കൂടിയാലോചനകൾ കഴിഞ്ഞു. ഇടക്കാല ഗവൺമെൻറ് രൂപീകൃതമായി.

അരുണയും, സോഷ്യലിസ്ററുപാർട്ടിയും, തങ്ങളുടെ പ്രവർത്തനത്തിന്നു് യാതൊരു മാററവും വരുത്തിയില്ല. ഇടക്കാല ഗവമ്മെൻറിനെപ്പററി അരുണയുടെ അഭിപ്രായമിതാണു്. "കോൺഗ്രസ്സ് ഇടക്കാലഗവമ്മെൻറു് രൂപീകരിച്ചതിൽ ഞാൻ ഖേദിക്കുന്നു. സ്വാതന്ത്ര്യത്തിൻെറ മരായ കാണിച്ചിട്ടു് കണ്ണുപൂട്ടുകയായിരിക്കും ബ്രിട്ടീഷുകാർ ചെയ്യുന്നതു്. ഇടക്കാല ഗവമ്മെൻറു് പണ്ഡിതജി ഒരു വിജയമാക്കിത്തീർക്കുകയാണെങ്കിൽ അതിലത്യധികം ആനന്ദിക്കുന്നതു് ഞാനായിരിക്കും"

V

യുവഭാരതത്തിൻെറ ആത്മപ്രചോദനമാണു് അരുണ.

ജ്യോതിർമ്മയി ഗാംഗുലി

★

നിസ്സ്വാത്ഥവും ആദർശപൂണ്ണവുമായ സമുദായസേവനം, നിസ്സീമമായ ദേശാഭിമാനത്തിൽ നിന്നും ഉടലെടുത്ത രാഷ്ട്രീയ പ്രവർത്തനം. ഇവ രണ്ടുമാണു് ശ്രീമതി ജ്യോതിർമ്മയീഗാംഗുലിയുടെ ജീവിത വിജയത്തിനു് നാന്ദീതാളംവഹിച്ചതു്. തികച്ചും പ്രക്ഷുബ്ധമായ ഒരു രാഷ്ട്രീയാന്തരീക്ഷത്തിൽ അവർ രംഗപ്രവേശംചെയ്തു. മഹത്തായ കാര്യങ്ങൾ പലതും, അവക്കു് നിർവഹിക്കാനുണ്ടായിരുന്നു; അവരുടെ ലക്ഷ്യത്തിലെത്താൻ അതിദൂരം ഇനിയും സഞ്ചരിക്കേണ്ടിയിരുന്നു, പക്ഷേ നിഷ്ഠുരയായ വിധി അതിനവരെ അനുവദിച്ചില്ല. മരണം അവരെ മാടിവിളിച്ചു. അതപ്രതീക്ഷിതവുമായിരുന്നു. യുവത്വത്തിൻെറ പൂണ്ണതയിൽ അവർ നമ്മിൽ നിന്നും അകറ്റപ്പെട്ടു.

I

ശ്രീമതി ഗാംഗുലിക്കു്, രാഷ്ട്രീയപ്രബുദ്ധതയിൽ മികച്ചുനിന്നിരുന്ന ഒരു വംശപാരമ്പര്യമുണ്ടു്. പിതാവായ ദ്വാരകനാഥ്ഗാംഗുലി ഒരു തികഞ്ഞ സമുദായപ്രവത്തകനും മികച്ച വിദ്യാഭ്യാസപരിഷ്കത്താവുമായിരുന്നു. ബംഗാളിലെ നവോത്ഥാനത്തിനു് (Renaissance) ഉത്തരവാദികളായ ഈശ്വരചന്ദ്രവിദ്യാസാഗർ, ബങ്കിം

ചന്ദ്രൻ, കേശബ് ചന്ദ്രൻ എന്നിവരുടെക്കൂട്ടത്തിൽ എണ്ണപ്പെടേണ്ട ഒരുസ്ഥാനം ദ്വാരകനാഥും ആർജ്ജിച്ചിട്ടുണ്ടു്. ഇംഗ്ലീഷ് വിദ്യാഭ്യാസം കത്തിവച്ച് ദുഷിച്ചരീതികളെ പാടെമാററി വിദ്യാഭ്യാസം ദേശീയമാക്കുന്നതിന്ന് ഉററുശ്രമിച്ചവരിൽ ദ്വാരകനാഥ് അഗ്രഗണ്യനായിരുന്നു. ജ്യോതിർമ്മയിയുടെ മാതാവായ 'കാദംബനി'യാണ് കൽക്കട്ടാ സർവകലാശാലയിൽ നിന്നും എം. ബി. ബിരുദം നേടിയ ആദ്യത്തെ ഭാരതീയ വനിത. കൽക്കത്തായിലെ ഒരു പ്രധാന കാൺഗ്രസ്സ് പ്രവത്തകനായ ശ്രീ. പത്മകുമാർ ജ്യോതിർമ്മയിയുടെ സഹോദരനാണ്. അദ്ദേഹത്തിൻെറ ഉടമസ്ഥതയിൽ ആരംഭിച്ച 'പ്രഭാത' പത്രത്തിൻെറ പ്രവത്തനം, ൧൯൪൨-ലെ വിപ്ലവകാലത്ത് അതിൽ പ്രത്യക്ഷപ്പെട്ട ചില ലേഖനങ്ങൾ ഗവമ്മെൻറിൻെറ അതൃപ്തിക്കു പാത്രമാകുകയാൽ തടയപ്പെട്ടു.

1895-ൽ ജ്യോതിർമ്മയി കൽക്കത്തായിൽ ജനിച്ചു. തികച്ചും അനുകൂലമായ പരിതഃസ്ഥിതികളിലാണ് അവർ ജനിച്ചതും വളന്നതും. ധനത്തിലും, വിദ്യാഭ്യാസത്തിലും അവരുടെ കുടുംബം മുന്നിട്ടുനിന്നിരുന്നതുകൊണ്ടു്, കുറഞ്ഞത്, ഒരു കലാശാല ബിരുദമെങ്കിലും നേടിയെങ്കിൽ മാത്രമേ, വിദ്യാഭ്യാസം, അല്പമായെങ്കിലും അവസാനിച്ചു എന്നുപറവാൻ കുടുംബാംഗങ്ങൾ സമ്മതിച്ചിരുന്നൊള്ളൂ. അസാധാരണമായ ബുദ്ധിവൈഭവവും, പ്രവത്തനശക്തിയും, ജ്യോതിർമ്മയിക്ക് ജന്മനാ സിദ്ധമാണ്. അവരുടെ വിദ്യാത്ഥിജീവിതത്തിൽ അവ വളരെ

ഉപകരിക്കുകയും ചെയ്തു. കലാശാലവിട്ടു പുറത്തിറങ്ങിയ ചുരുക്കം ചില എം. എ. ബിരുദധാരിണികളിൽ ഒരാളായിരുന്നു ജ്യോതിർമ്മയി.

അവർ ജീവിതമാരംഭിച്ചു. രാഷ്ട്രമന്നു് വിപ്ലവത്തിന്റെ വക്കത്തു് സ്ഥിതിചെയ്യുകയായിരുന്നു. ഒന്നാം ലോകയുദ്ധം അവസാനിച്ചു. നിരാശയായി, വെറുംകയ്യോടെ ഇൻഡ്യക്കു മടങ്ങിപ്പോരേണ്ടിവന്നു. ഒരു സമരത്തിനുള്ള ഒരുക്കങ്ങൾ കാൺഗ്രസ്സ് കൈക്കൊണ്ടു.

1921-ൽ മഹാത്മജി നിസ്സഹകരണപ്രസ്ഥാനമാരംഭിച്ചു. ബംഗാളിൽ ദേശബന്ധു സി ആർ. ദാസിന്റെ കീഴിൽ ആളുകൾ അണിനിരന്നു. ജ്യോതിർമ്മയിക്കു് പ്രവൎത്തിക്കാനുള്ള സന്ദർഭംകിട്ടി. അതവർ ഉപയോഗിക്കുകയും ചെയ്തു.

അവർ രാഷ്ട്രീയരംഗത്തു പ്രവേശിച്ചു. 'ചാമിദിദി' അതാണ് വിദ്യാൎത്ഥികൾ അന്നവൎക്കു് നൽകിയ ഓമനപ്പേരു്. ദിദിയുടെ നേതൃത്വം സ്വീകരിക്കുവാൻ അവരുടെ ഉപദേശം കൈക്കൊള്ളുവാൻ വിദ്യാൎത്ഥികൾ തയ്യാറായി. വിദ്യാൎത്ഥിലോകത്തിനു് അവർ നൽകിയ ഉപദേശം ഇവിടെ പകൎത്തുന്നതു് ഉചിതമായിരിക്കും. "രാഷ്ട്രീയപ്രബുദ്ധത തീർച്ചയായും വിദ്യാൎത്ഥികൾക്കു് ഉണ്ടായിരിക്കണം. എന്നാൽ അലസമായി പ്രവൎത്തിക്കുവാൻ അവർ ഒരിക്കലും ഒരുമ്പെടരുതു്. തങ്ങളുടെ പഠിത്തത്തിനു് വിഘ്നമാകാതെയുള്ള പ്രവൎത്തനത്തിനു് അവൎക്കു് സ്വാതന്ത്ര്യമുണ്ടു്."

വിദ്യാൎത്ഥിലോകവുമായി അന്നവർ സ്ഥാപിച്ച സമ്പൎക്കം, പലവൎഷങ്ങൾക്കശേഷവും, അവരുടെ മരണം വരെ, അനുസ്യൂതമായി പുലൎത്തിക്കൊണ്ടുപോകുവാൻ അവൎക്ക സാധിച്ചിട്ടുണ്ടു്.

നിസ്സഹകരണപ്രസ്ഥാനം കാൺഗ്രസ്സ് അവസാനിപ്പിച്ചു. ജ്യോതിൎമ്മയിയുടെ ശ്രദ്ധ സൃഷ്ടിപരമായ കാൎയ്യങ്ങളിലേക്ക തിരിഞ്ഞു. ദാരിദ്ര്യത്തിന്റെ പടിയിലമൎന്ന് നിൎജ്ജീവങ്ങളായിത്തീൎന്നിരുന്ന ഗ്രാമങ്ങളെ പുനരുദ്ധരിക്കയായിരുന്നു അവരേറെറടുത്ത കൃത്യം. ദിദി "ചാമീദിദി"യുടെ നേതൃത്വത്തിൽ അനവധി വിദ്യാൎത്ഥിസേവാദളങ്ങൾ ഉടലെടുത്തു.

ഗ്രാമീണന്റെ ദാരിദ്ര്യമാണ് അവന്റെ വിദ്യാവിഹീനതയ്ക്കു് കാരണം. ഇതു പരിഹരിക്കണമെങ്കിൽ അവനു് സാമ്പത്തികമായ ഉന്നമനം നൽകണം. ഈതത്വം ജ്യോതിൎമ്മയി നല്ലപോലെമനസ്സിലാക്കി. കിഴക്കെ ബംഗാളിൽ മൂന്നു ഗ്രാമങ്ങൾ തിരഞ്ഞെടുത്തു് അവർ പ്രവൎത്തനമാരംഭിച്ചു. ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനു് വേണ്ട പ്രോത്സാഹനം കർഷകനു് നൾകപ്പെട്ടു. സാമ്പത്തികമായ വളർച്ചയോടൊപ്പം, സാമാന്യവിദ്യാഭ്യാസവും അവനു് നൾകപ്പെട്ടു. രാഷ്ട്രീയമായ ഉണർവും അവനു് ലഭിച്ചു.

വിദ്യാഭ്യാസം സാങ്കേതികവും, സാമ്പത്തികവുമായ മാൎഗ്ഗങ്ങളിലൂടെ ജനസമുദായത്തിനു് സഹായകമായിതീൎക്കുന്നതിലായിരുന്നു അവരുടെ അടുത്ത ശ്രമം. വിദ്യാഭ്യാസം ദേശീയമാകണമെങ്കിൽ, അതു് സാമാന്യജനതയ്ക്കു് (Commonman) ഉപകരിക്കണമെങ്കിൽ ധനംകൊ

ഞ്ഞ സമുദായത്തിന്റെ മുന്നണിയിൽ നില്ക്കുന്നവരുടെ കുത്തകയായിത്തീരാൻ പാടില്ല. ചുരുങ്ങിയ ധനംകൊണ്ടു് കൂടുതൽ വിദ്യാഭ്യാസം നിർവഹിക്കുക സാമ്പത്തികമായ അധഃപതനം അതിന്നു് ബാധകമാകാതിരിക്കുക, അതിലേക്കു് നിലവിലിരിക്കുന്ന വിദ്യാഭ്യാസരീതി ഉടച്ചു വാർക്കുക, ഇതായിരുന്നു ജ്യോതിർമ്മയിയുടെ ആദർശം. അവർ ഉന്നയിച്ച വാദങ്ങൾ ചെവിക്കൊള്ളാനും, അവർ രൂപീകരിച്ച പന്ഥാവിലൂടെ വിദ്യാഭ്യാസം പരിഷ്കരിക്കുവാനും, അനവധിയാളുകൾ തയ്യാറായി. ജ്യോതിർമ്മയി പല വിദ്യാഭ്യാസ കേന്ദ്രങ്ങളിലേക്കും ക്ഷണിക്കപ്പെട്ടു. പല ഗ്രാമങ്ങളിലും പുതിയ വിദ്യാമന്ദിരങ്ങൾ സ്ഥാപിതമായി. സിലോൺ ഗവർമ്മെന്റു് ജ്യോതിർമ്മയിയെ അങ്ങോട്ടു ക്ഷണിക്കുകയും, വിദ്യാഭ്യാസം ദേശീയമാക്കുന്നതിൽ അവർക്കു നൽകാനുണ്ടായിരുന്ന ഉപദേശം സ്വീകരിക്കുകയും ചെയ്തതു് ഇവിടെ സ്മരണീയമാണു്.

സ്ത്രീവിദ്യാഭ്യാസത്തിലും ജ്യോതിർമ്മയിയുടെ ശ്രദ്ധ പതിയ്ക്കാതെയിരുന്നില്ല. സ്ത്രീസമുദായത്തിൽ ഒരു ഭൂരിഭാഗം പർദ്ദാസമ്പ്രദായത്തിൽ അന്നും വിശ്വസിച്ചിരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രായോഗിക വശത്തെപ്പററി കൂടുതൽ ചിന്തിക്കുവാൻ അന്നു് തുടങ്ങിയിരുന്നില്ല. വിദ്യാസാഗർ തുടങ്ങിയ സമുദായ പരിഷ്കർത്താക്കളുടെ ശ്രമം ഏറെക്കുറെ വിജയകരമായിരുന്നുവെങ്കിലും, പുരുഷനോടൊത്തു് പൊതുജനസേവയ്ക്കു് ഇറങ്ങുവാൻ സ്ത്രീകൾ അന്നും മടിച്ചു. ഇതിനെപ്പററി ജ്യോതിർമ്മയി പറയുന്നതു് ഇപ്രകാരമാണു്.

"ഞങ്ങളുടെ കാളേജിൽ വിദ്യാൎത്ഥിനികൾ കുറവായിരുന്നു. ഉള്ളവരിൽ തന്നെയും പ്രവൎത്തനസന്നദ്ധതയോടുകൂടി പൊതുരംഗത്തു് പ്രവേശിക്കുവാൻ ചുരുക്കം ചിലർ മാത്രമേ ഒരുങ്ങിയുള്ളൂ. വിദ്യ അഭ്യസിച്ചു് ബിരുദം നേടുക ഒരു 'വെറും ചടങ്ങ്' ആയി മാത്രമാണു് മിക്കവിദ്യാൎത്ഥിനികളും കരുതിയിരുന്നതു്."

'ടാൻഗേൽ, വിമൻസ് കാളേജ് പ്രിൻസിപ്പാളായി ജ്യോതിർമ്മയി നിയമിക്കപ്പെട്ടു. വിദ്യാഭ്യാസത്തിൽ പ്രായോഗികമായ ഭേദഗതികൾ വരുത്തുന്നതിനു് അവൎക്കീയവസരം ഉപകരിച്ചു. ഗൃഹശാസ്ത്രം (Home Science) ഒരു നിർബന്ധിത വിഷയമാക്കുകയായിരുന്നു അവൎക്കു് ആദ്യമായി ചെയ്യാനുണ്ടായിരുന്ന ഭേദഗതി. ചരിത്രം, അങ്കഗണിതം, എന്നീവിഷയങ്ങളോടൊപ്പമോ, അതിലും കവിഞ്ഞതോ ആയ ഒരു സ്ഥാനം, തുന്നൽപണി, ചിത്രമെഴുത്തു്, സംഗീതം, എന്നിവകൾക്കും നൽകി. തന്റെ അദ്ധ്യാപക ജീവിതത്തെക്കുറിച്ചു് അവൎക്കുള്ള അഭിപ്രായമിതാണു്.

"ഞാനേററവും ഇഷ്ടപ്പെട്ട ഒരു തൊഴിലാണു് അദ്ധ്യാപകവൃത്തി. സ്വപ്നത്തിൽമാത്രം ദർശിച്ചിരുന്ന പല മാററങ്ങളും യഥാൎത്ഥീകരിക്കുവാൻ എനിക്കു് സാധിച്ചു. വിദ്യാഭ്യാസത്തിന്റെ വിജയം, അതു് ജീവിക്കുവാൻ പഠിപ്പിക്കുന്നു എന്നുള്ളതിലാണു്. സ്ത്രീയും, പുരുഷനും ജീവിതത്തിലെ പങ്കാളികളാണു്. ജീവിതത്തിൽ അവൎക്കു വിജയിക്കണമെങ്കിൽ, വിദ്യാഭ്യാസം കൂടിയേ കഴിയൂ."

ഗൃഹശാസ്ത്രം നിർബന്ധിതവിഷയമാക്കിയപ്പോഠം ചില അപശബ്ദങ്ങഠം എനിക്കു് കേഠംക്കേണ്ടിവന്നു. പക്ഷേ എനിക്കറിയാം, അങ്ങനെയാക്കിയതിൽ തെററില്ലെന്നു്. സ്ത്രീ അവഠം ഗൃഹവൃത്തിയിലാണ് ശ്രദ്ധചെലുത്തേണ്ടതു്. അതിനവളെ മാനസികമായി ഒരുക്കണം. എല്ലാസ്ത്രീകളും, അടുക്കളവിട്ടു് രാഷ്ട്രീയരംഗത്തു പ്രവേശിക്കുന്ന ഒരു കാലം—ഞാനിവിടെ വിഭാവനചെയ്യുന്നില്ല."

കാളേജ് അധികൃതരുമായി അല്പം ഇടർച്ച സംഭവിക്കയാൽ പ്രിൻസിപ്പാഠം സ്ഥാനം രാജിവച്ചു.

വീണ്ടും പൊതുജനമദ്ധ്യത്തിൽ പ്രവത്തിക്കുന്നതിന് വേണ്ട പരിതഃസ്ഥിതികഠം അവർക്കനുകൂലമായി. കൽക്കത്താ കാർപ്പറേഷനിലെ ഒരു കൌൺസിലറായി അവർ തിരഞ്ഞെടുക്കപ്പെട്ടു.

1942-ലെ സമരത്തിൽ സജീവമായ ഒരു പങ്ക് അവർ ഏറെറടുത്തു. കൽക്കത്തായിലെ വിദ്യാത്ഥികളെ സംഘടിപ്പിച്ചു് സമരസന്നദ്ധമാക്കുന്നതിൽ ഗവൺമെന്റ് അവരുടെ പ്രവത്തനം തടഞ്ഞു. അനേകായിരം വിദ്യാത്ഥികഠം 'ചാമിദിദി' യോടുകൂടി ഇരുമ്പഴിക്കുള്ളിലായി, പക്ഷേ താമസിയാതെ അവർ മോചിതരാവുകയും ചെയ്തു.

II

ദീപം കത്തിത്തീരുന്നതിനു് മുമ്പ്, അപ്രതീക്ഷിതമായി അണഞ്ഞുപോയി. "ചാമിദിദി" എന്നെന്നേക്കുമായി നമ്മെ വിട്ടകന്നു.

മരണം—അതനിർവാര്യമാണ്. പക്ഷേ "ചാമിദിദി"ക്ക് സംഭവിച്ച മരണം, അതിന്റെ ക്രൂരതയെയാണ് കൂടുതൽ വെളിപ്പെടുത്തുന്നതു്. അതൊരു അത്യാഘാതമായിരുന്നു.

1945-നവംബർ 29-ാംനു- വിദ്യാർത്ഥികാൺഗ്രസ്സ്, വിദ്യാർത്ഥി ഫെഡറേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കൽക്കത്തയിൽ ഐ. എൻ. ഏ. ദിനം ആഘോഷിക്കപ്പെട്ടു. ഡെൽഹൗസിസ്ക്വയറിൽ വച്ച് പോലീസ് വിദ്യാർത്ഥികളുടെമേൽ വെടിവച്ചു. രാമേശ്വർ ബാനർജി തുടങ്ങിയ പ്രമുഖവിദ്യാർത്ഥികാൺഗ്രസ്സ് പ്രവത്തകർ മൃത്യുവിന്നിരയായി.

രാമേശ്വർ ബാനർജിയുടെസംസ്കാരകർമ്മത്തിന് സന്നിഹിതയാകുവാൻ 'കയോരതാലാ' ശ്മശാനഘട്ടത്തിലേക്ക് പോകുന്നഅവസരത്തിലാണ് ജ്യോതിർമ്മയിക്ക് അപകടം നേരിട്ടതു്. അവരുടെ കാർ ഒരു ലോറിയുമായി കൂട്ടിമുട്ടി. പരുക്കേററ ജ്യോതിർമ്മയി ശംഭുനാഥ ആസ്ത്രപത്രിയിലേക്ക് മാററപ്പെട്ടു. അവിടെവച്ച് അവർ മരണത്തിന് കീഴടങ്ങി.

ജോതിർമ്മയിയേപ്പോലെ, അനേകം വനിതാരത്നങ്ങൾ വംഗദേശം, ഭാരതത്തിന് ഇനിയും പ്രദാനം ചെയ്യട്ടെ!

★

നേതാജി

സുബാഷ് ചന്ദ്രബോസ്

★

അതെ; അടുത്ത കാലത്തു് യുവരക്തത്തിളപ്പുകൊണ്ട ഭാരതീയരുടെ ഏകനേതാവു്. സുപ്രസിദ്ധമായ ഇൻഡ്യൻ നാഷണൽ സേനയുടെ വീരനായകൻ. ബ്രിട്ടീഷ് ദേശീയരായ ഭരണാധിപന്മാരെ ഏതു നയം പ്രയോഗിച്ചായാലും ഭാരത ഭൂമിയിൽ നിന്നു് തുരത്തുവാൻ ജീവൻ ബലി നൽകിയ ആരാധ്യപുരുഷൻ. ശ്രീ സുബാഷ് ചന്ദ്രബോസ്! ആ വീര നാമധേയം നമ്മുടെ മഹാരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്നു് ശ്രമിച്ച നൂറുനൂറായിരം നായകന്മാരിൽ മഹാത്മഗാന്ധി ദേവന്നു് അടുത്തു പിന്നിലായി നിലകൊള്ളുന്നു.

ശ്രീ സുബാഷ് ചന്ദ്രബോസ് ബംഗാൾ പ്രസിഡൻസിയിലെ കട്ടക്കു് എന്ന സ്ഥലത്തു് ക്രിസ്തുവർഷം 1897 ജാനുവരി മാസം 23-ാംനു അവതരിച്ചു. അദ്ദേഹത്തിന്റെ പിതാവു് ജാനകീനാഥബോസ് എന്നൊരു അഭിഭാഷകപ്രമാണിയും, മാതാവു് ശ്രീമതി പ്രഭാവതീ ദേവി എന്ന ആദർശവനിതയും ആയിരുന്നു. ബാല്യത്തിൽതന്നെ കുട്ടിക്കു് അദ്ധ്യാത്മകാര്യങ്ങളോടാണു് കൂടുതൽ പ്രതിപത്തി ജനിച്ചതു്. തന്മൂലം ബാലന്റെ മനോഭാവം ലൌകികങ്ങളിൽ നിന്നു അകന്നു പോകുമെന്നു് ഭയപ്പെട്ട പിതാവു് ആ കുട്ടിയെ ഒരു മിഷൻ

പള്ളിക്കൂടത്തിലേക്കയച്ചു. ഈ സ്കൂളിലും അനന്തരം കാളേജിയേററു ഹൈസ്കൂളിലും തുടന്ന് പ്രസിഡൻസി കാളേജിലും വിദ്യാഭ്യാസം നിർവഹിച്ച ബാലൻ തൻെറ ഇരുപതാമത്തെ വയസ്സിൽ ബി. ഏ. ഡിഗ്രി സമ്പാദിച്ചു.

അടുത്തതായി സുബാഷ് ചന്ദ്രബോസ്സിനെ നാം കാണുന്നതു് ഒരു ഐ. സി. എസ്. വിദ്യാർത്ഥിയായിട്ടാണ്. 1917-ൽ തുടങ്ങിയ ഈ പഠിപ്പു ഉദ്ദേശം ഒൻപതു മാസംകൊണ്ടവസാനിച്ചു് അദ്ദേഹം ഒരു ഐ. സീ. എസ്. ബിരുദധാരിയായി. എന്നാൽ ഈ കാലഘട്ടത്തിൽ തുടന്ന് ഇൻഡ്യയിലുണ്ടായ പല അസ്വാസ്ഥ്യങ്ങളും ഇദ്ദേഹത്തിൻെറ മനസ്സിനെ കഠിനമായിയൊന്നുലച്ചു. അതിനാൽ അദ്ദേഹം ആ ഉന്നത ബിരുദം കേവലം നിസ്സാരമായി ഗണിച്ചു് വലിച്ചു് ദൂരത്തെറിഞ്ഞിട്ടു് ഇൻഡ്യാ മഹാരാജ്യത്തിലെ സ്വാതന്ത്ര്യ പ്രവൎത്തകന്മാരുടെ കാൽച്ചുവട്ടുകൾ നോക്കി നേരേ സ്വദേശത്തേയ്ക്കു തിരിച്ചു.

ഇന്ത്യയിൽ തിരിച്ചെത്തിയ ഈ യുവവീരൻ ആദ്യമായി മഹാത്മാഗാന്ധിയെ സന്ദർശിച്ചു. അന്നു ബ്രിട്ടീഷ് ഗവൺമെൻറിനോടു നിസ്സഹകരണനയം പ്രഖ്യാപനം ചെയ്തിരുന്ന മഹാത്മജി യുവവീരനായ ബോസ്സിനെ പ്രത്യേകം അഭിനന്ദിക്കുകയും അദ്ദേഹത്തിന് വേണ്ട ആശിസ്സുകൾ ആശംസിക്കുകയും ചെയ്തു. ആ മഹാനായ ഭാരതീയ നേതാവിൻെറ നിർദ്ദേശം അനുസരിച്ചു സുബാഷ് ചന്ദ്രൻ അനന്തരം, അന്നത്തെ ഉത്തരഇൻഡ്യൻ

നേതാവായ ദേശബന്ധു സി. ആർ. ദാസ്സിനെ സന്ദർശിച്ചു. ദാസ്സിൻെറ താല്പര്യപ്രകാരം, ബോസ്സ് ഒരു പുതുരീതിയിലുള്ള നാഷണൽ കാളേജിൻെറ പ്രിൻസിപ്പാലായി നിയമിക്കപ്പെട്ടു. എന്നാൽ ഈ ജോലി അധികകാലത്തേയ്ക്കു നിലനില്ക്കാത്തവിധത്തിൽ ഗവർമ്മെൻറു പ്രസ്തുത കാളേജിൻെറ സ്ഥാപനംതന്നെ നാമാവശേഷമാക്കി.

ക്രിസ്തുവർഷം 1921 ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദന ചരിത്രത്തിൽ പ്രത്യേകം സ്മരണീയമാകുന്നു. അന്നത്തെ ബ്രിട്ടീഷുചക്രവൎത്തിയുടെ പുത്രനായ വെയിൽസ് രാജകുമാരൻെറ ഇന്ത്യാസന്ദർശനം അലങ്കോലപ്പെട്ടതു് ആ വർഷത്തിലായിരുന്നു. ഈ ഉദ്യമത്തിൽ കരിങ്കൊടി പ്രദർശനത്തിന്നു് പ്രത്യേകശ്രമം ചെയ്തവരുടെ കൂട്ടത്തിൽ സുബാഷ് ചന്ദ്രന്നു് ആറുമാസത്തെ കഠിനതടവു ശിക്ഷ ലഭിച്ചു.

എന്നാൽ അടുത്തവർഷം സെപ്റ്റംബർ മാസത്തിൽ അദ്ദേഹം ബന്ധനത്തിൽനിന്നു വിമുക്തനായി. അക്കാലത്തു് ഭയങ്കരമായ ഒരു വെള്ളപ്പൊക്കമുണ്ടാവുകയും, അനേകം ആളുകൾ ഭവനരഹിതരാകുകയും ചെയ്തു. അവരുടെ സങ്കടപരിഹാരണത്തിന്നായി ഏർപ്പെടുത്തിയ നിധിയെ വിപുലമാക്കാൻ ബോസ്സു നിർവഹിച്ച യത്നം അന്നത്തെ വൈസ്രായി ആയിരുന്ന ലിട്ടൺ പ്രഭുവിൻെറപോലും പ്രശംസയ്ക്കു കാരണമായി.

1922-ാം വൎഷത്തോടുകൂടി കാൺഗ്രസ്സു കക്ഷിയിൽ ഒരു ഭിന്നിപ്പു് ഉണ്ടായി. വെറും നിസ്സഹകരണം

പോരാ എന്നും ഗവർമ്മെൻറിൻെറ അസംബ്ലീയിലും മററും കടന്നുകൂടി ഭാരതീയരുടെ അവകാശങ്ങൾ സ്ഥാപിക്കണമെന്നും സി. ആർ. ദാസ്സ്, മോട്ടിലാൽ നെഹ്റു മുതലായ നേതാക്കന്മാർ നിശ്ചയിച്ചു. അക്കാലത്തു് ദാസ്സ് കൽക്കട്ടാ കാർപ്പറേഷനിലെ മേയറായി തിരഞ്ഞെടുക്കപ്പെട്ടു. കാർപ്പറേഷൻെറ പ്രധാനചുമതലക്കാരനായി അദ്ദേഹം നിശ്ചയിച്ചതു് സുബോഷ്ബോസ്സിനേയായിരുന്നു. പ്രതിമാസം 250 രൂപ ശമ്പളമുണ്ടായിരുന്നിട്ടും അദ്ദേഹം അതിൽ പകുതിസംഖ്യമാത്രമേ സ്വീകരിക്കുകയുണ്ടായുള്ളു.

തൻെറ രാഷ്ട്രീയഗുരുവായിരുന്ന സി. ആർ. ദാസ്സിൻെറ ചരമത്തോടുകൂടി സുബാസ് ചന്ദ്രബോസ്സ് ബംഗാളികളുടെ നായകനായി. 1927-ൽ മദ്രാസിൽ വെച്ചുകൂടിയ കാൺഗ്രസ്സിൽവെച്ചു് അദ്ദേഹം ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

1928-ലെ കൽക്കട്ടാ കാൺഗ്രസ്സിൽ വെച്ചായിരുന്നു, സുബോഷ് ചന്ദ്രബോസ് തൻെറ അമിതവാദം കൊണ്ടു് ഭാരതീയ നേതാക്കന്മാരോടു് എതിർത്തതു്. കാൺഗ്രസ്സിൻെറ അന്നത്തെ ഉദ്ദേശം പരിപൂർണ്ണ സ്വാതന്ത്ര്യം ഉടനടി ലഭിച്ചില്ലെങ്കിലും ഡോമിനിയൻ സ്റ്റാററസ് ലഭിച്ചാൽ മതി എന്നായിരുന്നു. ഈ പത്രികാരാജ്യപദവികൊണ്ടു് ബോസ്സ് തൃപ്തിപ്പെട്ടില്ല. മഹാത്മാഗാന്ധിയുടെ മിതവാദ സ്വഭാവത്തെപ്പോലും ചോദ്യം ചെയ്തുകൊണ്ടു് ബോസ്സ് ഒരു സ്വാതന്ത്ര്യയുവജനാഭിപ്രായം രൂപീകരിച്ചു.

ഗാന്ധിജിയുടെ ലോകപ്രസിദ്ധമായ ഉപ്പു സത്യാഗ്രഹകാലത്തു് അതായതു് 1930-ൽ സുബാഷ്ബോസ് രാജദ്രോഹക്കുററത്തിനു് ജയിലിലടയ്ക്കപ്പെട്ടിരുന്നു. ആ വർഷത്തിലുണ്ടായ ദണ്ഡിയാത്രയും ഉപ്പുസത്യാഗ്രഹവും ലോകപ്രസിദ്ധമാണല്ലോ. തുടർന്നുണ്ടായ നിയമനിഷേധ പ്രസ്ഥാനത്തിൽ അദ്ദേഹം ആവേശത്തോടെ പ്രവർത്തിക്കുകയാൽ ജയിലിലാക്കപ്പെട്ടുവെങ്കിലും അധികം താമസിയാതെ അദ്ദേഹത്തിനു് മോചനം ലഭിച്ചു.

എന്നാൽ ഈ പ്രകാരം തുടരെത്തുടരെയുള്ള ജയിൽവാസംകൊണ്ടു് അദ്ദേഹത്തിന്റെ ആരോഗ്യത്തിനാണു് നഷ്ടം നേരിട്ടതു്. അതു് നികത്തുവാൻ അദ്ദേഹം ഒരു യൂറോപ്പു വാസത്തിനു തിരിച്ചു. യൂറോപ്പിൽ നിന്നു അല്പകാലത്തെ താമസത്തിനുശേഷം വീണ്ടും ക്ഷോഭപൂർണ്ണമായ സ്വദേശത്തേയ്ക്കു തന്നെ അദ്ദേഹം മടങ്ങി. പക്ഷേ ഈ മടക്കം അദ്ദേഹത്തെ കാരാഗൃഹത്തിന്റെ അതിഥിയാക്കിയതേയുള്ളൂ. അദ്ദേഹം 1937 മാർച്ചു് മാസത്തിൽ മോചിപ്പിക്കപ്പെട്ടു.

തുടർന്നുണ്ടായ ഹരിപുര കാൺഗ്രസ്സു യോഗത്തിൽ രാഷ്ട്രപതി എന്ന ഉന്നതസ്ഥാനത്തിനു് സർവ്വഥാ യോഗ്യൻ സുഭാഷ് ബോസ് തന്നെയാണെന്നുകണ്ടു് അദ്ദേഹത്തെ തിരഞ്ഞെടുത്തു. ഈ തിരഞ്ഞെടുപ്പോടുകൂടി ബംഗാളത്തിനു്. അതേവരെ ലഭ്യമാകാതിരുന്ന ഒരു പുതിയ പദവി ആ ദേശത്തിനു് ലഭിക്കുകയും ഉണ്ടായി.

പരിപൂൎണ്ണസ്വാതന്ത്ര്യത്തിന്റെ സമ്പാദനം സംബന്ധിച്ചു പലതരം ഭിന്നാഭിപ്രായങ്ങളോടു കൂടിയ അനവധി നേതാക്കന്മാരെ നമുക്കു് അറിയാം. എന്നാൽ അവരിൽ ഒരാൾക്കും ഇല്ലാത്ത അതിരു കടന്ന സ്വാതന്ത്ര്യശീലവും സ്വാതന്ത്ര്യസമ്പാദനത്തിനുള്ള തീക്ഷ്ണതയും ഈ നായകനിലെന്നപോലെ മററാരിലും കാണുന്നില്ല എന്നു തന്നെ പറയാം. ഈ വൎദ്ധിച്ച സ്വാതന്ത്ര്യാസക്തിനിമിത്തം ബംഗാൾ കാൺഗ്രസ്സ്കമ്മററി പ്രസിഡന്റ സ്ഥാനത്തു നിന്നു് അദ്ദേഹത്തെ മറേറണ്ടതായിപ്പോലും വന്നിട്ടുണ്ടു്. ആ സന്ദൎഭത്തിൽ അദ്ദേഹം ഫാർവേഡ്ബ്ലാക്കു്, എന്നു മറെറാരു സംഘം രൂപീകരിച്ചു. ഇതു് സംബന്ധിച്ചു മദ്രാസ്സിലെ ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടു നിൽക്കവെയായിരുന്നു, രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രഖ്യാപനം ലോകത്തെങ്ങും മുഴങ്ങിയതു്.

രണ്ടാംലോകമഹായുദ്ധം ആരംഭിച്ചതു്, യഥാൎത്ഥത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്നു ഏററവും പററിയതാണു് എന്നു സുബാഷ്ബോസ് നിശ്ചയിച്ചു. അദ്ദേഹത്തെ അക്കാലത്തു് ബംഗാൾ ദേശീയ കാൺഗ്രസ്സിൽ നിന്നു് നീക്കം ചെയ്തിരുന്നു. ഇതു് ആ നാട്ടുകാൎക്കു് കേവലം അസഹ്യമായിത്തോന്നി. അദ്ദേഹം പ്രത്യക്ഷസമരത്തിന്നുതന്നെ തയ്യാറായി. ആലിപ്പൂർ ജയിൽവാസികളോടു ചെയ്ത പ്രതിജ്ഞ നിറവേററുവാൻ 'ഹാൾവെൽ' പ്രതിമ മാററുന്നതിനുവേണ്ടി ഒരു സമരം ആരംഭിക്കപ്പെട്ടു. ഇന്ത്യയിലെ 'ഡിഫൻസ് ആക്ററു' അനുസരിച്ചു് അദ്ദേഹം ബന്ധിതനായി. പ്രക്ഷോഭണം പൂൎവ്വാ

ധികാംശക്തിയിലെത്തി. ബോസ്സ്, മഹമ്മദാലി പാക്കിൽ വെച്ചു ഒരു പ്രസംഗം ചെയ്തിരുന്നു. ഈ പ്രസംഗം ആസ്പദമാക്കിയാണു് അദ്ദേഹത്തെ അറസ്ററു ചെയ്തതെന്നു് ഗവർമ്മെൻറു പറഞ്ഞു. അദ്ദേഹമാകട്ടെ, ആമരണം ഉപവാസം എന്നൊരു കഠിനവ്രതം സ്വീകരിച്ചു. ഈ നിരാഹാരവ്രതം സംബന്ധിച്ചു് അദ്ദേഹം ഇന്ത്യാഗവർമ്മെൻറിനു് ആത്മവീര്യം തുളുമ്പുന്ന ഒരു കത്തയച്ചു. കത്തു വായിച്ചതോടെ ഗവണ്മെൻറു ആ ലേഖനകത്താവിൻെറ ഭയങ്കരഭാവിയെപ്പററി ചിന്തിച്ചു് ഭയപ്പെട്ടതു നിമിത്തമായിരിക്കാം, ബോസ്സിനെ ജയിലിൽ നിന്നു മോചിപ്പിച്ചു.

ഈ മോചനത്തിനുശേഷം, സുബാഷ്ചന്ദ്രനെ വീട്ടിനുവെളിയിൽ കാണ്മാനുണ്ടായിരുന്നില്ല. 1941 ജാനുവരി 26-ാം നു- ഒരു പ്രത്യേകവാർത്ത നാടെങ്ങും മുഴങ്ങി. അതായതു് സുബാഷ്ചന്ദ്രനെ കാണ്മാനില്ല എന്നൊരു വത്തമാനം. മാസങ്ങൾ പലതു കഴിഞ്ഞു. എന്നാൽ അദ്ദേഹം വേഷംമാറി പെഷവാറിലേയ്ക്കു തിരിച്ചു് ക്യാബൂളിലെത്തി. നാല്പത്തഞ്ചുദിവസത്തോളം ഉത്തമചന്ദ്, എന്നൊരാളിൻെറ ഭവനത്തിൽ ഗൂഢമായി താമസിച്ചു. റഷ്യയ്ക്കു പോകണമെന്നതായിരുന്നു, അദ്ദേഹത്തിൻെറ ആഗ്രഹം. എന്നാൽ ഇററാലിയൻ സ്ഥാനപതിയുടെ സഹായത്തോടെ അദ്ദേഹം വിമാനമാർഗ്ഗം റോമിൽ എത്താൻ തിരിച്ചുവെങ്കിലും ചെന്നെത്തിയതു്, വൈമാനികന്മാർ ഇറക്കിയതനുസരിച്ചു് ജർമ്മൻനഗരിയായ ബർലിനിൽ ആയിരുന്നു.

ഏകദേശം ഈ ഘട്ടത്തിൽ ജപ്പാനും അക്ഷശക്തികളോടു ചേൎന്നു യുദ്ധത്തിനൊരുങ്ങി. സിംഗപ്പൂരിൽ വച്ചു പ്രിൻസ് അഫ് വെയിൽസ് എന്നും റിപ്പൾസ് എന്നും രണ്ടു കപ്പലുകൾ ജപ്പാൻകാർ മുക്കിയതു് ഈ ഘട്ടത്തിലായിരുന്നു.

ഫെബ്രുവരി മാസം 15-ാംനു സിംഗപ്പൂരു് ജപ്പാന്റെ കൈവശം വന്നുചേൎന്നു. ഇൻഡ്യയിൽ നിന്നു നാടുകടത്തപ്പെട്ടിരുന്ന റാഷ് വിഹാരിഘോഷ് അക്കാലത്തു് ജപ്പാനിൽ താമസിക്കുകയായിരുന്നു. അദ്ദേഹം ഇന്ത്യൻ ദേശീയ കാൺഗ്രസ്സ് എന്നൊരു സംഘം സ്ഥാപിച്ചു പൂൎവദേശങ്ങളിലുള്ള ജനങ്ങളുടെ അനുഭവത്തോടേ ഭാരതസ്വാതന്ത്ര്യം നേടാൻ ശ്രമിയ്ക്കുകയായിരുന്നു. ഇതോടുകൂടി ജപ്പാൻ നേതാക്കളും ഇന്ത്യയുടെ സ്വാതന്ത്ര്യം കൈവരാൻ ശ്രമിയ്ക്കാമെന്നു് ഏററു.

ഫെബ്രുവരി 17-ാംനു ബ്രിട്ടീഷ് സേനാപതിയായ ഫണ്ടു് മുപ്പത്തീരായിരം ഇന്ത്യൻ ഭടന്മാരെ ജപ്പാൻവശം ഏല്പിച്ചു. ഇങ്ങനെ ബ്രിട്ടീഷുകാർ കൈവെടിഞ്ഞ ഈ ഇൻഡ്യൻ ഭടന്മാരെ ഇന്ഡ്യയുടെ തന്നെ വിമോചനത്തിനു് പ്രധാന പ്രവൎത്തകരാക്കാനുള്ള ഉദ്യമങ്ങൾ തുടങ്ങിക്കഴിഞ്ഞു. മാൎച്ചുമാസം അവസാനത്തിൽ രാഷ് ബിഹാരിഘോഷിന്റെ നേതൃത്വത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരം ഉടനടി ആരംഭിക്കേണ്ടതാണെന്നു നിശ്ചയം പാസ്സാക്കപ്പെട്ടു. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കായി സംഘടിക്കപ്പെട്ട ഒരു സൈന്യം, ഒരു പ്രതിനിധികമ്മിററി, പ്രാദേശികക്കമ്മിററി എന്നീ സ്ഥാപനങ്ങൾ

ഏർപ്പെടുത്തി. സെപ്റ്റംബർ ഒന്നാംതീയതിയാണ് ഇൻഡ്യൻ പൌരസ്ത്യസേന രൂപീകരിക്കപ്പെട്ടതു്.

1943 ഏപ്രിൽ മാസത്തിൽ സുബാസ് ചന്ദ്രബോസ് ഒരു സബ്മറൈനിൽ തിരിച്ചു മൂന്നു മാസത്തെ യാത്രയ്ക്കു് ശേഷം സുമാട്രായിൽ വന്നടുത്തു. ജൂലൈ രണ്ടാംതീയതി അദ്ദേഹം സിംഗപ്പൂരിൽ എത്തി. ആ മഹാൻ ആഗസ്റ്റ് 25-ാംനു ഇൻഡ്യൻ ദേശീയസേനയുടെ സർവാധിപത്യം അംഗീകരിച്ചു.

"പുതുദില്ലിയിലെ വൈസ്രോയി മന്ദിരത്തിൽ നമ്മുടെ ദേശീയ ത്രിവർണ്ണപതാക പാറുംവരേയ്ക്കു നമുക്കു് പോരാട്ടം നടത്താം" എന്ന ദൃഢനിശ്ചയത്തോടെ ആ സർവസൈന്യാധിപൻ ഒരു നിത്യയുവാവിൻെറ നിലയിൽ ഭാരതീയാന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം തുടങ്ങിയ ഉദ്യമം ഏററവും ഭാഗ്യകരമാകുമാറു് ഇപ്പോൾ വിജയം പ്രാപിച്ചുകഴിഞ്ഞു. ഇൻഡ്യയ്ക്കു് പരിപൂർണ്ണസ്വാതന്ത്ര്യം ലഭിച്ചതുകണ്ടു് ആ മഹാനായ ഭാരതീയനേതാവു് മർത്ത്യൻെറയോ അമർത്ത്യൻെറയോ നിലയിൽ സന്തോഷപുളകം കൊള്ളുന്നുണ്ടായിരിക്കാം!

വല്ലഭായ് പട്ടേൽ

★

'മഞ്ഞുകട്ടിയിൽ മൂടിയിരിക്കുന്ന ഒരു ജ്വാലാമുഖി" യാണു് വല്ലഭായി എന്നു് പരേതനായ മൌലാനാ ശൌകത്ത്അലി ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്. 'ഇൻഡ്യയിലെ ഉരുക്കുമനുഷ്യ'നെന്നു് അറിയപ്പെടുന്ന ഈ മഹാവ്യക്തിയുടെ ഹൃദയം വെണ്ണപോലെ എളുപ്പത്തിൽ അലിയുമെന്നു് ഇൻഡ്യാഗവർണ്ണർജനറലായ ശ്രീ.സി. രാജഗോപാലാചാരിയരും അഭിപ്രായപ്പെടുന്നു. എല്ലാവരും അദ്ദേഹത്തെപ്പററി കേട്ടിട്ടുണ്ടു്; പലരും അടുത്തു പരിചയിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹത്തിൻെറ യഥാത്ഥസ്വഭാവം ഗാന്ധിജിയേപ്പോലെ അപൂവ്വം ചിലർമാത്രമേ ഗ്രഹിച്ചിട്ടുള്ളു. എന്താണു് ഇതിൻെറ രഹസ്യം? അതു സൂക്ഷ്മമായി അറിയണമെന്നും ഉണ്ടെങ്കിൽ, അദ്ദേഹത്തിൻെറ ജീവചരിത്രത്തിലൂടെ ഒന്നു കണ്ണോടിക്കണം.

ഗുജറാത്തിൽ 'കുമ്മീ' എന്ന ജാതിക്കു് 'ലവ' എന്നും 'കദ്വാ' എന്നും രണ്ടു ഉപജാതികളുള്ളതിൽ, 'വല്ലഭായി' ലവ വംശീയനാണു്. ശ്രീരാമൻെറ പുത്രരായ ലവകുശന്മാരുടെ സന്താനപരമ്പരയിൽപ്പെട്ടവരാണത്രേ ലവജാതീയർ. പട്ടേലിൻെറ പിതാവായ ജബേർഭായി പേട്ലാദ് താലൂക്കിലെ കരംസദ്ഗ്രാമത്തിലുള്ള ഒരു സാമാന്യഗൃഹസ്ഥനായിരുന്നു. ധനസ്ഥിതിയിൽ അദ്ദേഹത്തിനെ കവിഞ്ഞ പലരും ആ നാട്ടിലുണ്ടായിരു

ന്നെങ്കിലും വീയ്യപരാക്രമത്തിലും സാഹസികതയിലും ജബേർഭായിയോടു കിട നില്ക്കാൻ അവിടെ ആരും ഉണ്ടായിരുന്നില്ല. 1857 ലെ സ്വാതന്ത്ര്യ സമരം പൊട്ടി പ്പുറപ്പെട്ടപ്പോഠം, അദ്ദേഹം തൻെറ നാടും വീടും നിലം പുരയിടങ്ങളും ഒക്കെ മറന്നിട്ട് എവിടെയോ പോയ്മറഞ്ഞു. രണ്ടു മൂന്നു വർഷങ്ങഠംക്കു ശേഷമാണ് അദ്ദേഹത്തി നെപ്പററി അറിവുകിട്ടിയതു്. ഭാരത ചരിത്രത്തിൽ സുപ്രസിദ്ധയായ്ത്തീൎന്ന ഝാൻസിമഹാറാണി ലക്ഷ്മീ ബായിയുടെ ബുന്ദേൽ സേനയോടു കലൎന്നു ജബേറും ആംഗലശക്തിക്കെതിരായി പോരാടുകയും, ആ വീരാംഗന യുടെ പതനാനന്തരം ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. കഠിനമായ വിപത്തുകഠംക്കിടയിലും അദ്ദേഹത്തി ന്റെ ബുദ്ധി സുസ്ഥിരമായി വൎത്തിച്ചുപോന്നു എന്നുള്ളതിന് ഒരു ഉദാഹരണം പറയാം. ഒരു ദിവസം തടവു മുറിയ്ക്കു മുന്നിൽ ഇരുന്നു് മഹാരാജ് മല്ഹാർറാവു ചതുരംഗം കളിച്ചുകൊണ്ടിരുന്നു. അഴികഠംക്കിടയിലൂടെ കളിനോക്കി ക്കൊണ്ടിരിരുന്ന ജബേർ വിളിച്ചുപറഞ്ഞു:—"മഹാരാജ്, ആ കരു നീക്കരുതു്" പിന്നീടു് അദ്ദേഹം ഉപദേശിച്ച മാതിരി കളിച്ചപ്പോഠം, രാജാവിനു വിജയം സിദ്ധിച്ചു. ഇത്ര ബുദ്ധിമാനായ ഒരുവനെ ജയിലിൽ വച്ചിരിക്കുന്നതു ഉചിതമല്ലെന്നുള്ള കാരണത്താൽ രാജാവു് അദ്ദേഹ ത്തിനെ മോചിപ്പിച്ചു.

വല്ലഭായിപട്ടേൽ 1874 അക്ടോബർ മാസത്തിൽ ജനിച്ചു. ബാല്യദശ ഗ്രാമത്തിൽ തന്നെ കഴിഞ്ഞുകൂടി. വീട്ടിൽ പിതാവിൻെറ ശ്രദ്ധാപൂർവ്വമായ ശിക്ഷണത്തിൽ

കുറെക്കാലം ഇരുന്നിട്ടു്, നഡിയാദിലുള്ള ഒരു സ്കൂളിൽ പ്രവേശിച്ചു. അപ്പോഴും വല്ലഭായി മററു കുട്ടികളേപ്പോലെ ആയിരുന്നില്ല. നല്ല ചൊടിയും ചുറുചുറുപ്പും ഒട്ടുവളരെ കുസൃതിത്തരവും കാണിച്ചുപോന്നു. സ്കൂളിലെ ഒരു അദ്ധ്യാപകൻ പാഠ്യപുസ്തകവ്യാപാരം നടത്തി ആദായം എടുത്തു വന്നു. തൻെറ അടുക്കൽ നിന്നല്ലാതെ കുട്ടികൾ പുസ്തകങ്ങൾ വാങ്ങിപ്പോകരുതെന്നു അദ്ദേഹത്തിനു നിർബന്ധവുമായിരുന്നു. ഇതു വല്ലഭായിക്കു് രസിച്ചില്ല. ആ ബാലൻ കുട്ടികളേ സംഘടിപ്പിച്ചു് അദ്ധ്യാപകൻെറ പുസ്തകങ്ങൾ വാങ്ങരുതെന്നു് നിശ്ചയം ചെയ്തു. ഈ നിശ്ചയം കാര്യങ്ങളെ ഒരു 'ഹർത്താലിൽ' കൊണ്ടുചെന്നെത്തിച്ചുവത്രെ. അഞ്ചാറു ദിവസത്തോളം സ്കൂൾ പൂട്ടിയിടേണ്ടതായിവന്നു. ഒടുവിൽ വിദ്യാർത്ഥികൾ തന്നെ ജയിച്ചുവെന്നു പറഞ്ഞാൽ മതിയല്ലോ.

നഡിയാദിലെ പഠിത്തം പൂർത്തിയാക്കീട്ടു് വല്ലഭായി ബറോഡയിലേക്കു പോയി. സംസ്കൃതം പഠിക്കുന്നതിലുള്ള വൈരസ്യം നിമിത്തം ഗുജറാത്തിയാണു് ഐച്ഛികഭാഷയായി എടുത്തതു്. ആ സ്കൂളിൽ ഛോട്ടാലാല് എന്നൊരു സംസ്കൃതഭക്തനായ അദ്ധ്യാപകനുണ്ടായിരുന്നു. സംസ്കൃതം എടുക്കാത്ത കുട്ടികളെപ്പററി അദ്ദേഹം ക്ലാസ്സിൽ വച്ചു പുച്ഛിച്ചു സംസാരിക്കയും പതിവായിരുന്നു. വല്ലഭായി അദ്ദേഹത്തിൻെറ ക്ലാസ്സിൽ ചെന്നപ്പോൾ അദ്ദേഹം ആക്ഷേപസ്വരത്തിൽ പറഞ്ഞു "മഹാപുരുഷൻ ഇരിക്കു" പാവം! അദ്ധ്യാപകൻ! അദ്ദേഹം

ഇന്നു ജീവിച്ചിരുന്നുവെങ്കിൽ എന്തു പറയുമായിരുന്നു! അദ്ധ്യാപകൻ ചോദിച്ചു:—"എവിടെ നിന്നു വരുന്നു?"

വല്ലഭായി:—(ശാന്തഭാവത്തിൽ) കരംസദിൽ നിന്നു്.

മാസ്റ്റർ:—സംസ്കൃതം ഉപേക്ഷിച്ചിട്ടു് ഗുജറാത്തി എടുത്തല്ലോ. സംസ്കൃതം കൂടാതെ ഗുജറാത്തി ശോഭിക്കയില്ലെന്നു അറിയാമോ?"

കുസൃതിക്കുട്ടക്കയായ ബാലകൻ മറുപടി പറഞ്ഞു:—സാർ, ഞങ്ങളെല്ലാം സംസ്കൃതം പഠിക്കാൻ തുടങ്ങിയാൽ സാർ പിന്നെ ആരെ പഠിപ്പിക്കും?

അദ്ധ്യാപകൻ ഈ ഉദ്ധതനായ ബാലകനെ ക്ലാസ്സിലെ ഏററവും പുറകിലത്തെ ബഞ്ചിൽ ഇരിക്കാൻ ആജ്ഞാപിച്ചു. അതുകൊണ്ടും അവസാനിച്ചില്ല. അദ്ധ്യാപകനും വിദ്യാൎത്ഥിയും തമ്മിൽ പല കൂട്ടിമുട്ടലുകളും ഉണ്ടായിക്കൊണ്ടിരുന്നു. വാസ്തവത്തിൽ തെററുമുഴുവനും അദ്ധ്യാപകൻെറ പേരിൽ ആയിരുന്നു എന്നുമാത്രം. ആറാം ഫാറത്തിൽ പഠിക്കുന്ന ഒരു കുട്ടി! അവനേക്കൊണ്ടു എന്നും 'എഞ്ചുവടി' ഇമ്പൊസിഷൻ എഴുതിപ്പിക്കുക.—ഇതുതന്നെ വിദ്യാൎത്ഥിക്കു അപമാനകരമല്ലേ? എന്നാൽ ഈ 'ഇംപൊസിഷനു' ഒരു വ്യംഗ്യാൎത്ഥം കൂടിഉണ്ടായിരുന്നു. ഗുജറാത്തി ഭാഷയിൽ 'പഹാഡ' [എഞ്ചുവടി] ശബ്ദത്തിനെ 'പാഡേ' എന്നാണുച്ചരിക്ക. അതിനു എരുമക്കുട്ടി എന്നാണൎത്ഥവും. അതിൻെറ വ്യംഗ്യമാണു് അതിദുസ്സഹം. ഒരു ദിവസം അദ്ധ്യാപകൻ ചോദിച്ചു;—

"നീ 'പാഡ്' കൊണ്ടു വന്നിട്ടുണ്ടോ? ബാലൻ പറഞ്ഞു:--"കൊണ്ടുവന്നിരുന്നു; എന്നാൽ സ്കൂളിൻെറ വാതുക്കൽ വച്ച് അവയിൽ ഒന്നു രണ്ടെണ്ണം ഓടിപ്പൊയ്ക്കളഞ്ഞു; അതു കണ്ടു് മററുള്ളവയും കടന്നു."

അദ്ധ്യാപകൻ 'ഇങ്ങനെ ഒരു കുട്ടിയെ ഞാൻ കണ്ടിട്ടേയില്ല' എന്ന റിമാർക്കോടുകൂടി അയാളെ ഹെഡ്മാസ്ററരുടെ അടുക്കൽ അയച്ചു. ഹെഡ്മാസ്റ്ററായിരുന്ന ശ്രീ നരവൺ മരിച്ചിട്ടു് അധികമായിട്ടില്ല. അദ്ദേഹം ഈ ബാലൻെറ മൊഴിവാങ്ങി; ന്യായം അവൻെറ പേരിലാണെന്നുകണ്ടു. ഒടുവിൽ അവനെ വെറുതെ വിട്ടു. 'ഈ മാതിരി ഒരു ബാലനെ താൻ അന്നേവരെ കണ്ടിട്ടില്ലെന്നു' പക്ഷെ അദ്ദേഹത്തിനും തോന്നിയിരിക്കണം.

ഒന്നു രണ്ടു മാസങ്ങൾക്കുള്ളിൽ വല്ലഭായി മറെറാരു അദ്ധ്യാപകനുമായി ശണ്ഠകൂടി. അതിൻെറ ഫലമായി ബറോഡാ ഹൈസ്കൂളിൽ നിന്നു നിഷ്കാസിതനായി. അതു നിമിത്തം നഡിയാദ്ഹൈസ്ക്കൂളിൽ നിന്നാണു് മറ്റ്റിക്കുലേഷൻ പരീക്ഷ അദ്ദേഹം പാസ്സായതു്.

ഇത്രയും ആയപ്പോഴേക്കും മാതാപിതാക്കന്മാരുടെ ധനസ്ഥിതി വളരെ മോശമായിക്കഴിഞ്ഞിരുന്നു. അതിനാൽ കാളേജ് വിദ്യാഭ്യാസത്തിനു പുത്രനെ അയക്കാൻ അവർക്കു കഴിവില്ലാതെ വന്നു. സാഹിത്യകമായ പഠനം തുടരണമെന്നു വല്ലഭായിക്കും താൽപര്യമുണ്ടായിരുന്നില്ല. ബാരിസ്റ്ററാകണമെന്നായിരുന്നു കുട്ടിയുടെ മോഹം. അതി

നാൽ 'അറേറാണ്ണീ' പരീക്ഷയ്ക്കു പഠിക്കാൻ തുടങ്ങി. അതു ജയിച്ചിട്ടു് 'ബോർസദു്' എന്ന സ്ഥലത്തുചെന്നു പ്രാക്ടീസ് ആരംഭിച്ചു. ക്രിമിനൽ കോടതികളിലായിരുന്നു അധികം പ്രാക്ടീസ്. അതുവഴിക്കു് മനുഷ്യസ്വഭാവത്തിന്റെ വൈവിധ്യം ഗ്രഹിക്കാൻ അദ്ദേഹത്തിനുകഴിഞ്ഞു. വലുതും ചെറുതുമായ എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാക്കും മജിസ്ത്രേട്ടന്മാക്കും യുവാവായ വല്ലഭായിയേപ്പററി ഏതാണ്ടൊരു ശങ്ക ജനിക്കത്തക്കവണ്ണമായിരുന്നു അന്നും അദ്ദേഹത്തിൻെറ പെരുമാററം.

"ഈയിടയ്ക്കു് നഡിയാദിൽ അദ്ദേഹത്തിനു ഒരു വലിയഅത്യാഹിതം നേരിട്ടു. ഗോധ്രായിൽവച്ചു് കോടതിയിലെ നാജറിന്റെ കുട്ടിയ്ക്കു പ്ലേഗ്ഗുരോഗം പിടിപെട്ടു. വല്ലഭായി നിർഭയം ആ കുട്ടിയുടെ അടുത്തിരുന്നു ശുശ്രൂഷിച്ചു, എന്നിട്ടും ഫലമുണ്ടായില്ല. ശ്മശാനത്തിൽ നിന്നു തിരിച്ചു വരുന്ന വഴിക്കു് വല്ലഭായിക്കും രോഗലക്ഷണം കാണപ്പെട്ടുകയാൽ അദ്ദേഹം പത്നിയോടു പറഞ്ഞു:—നീ വീട്ടിലേക്കു പോവുക; ഞാൻ നഡിയാദിലേക്കു പോകുന്നു. സുഖമായിട്ടു തിരിച്ചുവരാം."

ആ സ്ത്രീരത്നം ഭർത്തൃസമീപത്തുനിന്നു വിട്ടുപോവാൻ മടിച്ചുവെങ്കിലും, അദ്ദേഹത്തിൻെറ നിർബന്ധംതന്നെ ഒടുവിൽ ജയിച്ചു. പട്ടേൽ നഡിയാദിൽചെന്നു് ഏതാനും ദിവസങ്ങൾക്കുള്ളിൽ രോഗവിമുക്തനായി; എന്നാൽ പത്നിയോ? ഒരു ദിവസം അദ്ദേഹം കോടതിയിൽ വ്യവഹരിച്ചുകൊണ്ടിരിക്കവേ, ഒരു കമ്പി വന്നുചേന്നു—അവർ

മരിച്ചുപോയെന്നു്. ആ കമ്പി വായിച്ചിട്ടു് അദ്ദേഹം അതിനെ മേശമേൽ വച്ചിട്ടു്, കേസ്സിൻെറ വാദം തുടൎന്നു, അതു പൂൎത്തിയാക്കീട്ടേ അദ്ദേഹം വെളിയിൽ വരികയു ണ്ടായുള്ളു. ഈ മാതിരി ധീരതയും കൎത്തവ്യനിഷ്ഠയും യൗവന ദശയിൽ ആൎക്കാണുണ്ടാവുക!

ഇക്കാലത്തിനിടയ്ക്കു് പട്ടേലിനു കുറച്ചു പണം സമ്പാദിക്കുവാൻ കഴിഞ്ഞു. അതുകൊണ്ടു് ബിലാത്തിക്കു പോകുവാനായിരുന്നു പിന്നീടുള്ള യത്നം. ഒരു കമ്പനിയുമാ യിയാത്രയ്ക്കുള്ള എഴുത്തുകുത്തുകളും ആരംഭിച്ചു. ഒരു മറുപ ടിക്കത്തു് തെററി ജ്യേഷ്ഠനായ വിഠൽദാസ് പട്ടേ ലിൻെറ കൈയിലാണു് കിട്ടിയതു്. അദ്ദേഹം പറഞ്ഞു:- "ഞാനല്ലേ ജ്യേഷ്ഠൻ? ആദ്യമായി ഞാൻ ഇംഗ്ലണ്ടിൽ പോകാം. ഞാൻ തിരിച്ചുവന്നിട്ടു് നീ പോയാൽ മതി" എന്നു്. അതനുസരിച്ചു് വിഠല്ബായിപട്ടേൽ ശീമയ്ക്കു പോയി ബാരിസ്റ്റർ ബിരുദം നേടിക്കൊണ്ടു തിരിച്ചുവന്നു. അനന്തരം വല്ലഭായി അങ്ങോട്ടു യാത്രപുറപ്പെട്ടു. അവിടെ ച്ചെന്നു് നിരന്തരം പുസ്തക പാനത്തിൽ ഏൎപ്പെട്ട തിൻെറ ഫലമായി ആദ്യത്തെ പരീക്ഷയിൽ ഒന്നാം ക്ലാസ്സിൽ ഒന്നാമനായി ജയിപ്പാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതുകൊണ്ടു് 50 പവൻെറ വേതനത്തിനു പുറമെ നാലു ടേമിലെ ഫീസ്സു് എളവും ലഭിച്ചു. പരീ ക്ഷയ്ക്കു് അദ്ദേഹം എഴുതിയ ഉത്തരങ്ങൾ കണ്ടിട്ടു് പരീ ക്ഷകന്മാർ അത്ഭുതപ്പെട്ടുപോയത്രേ. അന്നു ചീഫ് ജസ്റ്റിസ്സായിരുന്ന സ്കാട്ടു് അദ്ദേത്തിനു നല്കിയ സാക്ഷ്യ

പത്രത്തിൽ ഈമാതിരി പ്രതിഭാശാലിയായ; ഒരുവന്ന് ജൂഡീഷ്യൽ വകുപ്പിൽ അത്യുന്നതമായ ഒരു സ്ഥാനം നല്കേണ്ടതാണെന്നു ശുപാർശചെയ്തിരുന്നു.

ബാരിസ്റ്ററായി തിരിച്ചുവന്ന പട്ടേൽ അഹമ്മദാബാദിൽ പ്രാക്ടീസ്സാരംഭിച്ചു. പണം ധാരാളം കിട്ടിത്തുടങ്ങിയെങ്കിലും, അദ്ദേഹത്തിൻെറ ജീവിതസരണിക്ക് വലിയ മാററമൊന്നും വന്നില്ല. ധാരമെട്ടുകളൊന്നും അദ്ദേഹത്തിനെ ബാധിച്ചിരുന്നില്ലന്നു മാത്രമല്ല, ദൈവവിശ്വാസങ്ങളെല്ലാം അബദ്ധപ്പഞ്ചാംഗങ്ങളാണെന്നുള്ള തോന്നലും അദ്ദേഹത്തിനുണ്ടായില്ല.

ഇക്കാലത്ത് ബോംബേയിൽ പ്രാക്ടീസു ചെയ്തുകൊണ്ടിരുന്ന വിഠൽബായി ലോകസേവനരംഗത്തു പ്രവേശിച്ചു കഴിഞ്ഞിരുന്നു. അതിനാൽ സഹോദരന്മാർ തമ്മിൽ ആലോചിച്ച്, ഒരാൾ ദേശസേവയിലും മറേറ ആൾ കുടുംബപാലനത്തിലും ഏപ്പെടണമെന്നു തീർച്ചപ്പെടുത്തി. അങ്ങനെ കുടുംബപാലനഭാരം വല്ലഭായിയുടെ ചുമലിലാണ് പതിച്ചത്. അദ്ദേഹത്തിനു രാഷ്ട്രീയ കാര്യങ്ങളിൽ താൽപര്യമേ ഉണ്ടായിരുന്നില്ല. ഗാന്ധിജി ഇൻഡ്യൻരാഷ്ട്രീയാന്തരീക്ഷത്തിൽ ആവിർഭവിച്ചകാലത്ത് വല്ലഭായിപട്ടേൽ ഒരു സ്നേഹിതനോടു പറഞ്ഞതിങ്ങനെയാണ് "ഗാന്ധി എന്തിനിങ്ങനെ ജനസമക്ഷം ബ്രഹ്മചര്യം ഉപദേശിക്കുന്നു.? ഇതു് പോത്തിൻെറ മുൻപിൽ ഭാഗവതം വായിക്കുംപോലെ അല്ലേ?"

എന്നാൽ ഈ മന:സ്ഥിതി അധികകാലം നിന്നില്ല. ഗാന്ധിജി ഗുജറാത്തിലെ രാഷ്ട്രീയജീവിതത്തിൽ

'ശക്തിപൂർവ്വം ഏറ്റെടുത്തുതുടങ്ങിയപ്പോൾ, പട്ടേലിൻെറ മാനസാന്തരവും ആരംഭിച്ചു. ഗോധ്രായിൽവച്ച് പ്രാന്തീയ രാഷ്ട്രീയസമ്മേളനം നടന്നതു് ഗാന്ധിജിയുടെ അദ്ധ്യക്ഷതയിലായിരുന്നു. അവിടെ വച്ചാണു് കാൺഗ്രസ് സൃഷ്ടിപരിപാടിയും, അതിൻെറ നിർവ്വഹണത്തിനായി ഒരു കമ്മററിയും രൂപവൽകൃതമായതു്. അന്നു് വല്ലഭായി ഗാന്ധിജിയുടെ മന്ത്രിയായിത്തീർന്നു. നിർബന്ധിതലേബറി (കൂലിവേല) നെ സംബന്ധിച്ച പ്രക്ഷോഭണംഅക്കാലത്തു നടന്നുകൊണ്ടിരിക്കയായിരുന്നു. ഗാന്ധിജി ചമ്പരാനിലേക്കുപോയപ്പോൾ, സകല ചുമതലയും പട്ടേൽ സ്വയം വഹിക്കേണ്ടതായിവന്നു. അതിനാൽ അദ്ദേഹം കമ്മിഷണർക്കു ഒരു കത്തയച്ചു; അതിനു മറുപടി കിട്ടായ്കയാൽ എട്ടു ദിവസത്തെ കാലാവധിവച്ചു് ഒരു നോട്ടീസ് അയച്ചു. അപ്പൊഴേക്കും കമ്മിഷണർ വഴിപ്പെട്ടു് പട്ടേലിൻെറ ഇഷ്ടാനുകൂലം വ്യവസ്ഥകൾചെയ്തു കൊടുത്തു.

ഗാന്ധിജി ചമ്പറാനിൽനിന്നു തിരിച്ചുവന്ന ഉടനേ ഖേദാസത്യാഗ്രഹം ആരംഭിച്ചു. പട്ടേൽ ഗ്രാമംതോറും സഞ്ചരിച്ചു് കൃഷീവലന്മാരെ ഇളക്കിവിടുകയും സത്യാഗ്രഹത്തെ വിജയത്തിലെത്തിക്കയും ചെയ്തു.

അചിരേണ 'ജലിയൻവാലാ' സംഭവം ഉണ്ടായി. അതു് ഭാരതഖണ്ഡത്തെ ആകപ്പാടെ ഒന്നു ഇളക്കിമറിച്ചു. ഗാന്ധിജി രാഷ്ട്രത്തിൻെറ നേതൃത്വം കൈവരിച്ചു്, കൽക്കത്തയിൽ വച്ചും പിന്നീടു് നാഗപുരത്തുവച്ചും, സഹനായോധനപരിപാടിയെ കാൺഗ്രസ്സിൻെറ

മുമ്പിൽ സമപ്പിച്ചു. വല്ലഭായി തദനസാരം കോടതി വ്യവഹാരം ഉപേക്ഷിച്ച് ഗാന്ധിജിയുടെ വലത്തു കൈയായി നില്പകൊണ്ടു. അദ്ദേഹം അന്നു സഞ്ചരിക്കാത്ത ഒരു ഗ്രാമവും ഗുജറാത്തിൽ ഉണ്ടായിരുന്നില്ല. കൃഷീവലന്മാരെയും തൊഴിലാളികളേയും എല്ലാം അദ്ദേഹം കാൺഗ്രസ്സ് കൊടിക്കു കീഴെ അണിനിരത്തി. സക്കാരിൻെറ മർദ്ദനപരിപാടിയ്യൊന്നിനും അതിനെ ഭേദിക്കുവാൻ കഴിയാതെ വന്നു. ബർദ്ദോളീസത്യാഗ്രഹത്തിൻെറ പേരു ഭാരതഖണ്ഡം മുഴുവനും മാറ്റൊലികൊണ്ടു. വിജയം കരഗതമായെന്ന് എല്ലാവക്കും തോന്നി. എന്നാൽ ചൌരീച്ചാരയിൽ വച്ചു നടന്ന ഹത്യാകാണ്ഡം നിമിത്തം സത്യാഗ്രഹത്തെ ഗാന്ധിജി നിവൃത്തി വച്ചു കളഞ്ഞു. ഉടൻ ഗാന്ധിജി ബന്ധനസ്ഥനാവുകയും ചെയ്തു.

നാഗപുരത്തു സത്യാഗ്രഹം ആരംഭിച്ച കാലത്തും പട്ടേൽ ഗുജറാത്തിൽ നിന്ന് അസംഖ്യം സ്വയം സേവകന്മാരെ അയച്ചു കൊടുത്തു. എന്നാൽ അതിൻെറ നേതൃത്വം വഹിച്ചിരുന്ന ജമ്നലാൽജി ബന്ധനസ്ഥനാവുകയാൽ, ഭാരവാഹിത്വം മുഴുവനും പട്ടേലിലാണ് നിപതിച്ചത്. അതിനോടുകൂടി ആ സത്യാഗ്രഹത്തിൻെറ ശക്തി പതിന്മടങ്ങ് വദ്ധിക്കുകയും, രണ്ടാഴ്ചയ്ക്കുള്ളിൽ സക്കാർ മുട്ടുകുത്തുകയും ചെയ്തു. പട്ടേലിൻെറ വ്യവസ്ഥകളെല്ലാം ഗവമ്മെൻറു സ്വീകരിച്ചു എന്നുള്ളതു പ്രസ്താവയോഗ്യമാകുന്നു.

പട്ടേലിൻെറ അടുത്ത വിജയം ബോർസാട്ട് സത്യാഗ്രഹമായിരുന്നു. ആ വിജയം വല്ലഭായി പട്ടേലിൻെറ പേരും പെരുമയും പതിന്മടങ്ങു വദ്ധിപ്പിച്ചു.

അചിരേണ ഗാന്ധിജി വിമുക്തനായി. അതു നിമിത്തം പട്ടേലിന്റെ ഭാരം തെല്ലൊന്നുകുറഞ്ഞു. അഹമ്മദാബാദ് നഗരത്തിലെ അദ്ധ്യക്ഷപദം സ്വീകരിച്ച് നഗരസേവചെയ്യുന്നതിനുള്ള അവസരം അതിനാൽ അദ്ദേഹത്തിനു ലഭിച്ചു. ഗുജറാത്തിലെ ജലപ്രളയകാലത്ത് അദ്ദേഹം ചെയ്ത ദേശസേവനത്തെ സർക്കാർ പോലും പ്രശംസിക്കയുണ്ടായി.

1929 ലെ ലാഹൂർക്കാൺഗ്രസ്സിൽ വച്ച് പൂർണ്ണസ്വാതന്ത്ര്യം എന്ന ലക്ഷ്യം പ്രഖ്യാപിതമായി. 1930 മാർച്ചു മാസത്തിൽ ഗാന്ധിജി ദണ്ഡിയാത്രയ്ക്കു ഒരുക്കങ്ങൾ തുടങ്ങിയപ്പോൾ വല്ലഭായി ഗുജറാത്തിലെ കൃഷീവലശക്തിയെ ഉണർത്തുന്നതിൽ നിരന്തരം ഏർപ്പെട്ടു. എന്നാൽ അചിരേണ അദ്ദേഹം ബന്ധനസ്ഥനാക്കപ്പെടുകയും, കോടതി അദ്ദേഹത്തിനു മൂന്നു മാസത്തെ തടവു ശിക്ഷ വിധിക്കയും ചെയ്തു.

ജയിൽ വാസം പട്ടേലിനെ വളരെ ക്ലേശിപ്പിച്ചു. പതിനഞ്ചുറാത്തൽ ഭാരം അതുനിമിത്തം കുറഞ്ഞുപോയി. ജൂലൈ 26-ാം തീയതി മോചിപ്പിക്കപ്പെട്ടു. അപ്പോഴേക്കും സത്യാഗ്രഹജ്വാല നാടൊട്ടുക്കു വ്യാപിച്ചു കഴിഞ്ഞിരുന്നു. രാഷ്ട്രപതിയായ മോത്തിലാല്ജി ബന്ധിക്കപ്പെട്ടു. ആ സ്ഥാനത്തേക്കു നിർദ്ദേശിക്കപ്പെട്ടതു പട്ടേലായിരുന്നു. തുടർന്നു സത്യാഗ്രഹത്തിനുണ്ടായ ശക്തി പറഞ്ഞറിയിക്കാവുന്നതല്ല. ഏതാനും ദിവസത്തെ ഉഗ്രസമരശേഷം പട്ടേൽ വീണ്ടും ബന്ധനസ്ഥനാക്കപ്പെട്ടു.

ഗാന്ധി-ഇർവിൻസന്ധിയുടെ ഫലമായി നേതാക്കന്മാരെല്ലാം വിമുക്തരായി. കറാച്ചികോൺഗ്രസ്സിന്ന് അദ്ധ്യക്ഷനായി പട്ടേലാണു് തിരഞ്ഞെടുക്കപ്പെട്ടതു്. ഗാന്ധിജി വട്ടമേശസമ്മേളനത്തിനായി, ഇംഗ്ലണ്ടിലേക്കു പോയപ്പോൾ, വൈസ്രായിയായി നിയമിക്കപ്പെട്ട വില്ലിംഗ്ടൺപ്രഭു കാൺഗ്രസ്സിനെ അമർത്തിയേ അടങ്ങു എന്ന നിർബ്ബന്ധക്കാരനായിരുന്നു. അതുകൊണ്ടു് നേതാക്കന്മാർ വീണ്ടും സത്യാഗ്രഹത്തിനു വട്ടം കൂട്ടി. ജവഹർലാൽ ബന്ധിതനായി. ഗാന്ധിജി വില്ലിംഗ്ടൺപ്രഭുവിനോടു ഒരു കൂടിക്കാഴ്ചയ്ക്കു് അനുവാദം ചോദിച്ചു; ഫലമുണ്ടായില്ല 1932-ൽ വീണ്ടും സത്യാഗ്രഹസമരം ആരംഭിച്ചു. വല്ലഭായി വീണ്ടും തടവിലാക്കപ്പെട്ടു.

കാൺഗ്രസ് സ്ഥഗിതമായി; സർക്കാർ സർവത്ര ജയഭേരിമുഴക്കി. 1934-ൽ.നേതാക്കന്മാർ വീണ്ടും ജയിലിനു വെളിയിൽ വന്നു.

പിന്നീടു് കാൺഗ്രസ് ഭരണം പ്രവിശ്യകളിൽ ഏല്പ്പിക്കപ്പെട്ടപ്പോൾ, അവയുടെ എല്ലാം ചരടുപിടിത്തക്കാരിൽ പ്രമാണി വല്ലഭായി പട്ടേലായിരുന്നു എന്നു പറയാം. രണ്ടാംജർമ്മൻ മഹായുദ്ധംവരെ ഈ കാൺഗ്രസ്സു് മന്ത്രിസഭകൾ നിലനിന്നു. ഗവണ്മെണ്ടു് ആ മന്ത്രിസഭകളോടു് ആലോചിക്കാതെ ജർമ്മനിയുമായി യുദ്ധപ്രഖ്യാപനം ചെയ്തു എന്ന കാരണത്താൽ അവ രാജിവച്ചപ്പോൾ കാൺഗ്രസ്സിനു വീണ്ടും സമരപരിപാടി സ്വീകരിക്കേണ്ടതായിവന്നു.

രാജകോട്ട സത്യാഗ്രഹത്തിലും 1942-ലെ ആഗസ്റ്റ് സമരത്തിലും മുന്നണിയിൽ നിന്നു പ്രവർത്തിച്ചവരിൽ ഒരാളായിരുന്നു പട്ടേൽ. ബന്ധനത്തിൽ നിന്നു വിമുക്തനാകും മുമ്പേതന്നെ സന്ധിആലോചനകൾ തുടങ്ങിക്കഴിഞ്ഞിരുന്നു. ക്രിപ്സ്മിഷൻെറയും ക്യാബിനററ് മിഷൻെറയും ഒക്കെ ആലോചനകളിൽ അദ്ദേഹം സജീവമായി പങ്കുകൊണ്ടിരുന്നു.

1946 ആഗസ്റ്റ് 15-ാംതീയതി ഇൻഡ്യാ സ്വതന്ത്രമായപ്പോൾ ഡിപ്പ്യൂട്ടിപ്രൈമിനിസ്റ്ററായും ഹോംമിനിസ്റ്ററായും നിയമിക്കപ്പെട്ടതു് പട്ടേലായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഉത്ക്കർഷം പൂർണ്ണമായി വെളിപ്പെട്ടതു് നാട്ടുരാജാക്കന്മാരുടെ കാര്യത്തിലായിരുന്നു. ഇൻഡ്യയ്ക്കുള്ളിൽ അഞ്ഞൂറിൽപ്പരം സ്വതന്ത്രരാജാക്കന്മാരുണ്ടായിരിക്കുക എന്ന അവസ്ഥ എത്ര ഭയങ്കരമാണു്! ഒരു വർഷത്തിനുള്ളിൽ അദ്ദേഹം കാശ്മീരം, ഹൈദരാബാദ് എന്നീ രാജ്യങ്ങളൊഴിച്ചു് മറെറല്ലാരാജ്യങ്ങളേയും ഇൻഡ്യൻ യൂണിയനുള്ളിൽ കൊണ്ടുവന്നു എന്നുള്ളതു് ഒരു അത്ഭുതാവഹമായ സംഭവം തന്നെയാണു്. ഇപ്പോൾ ഈ ഹൈദരാബാദ് പ്രശ്നവും രക്തച്ചൊരിച്ചിലൊന്നും കൂടാതെ ഒതുക്കിയിരിക്കുന്നു.

ഈ അക്ടോബർ മാസം 31ാംതീയതി അദ്ദേഹത്തിൻെറ ജന്മർക്ഷം ഭരാതഖണ്ഡം കൃതജ്ഞതാപൂർവം കൊണ്ടാടിയിരിക്കുന്നു. പട്ടേൽ ഒരു യോദ്ധാവാണു്; കർമ്മചാരിയാണു്; നിസ്വാർത്ഥലോകസേവകനാണു്. അദ്ദേ

ഹം മഹാത്മജിയെപ്പോലെ ഒരു സാധകനോ സുധാരകനോ ലോകശിക്ഷകനോ അല്ല; ഭടനാണു്, സേനാനായകനാണു്, സർദാരാണു്. അദ്ദേഹത്തിനു മഹാത്മജിയുടെ ആത്മനിരീക്ഷണശക്തിയോ സഹിഷ്ണുതയോ ക്ഷമയോ ഇല്ല. അദ്ദേഹത്തിൻെറ ക്ഷമ ഒരു യോദ്ധാവിൻെറ വീരോചിതമായ ക്ഷമമാത്രമാകുന്നു. അദ്ദേഹം ജവഹർലാലിനെപ്പോലെ വികാരതരളിതനാവുകില്ല; ആ അന്തർദേശീയതയും അദ്ദേഹത്തിനില്ല. രാഷ്ട്രസിദ്ധാന്തങ്ങളൊന്നും സർദാർപട്ടേല് ആലോചിക്കാറില്ല. മാതൃഭൂമിയുടെ നിലനില്പിനും ഉറപ്പിനും വേണ്ടതെന്താണെന്നു് അദ്ദേഹത്തിനറിയാം; അതു അദ്ദേഹം ചെയ്യാതിരിക്കയുമില്ല. എതിരാളിയെ പ്രീണിപ്പിക്കുന്നതിനുവേണ്ടി ഭംഗിവാക്കു പറയുവാൻ അദ്ദേഹത്തിനു മടിയാണു്; മനസ്സിൽ തോന്നുന്നതു തുറന്നു പറഞ്ഞേതീരൂ. അദ്ദേഹം തനി ഹിന്ദുവാണെന്നും മുതലാളികളോടും ജന്മിമാരോടും രാജാക്കന്മാരോടും പ്രേമമുള്ളവനാണെന്നും ഒരു തെററിദ്ധാരണ എങ്ങനെയോ പരന്നിട്ടുണ്ടു്; അഥവാ തൽപരകക്ഷികൾ പരത്തിയിട്ടുണ്ടു്. എന്നാൽ കാലം ആ ധാരണയെ നിശ്ശേഷം നീക്കാതിരിക്കയില്ല. ജീവിതത്തിൽ ഏറിയൊരംശം കിസാന്മാരുടേയും മിൽതൊഴിലാളികളുടേയും ക്ഷേമത്തിനുവേണ്ടി ചെലവഴിച്ച ആ ദേശഭക്തൻ വെറും 'മുതലാളി' പ്രിയനാണെന്നു പറയുന്നതിൽ പരം മഹാപാപം മറെറാന്നില്ല.

സരോജിനി നായിഡു

★

കവിതാശക്തിയും, സമരപാടവവും, രാജ്യതന്ത്രജ്ഞതയും ഒരു വ്യക്തിയിൽ സമ്മേളിച്ചു കാണുന്നതു് അത്ര സാധാരണമല്ല. ശ്രീമതി സരോജിനി നായിഡു ആധുനിക ഭാരതത്തിലെ കവി കോകിലമാണു്; സ്വാതന്ത്ര്യ സമരത്തിലെ പടയാളികളിൽ അഗ്രഗണ്യയാണു്; രാജ്യതന്ത്രജ്ഞയാണു്. സ്വതന്ത്ര ഭാരതത്തിലെ ഗവർണ്ണർ പദവി സമർത്ഥമായ വിധത്തിൽ വഹിക്കുന്നതിനു് ആ മഹതിയ്ക്കു സാധിച്ചിരിക്കുന്നു.

ദേവി 1876 ഫെബ്രുവരിമാസം 13-ാം തീയതി ജനിച്ചു. അവരുടെ പൂർവ്വികന്മാർ ബംഗാളിൽ നിന്നു ഹൈദരാബാദിൽ ചെന്നു താമസിച്ച ഒരു വൈദിക ബ്രാഹ്മണ കുടുംബക്കാരായിരുന്നു. പിതാവായ അഘോരിനാഥ ചട്ടോപാദ്ധ്യായൻ എഡിൻബറോ സർവകലാശാലയിൽ നിന്നു 'ഡാക്ടർ ആഫ് സയൻസ്' എന്ന ബിരുദം സമ്പാദിച്ചിരുന്ന ഒരു മഹാവൈജ്ഞാനികനായിരുന്നു. "ഭാരതഖണ്ഡം ഒട്ടുക്കു നോക്കിയാൽ അദ്ദേഹത്തിനേക്കാൾ പഠിപ്പുള്ളവരോ ജനങ്ങളുടെ പ്രേമത്തിനു പാത്രീഭൂതരോ ആയ പുരുഷന്മാർ വളരെ വിരളമാകുന്നു." എന്നാണു് സരോജിനീ ദേവി തൻെറ പിതാവിനെ പററി പ്രസ്താവിച്ചിട്ടുള്ളതു്.

അദ്ദേഹം വിജ്ഞാനത്തിൻെറ പൂജാരിയും തന്മയീഭാവവും ആയിരുന്നു. "എൻെറ പിതാവിൽ വൈജ്ഞാനിക രഹസ്യം അറിയുന്നതിനുള്ള യാതൊരു ഉൽക്കണ്ഠയാണോ പ്രബലമായി പ്രവത്തിച്ചിരുന്നതു്, അതു തന്നെയാണു് എന്നിൽ സൌന്ദൎയ്യോപാസനരൂപത്തിൽ പരിണമിച്ചിട്ടുള്ളതു്" എന്നു് സരോജിനീദേവി സ്വയം സമ്മതിക്കുന്നു.

അഘോരനാഥൻ ഇംഗ്ലണ്ടിൽനിന്നു തിരിച്ചു വന്നശേഷം ഹൈദരബാദിലെ നൈസാം കാളേജ് സ്ഥാപിച്ചു് തൻെറ ജീവിതത്തെ അതിൻെറ അഭ്യുന്നതിക്കായി വിനിയോഗിച്ചു. സരോജിനി പ്രഥമസന്താനമായിരുന്നതിനാൽ, അദ്ദേഹത്തിൻെറ അതിരററ വാത്സല്യത്തിനു പാത്രീഭവിച്ചു. അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ വളന്ന ആ ബാലികയ്ക്കു് അതിബാല്യത്തിലേ ഇംഗ്ലീഷ് ഭാഷയിൽ വലിയ പാണ്ഡിത്യം സമ്പാദിക്കാൻ കഴിഞ്ഞു.

പ്രതിഭാശാലിനിയായിരുന്നതിനാൽ 12-ാം വയസ്സിലേ മദ്രാസ് മട്രിക്കുലേഷൻ പാസ്സായിട്ടു് ഉപരിവിദ്യാഭ്യാസാത്ഥം ശീമയ്ക്കു പുറപ്പെട്ടു. അതിനു മുമ്പുതന്നെ ലേഡിആഫ് ദിലേക്ക് (സരോഭാമിനീ) എന്ന ഇംഗ്ലീഷ് കവിത അവർ രചിച്ചതിനു പുറമേ ഒരു നാടകവും നിമ്മിച്ചു വത്രേ.

മൂന്നുവർഷത്തോളം സരോജനി ലണ്ടനിലെ കിങ്സ് കാളേജിലും പിന്നീടു് കേംബ്രിഡ്ജിലും പഠിച്ചശേഷം ഇററലിയ്ക്കുപോയി. പ്രാകൃതികസൌന്ദൎയ്യസമ്പൂൎണ്ണവും,

ദാന്തേ, വർജ്ജിൽ, റാഫേൽ, മൈക്കേൽഏഞ്ജലോ ഇത്യാദി കവികളുടേയും ചിത്രകാരന്മാരുടേയും ജന്മഭൂമിയും, ആയ ആ രാജ്യത്തിൽ ചുററിസ്സഞ്ചരിച്ചതിനോടുകൂടി ആ ബാലികയുടെ കവിതാശക്തി സമുൽബുദ്ധമായി.

1898-ൽ സരോജിനി ഹൈദരബാദിലേക്കു തിരിച്ചുവന്നു. അചിരേണ ജാത്യാചാരങ്ങളെ എല്ലാം തിരസ്കരിച്ചിട്ട് ഡാക്ടർ മേജർ എം. ജീ. നായഡുവിനെ വിവാഹം കഴിച്ചു. ഭാരതീയ സ്ത്രീജനങ്ങളുടെ സമുദ്ധാരണത്തിനായി ജീവിതം സമർപ്പിച്ച ഈ സ്ത്രീരത്നം അവർക്കു ആദ്യമായി നല്കിയ സന്ദേശവും ഇതായിരുന്നു.

1919-ൽ ഹോംറൂംലീഗിൽ ചേർന്നിട്ട്, സരോജിനി വീണ്ടും ഇംഗ്ലണ്ടിൽ ചെന്നു് ഭാരതീയസ്ത്രീകളുടെ അവകാശങ്ങളെ പുരസ്കരിച്ചു് ഒരു പ്രസംഗപരമ്പര നടത്തി. വാസ്തവത്തിൽ ഭാരതീയ വനിതാജനാന്ദോളനത്തിൻെറ ജനയിത്രി ശ്രീമതി സരോജിനീനായിഡുവാണെന്നു പറയാം. എന്നാൽ പാശ്ചാത്യവിദ്യാസമ്പന്നയെങ്കിലും ആ മഹതി ഭാരതീയമാതൃത്വത്തിൻെറ മഹനീയതയെ ഒരു കാലത്തും മറന്നിട്ടില്ല. ഒരിക്കൽ ബംഗാളിലെ ഒരു ഗവർണ്ണർ ഇന്ത്യൻസ്ത്രീകൾക്കു അപമാനജനകമായ ചില വാക്കുകൾ പ്രസംഗമദ്ധ്യേ ഉച്ചരിച്ചുപോയി. അയാൾ ക്ഷമായാചനം ചെയ്യുംവരെ സരോജിനിനായിഡു ശക്തിപൂർവ്വകമായ പ്രക്ഷോഭണം നടത്തി.

സരോജിനീദേവിയുടെ ജീവിതത്തിനെ സാമ്പ്രദായികത സ്പർശിക്കപോലും ചെയ്തിരുന്നില്ല. മുസ്ലീം സംസ്കാ

രത്തിൻെറ നിർഭീകതയെയും സാഹോദര്യബോധത്തെയും അവർ സർവ്വാത്മനാ സ്വീകരിച്ചു. തന്നിമിത്തം ഹൈദരാബാദിലെ ഹിന്ദുസമാജങ്ങളിലെന്നപോലെ മുസ്ലീം സദസ്സുകളിലും അവർ ബഹുമാനിക്കപ്പെട്ടുപോന്നു.

ദുഃഖിതന്മാരോടുള്ള സഹാനുഭൂതി സരോജിനീദേവിയിൽ ബാല്യംമുതല്ക്കേ കണ്ടുവന്ന ഒരു വിശിഷ്ടഗുണമായിരുന്നു. ആ സഹാനുഭൂതിയാണു് അവരെ ഇന്ത്യൻ രാഷ്ട്രീയസമരത്തിലേക്കു ശക്തിപൂർവം തള്ളിവിട്ടതും. 1913-ൽ ലഖ്നൌ മുസ്ലീംലീഗിൻെറ ഒരു യോഗത്തിൽ വച്ചു ചെയ്ത പ്രസംഗം അവരുടെ യഥാർത്ഥമനോഭാവത്തെ വെളിപ്പെടുത്തി. ഹിന്ദുമുസ്ലീം ഐക്യത്തിൻെറ സന്ദേശവാഹികളിൽ അത്യുന്നതമായ ഒരു സ്ഥാനം ദേവിയ്ക്കുണ്ടായിരുന്നു. വാസ്തവത്തിൽ സകല ജനതയോടും സമഭാവത്തിൽ പെരുമാറത്തക്കവണ്ണം സരോജനീദേവിയുടെ മാനസക്ഷിതിജം അത്രയ്ക്കു വിസ്തൃതമാണു്. 1915-ലെ കാൺഗ്രസ് യോഗത്തിലും അടുത്തവർഷത്തിലെ പാട്നാ സമ്മേളനത്തിലും അവർ ഹിന്ദുമുസ്ലീം മൈത്രിയെ പുരസ്കരിച്ചാണു് പ്രധാനമായി സംസാരിച്ചതു്. പാട്നായിൽ വച്ചു അവർ പ്രസംഗിച്ചു.—"അവർ (മുസ്ലീങ്ങൾ) ഈ ദേശത്തു് വീടുകെട്ടിപ്പാർക്കാനായിട്ടാണു വന്നതു്. മാതൃഭൂമിയെ സമ്പന്നയാക്കിത്തീർക്കുന്നതിനു വേണ്ടി നവസന്താനങ്ങളെ ഉൽപാദിപ്പിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. ആ സ്ഥിതിക്കു് അവരെ ഈ

നാട്ടിലെ പ്രജകളിൽ നിന്നു് എങ്ങനെ അകറ്റിനിർത്താൻ സാധിക്കും? ഭൂതകാലത്തു് എപ്പോഴെങ്കിലും, അവർ ഹിന്ദുക്കളിൽ നിന്നു വേർ തിരിഞ്ഞിരുന്നതായി ചരിത്രം ലക്ഷ്യം വഹിക്കുന്നുണ്ടോ? നേരെമറിച്ചു്, അവർ ഈ ഭൂമിയെ മാതൃഭൂമിയായി അംഗീകരിച്ചു് ഇവിടത്തെ പ്രജകളായിത്തീൎന്നശേഷം നമ്മുടെ മാംസത്തിനു മാംസമായും രക്തത്തിനുരക്തമായും തീൎന്നുകഴിഞ്ഞിരിക്കുന്നു എന്നു തെളിയിക്കാൻ കഴിയും''

അങ്ങനെ ഇരിക്കവേയാണു് അമൃതസരസ്സിലെ കൂട്ടക്കൊല നടന്നതു്–അതിനോടുകൂടി ഗാന്ധിജി കാൺഗ്രസ്സിന്റെ നേതൃത്വം കൈക്കൊണ്ടു് അസഹയോഗപ്രസ്ഥാനം പ്രഖ്യാപിച്ചു. ആ അസഹയോഗാന്ദോളനത്തിന്റെ സന്ദേശം കന്യാകുമാരിമുതൽ ഗോകർണ്ണം വരെ മാറെറാലിക്കൊണ്ടു. തത്സമയത്താണു് സരോജിനീദേവി ഇംഗ്ലണ്ടിൽ നിന്നു തിരിച്ചു വന്നതു്. ബോംബേയിൽ അടുത്തതിനോടുകൂടി അവർ ഗാന്ധിജിയുടെ പാദത്തിൽ ആത്മാൎപ്പണം ചെയ്യാൻ തീൎച്ചപ്പെടുത്തി. 1920-ൽ അവർ ഇംഗ്ലണ്ടിൽ വച്ചു് പഞ്ചാബിലെ ദുർഘടനകളെപ്പററി പ്രസംഗിച്ചുകൊണ്ടിരിക്കവേ പ്രസ്താവിച്ചു:—"എന്റെ സോദരികൾ വസ്ത്രരഹിതരാക്കപ്പെട്ടു; അവർ ചാട്ടകൾകൊണ്ടു് നിർദ്ദയം അടിക്കപ്പെട്ടു; അവരുടെ മാനം അപഹരിക്കപ്പെട്ടു''

അവർ ദക്ഷിണഭാരതം ഒട്ടുക്കു സഞ്ചരിച്ചു് ഗാന്ധിയൻ തത്വങ്ങളെ പ്രചരിപ്പിച്ചു. 1922-ൽ തിരുവിതാംകൂറും സന്ദർശിക്കുകയുണ്ടായി. അക്കൊല്ലം തന്നെ ഗാന്ധിജി

അറസ്ററു ചെയ്യപ്പെട്ടപ്പോൾ, അദ്ദേഹം ദേവിയോടു പറ ഞ്ഞതു് ഇങ്ങനെയായിരുന്നു:—ഭാരതത്തിൻെറ ഐക്യ ത്തെ ഞാൻ നിങ്ങളുടെ കൈയ്യിലാണു് ഏല്പിക്കുന്നതു്."

രാപകൽ ഇടവിടാതെ നാടു ചുററിസ്സഞ്ചരിച്ചു് കൊണ്ടിരുന്നതിനാൽ ദേവിയുടെ ശരീരസുഖം തീരെ അസ്തമിച്ചു. എന്നിട്ടും അതിനെ വകവയ്ക്കാതെ ഭാരതീയ ജാഗരണ സന്ദേശത്തെയും വഹിച്ചുകൊണ്ടു് അവർ സിലോൺ സന്ദർശിച്ചു. അവിടെവച്ചു് ഇൻഡ്യൻ പുന രുത്ഥാനത്തെപ്പററി നടത്തിയ പ്രഭാഷണത്തെക്കുറിച്ചു് തദ്ദേശീയ കാൺഗ്രസ്സിൻെറ അദ്ധ്യക്ഷനായ മി. ജെ. സീ. പെരേരാ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി.

"രവീന്ദ്രൻ എപ്രകാരം ഭാരതീയ പുനരുത്ഥാന ത്തിൻെറ ഏക പുരുഷകവിയായിരിക്കുന്നോ അതുപോലെ സരോജിനീദേവി അതിൻെറ ഏക കവയിത്രി ആയി ശോഭിക്കുന്നു."

മഹാത്മാഗാന്ധിയുടെ ജയിൽ പ്രവേശനത്തോടു കൂടി അസഹയോഗത്തിൻെറ ശക്തി ഏറെക്കുറെ ശിഥി ലമായി. സി. ആർ. ദാസിൻെറ നേതൃത്വത്തിൽ, നിയമ സഭാപ്രവേശനത്തിനായി നിലകൊള്ളുന്ന ഒരു പുതിയ കക്ഷി, കാൺഗ്രസ്സിനുള്ളിലുണ്ടായി. സരോജിനീദേവി ആ കക്ഷിയുടെ സമാരംഭത്തെ സർവ്വശക്തികളും പ്രയോഗിച്ചു് എതിർത്തു.

ഈ നാട്ടിൽ അധിവസിക്കുന്ന ഭാരതീയരുടെ കാര്യ ത്തിൽ മാത്രമല്ല, ദേവിയുടെ ശ്രദ്ധ പതിഞ്ഞിരുന്നതു്.

സമയബദ്ധകൂലിപ്രസ്ഥാനത്തിനെതിരായി നടത്തിയ ഒരു പ്രക്ഷോഭണ മദ്ധ്യേ സരോജിനീദേവി ഇപ്രകാരം പ്രസ്താവിച്ചു. "നിങ്ങളുടെ സ്ത്രീജനങ്ങൾ വിദേശങ്ങളിൽ അനുഭവിക്കുന്നഅപമാനത്തെ നിങ്ങളുടെ ഹൃദയരക്തത്താൽ നിർമ്മാജ്ജനം ചെയ്യുവിൻ. ഈ സായം കാലത്തു് നിങ്ങൾ കേട്ടവാക്കുകൾ, നിങ്ങളുടെ ഹൃദയങ്ങളുടെ ഹൃദയങ്ങളിൽ ഭയങ്കര കോപാഗ്നി ഉജ്ജ്വലിപ്പിച്ചിരിക്കും. ഭാരതീയരെ അത്ര സമയബദ്ധകൂലിസ്സമ്പ്രദായത്തിൻെറ ചിതാഗ്നിയായിത്തീരട്ടെ."

ദക്ഷിണാഫ്രിക്കയിൽ നടന്നുവന്നഇൻഡ്യൻ കാൺഗ്രസ്സിൻെറ മൊംബാസായോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചതു് സരോജിനിനായിഡു ആയിരുന്നു. ആദ്ധ്യക്ഷപീഠത്തിൽ ഇരുന്നുകൊണ്ടു് അവർ ഉപദേശിച്ചു;—"നിങ്ങൾ ഏകസ്വരത്തിൽ സക്കാരിനോടു പറയൂ, പ്രാകൃത ജഗത്തിൽ, ഒരുപക്ഷേ നദിയുടെ ഗതിയെ പിന്നോട്ടു തിരിച്ചുവിടാൻ കഴിയുമെന്നു വന്നാലും, നിങ്ങളുടെ നിശ്ചയനദിയെ പിന്നൊക്കം നയിപ്പാൻ ആക്കും സാധിക്കയേ ഇല്ലെന്നു പറയൂ."

1924-ൽ ദക്ഷിണാഫ്രിക്കാപര്യടനം കഴിഞ്ഞു തിരിച്ചുവന്നപ്പോൾ, സരോജിനീദേവിയ്ക്കു കൃതജ്ഞരായ ബോംബേനിവാസികൾ ഹൃദയപൂർവ്വം സ്വാഗതമരുളി. അഞ്ചു കൊല്ലങ്ങൾക്കുശേഷം അവർ കിഴക്കേ ആഫ്രിക്കയും സന്ദശിച്ചു.

1924-ൽ ഇൻഡ്യൻ നാഷണൽകാൺഗ്രസ്സിൻെറ അദ്ധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ടതു സരോജനീ ദേവി

യായിരുന്നു. ഈ പദവി ദേശസേവനത്തിൽ വലിയ ത്യാഗങ്ങൾ അനുഭവിച്ചിട്ടുള്ള അപൂർവ്വം ചിലൎക്കുമാത്രമേ നൽകപ്പെട്ടാറുണ്ടായിരുന്നുള്ളു. അന്നു ആ മഹതിചെയ്ത അദ്ധ്യക്ഷപ്രസംഗം അവശ്യം എല്ലാവരും പഠിച്ചിരിക്കേണ്ടതാണു്. അവർ പറഞ്ഞു:—"സ്വാതന്ത്ര്യസമരത്തിൽ ഭയമൊന്നുമാത്രമാണു അക്ഷന്തവ്യമായ വിദ്രോഹം; നിരാശമാത്രമാണു് ഒരിക്കലും ക്ഷമിച്ചുകൂടാത്ത പാപം".

1929-ൽ അമേരിക്കയിൽ സഞ്ചരിച്ചു് ഭാരതീയ സന്ദേശത്തെ അവിടെയും പ്രചരിപ്പിച്ചു. അക്കൊല്ലം അവസാനത്തിൽ ലാഹൂർകാൺഗ്രസ്സിൽവച്ചു് 'സമ്പൂൎണ്ണ സ്വാതന്ത്ര്യലക്ഷ്യം, പ്രഖ്യാപിതമാവുകയും തുടൎന്നു സാൎവ്വജനീന സത്യാഗ്രഹം ആരംഭിക്കയും ചെയ്തപ്പോൾ, ഗാന്ധിജിയുടെ പിന്നിൽ സരോജനിയും സമരസന്നദ്ധയായി നിലകൊണ്ടു. ഉപ്പു സത്യാഗ്രഹത്തിൽ അവരും പങ്കുകൊള്ളുകയും, 1930 മേ മാസത്തിൽ ബന്ധനസ്ഥയാവുകയും ചെയ്തു.

പിന്നീടു് 1942-ലെ സമരത്തിലും അവർ കാരാഗൃഹവാസം വരിച്ചു. അനന്തരം ഉണ്ടായ രാഷ്ട്രീയസമാലോചനകളിലെല്ലാം ദേവിയും സജീവമായി പങ്കുകൊണ്ടു.

സ്വാതന്ത്ര്യലബ്ധിയോടുകൂടി ആ ശ്രീമതി ബി. സി. റായിക്കുപകരം യു. പി. ഗവൎണ്ണരായി നിയമിക്കപ്പെട്ടു. ഒരു സ്ത്രീ ഈ ഉൽകൃഷ്ടമായപദവി ലോകത്തിൽ ഇദംപ്രഥമമായിട്ടാണു് വഹിക്കുന്നതെന്നു പറയാം. പശ്ചിമദേശത്തുനിന്നും മി. റായി തിരിച്ചുവന്നുവെങ്കിലും അദ്ദേഹത്തിനു്

ആ ഉദ്യോഗത്തിൽ ഇരിപ്പാൻ മനസ്സില്ലായ്കയാൽ സരോജനീദേവി തന്നെ ഇപ്പോഴും ഗവൎണ്ണരായിരിക്കുന്നു.

ഒരു കവയിത്രി എന്നനിലയിലുംസരോജനീദേവിക്കു അത്യുന്നതമായ ഒരു നിലയാണുള്ളതു്. യേററ്സ്, എഡ്മണ്ടു്ഗോസ് തുടങ്ങിയ പലേ പാശ്ചാത്യകവികളും വിമർശകന്മാരും അവരുടെ കവിതകളെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. ഗോൾഡൻ ത്രെഷോൾഡ (സ്വൎണ്ണദേഹരി), കാലവിഹംഗം, തകൎന്ന ചിറകു് മുതലായ കവനങ്ങൾ ഭാരതീയരുടെ ആശകളേയും അഭിലാഷങ്ങളെയും ആകാംക്ഷകളെയും സുന്ദരമായവിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

★

അബുൽകലാം ആസാദ്

★

ഇന്ത്യൻ രാഷ്ട്രതന്ത്രീയചരിത്രത്തിൽ ആസാദിനുള്ള സ്ഥാനം അദ്വിതീയമാകുന്നു. കഴിഞ്ഞ മുപ്പതിൽപ്പരം വർഷങ്ങൾക്കിടയിൽ, സകലവ്യത്യാസങ്ങളേയും വിസ്മരിച്ച് സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിനോടു സഹകരിച്ചു പ്രവർത്തിക്കേണ്ട ആവശ്യകതയെപ്പററി, മുസൽമാന്മാരെ നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്ന ഏകമുസ്ലീം വ്യക്തി അദ്ദേഹമാണ്. കാൺഗ്രസ്സിൻെറ ആദർശങ്ങളിൽനിന്നു തെല്ലുപോലും വ്യതിചലിക്കാതേയും, ദുർഘടദശാസന്ധികളിൽ അതിന്റെശക്തിമന്ദിരമായും, ജീവിച്ച ചുരുക്കം ചിലരിൽ ഒരുവനാണ് അദ്ദേഹം. ഇന്നു് അദ്ദേഹത്തിനെ, ഭാരതരാഷ്ട്രീയമണ്ഡലത്തിലെ അത്യുന്നതമായ ഒരു സ്ഥാനത്തെ അലങ്കരിക്കുവാനിടയാക്കിയതു് അദ്ദേഹത്തിന്റെ സ്വഭാവശുദ്ധിയും, ദേശീയൈക്യത്തിനായി ത്യാഗപൂർവ്വം ചെയ്തിട്ടുള്ള മഹനീയസേവനവും, വ്യക്തിമാഹാത്മ്യവുമാകുന്നു. സർ സയ്യദിന്റെ കാലംമുതല്ക്കു് കാൺഗ്രസ്സിൽനിന്നു മുസ്ലിങ്ങൾ വേർപിരിഞ്ഞുതുടങ്ങി; ജിന്നാസാഹിബിൻെറ ദ്വിരാഷ്ട്രസിദ്ധാന്തം അവരുടെ വിയോജനപ്രവണതയ്ക്കു മകുടംചാർത്തി—എന്നാൽ അക്കാലമെല്ലാം അചഞ്ചലമായ ദേശീയതാബോധത്തോടുകൂടി അദ്ദേഹം കാൺഗ്രസ്സിനുള്ളിൽ തന്നെ വർത്തിച്ചു. അദ്ദേഹത്തിൻെറ രാജ്യസ്നേഹത്തിനു് അതിൽ കൂടുതൽ തെളിവുവേണോ?

'ആസാദ്'മററുപല മുസ്ലീം നേതാക്കന്മാരെപ്പോലെ ഇന്നലത്തെ മഴയ്ക്കു് ഇന്നു കുരുത്ത തകരയല്ല. അക്ബർ ചക്രവർത്തിയുടെ കൊട്ടാരത്തെ അലങ്കരിച്ചിരുന്ന ഷെയ്ക്ക ജമാലുദീൻെറ വംശജനായിരുന്നു ആസാദിൻെറ പിതാവായ മൌലാനാ ഖൈരുദ്ദീൻ. 1857-ലെ രാജ്യവിപ്ലവത്തിനുശേഷം ആ മുസ്ലീം വൈദികവര്യൻ തുക്കിസുൽത്താനായ അബ്ദുൽ ഹമീദ്ഖാൻെറ ക്ഷണം അനുസരിച്ചു് കാൺസ്റ്റാൻറിനോപ്പിളിലേയ്ക്കു താമസം മാററി. അദ്ദേഹം അവിടെ വച്ചു രചിച്ച പലേ പുസ്തകങ്ങൾ ഇന്നും അറബിസാഹിത്യത്തിലെ അമൂല്യ നിധികളായി ഗണിക്കപ്പെട്ടുന്നു. 1872-ൽ മക്കത്തെ നഹര്ഇ സുബേദയുടെ പരിഷ്കരണാത്ഥം അദ്ദേഹം സകുടുംബം അങ്ങോട്ടു പുറപ്പെട്ടു. വിശുദ്ധ നബിയുടെ ജന്മഭൂമിയായ മക്കത്തു വച്ചു് 1888 സെപ്തംബർ മാസമായ അറബിവർഷം 1305-ൽ അബുൽകലാം ആസാദ് ജനിച്ചു.

അദ്ദേഹത്തിൻെറ മാതാവും ഒരു അറബിഭാഷാവിദുഷിയായിരുന്നു. മദിനായിലെ പരിശുദ്ധ മുഫ്തിയായിരുന്ന ഷെയ്ക്ക് മുഹമ്മദ്ബിൻ തഹീറിൻെറ ഭ്രാത്രീയയും, ദില്ലീചക്രവത്തിമാരായ ഷാഅലം, അക്ബർ ദ്വിതീയൻ എന്നിവരുടെ വിദ്യാഭ്യാസ മന്ത്രിയായ മുനാവിർഉദ്ദീനിൻെറ പുത്രിയും ആയിരുന്നതിനാൽ, ആ മഹതി വിശുദ്ധ ഖുറാൻ നല്ലപോലെ പഠിച്ചിരുന്നു

1898-ൽ ഈ കുടുംബം കൽക്കത്തയിലേക്ക മടങ്ങിവന്നു. അന്നു് ആസാദിനു കഷ്ടിച്ചു പതിനൊന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളുവെങ്കിലും, അറബി നല്ലപോലെ

വശമായിരുന്നു. നിശിതമായ ബുദ്ധിയും ഗ്രഹണ പാടവവും ജ്ഞാനതൃഷ്ണയും അദ്ദേഹത്തെ സവിശേഷം അനുഗ്രഹിച്ചിരുന്നതിനാൽ, അന്നുതന്നെ അദ്ദേഹം ഒരു നല്ല പണ്ഡിതനായിത്തീൎന്നതിൽ അത്ഭുതപ്പെടാനില്ല. അറബി മാതാവിൽനിന്നും, ഉർദുവും പെർഷ്യനും പിതാവിൽനിന്നു മാണു് പഠിച്ചതു്. മുസല്‌മാൻമാൎക്കു് അക്കാലത്തു് ഇംഗ്ലീഷ് ഭാഷയോടു പൊതുവെ വെറുപ്പായിരുന്നതിനാൽ ആസാദിന്റെ പിതാവു് അദ്ദേഹത്തിനെ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ അയച്ചതേ ഇല്ല.

പതിനഞ്ചുവയസ്സായപ്പോഴേക്കും അദ്ദേഹം ഖുറാന്റെ 'ഹാഫിസ്' ആയിത്തീരുകയും വൈദികപ്രസംഗങ്ങൾ നടത്താൻ തുടങ്ങുകയും ചെയ്തു. എന്നാൽ ജ്ഞാനതൃഷ്ണ അദ്ദേഹത്തെ കൈറോവിലെ അല്‌അജ്‌ഹർ എന്ന പ്രസിദ്ധസർവകലാശാലയിലേക്കു നയിച്ചു. അവിടത്തേ വിദ്യാഭ്യാസം അദ്ദേഹത്തിന്റെ വിജ്ഞാനക്ഷിതിജത്തിന്റെ വ്യാപ്തി വൎദ്ധിപ്പിച്ചു. 1909 ൽ പിതാവിന്റെ മരണശേഷമാണു് മൌലാനാ ഇംഗ്ലീഷുപഠിക്കാൻ തുടങ്ങിയതു്. അദ്ദേഹത്തിനു ഇംഗ്ലീഷു് നല്ലപോലെ വശമില്ലെന്നു വിശ്വസിക്കുന്ന പലരും നമ്മുടെ നാട്ടിലുണ്ടു്. എന്നാൽ വാസ്തവം അതല്ല. അദ്ദേഹത്തിനു യാതൊരു ക്ലേശവും കൂടാതെ ഇംഗ്ലീഷിൽഎത്രനേരം വേണമെങ്കിലും സംസാരിക്കാമെന്നുമാത്രമല്ല. ഇംഗ്ലീഷ് സാഹിത്യത്തെപ്പറ്റി വിപുലമായ വിജ്ഞാനവുമുണ്ടു്.

ആസാദിനെ ഒരു വൈദികനാക്കണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. എന്നാൽ അദ്ദേഹം പത്ര

പ്രവർത്തനത്തിലേക്കാണ് തിരിഞ്ഞത്. പതിനഞ്ചാം വയസ്സിൽ അദ്ദേഹം ലിസാനുല് സിദീക് 'യഥാർത്ഥയുവാവ്' എന്ന പ്രസിദ്ധപത്രത്തിന്റെ ആധിപത്യവും സ്വീകരിച്ചു. പ്രസിദ്ധ ഉർദ്ദുകവിയായ മൌലാനാ അല്താഫ് ഹുസൈൻഅലി ഈ യുവാവിന്റെ ലേഖനങ്ങളെ ശ്രദ്ധാപൂർവം വായിച്ച് അഭിനന്ദിക്കാറുണ്ടായിരുന്നു. പതിനാറാമത്തെ വയസ്സിൽ അദ്ദേഹം ലാഹുറിലെ അഞ്ജുമാനീജമാഅത് ഇസ്ലാമിന്റെ വാർഷികയോഗത്തിൽ അദ്ധ്യക്ഷനായി ക്ഷണിക്കപ്പെട്ടു. ആ യോഗത്തിൽ സന്നിഹിതരായിരുന്ന ഇക്ബാൽ, ഹലി തുടങ്ങിയ മഹാകവികൾക്ക് ഈ യുവാവിനെ പരിചയപ്പെടുത്തിക്കൊടുത്തപ്പോൾ, അവർ എല്ലാം അമ്പരന്നുപോയി. ഇത്ര ചെറുപ്പത്തിലേ ഈ മാതിരി ശക്തിയേറിയ ഒരു തൂലിക അദ്ദേഹത്തിന് എങ്ങനെ വശപ്പെട്ടുവെന്നായിരുന്നു അവരുടെ വിസ്മയം. "പ്രായത്തിൽ പയ്യൻ; പഠിപ്പിൽ വൃദ്ധൻ" എന്നാണ് നവാബ് മോഹസിനുല് മുല്ക് അദ്ദേഹത്തിനെപ്പററി മറെറാരിക്കൽ പ്രസ്താവിച്ചത്. 1904-ൽ ഒരു നേരംപോക്കു നടന്നതു് പ്രസ്താവയോഗ്യമാകുന്നു. ആസാദ് മൌലാനാ ശിബ്ലിയേ സന്ദർശിക്കാനായി ബാംബയിൽ ചെന്നിരുന്നു. ശിബ്ലി ആസാദിന്റെ ലേഖനങ്ങൾ വായിച്ചിരുന്നു. തന്നെ സന്ദർശിച്ച യുവാവ് ആസാദിന്റെ പുത്രനാണെന്നു ഗ്രഹിച്ചിട്ട്, അബുൽകലാമിന്റെ പാണ്ഡിത്യത്തേയും പ്രസംഗചാതുരിയേയും മററും പറ്റി വളരെഅഭിനന്ദിച്ചു പറഞ്ഞു. ഒടുവിൽ ആ യുവാവുതന്നെയാണ് സാക്ഷാൽ ആസാദ് എന്നു ധരിച്ചപ്പോൾ അദ്ദേഹം വിസ്മയാഭിഭൂതനായത്രേ.

അക്കാലത്തു് സർ അബ്ദുൽകാതർ 'മഖ്ജാൻ' എന്നൊരു പത്രം നടത്തിക്കൊണ്ടിരുന്നു. അതിലും ആസാദ് തുടരെത്തുടരെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി.

മൌലനാ അന്നും തീവ്രദേശാഭിമാനിയായിരുന്നു ബംഗാളിലെ അരാജക കക്ഷിയുടെ ഭീകരപ്രവൎത്തനങ്ങളിൽ അദ്ദേഹത്തിനും പങ്കുണ്ടായിരുന്നുവെന്നു ചില ഗവണ്മെണ്ടുറിപ്പോർട്ടുകളിൽ പറഞ്ഞുകാണുന്നു വെങ്കിലും അതിൽ തെല്ലുപോലും വാസ്തവമില്ല.

ഇങ്ങനെ ഇരിക്കവേ ആണ് സർസയ്യദ് അഹമ്മദ് ഖാൻ രംഗപ്രവേശം ചെയ്തതു്. 1857 മുതല്ക്കു് ഇംഗ്ലീഷ് ഭരണാധികാരികളുടെ സംശയപാത്രമായിരുന്ന മുസ്ലീങ്ങളെ അകററുന്നതിനും, അവരുടെ ഇടയ്ക്കു് ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും ആയിരുന്നു അദ്ദേഹത്തിൻെറ പ്രധാനശ്രമം. വിഭജിച്ചു ഭരിക്കുന്നതിൽ അദ്വിതീയരായിരുന്ന ബ്രിട്ടീഷുകാർ അദ്ദേഹത്തെ വേണ്ടുംവിധം പ്രോത്സാഹിപ്പിക്കയും ചെയ്തു. ഇങ്ങനെ 1905-ൽ മുസ്ലീംലീഗു സ്ഥാപിക്കപ്പെട്ടു. 1880-ൽ അദ്ദേഹം സ്ഥാപിച്ചിരുന്ന ആലിഗർകാളേജ് വഴിക്കു് കാൺഗ്രസ്സ് വിദ്വേഷം മുസ്ലീം യുവാക്കന്മാരുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിക്കാൻ സകല യത്നങ്ങളും നടന്നുകൊണ്ടാണിരുന്നതു്, ലീഗുക്രുടി ആയപ്പോൾ അദ്ദേഹത്തിൻെറ ഉദ്ദേശ്യം സഫലമാവുമെന്ന നിലവന്നുചേൎന്നു. അങ്ങനെ ഇരിക്കവെ ആണു് മൌലനാ ആസാദ് 1912-ൽ അല്ഹിലാല് എന്ന ഉർദുവാരിക പുറപ്പെടുവിച്ചതു്. ആ മാസികയ്ക്കു മുസ്ലീംജനതയേ ആക

ഷിക്കുന്നതിനും തദ്വാരാ അഭ്യസ്തവിദ്യരായ യുവമുസ്ലീങ്ങളിൽനിന്നു ആംഗ്ലിഗർ മനോഭാവംനിഷ്കാസനം ചെയ്യുന്നതിനും സാധിച്ചു. പിന്നീട്ട് കാൺഗ്രസ്സ് നേതാക്കന്മാരായിത്തീൎന്ന മിക്ക മുസ്ലീങ്ങളുടെയും മാനസാന്തരത്തിനു കാരണഭൂതമായിത്തീൎന്നതു് ആസാദിൻെറ ലേഖനപരമ്പരയാണെന്നുനിസ്സംശയം പറയാം.

1914ലെ മഹായുദ്ധത്തോടുകൂടി അല്ഹിലാലിൻെറ പ്രസിദ്ധീകരണം തടയപ്പെട്ടു. ആസാദിൽ ആംഗ്ലവിദ്വേഷവും ജൎമ്മൻ പക്ഷപാതവും ആരോപിക്കപ്പെട്ടു. വാരിക തടയപ്പെട്ടുവെങ്കിലും ആസാദ് മൗനമവലംബിച്ചില്ല. അല്ബലാഗ് എന്നൊരു പുതിയ പത്രം അദ്ദേഹം തുടങ്ങി. അദ്ദേഹത്തിനു പിന്തുണയായി അലി സഹോദരന്മാരുടെ സഖാവു് (ഇംഗ്ലീഷ്), ഹംദൎദ്ദു് (ഉർദു്) എന്നീ പത്രങ്ങളും നിലകൊണ്ടു. ഇതെല്ലാം കണ്ടുകൊണ്ടു് അധികാരിവൎഗ്ഗം അടങ്ങിയിരിക്കുമോ? അവർ പ്രസ്തുത പത്രങ്ങളുടെ വാമൂടി കെട്ടിയതിനുപുറമെ ആസാദിനു് യു. പി, ദില്ലി, പഞ്ചാബ്, മദ്രാസ്, സി. പി എന്നീ പ്രദേശങ്ങളിൽ പ്രവേശനവും നിരോധിച്ചു. 1916 മാൎച്ചു് 23-നു- ബംഗാൾ വിട്ടു് ഒരിടത്തും ഇറങ്ങിപ്പോകരുതെന്നു് ഒരു കല്പനയും പുറപ്പെട്ടു.

ഈ ഭീഷണികൾക്കു് അദ്ദേഹം കീഴടങ്ങുമെന്നാണു് അധികാരികൾ വിശ്വസിച്ചിരുന്നതു്. എന്നാൽ അദ്ദേഹം റാഞ്ചിയിലേക്കു മാറിത്താമസിക്കുകയും അവിടെനിന്നും സ്നേഹിതന്മാർ മുഖേന തൻെറ സന്ദേശത്തെ ഭാരതഖണ്ഡംമുഴുവൻ പ്രചരിപ്പിക്കയും ചെയ്തു. അതു

കണ്ടു ചകിതമായ ഗവമ്മെൻറ് അദ്ദേഹത്തിനെയും അ ലിസഹോദരന്മാരെയും തടങ്കലിൽ പാൎപ്പിക്കാൻ നിർബ ന്ധിതമായി.

കാൺഗ്രസ്സ് ഈ നേതാക്കന്മാരുടെ കാൎയ്യം സ്വയം ഏറെറടുത്തു് അവരുടെമോചനത്തിനായി പ്രക്ഷോഭണം ആരംഭിച്ചു. 60000 പേരുടെ ഒപ്പുകൾ ഇട്ട ഒരു ഭീമ ഹൎജി അവർ ഗവമ്മെൻറിൽ സമർപ്പിച്ചു. 1919 ഡിസംബർമാസം 25-നു ആസാദ് മോചിതനായി.

ഇങ്ങനെ തടങ്കലിൽ ഇരുന്നകാലത്തു രചിക്കപ്പെട്ട താണു് തൎജ്ജുമൻ ഉൽ ഖുറാൻ എന്ന ഖുറാൻ വ്യാഖ്യാന വും മററുചില വിശിഷ്ട ഗ്രന്ഥങ്ങളും. ഈ കാലത്തിനിട യ്ക്കു് ഇൻഡ്യയിൽ പലതും സംഭവിച്ചു കഴിഞ്ഞിരുന്നു. തുൎക്കിയോടു് ഇംഗ്ലീഷ് ഗവണ്മെണ്ടു് അനുവൎത്തിച്ച നയം മുസ്ലീം ജനതയുടെ ഒരു വലിയ വിഭാഗത്തെ ശത്രുക്കളാക്കി ത്തീൎത്തു. ജലിയാൻവാലാ കൂട്ടക്കൊലയും പഞ്ചാബിലെ സൈനികഭരണവും ഇൻഡ്യ ഒട്ടുക്കു് പ്രക്ഷോഭണവഹ്നി ഉജ്ജ്വലിപ്പിച്ചു. ഗാന്ധിജി കാൺഗ്രസ്സിൻെറ നേതൃത്വം കൈകൊണ്ടു. 1920ൽ ബംഗാൾപ്രാവിശ്യാ ഖിലാഫത്തു യോഗത്തിൽ ഗാന്ധിജിയും സന്നിഹിതനായിരുന്നു. അവി ടെവച്ചാണു് മൌലാനാ ആസാദ് സിവിൽ നിയമലംഘ നത്തിൻെറയും അസഹയോഗത്തിൻെറയും പദ്ധതി പരസ്യമായി പ്രഖ്യാപിച്ചതു്.

അതിനെത്തുടൎന്നു് 1920-ലെ കൽക്കത്താകാൺഗ്ര സ്സിൽ ഗാന്ധിജി അസഹയോഗനിശ്ചയം ഹാജരാക്കി. അതിനെ ലജ്പത്റായി, സി. ആർ. ദാസ് മുതലായ

നേതാക്കന്മാർ സർവ്വശക്തികളും ഉപയോഗിച്ച് എതിർത്തെങ്കിലും, ആസാദ് അലിസഹോദരന്മാർ, ഡാക്ടർ അൻസാരി എന്നീ ഖിലാപത്തുകാരുടെ സഹായത്താൽ, പ്രമേയം കഷ്ടിച്ച് പാസ്സായി. നാഗപുരം കാൺഗ്രസ്സും ആ പ്രമേയത്തെ അംഗീകരിക്കാൻ ഇടയായതു് മൌലാനയുടെ പ്രചരണസാമർത്ഥ്യത്താലായിരുന്നു. അദ്ദേഹം ഒരു ചണ്ഡവാത്യ എന്നപോലെ ഇൻഡ്യ ഒട്ടുക്കു് സഞ്ചരിച്ചു് അതിന് അനുകൂലമായ പൊതുജനാഭിപ്രായം രൂപവൽക്കരിച്ചു.

ഇങ്ങനെ ഹിന്ദുമുസ്ലീം ഐക്യത്തിന്ന് ഗാന്ധിജിയും ആസാദും വഴിതെളിച്ചു.

സമരം ആരംഭിച്ചു. 1921ൻെറ മദ്ധ്യത്തിൽ അലിസഹോദരന്മാർ, ഡാക്ടർ കിച്ചലൂ, ജഗദ്ഗുരു ശങ്കരാചാര്യർ, മൌലാനാ നാസിർ അഹമ്മദ്, പീർഗുലാം മുജാദിദ്, മൌലവി ഹുസൈൻ അഹമ്മദ്, ഇവരെ സക്കാർ പ്രാസിക്യൂട്ടു ചെയ്തു. ഗാന്ധിജിയും ആസാദും ശക്തിപൂർവം പ്രക്ഷോഭണം തുടന്നു. ലാഹ്ഹൂറിലെ ജമായത് ഉല് ഉലാമാ ഈ ഹിന്ദിൻെറ ആഭിമുഖ്യത്തിൽ നടന്ന മഹായോഗത്തിൽ ആസാദ് ചെയ്ത പ്രസംഗത്തിൽ ഹിന്ദുമുസ്ലീം ഐക്യത്തെപ്പററി ശക്തിപൂവ്വം വാദിച്ചതിനു പുറമേ, മലബാറിലെ മാപ്പിളമാർ ബ്ബലം പ്രയോഗിച്ചു ഹിന്ദുക്കളെ മതപരിവത്തനം ചെയ്യുന്നതിനെ കഠിനമായി ആക്ഷേപിക്കയും ചെയ്തു.

അതേ സന്ദർഭത്തിൽ തന്നെയാണു് വെയിൽസു രാജകുമാരൻ ഇന്ത്യാ സന്ദശിക്കാൻ നിശ്ചയിച്ചതു് ആ

സന്ദശ്നത്തെ പരിവജ്ജനം ചെയ്യാൻ കാൺഗ്രസ്സും ഖിലാസത്തുസംഘവും തീച്ച്പ്പെടുത്തി. തൽഫലമായി, രാജകുമാരൻ സന്ദശിച്ച നഗരങ്ങളിലെല്ലാം ഏതാനും ഉദ്യോഗസ്ഥന്മാരും പള്ളിക്കൂടംകുട്ടികളും മാത്രമേ കാണ്മാനുണ്ടായിരുന്നു. കല്ക്കത്തയിലെ ഹത്താൽ ഇപ്രകാരം പരിപൂൎണ്ണവിജയത്തിൽ എത്തിച്ചതിനു കാരണഭൂതന്മാരായി പലരും ഉണ്ടായിരുന്നുവെങ്കിലും, അവരിൽ പ്രസ്താവയോഗ്യരായിരിക്കുന്നതു് സീ. ആർ. ദാസും ബോസും അബ്ദുൽകലാംആസാദുമായിരുന്നു.

അതിൻെറ ഒക്കെ ഫലമായി കാൺഗ്രസ്സിലേയും ഖിലാഫത്തിൻേറയും വാളൻറീയർ സംഘടനകൾ നിയമവിരുദ്ധമാക്കപ്പെട്ടു. സീ. ആർ. ദാസ്സും ആസാദുംകൂടി ആ നിയമത്തെ ലംഘിക്കാനും തീർച്ചപ്പെടുത്തി. ആയിരം വാളൻറീയർമാരും ഒട്ടുവളരെ പ്രമുഖനേതാക്കന്മാരും തടവിലാക്കപ്പെട്ടു. അക്കൂട്ടത്തിൽ ദേശബന്ധുവും ആസാദും ഉൾപ്പെട്ടിരുന്നു. സക്കാർ അവരെ അലിപ്പൂർ ജയിലിൽ അടച്ചു.

ആ വിചാരണസമയത്തു് ആസാദ് കോടതിയിൽ സമപ്പിച്ച പത്രിക അവശ്യം എല്ലാവരും വായിച്ചിരിക്കേണ്ടതാണു്. ബ്രിട്ടീഷ്ഗവണ്മെണ്ടു സ്ഥാപിതമായ കാലംമുതല്ക്കു് അവർ നാട്ടിനു വരുത്തിക്കൂട്ടിയിട്ടുള്ള കൊടുമകളെ എല്ലാം അതിൽ വ്യക്തമായി ചിത്രീകരിച്ചിരുന്നു. ആ പത്രികയോടു് ഒപ്പം നില്ക്കത്തക്കവണ്ണം മറെറാരു പത്രിക ഉണ്ടെങ്കിൽ ഗാന്ധിജി അദ്ദേഹത്തിൻെറ വിചാരണാവസരത്തിൽ സമർപ്പിച്ചതുമാത്രമാണു്.

സഹനസമരം വിജയപൂർവ്വം ഗാന്ധിജി നടത്തിക്കൊണ്ടിരുന്നു. ബ്രിട്ടീഷ്കോയ്മയുടെ അടിവാരം കുലുങ്ങിത്തുടങ്ങി. അല്പകാലംകൂടി ആ നിലയിൽ മുന്നോട്ടു പോയിരുന്നെങ്കിൽ, ഇംഗ്ലീഷുകാർ അന്നേ നാട്ടുവിട്ടുമായിരുന്നു. എന്നാൽ ചൌറിച്ചൗറയിൽവച്ചുണ്ടായ അനിഷ്ട സംഭവങ്ങൾ നിമിത്തം, അഹിംസാവ്രതക്കാരനായ ഗാന്ധിജി സഹനസമരത്തെ നിർത്തിവച്ചുകളഞ്ഞു. എന്തൊരാശ്വാസമാണെന്നോ ബ്രിട്ടീഷ് കൊയ്മയ്ക്ക് അപ്പോഴുണ്ടായതു്! ഗാന്ധിജിയുടെ ഈ പ്രവൃത്തി നിമിത്തം കാൺഗ്രസ്സിൽ ഒരു പിളർപ്പുണ്ടായതു് അവരെ കൂടുതൽ സന്തോഷിപ്പിച്ചു. ഗാന്ധിജിയും അറസ്റ്റുചെയ്യപ്പെട്ടു.

ഗയാ കാൺഗ്രസ്സിൽവച്ചു് സീ. ആർ. ദാസ്, സ്വരാജ്കക്ഷിരൂപവൽകരിച്ചു. ആ പിളപ്പിനെ നികത്താൻ കഴിവുള്ള രണ്ടു വ്യക്തികളെ ഉണ്ടായിരുന്നുള്ളു. ഗാന്ധിജിയും ആസാദും അവർ രണ്ടുപേരും ജയിലിലുമായിരുന്നു. പതിന്നാലു ദിവസങ്ങൾക്കുശേഷം ഭാഗ്യവശാൽ ആസാദ് വിമുക്തനായി. ഒരിക്കലും ഇണങ്ങാത്തവരെ തമ്മിൽ യോജിപ്പിക്കാൻ അദ്ദേഹത്തിനുള്ള സാമർത്ഥ്യം ഒന്നുവേറെയാണു്. അദ്ദേഹം വെളിക്കുവന്നതിനോടുകൂടി പത്രപ്രതിനിധികളോടു ഇപ്രകാരം പ്രസ്താവിച്ചു:—

"ജയിലിൽ നിന്നു പുറത്തുവന്ന ഉടനേ ഞാൻ ആദ്യമായി കാണുന്നതു കാൺഗ്രസ്സിലെ പിളപ്പാണു്. രണ്ടുകക്ഷികളെയും കൂട്ടി ഇണക്കുന്നതു് എൻ്റെ പ്രഥമ കർത്തവ്യമായി ഞാൻ കരുതുന്നു.

ബോംബെയിൽ വച്ചുകൂടിയ ഏ. ഐ. സി. സി. യോഗം കക്ഷിപ്പിണക്കത്താൽ പരാജയപ്പെട്ടു. ദില്ലിയിൽ വച്ചു് ഒരു സ്പെഷ്യൽയോഗം വിളിച്ചുകൂട്ടി. അതിൻെറ അധ്യക്ഷം വഹിച്ചതു് ആസാദായിരുന്നു. അഹോ! എന്തൊരു വിസ്മയം! മുപ്പത്തിആറു വയസ്സു മാത്രം പ്രായമുള്ള ഒരു യുവാവു് മററാക്കും സാധിക്കാതിരുന്ന മഹാകമ്മം നിഷ്പ്രയാസം സാധിച്ചു. അദ്ദേഹം എഴുതി ഉണ്ടാക്കിയ രഞ്ജക പ്രമേയത്തെ ഇരുകൂട്ടരും അംഗീകരിച്ചു. ഇതിനു മുമ്പു് മററാരും ഈ പ്രായത്തിൽ കാൺഗ്രസ്സ് പ്രസിഡണ്ടായിരുന്നിട്ടില്ല.

ആദർശപരമായ ഈ പിളപ്പു് ഒരു വിധം ശമിച്ചുവെങ്കിലും, മററുവഴിക്കുകൂടി വേറൊരു വഴക്കുത്ഭവിച്ചു. തബ്ലീഘ് പ്രസ്ഥാനവും, അതിനെ തുടൎന്നു ശുദ്ധിസമാന്ദോളനവും എങ്ങനെയോ പൊട്ടിപുറപ്പെട്ടു് ഹിന്ദുമുസ്ലീം മൈത്രിയേ വേരോടെ അറുത്തു കളയുമെന്ന ദിക്കായി. ദില്ലീകാൺഗ്രസ്സു കഴിഞ്ഞ ഉടനേ എല്ലാ ദിക്കുകളിലും സാമുദായിക ലഹളകൾ ഉണ്ടായി. ഗാന്ധിജി ദീർഘകാലത്തേ ഉപവാസവും സമാരംഭിച്ചു. മൌലാനാ ആസാദ് ഗാന്ധിജിയുടെ ജീവനെ രക്ഷിക്കുന്നതിനും ഹിന്ദുമുസ്ലീം ഐക്യം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി ഹൃദയപൂർവ്വം പ്രയത്നിക്കയാൽ വീണ്ടും ഒരു രഞ്ജക മനോഭാവം പ്രത്യക്ഷപ്പെട്ടു.

1928-ൽ സൈമൺ കമ്മിഷൻ ഇൻഡ്യയിൽ വന്നു. എല്ലാ ദിക്കിലും ഹത്താൽ ആചരിക്കപ്പെട്ടു. ലാഹൂറിൽ വച്ചു് ലാലാലജ്പത്റായിയും, ലഖ്നൌവിൽ വച്ചു് ജവഹർലാലും ലാത്തിപ്രയോഗത്താൽ ക്ഷത

ശരീരരായിത്തീൻ. നേഹ്രുറിപ്പോർട്ട് വെളിക്കു വന്നു. സമുദായ വാദികൾ ആ റിപ്പോർട്ടിനെ കഠിനമായി ആക്ഷേപിക്കയും, മുസ്ലിംലീഗിനെ വീണ്ടും കാൺഗ്രസ്സിൽ നിന്നും അകററുകയും ചെയ്തു. അലി സഹോദരന്മാർ പോലും കാൺഗ്രസ്സു വിട്ടു. അക്കാലത്തു് അബുൽകലാം ആസാദ് മാത്രമാണു് ദേശീയ മുസ്ലിങ്ങളെ സംഘടിപ്പിച്ചു് നെഹ്രു റിപ്പോർട്ടിനെപ്പററിയുള്ള തെററിദ്ധാരണകൾ എല്ലാം നീക്കുന്നതിനും സാമുദായിക വഴക്കുകളെ ഒതുക്കുന്നതിനും ശ്രമിച്ചതു്.

1928-ൽ കൽക്കട്ടാ കാൺഗ്രസ് ബ്രിട്ടീഷ് ഗവണ്മെണ്ടിനു് ഒരു ചരമാഭിസന്ധി അയച്ചു കൊടുത്തു. ഒരു കൊല്ലത്തിനുള്ളിൽ ഡൊമിനിയൻ പദവി അനുവദിക്കാത്തപക്ഷം പരിപൂർണ്ണ സ്വാതന്ത്ര്യമായിരിക്കും കാൺഗ്രസ്സിൻെറ ലക്ഷ്യം എന്നായിരുന്നു അതിൻെറ സാരം. 1929-ൻെറ അവസാനത്തോടുകൂടി ആ ഒരു കൊല്ലം കഴിഞ്ഞു. 1930 ഡിസംബർ 31-ാം തീയതി അർദ്ധരാത്രിക്കു ജവഹർ സ്വാതന്ത്ര്യപതാക ഉയർത്തി. തുടൎന്നു് ഉണ്ടായ പ്രത്യക്ഷസമരത്തിൽ ആസാദ് ഒഴിച്ചുള്ള മുസ്ലിം നേതാക്കന്മാരാരും പങ്കുകൊണ്ടില്ല. 1931-ൽ അദ്ദേഹം അറസ്ററു ചെയ്യപ്പെട്ടു. 1931-ലെ ഗാന്ധി—ഇർവിൻ ഉടമ്പടിക്കു ശേഷമേ അദ്ദേഹം വിമുക്തനായുള്ളു.

ഈ ഉടമ്പടി അനുസരിച്ചു ഗാന്ധിജി ഇംഗ്ലണ്ടിലെ വട്ടമേശസമ്മേളനത്തിനുപോയി. അതിനിടയ്ക്കു വില്ലിംഗ്ടൺ പ്രഭു വൈസ്രായി ആയി വരികയും അദ്ദേഹം കാൺഗ്രസ്സിനെ അമർത്തണമെന്നുള്ള ദൃഢപ്രതിജ്ഞയോടു

കൂടി മർദ്ദന നടപടികൾ മുറയ്ക്കു കൈക്കൊള്ളുകയും ചെയ്തു. ഗാന്ധിജി തിരിച്ചുവന്നപ്പോഴേയ്ക്കും സിവിലാജ്ഞാ ലംഘനം തുടരാൻ നിർബന്ധിതനായി. ആസാദും ദേശീയ മുസ്ലീങ്ങളും അതിൽ സർവാത്മനാ പങ്കുകൊണ്ടു. മാർച്ച് ആറാംതീയതി മൌലാനാ വീണ്ടും അറസ്ററുചെയ്യപ്പെട്ടു.

മഹാത്മജി ആ മരണോപവാസം തുടങ്ങി; എന്നാൽ അതിനു മുമ്പായി അദ്ദേഹം ആജ്ഞാലംഘന പരിപാടി നിർത്തിവച്ചുകളഞ്ഞു. പിന്നീടു കുറേക്കാലത്തേയ്ക്കു കാൺഗ്രസ്സ് പാർലമെൻററി പ്രവർത്തനത്തിൽ മാത്രം വ്യാപൃതമായിരുന്നു. 1934-ൽ പാട്നാ കാൺഗ്രസ്സു അംഗങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി ഏർപ്പെടുത്തിയ ബോർഡിൽ അംഗമായി ആസാദ് തെരഞ്ഞെടുക്കപ്പെട്ടു.

1936-ൽ ജവാഹർലാൽ കാൺഗ്രസ്സ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും അദ്ദേഹത്തിൻെറ പ്രയത്നഫലമായി തെരഞ്ഞെടുപ്പിൽ ഏഴിൽ ആറു പ്രാവിൻസുകളിലും കാൺഗ്രസ്സിനു ഭൂരിപക്ഷം ലഭിക്കയും ചെയ്തു. കാൺഗ്രസ്സ് മന്ത്രിസഭകൾ രൂപവൽക്കരിക്കപ്പെടുകയാൽ അവരെ നയിക്കുന്നതിന് ഒരു പാർലമെൻററി സബ് കമ്മിററി ഏർപ്പെടുത്തപ്പെട്ടു. സർദാർ പട്ടേൽ, ബാബു രാജേന്ദ്രപ്രസാദ്, മൌലാനാ ആസാദ് ഇവർ മൂന്നു പേരുമായിരുന്നു അതിലെ അംഗങ്ങൾ.

വടക്കുപടിഞ്ഞാറേ പ്രാന്തീയപ്രവിശ്യയിൽ ഒരു കാൺഗ്രസ് മന്ത്രിസഭ രൂപവൽകൃതമാകുന്നതിനു സാ

ധിച്ചതു് ആസാദിൻെറ ശ്രമം ഒന്നു കൊണ്ടുമാത്രമായി രുന്നു.

1937-ൽ കാൺഗ്രസ് മന്ത്രിസഭയ്ക്കു് ഒരു പരീക്ഷണഘട്ടമായിരുന്നു. കാൺഗ്രസ്സിൻെറ തെരഞ്ഞെടുപ്പു പത്രികയിൽ കൃഷിക്കാരുടെ സങ്കടനിവാരണത്തെപ്പററി പ്രത്യേകിച്ചു എടുത്തുപറഞ്ഞിരുന്നു. യൂ. പി. യിലേയും ബീഹാറിലേയും ജമീന്ദാരന്മാർ അവരുടെ കുടിയാനവന്മാരുടെ തുച്ഛമായ സങ്കടങ്ങൾക്കുപോലും പരിഹാരം ഉണ്ടാക്കുന്ന വിഷയത്തിൽ വൈമുഖ്യം പ്രകാശിപ്പിക്കയാൽ ഒരു ദുഘടഘട്ടം സംജാതമായി. രാജേന്ദ്രപ്രസാദ് ആസാദിൻെറസഹകരണത്തെ അഭ്യൎത്ഥിച്ചു. വാസ്തവത്തിൽ ആസാദിൻെറ നയോപായ കൌശലത്താലാണു് ജമിന്ദാരന്മാർ അല്പമെങ്കിലും വഴങ്ങിക്കൊടുപ്പാൻ ഇടയായതു്. കുടിയാനവമാൎക്കു പാട്ടത്തിൽ 25 മുതല്ക്കു നാല്പതു ശതമാനം വരെ ഇളവുചെയ്തുകൊടുക്കപ്പെട്ടു. എന്നു മാത്രമല്ല, അവരുടെ മററു അവകാശങ്ങളും ജമീന്ദാർ ഏറെക്കുറെ അനുവദിച്ചുകൊടുത്തു. രാജേന്ദ്രപ്രസാദ് ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്:—"ജമീന്ദാരന്മാരോടും കുടിയാനവന്മാരോടുമുള്ള സംഭാഷണത്തിനിടയ്ക്കു് മൌലാനയുടെ മതിതീക്ഷ്ണതയും പ്രേരണാശക്തിയും പരിപൂൎണ്ണമായി പ്രത്യക്ഷപ്പെട്ടു."

കൂടിയാലോചന തകൎന്നുപോകുമെന്ന നിലയിലെത്തിയപ്പോൾ, അദ്ദേഹത്തിൻെറ ചാതുൎയ്യവും, സമീപനീതിയും പ്രേരണാശക്തിയും ആണു് ദുഘടസന്ധിയെ തരണംചെയ്തതു്."

സിൻഡിലും വടക്കുപടിഞ്ഞാറൻ പ്രാന്തദേശത്തെപോലെ ചില കുഴപ്പങ്ങളുണ്ടായി. അവിടുത്തെ കാൺഗ്രസ് അല്ലാബക്ഷ് മന്ത്രിസഭയെ സഹായിച്ചുകൊണ്ടാണിരുന്നത്. ഭൂനികുതിയെസംബന്ധിച്ച് മന്ത്രിസഭയും കാൺഗ്രസ്സുംതമ്മിൽ പിണങ്ങുമെന്ന ഘട്ടംവന്നപ്പോൾ, ലീഗ് പതുക്കെ തലപൊക്കി. അധികാരം പിടിച്ചെടുക്കാനുള്ള അവരുടെ യത്നം ഫലിക്കാതെ വന്നതു് ആസാദിൻെറ ശ്രമത്താലായിരുന്നു. അദ്ദേഹം കാൺഗ്രസ്സിനെയും മന്ത്രിസഭയേയും അനുരഞ്ജിപ്പിച്ചു.

ജമ്മൻയുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ കാൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചു. 1940-ൽ ആസാദ് വീണ്ടും കാൺഗ്രസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1935-നു ശേഷം ആ ഉന്നതപദവി പലപ്രാവശ്യം അദ്ദേഹത്തിനു നല്കപ്പെട്ടുവെങ്കിലും, അദ്ദേഹം ഉപേക്ഷിക്കയാണു ചെയ്തതു്. ഇക്കുറി അദ്ദേഹത്തിന് അതുപേക്ഷിക്കാൻ സാധിച്ചില്ല. പല ദുഘടങ്ങളും കാൺഗ്രസ്സിനു അഭിമുഖീകരിക്കേണ്ട ഒരു കാലഘട്ടമായിരുന്നു ഇതു്. രാമഗർ കാൺഗ്രസ്സിൽവച്ചു് അദ്ദേഹംചെയ്ത അദ്ധ്യക്ഷപ്രസംഗം കാൺഗ്രസ്സിൻെറ ഒരു സജീവചരിത്രംതന്നെയായിരുന്നു. ആ കാൺഗ്രസ് ഗാന്ധിജിയേ സർവാധികാരത്തോടുകൂടിയ ജനറാലായി നിയമിച്ചു. ഗാന്ധിജി വൈസറായിയുമായി പല ആലോചനകൾ നടത്തി; ഒന്നും ഫലിച്ചില്ല. വ്യക്തിഗതസത്യാഗ്രഹം സമാരബ്ധമായി. നേതാക്കന്മാർ ഓരോരുത്തരായി ജയിലിൽ അടയ്ക്കപ്പെട്ടു. അക്കൂട്ടത്തിൽ ആസാദും ഉൾപ്പെട്ടിരുന്നു. 1941-ൽ അവരെല്ലാം

വിമുക്തരാവുകയും ക്രിപ്സ് ദൌത്യസംഘം ഇൻഡ്യയിൽ വന്നുചേരുകയും ചെയ്തു. കാൺഗ്രസ്സിൻെറ പക്ഷത്തുനിന്നു ആലോചനയ്ക്കായി ചുമതലപ്പെടുത്തപ്പെട്ടതു് നെഹ്രുവും പ്രസിഡണ്ടായ ആസാദുമായിരുന്നു. ഇൻഡ്യയിൽ ദേശീയഗവണ്മെണ്ടു് സ്ഥാപിതമായാൽ രാജ്യരക്ഷയ്ക്കായി ആദ്യം ആയുധം ധരിക്കുന്നതു് താനായിരിക്കുമെന്നു് ആസാദ് വ്യക്തമാക്കിയെങ്കിലും ചച്ചിലിൻെറ ഗവണ്മെണ്ടു് ഇൻഡ്യ നീട്ടിയ സൌഹാർദ്ദഹസ്തത്തെ സ്വീകരിക്കാതെ ജിന്നയുടെ പക്ഷത്തോടു ചാഞ്ഞുനില്ക്കയാണുണ്ടായതു്. അവർ വീണ്ടും മൗനം അഴിച്ചുവിട്ടു. അതിൻെറ ഫലമായിരുന്നു 1942-ലെ ആഗസ്റ്റ്സമരം. നേതാക്കന്മാർ വീണ്ടും ഇരുമ്പഴിക്കു പിന്നിലായിയെങ്കിലും, സമരം അതുകൊണ്ടവസാനിച്ചില്ല. ബ്രിട്ടീഷ്കാർ ഈ നാട്ടിൽനിന്നു ഭാണ്ഡം കെട്ടുവാൻനിബന്ധിതരായി. 1946-ൽ സ്വാതന്ത്ര്യം ഇൻഡ്യൻ ഹസ്തങ്ങളിലേക്കു പകന്നപ്പോൾ ഉണ്ടായ മന്ത്രിസഭയിൽ ആസാദും ഉൾപ്പെട്ടതിൽഅത്ഭുതത്തിന്നു് അവകാശമുണ്ടോ? കാൺഗ്രസ്സിൻെറ ആപത്സന്ധിയിൽ ദീർഘകാലം പ്രസിഡണ്ടുസ്ഥാനം വഹിച്ച ആ മഹാപുരുഷനെ ഭാരതഭൂമി എങ്ങനെ മറക്കും. ഇന്നു് അദ്ദേഹം വിദ്യാഭ്യാസവകുപ്പിൻെറ അദ്ധ്യക്ഷം വഹിക്കുന്നു.

അബുൽകലാം ആസാദ് ശാസ്ത്രമനാനുസാരിയായ ഒരു മുസ്ലിം ആണെങ്കിലും നവീനാശയനാണു്; ഇസ്ലാം ധമ്മത്തോടുള്ള അദ്ദേഹത്തിൻെറ നില ഒരു പരിഷ്കത്താവിൻേറതാകുന്നു. അദ്ദേഹം മുസ്ലീങ്ങളെ ദേശീയാന്ദോളനത്തിലേക്കു കൊണ്ടുവരാൻ മനസ്സാ്വരശ്രമിച്ചു; ഗാന്ധ

ജിയുടെ രംഗപ്രവേശത്തിനുമുമ്പേ, ദേശീയ സമരത്തിലിറങ്ങി പ്രവർത്തിച്ച അപൂർവ്വം ചില ഭാരതീയരിൽ പ്രമുഖനാണദ്ദേഹം.

മൌലാനയുടെ സ്വഭാവഗതിയെ പ്രകാശിപ്പിക്കുന്ന ഒന്നു രണ്ടു സംഭവങ്ങൾ ഇവിടെ എടുത്തുപറയാം.

ഒരിക്കൽ മൌലാനാ എവിടെനിന്നോ 200 ഉറുപ്പിക കടംവാങ്ങി. രണ്ടു 100 ഉറുപ്പിക നോട്ടുകൾ. അവയെ അദ്ദേഹം മേശപ്പുറത്തു വച്ചിരുന്നു. ഒരു സാഹിബ് അദ്ദേഹത്തെ കാണ്മാൻ ചെന്നു. സംഭാഷണം നടന്നുകൊണ്ടിരിക്കെ, ആസാദിൻെറ കണ്ണുതെററിച്ചു നോട്ടുകൾ കരസ്ഥമാക്കാൻ അയാൾ ശ്രമിച്ചു. ആസാദ് അതുകാണാതിരുന്നില്ല. അതിനാൽ അയാളുടെ ശ്രമം സഫലമാകുംവരെ അദ്ദേഹം മറെറാരിടത്തേക്കു നോക്കിക്കൊണ്ടിരുന്നു. സാഹിബ് നോട്ടുകൾ തട്ടിയെടുത്തു. ആസാദ് ഒന്നും സംഭവിച്ചില്ലെന്നമട്ടിൽ സംഭാഷണം തുടർന്നു. ഒടുവിൽ അയാൾ പോയിക്കഴിഞ്ഞപ്പോൾ ഇതിനെപ്പററി ഒരു സ്നേഹിതനോട് പറഞ്ഞതു് ഇപ്രകാരമാണ്:—

"സഹോദര! അയാൾക്കു പണത്തിനു എന്തോക്കാൾ ആവശ്യമുണ്ടായിരുന്നിരിക്കണം; അല്ലെങ്കിൽ മോഷണത്തിന് തുനിയുമായിരുന്നോ?"

സ്വതന്ത്ര്യത അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം ഇസ്ലാം ധർമ്മത്തിൻെറ മൌലിക സിദ്ധാന്തമാണ്. എന്തെല്ലാം പ്രലോഭനങ്ങൾ ഉണ്ടായാലും ആ മൂലഭാവനയെ അദ്ദേഹം വെടിയുകയില്ല. ഇസ്ലാംധർമ്മമനുസരിച്ചു് സ

കല കമ്മങ്ങളും ഈശ്വരാപ്പിതമായി അദ്ദേഹം ചെയ്തു കൊണ്ടിരിക്കുന്നു. അധികാരഭ്രമം അദ്ദേഹത്തെ തീണ്ടിയിട്ടേയില്ല. എൻെറ കയ്യിൽ സൂയ്യചന്ദ്രന്മാരെക്കൊണ്ടുവച്ചാലും ഞാൻ സത്യമാഗ്ഗത്തിൽ നിന്നു വ്യതിചലിക്കയേയില്ല. ഇതാണു് അദ്ദേഹത്തിൻെറ നില.

ഗംഭീരചിന്തകനും വിദ്വൽകേസരിയുമാണു് ആസാദ്. എന്നാൽ തൻെറ പാണ്ഡിത്യത്തെ പ്രകടിപ്പിക്കുന്നതിനു് അദ്ദേഹം ഒരിടത്തും ശ്രമിക്കാറില്ല.

അദ്ദേഹം ജയിലിൽ പാക്കുന്നകാലത്തു് ധമ്മപത്നി മരിച്ചു. അവരെ ഒന്നു സന്ദശിക്കുന്നതിനുള്ള അവസരംപോലും ഗവമ്മെൻറു് അദ്ദേഹത്തിനു നല്കിയില്ല. ഒടുവിൽ കൃതജ്ഞരായ ജനങ്ങൾ ആ സ്ത്രീരത്നത്തിൻെറ ഓമ്മക്കായി ഒരു സ്മാരകനിധി ഏർപ്പെടുത്താൻ നിശ്ചയിച്ചു. ആ ശ്രമത്തെ ആസാദ് തടയുകയാണു് ചെയ്തതു്. ബീഗം ആസാദ് ഒരുത്തമ ഗൃഹിണിയായിരുന്നതല്ലാതെ രാജ്യസേവനത്തിനായി മുന്നിട്ടു പ്രവത്തിച്ചിട്ടേയില്ലാത്ത സ്ഥിതിക്കു് അവക്കായി ഒരു സ്മാരകനിധി ശേഖരിക്കുന്നതു് ഉചിതമല്ലെന്നാണു് അദ്ദേഹം പറഞ്ഞതു്.

ഈ ദേശഭക്തനു് ഇനിയും പലേ ഉയന്നപദവികൾ ലഭിക്കാൻ ഇരിക്കുന്നതേയുള്ളു. ഈശ്വരൻ അദ്ദേഹത്തിനു ദീർഘായുസ്സു് നൽകട്ടെ.!!

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M08 Acc. No. 4462

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

M08 4462

നായർ, എസ്. വി

ഇൻഡ്യയിലെ വീരാത്മാക്കൾ